ശ്രീ. ആർ. കെ. സി. യുടെ

# ചെറുകഥകൾ.

ചരിത്രകഥകൾ—ഒന്നാം ഭാഗം

10[illegible]

(Copy-right.)

PRINTERS:

NGALODAYAM Co., LT

# ഗ്രന്ഥകാരന്റെ കുറിപ്പു.

ഈ കഥകളെല്ലാം കഴിഞ്ഞ പത്തു കൊല്ലങ്ങൾക്കുള്ളിലായി, ഞാൻ ചില മാസികകളിൽ എഴുതി പ്രസിദ്ധം ചെയ്തവയാണ്. കഥകൾ എഴുതിയപ്പോൾ ഇപ്രകാരം ഒരു പുസ്തകമാക്കി പ്രസിദ്ധം ചെയ്യേണമെന്നു വിചാരിച്ചിട്ടില്ല. എന്നാൽ എന്റെ ചില സ്നേഹിതന്മാരുടെ ഉപദേശം നിമിത്തം ഞാൻ ഇപ്രകാരം ഒരു പുസ്തകമാക്കി പ്രസിദ്ധം ചെയ്യുന്നതാണ്. ഇതിൽ എടച്ചേനകുങ്കന്റെ പരാക്രമമെന്ന കഥ മുഴുമിക്കുവാൻ സാധിച്ചിട്ടില്ല. ഇനിയൊരു പതിപ്പു വേണ്ടിവന്നാൽ അപ്പോൾ മുഴുമിക്കാമെന്നു വെച്ചിരിക്കയാണ്.

ഞാൻ ചരിത്രകഥകൾ എഴുതുമ്പോൾ സ്വരാജ്യസ്നേഹവും സ്വാഭിമാനവും വായിക്കുന്നവൎക്കുണ്ടാകേണമെന്നു മോഹിച്ചിട്ടുണ്ട്. ആ ഉദ്ദേശം അല്പമെങ്കിലും സാധിച്ചിട്ടുണ്ടെന്നു വായനക്കാൎക്കു തോന്നുന്നപക്ഷം ഞാൻ കൃതാൎത്ഥനായി.

എന്ന്

തൃശ്ശിവപേരൂർ.
18—12—96.

സി. കുഞ്ഞിരാമമേനോൻ.

# അനുക്രമണിക.

## ഒന്നാം ഭാഗം.


| | | | | | |
|---|---|---|---|---|---|
| 1. | ഏടാച്ചനാകുങ്കന്റെ പരാക്രമങ്ങൾ | 1 | മുതൽ | 48 | വരെ |
| 2. | കണ്ണിപ്പറമ്പിലെ കുലപാതകൻ | 57 | ,, | 71 | ,, |
| 3. | തിരുവലയം | 73 | ,, | 79 | ,, |
| 4. | കുടിപ്പക | 80 | ,, | 90 | ,, |
| 5. | മണിമഞ്ചത്തിലെ നിക്ഷേപം | 91 | ,, | 103 | ,, |
| 6. | മച്ചാട്ടുമലയിലെ ഭൂതം | 104 | ,, | 119 | ,, |
| 7. | ചങ്ങരാംകോത കയ്മളുടെ ഡയറി | 120 | ,, | 140 | ,, |
| 8. | കവളപ്പാറകൊട്ടാരത്തിലെ കല്ലറ | 141 | ,, | 153 | ,, |
| 9. | ഓമനയുടെ ഗ്രഹപ്പിഴ | 154 | ,, | 165 | ,, |
| 10. | ആയിസ്സക്കുട്ടി ഉമ്മയുടെ ആയുസ്സ് | 165 | ,, | 178 | ,, |


## രണ്ടാം ഭാഗം.


| | | | | | |
|---|---|---|---|---|---|
| 11. | ഉക്കണ്ടരുണ്ണിയുടെ തറവാട് | 179 | ,, | 199 | ,, |
| 12. | 435_ാംനമ്പ്ര് ഏകാന്തം | 200 | ,, | 207 | ,, |
| 13. | യോഗീശ്വരശാപവും ഫലവും | 208 | ,, | 219 | ,, |
| 14. | കാലം പോയപോക്ക് | 219 | ,, | 237 | ,, |

# എം. ആർ. കെ. സി. യുടെ

# ചെറുകഥകൾ

## എടച്ചേന കുങ്കന്റെ പരാക്രമങ്ങൾ

പത്തൊമ്പതാംനൂററാണ്ടിന്റെ ഉദയം കേരളീയക്ക് ശുഭസൂചകമോ അശുഭസൂചകമോ എന്നു പറവാൻ എനിക്ക ധൈര്യമില്ല. മേലിലുള്ള അനുഭവംകൊണ്ട് ഒരു അഭിപ്രായം പറവാൻ ഇനി അധികം ജീവിച്ചിരിക്കുന്ന കാൎയ്യവും സംശയത്തിലാണ്. എന്റെ പൊന്നുതമ്പുരാനായ കോട്ടയത്തു ശക്തൻതമ്പുരാനെ ശത്രുക്കൾ കൊന്നതിന്നുശേഷം ജീവിച്ചിരിക്കേണമെന്ന മോഹം എനിക്ക അശേഷമില്ല. എടച്ചേന കുങ്കനെപ്പററി കേൾക്കാത്തവരോ എടച്ചേന കുങ്കന്റെ ശക്തി പരീക്ഷിച്ചു തൃപ്തിപ്പെടാത്ത യോദ്ധാക്കളോ ഇനി ഇവിടങ്ങളിലൊന്നുമില്ല. തച്ചോളി ഒതേനൻ, കോമപ്പൻ, കണ്ണപ്പൻ മുതലായവരുടെ ഗുരുപാരമ്പൎയ്യത്തിൽ ഒടുക്കത്തെ തലമുറ എന്നോടുകൂടി അവസാനിക്കും. നായന്മാർ നല്ല യോദ്ധാക്കളാണെന്ന പേരു നിലനിൎത്തുവാൻ ഞാൻ ഇന്നേവരെ ശ്രമിച്ചു. എന്റെ പിൻകാലം ഇനി ആരാണ് ഉള്ളത്? ഈ

* എടച്ചേന നായന്മാർ വയനാട്ടു താലൂക്കിൽ ഒരു പ്രമാണപ്പെട്ട വീട്ടുകാരായിരുന്നു. കുങ്കൻ, ശ്രുതിപ്പെട്ട പഴശ്ശി (കോട്ടയം) ശക്തൻ തമ്പുരാന്റെ വിശ്വസ്തനായ സഹായിയുമായിരുന്നു. ശക്തൻതമ്പുരാന്റെ മരണത്തിന്നുശേഷം കുങ്കൻ ആത്മഹത്യ ചെയ്കയാണ് ഉണ്ടായത്. ബ്രിട്ടീഷുകാർ ഇയ്യാളെപ്പിടിപ്പാൻ ആവുന്ന ശ്രമങ്ങൾ ചെയ്തുവെങ്കിലും ഫലിച്ചില്ല.

ശ്വരാ! ഇനി നായന്മാർ തണ്ടുതപ്പികളായി കാലംകഴിക്കേണ്ടിവരുമോ? ആരറിഞ്ഞു. 1806_ാമാണ്ടായി. പതൊമ്പതാംനൂററാണ്ട് ഉദിച്ച് ആറുകൊല്ലം പൊങ്ങി. എനിക്കിപ്പോൾ വയസ്സു 55_ാ കഴിഞ്ഞു. കഴിഞ്ഞ നാല്പതുകൊല്ലത്തെ കേരളചരിത്രവും, ഇപ്പോഴത്തെ നമ്മുടെ സ്ഥിതിയും തമ്മിൽ എത്ര അന്തരമുണ്ട്. ഇരുപതു കൊല്ലത്തോളമായി ഞാനും എന്റെ കൂട്ടാളികളും മൈസൂർ പട്ടാണികളേയും, ബിലാത്തി പട്ടാളക്കാരേയും നായന്മാരുടെ യുദ്ധസാമത്ഥ്യം പഠിപ്പിക്കയായിരുന്നു. ഹൈദരാലി, ടിപ്പുസുൽത്താൻ, കണ്ണൽവെല്ലസ്ലി (വെല്ലിങ്ങ്ടൻപ്രഭു) മുതലായി ശ്രുതിപ്പെട്ട സൈന്യനായകന്മാരും, മാർത്താണ്ഡവമ്മമഹാരാജാവിനു ശേഷം ക്ഷാത്രധമ്മം ഇന്നതാണെന്നു ക്രിയകൊണ്ടു കാണിച്ചുകൊടുത്ത ഒടുവിലത്തെ കേരളീയരാജാവായ എന്റെ പയച്ഛികോവിലകത്ത് ശക്തൻതമ്പുരാൻ തിരുമേനിയും എന്റെ—എടച്ചേന കുങ്കന്റെ—യോഗ്യതയും പരാക്രമവും സമ്മതിച്ചിട്ടുണ്ട്. എന്റെ പൊന്നുതമ്പുരാൻ പോക്കളത്തിൽ വെച്ചു വീയ്യസ്വഗ്ഗം അടഞ്ഞുനാതുവരെയും ഞാൻ കൂടെ ഉണ്ടായിരുന്നു. ഹാ! ആവക സംഭവങ്ങളൊന്നും ഇപ്പോൾ ആലോചിക്കവയ്യ. എനിക്കു ഈവക ബഹുമതികളൊക്കെ സിദ്ധിച്ചിട്ടുള്ളത് പള്ളിയറ സേവകൊണ്ടോ, സ്വജനങ്ങളേയോ സ്വരാജ്യത്തേയോ ദ്വേഷിച്ചോ ചതിച്ചോ അല്ല. കേരളത്തെ ഒട്ടുക്കുമാത്രമല്ല, ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ പടിഞ്ഞാറെകരയിലുള്ള നിലനില്പിനെത്തന്നെയും ഒന്നുഇളക്കിമറിച്ച ആ വീരപുരുഷൻ കോട്ടയത്തു ശക്തൻതമ്പുരാനെയും അവിടുത്തെ ആശ്രിതനായ എന്നെയുംപററി നിങ്ങൾ പല കഥകളും കേട്ടിരിക്കാം. നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത പല സംഭവങ്ങളും എനിക്കു നിശ്ചയമുണ്ട്. എന്റെ കുഞ്ഞുങ്ങളേ! നിങ്ങൾ നാലുഭാഗവും വന്നിരുന്നു ഈ വയസ്സനോടു ആവക കഥകൾ പറവാൻ ആവശ്യപ്പെടുന്നതുകൊണ്ടു എന്താണ് പ്രയോജ

നം. ഞാനിപ്പോൾ കൂട്ടിൽ പിടിച്ചിട്ട സിംഹത്തെപ്പോലെ ശത്രുക്കൾ ഇപ്പോൾ നശിപ്പിക്കും എന്ന ഭയത്തോടെ കഴിക്കുകയല്ലേ. എങ്കിലും ചില രസകരമായ സംഭവങ്ങൾ പറഞ്ഞുതരാം.

1766_ൽ കോട്ടയത്തു കോവിലകത്ത് വലിയ തമ്പുരാൻ രവിവർമ്മനെന്നുപേരായ തമ്പുരാനായിരുന്നു. നമ്മുടെ വയനാട് സ്വാതന്ത്ര്യസ്ഥാപകന്മാരായ കോട്ടയത്തു തമ്പുരാക്കന്മാരിൽ പടിഞ്ഞാറെ കോവിലകത്തേക്കായിരുന്നു നമ്മുടെ മേൽക്കോയ്മയെങ്കിലും ആ താവഴിയിൽ കൊച്ചുതമ്പുരാട്ടിമാർ മാത്രമായിരുന്നതിനാൽ വലിയതമ്പുരാൻതന്നെയാണ് നമ്മുടെനാട്ടിലെ കാര്യങ്ങളും അന്വേഷിച്ചിരുന്നത്. 1766ൽ ഹൈദരാലിയും മൈസൂർ സൈന്യങ്ങളും മലയാളത്തെ ആക്രമിച്ചപ്പോൾ കോലത്തിരി രാജാക്കന്മാരൊപ്പം കോട്ടയത്തു കോവിലകക്കാരും തിരുവിതാംകൂറിലേക്കുപോയി രക്ഷപ്രാപിച്ചു. കോട്ടയത്തു തമ്പുരാക്കന്മാർക്ക തിരുവിതാംകൂറിലേക്ക പോകേണ്ടതായ ആവശ്യമില്ലെന്നും വയനാട്ടിൽ കടന്നാൽ അവരെ രക്ഷിപ്പാൻ ഞങ്ങൾ മതിയെന്നും ആറുവരമ്പത്തു ജന്മക്കാരായ നായന്മാരും കാര്യപുരുഷന്മാരായ വേമംനമ്പ്യാരും എന്റെ കാരണവര് എടച്ചേന ഒതേനൻനായരും കോവിലകത്തേക്ക എഴുതി അയച്ചിരുന്നു. ഞങ്ങളുടെ അപേക്ഷ അവിടെ എത്തുന്നതിനുമുമ്പായി തന്നെ ചൊവ്വരക്കാരൻ കേയിയുടെ കപ്പലിൽ തമ്പുരാക്കന്മാരും കുഡുംബങ്ങളും തിരുവിതാംകൂറിലേക്ക എഴുന്നള്ളിക്കഴിഞ്ഞിരുന്നതിനാൽ വയനാട്ട സ്വാതന്ത്ര്യത്തെ ശത്രുക്കളുടെ ആക്രമത്തിൽനിന്നു രക്ഷിക്കുകയായിരുന്നു ഞങ്ങളുടെ മുറ. ചിറക്കൽ, കോട്ടയം, കുറുമ്പ്രനാട്, കോഴിക്കോട്, ഏറനാട്, പൊന്നാനി മുതലായ എല്ലാദിക്കുകളിലും ഹൈദരിന്റെ സൈന്യങ്ങൾ വളരെ കാലം കൊള്ളകാട്ടിയെങ്കിലും വയനാട്ടിൽ ഞങ്ങളെ ഭയപ്പെട്ടോ എന്തോ ആരും കടന്നിട്ടില്ല. കടപ്പാൻ ഞങ്ങൾ അനുവദി

ക്കന്നതുമല്ലായിരുന്നു. ഗ്രേററ് ബ്രിട്ടനിൽ സ്കോട്ടലാണ്ട് രാജ്യം ഏതുപ്രകാരമാണോ അതുപ്രകാരമാണ് മലയാളജില്ലയിൽ വയനാട് എന്നു എൻെറ പൊന്നുതമ്പുരാൻ പലപ്പോഴം പറയാറുണ്ട്. വയനാട്ടുകാൎക്കു വിദേശീയരായവരുമായി വലിയ സംസൎഗ്ഗത്തിന്നു അവകാശമുണ്ടായിട്ടില്ലാത്തതുകൊണ്ടു ഞങ്ങളെ പരിഷ്കാരമില്ലാത്തവരാണെന്നു കടൽക്കരയിലുള്ളവർ പറയാറുണ്ടായിരിക്കാം. പക്ഷെ ആൺകുട്ടികൾ ഇവിടെ അധികമുണ്ടെന്നു അവൎക്കൊക്കെ നല്ല നിശ്ചയമുണ്ട്. ഹൈദരാലിയുടെ നായകത്വത്തിൻകീഴിൽ മൈസൂർ സൈന്യങ്ങൾ വയനാട്ടമാൎഗ്ഗം മലയാളജില്ലയിലേക്കു കടപ്പാൻ കഴിയുന്ന ശ്രമങ്ങളൊക്കെ ചെയ്തിരുന്നു. ഫലിച്ചിട്ടില്ല. ഇതായിരുന്നു കൎണ്ണൽവെല്ലസ്ലിക്കു ഞങ്ങളെ ഇത്ര ബഹുമാനത്തിന്നു കാരണം. ഞങ്ങളുടെ നായകനായിരുന്ന പല്ലൂർ രയരപ്പൻനമ്പ്യാൎക്കു ബ്രിട്ടീഷുരാജകുഡുംബത്തിൽനിന്നു സമ്മാനമായി ഒരു സ്വൎണ്ണംകൊണ്ടു കെട്ടിച്ച വാൾ കൎണ്ണൽവെല്ലസ്ലി മുഖേന സമ്മാനിച്ചിട്ടുണ്ടായിരുന്നു. ആയവരത്തിൽ അമ്മാമന്നു സുഖമില്ലായ്കയാൽ രയരപ്പൻനമ്പ്യാരുടെ കൂടെ ഞാനും കോഴിക്കോട്ടെക്കു പോയിരുന്നു. അവിടെവെച്ചു ഞാനും ഒരു വെള്ളക്കാരനും സംഗതിവശാൽ ഒരു പോരാട്ടമുണ്ടാകയും ഞാൻ ഒരടിയാൽ വെള്ളക്കാരൻെറ ഒരു കണ്ണു പൊട്ടിക്കയും ഉണ്ടായി. ഇംഗ്ലീഷുകാർ ഇതു കാരണമായി എന്നെ പിടിച്ച് അവരുടെ പാണ്ടികശാലയിലുള്ള ജേലിൽ കൊണ്ടിടുകയും ഒടുവിൽ രയരപ്പൻ നമ്പ്യാരും കൎണ്ണൽവെല്ലസ്ലിയും സ്നേഹിതന്മാരായതുകൊണ്ട് ഒരു വിധം മനസ്സില്ലാമനസ്സോടെ എന്നെ ജേലിൽനിന്നു പുറത്താക്കുകയും ഉണ്ടായിട്ടുണ്ട്. അന്നുമുതൽ കമ്പനി ഉദ്യോഗസ്ഥന്മാരോടു എനിക്കു ഉള്ളുകൊണ്ടു നല്ല സുഖമില്ലെന്നു പറയേണ്ടതില്ലല്ലൊ. ഈ സംഭവം കഴിഞ്ഞതിന്നു ശേഷമാണ് എൻെറ പേര് കമ്പനിപ്പട്ടാളക്കാരുടെ ഇടയിലും, മലയാളജില്ലയിലെ യോദ്ധാക്കളുടെ ഇ

ടയിലും പരന്നത്. വാള്, പരിച, വില്ല്, ശരം, തോക്ക്. ഈവക ആയുധങ്ങൾ ഉപയോഗിക്കുന്നതിൽ എന്നെ ജയിപ്പാൻ അന്നു മലയാളജില്ലയിൽ ആരും ഉണ്ടായിരുന്നില്ലെന്ന് അഭിമാനത്തോടെ എനിക്കു പറയാം. എടച്ചേന കുങ്കനെ കണ്ടാൽ ചുമലിൽ നിന്നു മുണ്ടെടുത്തു ബഹുമാനിക്കാത്ത ചെറുപ്പക്കാരനില്ല. കുറിച്ചിയർ, പണിയർ, കച്ചവടത്തിന്നു വയനാട്ടിൽവരുന്നമാപ്പിളമാർ, ഇവരുടെഇടയിലൊക്കെകുങ്കൻ വലിയ ഒരു എജമാനൻ തന്നെയായിരുന്നു. എന്തിന്! നമ്മുടെ തറയിൽ കാരണവന്മാർക്ക തന്നെ കുങ്കനെ ഉള്ളുകൊണ്ടു വലിയ ഭയമായിരുന്നു. ഇത്രയും വിവരണം മുൻകൂട്ടി പറയുന്നത് ഇനി പറവാൻ പോകുന്ന സംഭവങ്ങളുടെ ഒരു മുഖവുര മാത്രമായിട്ടാണ്.

1780_ാമാണ്ടിലാണ്. ഒരു ദിവസം ഉച്ചക്ക് വേമൻനമ്പ്യാരുടെ വീട്ടിൽ കാരണവന്മാര് സഭകൂടിയ ദിക്കിലേക്ക് അടിയന്തരമായി പോവാൻ കാരണവന്മാര് കല്പിച്ചിരിക്കുന്നുവെന്നു ആരോ വന്നു പറഞ്ഞു. അവിടെ മൂത്തോർനാട്, എളംകൂററിൽ സ്വരൂപം, പൊറുന്നാന്നൂർ സ്വരൂപം ഇവിടങ്ങളിലെ ജന്മക്കാരും കാൎയ്യപുരുഷന്മാരും ഒക്കെ വന്നു യോഗംകൂടിയിരിക്കയാണ്. കോട്ടയത്തു തമ്പുരാക്കന്മാരും കുഡുംബങ്ങളും നാലു ദിവസത്തിലകം തിരുവിതാംകൂറിൽ നിന്നു മടങ്ങി തലശ്ശേരിയിൽ കപ്പലിറങ്ങുമെന്നും തിരുമേനികളെ എതിരേല്പാനായി വയനാട്ടു സ്വരൂപക്കാര് കുറെ അകമ്പടിക്കാരെ അയക്കേണമെന്നും മററുമായിരുന്നു ആലോചന. മൈസൂരിൽ വീണ്ടും യുദ്ധം ആരംഭിച്ച വൎത്തമാനം കിട്ടിയതിനാൽ യോദ്ധാക്കളായവരേയും എജമാനന്മാരേയും തല്ക്കാലം വയനാട്ടിൽ നിന്നു പുറത്തേക്കയപ്പാൻ സൌകൎയ്യമില്ലെന്നും ആരെയെങ്കിലും ഒരു പ്രതിനിധിയെ അയക്കേണമെന്നും തീൎച്ചയാക്കീട്ടുണ്ട്. പ്രതിനിധിയാരായിരിക്കണം എന്നുള്ള ആലോചനസമയത്താണ് എന്നെ ആളെ അയച്ചു വിളിപ്പിച്ചത്.

രയരപ്പൻ നാമ്പ്യാര് — കുങ്കനെ എന്തിനായിട്ടാണ് ഇപ്പോൾ വരുത്തിയതെന്നു മനസ്സിലായൊ?

ഞാൻ — എന്നെ വിളിക്കാൻ വന്നാളോടു വിവരമൊന്നും പറഞ്ഞയച്ചിട്ടില്ലല്ലൊ. പറഞ്ഞു മനസ്സിലാക്കിയാൽ മനസ്സിലാക്കാം.

എന്റെ ഈ മറുപടി വലിയ കാരണവന്മാരിൽ ചിലൎക്ക് അത്ര രസിച്ചില്ല. വേമം രയരപ്പൻനാമ്പ്യാരാണ് കാരണവന്മാരുടെ കൂട്ടത്തിൽ വയസ്സുകൊണ്ടും, പ്രമാണിത്വം കൊണ്ടും ഞങ്ങളുടെയൊക്കെ തലവനായിരിക്കുന്നത്. അദ്ദേഹത്തോട് ഇങ്ങിനെ കൂസലില്ലാതെ ഒരു മറുവടി പറഞ്ഞത് എന്റെ കാരണവര് ഒതേനൻനായൎക്കാണ് ഒട്ടും പിടിക്കാഞ്ഞത്. "ആ കുരുത്തംകെട്ടവന്റെ ചെകിട്ടത്തു രണ്ടു കൊടുപ്പാൻ ആരുമില്ലെ" എന്നു പറഞ്ഞ് ഒതേനമ്മാമൻ എണീറ്റപ്പോൾ അവിടെ കൂടിയിരുന്ന കാരണവന്മാരെല്ലാവരും ഒന്നായി എഴുനീറ്റു. എന്റെ കഥ കഴിഞ്ഞെന്നുവെന്നു ഞാൻ വിചാരിച്ചിരിക്കുന്ന മദ്ധ്യെ 'ചെറുപ്പക്കാരനല്ലെ' എന്നൊക്കെ പറഞ്ഞു അമ്മാമനെ കാരണവന്മാരൊക്കെ കൂടി പറഞ്ഞു സമാധാനപ്പെടുത്തി കഴിഞ്ഞിരിക്കുന്നു.

അമ്മാമൻ — ഇത്തരം അധികപ്രസംഗികളെ ശാസിച്ചാൽ തന്നെ കാൎയ്യം കുരുത്തത്തിൽ വരികയില്ല.

രയരപ്പൻനാമ്പ്യാര് — നമ്മുടെ തമ്പുരാക്കന്മാര് നാലു ദിവസത്തിനകം തലശ്ശേരിയിൽ കപ്പലിറങ്ങുമെന്ന വിവരം കിട്ടിയിരിക്കുന്നു. കുങ്കനും പത്താമ്പത് അകമ്പടിക്കാരും കൂടി തലശ്ശേരിയിൽ പോയി തമ്പുരാക്കന്മാരെ എതിരേല്ക്കണം. കോട്ടയത്തു കോവിലകത്തോടുള്ള നമ്മുടെ രാജഭക്തി കാണിപ്പാൻ പോയിട്ട അവിടെ കൂട്ടവും കലശലും ഉണ്ടാക്കിയാൽ നമുക്കൊക്കെ അത്ര വലിയ പോരായ്കയാണ്.

ഇതിന് എന്താണ് മറുവടി പറയേണ്ടത് എന്നു എനിക്കു നല്ല വിവരമുണ്ടായിരുന്നു. പക്ഷെ അമ്മാമന്റെ ക

ണ്ണരുട്ടൽ കണ്ടപ്പോൾ എനിക്കു ഒന്നും പറവാൻ തോന്നിയില്ല. കോഴിക്കോട്ടുവെച്ച് വെള്ളക്കാരൻെറ കണ്ണടിച്ചു പൊട്ടിച്ച കഥ സൂചിപ്പിച്ചാണ് വേമനാമ്പ്യാര് മൂപ്പര് 'കൂട്ടാമകറിയും' എന്നു പറഞ്ഞിട്ടുള്ളതെന്ന് എനിക്കു മനസ്സിലായിട്ടുണ്ട്. പയ്യനാട്ടുകാരുടെ മാനവും എൻെറ മാനവുമായി സംബന്ധമൊന്നുമില്ലേ? എന്നായിരുന്നു എനിക്കു ചോദിച്ചറിവാനുണ്ടായിരുന്നത്. 'കാരണവന്മാരുടെ കല്പനപോലെ' എന്നും പറഞ്ഞു ഞാൻ ഒരു മൂലക്കൽ വളരെ ഓഷാനിച്ചു നിന്നു. തൃക്കയ്യിൽ കൊടുപ്പാൻ കാരണവന്മാര് ഒരു എഴുത്ത് എഴുതി ഉണ്ടാക്കി തന്നു. അമ്പതുപേരെ അകമ്പടിക്കാരായി കൂട്ടി തലശ്ശേരിക്കു വേഗം പുറപ്പെടുവാനും കല്പനയായി.

എടച്ചേന കുങ്കൻെറ കൂടെ പോയി ചത്താൽ മാനമുണ്ടെന്നു പറഞ്ഞു പുറപ്പെടുവാൻ ആളു ധാരാളമുണ്ടായിരുന്നു. ഞാനും അകമ്പടിക്കാരും കൂടി പിറേറന്നു കാലത്തു പുറപ്പെട്ട്, സന്ധ്യ മയങ്ങുന്നതിന്നു മുമ്പായി വടകരയിൽ നിന്നു രണ്ടുനാഴിക കിഴക്കു തെക്കുവശം ഒരു പറമ്പിൽ എത്തിച്ചേന്നു. എൻെറ അകമ്പടിക്കാരൊക്കെ വാളും പരിചയും എടുത്തിട്ടുണ്ട്. ചില ആയുധങ്ങളൊക്കെ എൻെറ കൈവശവുമുണ്ട്. ഞങ്ങളുടെ കൂട്ടത്തിൽ ചില തോക്കുകാരും കുന്തക്കാരും അങ്ങിനെയും ഉണ്ട്. ഞങ്ങളുടെ ഉദ്ദേശം, രാത്രി കടത്തനാട്ടെത്തി താമസിച്ചു പിറേറന്നു തലശ്ശേരിക്കു പോകാമെന്നായിരുന്നു. ഈ ആലോചനയുടെ മദ്ധ്യേ ഞങ്ങളുടെ ഇടത്തുവശത്തുള്ള ഇടവഴയിൽകൂടി ഒരാളും കുറെ അകമ്പടിക്കാരും ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷമായി. അവരൊക്കെ മുമ്പിൽ എത്തിയപ്പോൾ മാത്രമേ ഞങ്ങൾ കണ്ടുള്ളു. ഇവരുടെ തലവനായ ഒരു ചെറുപ്പക്കാരൻ പട്ടുറുമാലും തലയിൽ കെട്ടി മുമ്പിൽ നില്ക്കുന്നുണ്ട്. ഞങ്ങൾ രണ്ടുപേരും കുറച്ചുനേരം മുഖത്തോടു മുഖം നോക്കി നിന്നതിന്നു ശേഷം,

"നിങ്ങൾ എടച്ചേന കുങ്കൻനായരല്ലേ" എന്ന് ആ

ചെറുപ്പക്കാരൻ എന്നോടു ചോദിച്ചു. "അതെ. നിങ്ങൾ ആരാണെന്നു മനസ്സിലായില്ല. എവിടെയൊ വെച്ചു കണ്ട തായി ഒരു മുഖപരിചയം തോന്നുന്നുമുണ്ട്" എന്നായിരുന്നു എൻെറ മറുവടി.

"ഞാൻ പയ്യോർ മലയിൽ നിന്നാണ്. അവിഞ്ഞാ ട്ടെ എളമയാണ്. തേയത്തോൽ ഭഗവതികാവിൽ വേലക്കാ ലത്തു വയനാട്ടിൽവെച്ച് ഒരിക്കൽ നിങ്ങളെ കണ്ട പരിചയ മാണ്. തലശ്ശേരിക്കായിരിക്കാം. ഞാനും അങ്ങട്ടേക്കാണ്. വഴിയിൽ കണ്ടു മുട്ടിയതു വളരെ സന്തോഷമായി", എന്നു ചെറുപ്പക്കാരൻ മറുവടി പറഞ്ഞപ്പോൾ ശത്രുവൊ എന്നു സംശയിച്ചു വാളെൻെറ പിടി കയ്യിലാക്കിയ എൻെറ അക മ്പടിക്കാരൊക്കെ സാധാരണപോലെ തന്നെയായി. അവി ഞ്ഞാട്ടവർ കോട്ടയത്തു തമ്പുരാൻെറ മക്കളും വയനാട്ടിൽ എ ത്താനും ഭാഗം വാഴുന്നവരും ആണ്. ഈ ഇടപ്രഭുക്കന്മാരെ പററി പറഞ്ഞു കേട്ടിട്ടുള്ളതല്ലാതെ നേരിട്ടു കണ്ടു സംസാരി പ്പാൻ എനിക്ക് ഇതുവരെ അവസരം ഉണ്ടായിട്ടില്ല.

ഞാൻ_ "വളരെ സന്തോഷമായി. നമ്മുടെ തമ്പുരാക്കന്മാ ര് എഴുന്നള്ളുന്ന വിവരം അറിഞ്ഞു വയനാട്ട സ്വരൂപ ത്തിൽ നിന്ന് എന്നെ പ്രതിനിധിയായി കാരണവന്മാര് അയച്ചിരിക്കയാണ്."

അവിഞ്ഞാട്ട് എളമ__നിങ്ങളെ കണ്ടുമുട്ടിയതിൽ എനിക്കു പ്രത്യേകം കൃതാൎത്ഥതക്കു അവകാശമുണ്ട്.

എന്നൊക്കെ ഓരോന്നു സംസാരിച്ചുംകൊണ്ടു ഞങ്ങൾ യാത്രയായി. വടകര എത്തിയപ്പോൾ,

"തിരുമേനികൾ എങ്ങിനെയായാലും നാളെക്കഴിഞ്ഞേ തലശ്ശേരിയിൽ എത്തുകയുള്ളൂ. അതുകൊണ്ട് നാം അത്ര ധൃ തഗതിയിൽപോകേണമെന്നില്ല. എനിക്കുവടകരയിൽവെച്ചു അല്പംചില കാൎയ്യങ്ങൾസാധിക്കേണ്ടതുണ്ട്. അതിന്നു നിങ്ങളു

ടെ സഹായവും കൂടെ ഉണ്ടായാൽ വലുതായ ഉപകാരമായി. നമ്മുടെ ആൾക്കാരൊക്കെ ഈ തണ്ണീർപന്തലിലും ആൽത്തറയിലുമായി കഴിച്ചുകൂട്ടട്ടെ. വെച്ചുണ്ണേണ്ട സാധനങ്ങൾ അവർ വക്കൽ ഇല്ലെങ്കിൽ ചിലർ അങ്ങാടിയിൽ പോയിവരട്ടെ" എന്നും പറഞ്ഞു അവിഞ്ഞാട്ട് എളമ നാലു പൊമ്പണമെടുത്ത് ഒരുവനെ ഏല്പിച്ചു.

അവിഞ്ഞാട്ട് എളമസ്സ് എന്നെക്കൊണ്ടു എന്തു കാൎയ്യമാണ് സാധിക്കേണ്ടത് എന്ന മനസ്സിലാവാതെ ഞാൻ കുറെ കുഴങ്ങി. എന്തെങ്കിലും "കൂട്ടവും കറിയും" ഉണ്ടാക്കിത്തീൎക്കുമോ എന്ന ഭയമാണ് എനിക്കുണ്ടായത്. ഈ വിവരം ഞാൻ അവിഞ്ഞാട്ട് എളമയോടു പറഞ്ഞു.

അവിഞ്ഞാട്ടു എളമ— നിങ്ങൾ പറയുന്നത് വാസ്തവംതന്നെയാണ്. നാം ഒരു കാൎയ്യവശാൽ തലശ്ശേരിക്കു പോകുമ്പോൾ വഴിയിൽവെച്ചു കൂട്ടവും കറിയും ഉണ്ടാക്കുന്നത് അത്ര നന്നല്ല. പക്ഷെ ഞാൻ പറവാൻ പോകുന്നതു മുഴുവൻ കേട്ടാൽ നിങ്ങൾ എന്നോടു യോജിക്കാതിരിക്കയില്ല. എന്റെ മുത്തശ്ശി കെട്ടിലമ്മ കഴിഞ്ഞകൊല്ലത്തിൽ കൊട്ടിയൂര് ഉത്സവംകഴിഞ്ഞു മടങ്ങി വരുമ്പോൾ കൊള്ളക്കാരൻ ഉണ്ണിമൂത്ത് മൂപ്പനും ആൾക്കാരും മുത്തശ്ശിയുടെ ഡോലി എടുക്കുന്നവരെയും ആൾക്കാരെയും വഴിയിൽ തടഞ്ഞുനിൎത്തി പണ്ടങ്ങളും പണവും തട്ടിപ്പറിച്ച കഥ നിങ്ങൾ കേട്ടിട്ടില്ലായിരിക്കാം. മൈസൂർ പട്ടാണികളുടെ ആക്രമം കഴിഞ്ഞമുതൽ മാപ്പിളമാൎക്ക നമ്മെയൊക്കെ ബഹുമാനം നന്നെ കുറഞ്ഞിട്ടുണ്ട്. ഈ വകക്കാരുടെ അധികപ്രസംഗങ്ങൾ കണ്ടുംകൊണ്ടു നാം ക്ഷമിച്ചിരുന്നാൽ വളരെ പോരായ്മയാണ്. ഉണ്ണിമൂത്ത് മൂപ്പനെ കണ്ടു പകരം ചോദിക്കേണമെന്നു കുറെ കാലമായി ഞാൻ വിചാരിക്കുന്നു. അമ്മാമൻ അതിന്നു സമ്മതിക്കായ്കയാലാണ് ഇതുവരെ എനിക്കതു സാധിക്കാത്തത്. മൂപ്പൻ താമസിക്കുന്നത് ഇവി

ടെ നിന്നു അധികം ദൂരത്തില്ല. നിങ്ങൾ എന്റെ കൂടെ ദ യവുചെയ്തു വരുന്നതായാൽ നാലു മണിക്കൂറിന്നുള്ളിൽ എ ന്റെ ആവശ്യം സാധിച്ചു നമുക്കു മടങ്ങി എത്താം. കൂടെ യുള്ളവർ ഇവിടെ വിശ്രമിക്കട്ടെ.''

ഉണ്ണിമൂത്തു് മൂപ്പൻ സാമാന്യക്കാരനല്ലെന്നും അവന്റെ കീഴിൽ എന്തിന്നും പോന്ന ശക്തിമാന്മാരായ പത്തുമുന്നൂറു മാപ്പിളമാരുണ്ടെന്നും ശ്രുതിപ്പെട്ട വല കൊള്ളകളും കുറച്ചു കാലത്തിന്നുള്ളിൽ ഇവൻ നടത്തീട്ടുണ്ടെന്നും ഞാൻ മുമ്പുത ന്നെ കേട്ടിട്ടുണ്ടു്. എന്നാൽ ഈ വക കൊള്ളക്കാരൊന്നും മൈസൂർ ആക്രമത്തിന്നു മുമ്പായി നായന്മാർക്കു കീഴടങ്ങാതി രുന്നിട്ടില്ല. അവിഞ്ഞാട്ടു് എളമയുടെ കഥ കേട്ടപ്പോൾ എ നിക്കും സാമാന്യത്തിലധികം ദേഷ്യം വന്നു. എടച്ചേന ക ങ്കൻ എന്നു ഒരാൾ ഉണ്ടെന്നു ഉണ്ണിമൂത്തു് മൂപ്പനെ ഒന്നു അ റിയിച്ചാൽ കൊള്ളാമെന്നു എനിക്കും വാശിയായി. ഞങ്ങളു ടെ അകമ്പടിക്കാർ ആൽത്തറകളിലും തണ്ണീർപന്തലിലുമാ യി വിശ്രമിക്കുന്നുണ്ടു്. രാത്രി 10 മണിയായപ്പോൾ ഞാനും അവിഞ്ഞാട്ടു് എളമയും ആയുധപാണികളായി പുറപ്പെട്ടു. അവിഞ്ഞാട്ടു എളമയുടെ വശം 6 കുഴൽ നിറച്ചു ഒരു കൈ ത്തോക്കും ഉണ്ടു്. ഏകദേശം രണ്ടു നാഴിക ദൂരത്തു് കടൽക്ക രയിൽ വലിയ ഒരു പറമ്പിന്റെ നടുവിൽ ഒരു വലിയ വീട്ടി ലാണു് മൂപ്പൻ താമസിക്കുന്നതു്. അയൽവക്കത്തായി വീടു് അധികമില്ല. ചില മുക്കുവരുടെ ചാളകൾ മാത്രം അവിടവി ടെ കാണാനുണ്ടു്.

ഞങ്ങൾ മൂപ്പന്റെ കുടിയിൽ എത്തിയപ്പോൾ ഉമ്മറ ത്തു് ചില മാപ്പിളമാർ കിടന്നു സംസാരിക്കുന്നുണ്ടു്. അകത്തു നിന്നും ചിലരൊക്കെ സംസാരിക്കുന്നുണ്ടു്. 'നിങ്ങൾ എവിടെ നിന്നാണു്' എന്നും 'ഞങ്ങൾ വയനാട്ടിൽ നിന്നാണു്' തല ശ്ശേരിക്കു പോകുന്നു. മൂപ്പനെ ഒന്നു കാണേണമെന്നുണ്ടു്' എ ന്നും അഭിവാദ്യം കഴിഞ്ഞ ഉടനെ ഒരു താടിക്കാരൻ മാപ്പി

ള അകത്തുപോയി താമസിയാതെ പുറത്തുവന്നു ഞങ്ങളെ അകത്തേക്കു കൂട്ടിക്കൊണ്ടു പോയി. അക്കാലത്തൊക്കെ ചെറുപ്പക്കാരായ നായന്മാർ ആയുധപാണികളായിട്ടെ നടക്കാറുള്ളു. അതുകൊണ്ടു അന്യഥാ ഒന്നും സംശയിപ്പാൻ ആൎക്കും വകയുണ്ടായിരുന്നില്ല. പുറത്തു നിന്നു മൂപ്പൻെറ കുടിക്കുള്ളിൽ ഒരു വലിയ തളത്തിലേക്കാണ് ഞങ്ങൾ കടന്നത്. ആ തളത്തിൽ ഒരു തിണ്ണമേൽ രണ്ടുമൂന്നു മാപ്പിളമാർ ഇരുന്നു വെററില മുറുക്കുന്നുണ്ട്. തളത്തിൽ പടിഞ്ഞാറെവശം ഒരു മുറിയിലേക്കു ഞങ്ങളെ കൊണ്ടാക്കി. അവിടെ ഒരു കട്ടിലിന്മേൽ ഒരു ഹിഡുംബൻ ഇരിക്കുന്നു. ഇവനാണ് മൂപ്പൻ എന്നു ഞങ്ങൾക്കു വേഗം മനസ്സിലായി. താഴെ ഒരു നിലവിളക്കിന്നരികെ പായയിൽ രണ്ടുമൂന്നു മാപ്പിളമാരും ഇരിക്കുന്നുണ്ട്. ഞങ്ങൾ അകത്തുകടന്ന ഉടനെ മററുള്ള മാപ്പിളമാരോടു പുറത്തേക്കു പോകുവാൻ മൂപ്പൻ ആംഗ്യംകാട്ടി. മൂപ്പൻ എഴുനീററ് ഉപചാരാനിച്ചു നിന്നു.

“എജമാനന്മാർ എവിടെ നിന്നാണെന്നറിഞ്ഞില്ല. മൂപ്പനെ കണ്ടിട്ടുള്ള കാൎയ്യവും എന്താണാവോ” എന്നായിരുന്നു മൂപ്പൻെറ ഒന്നാമത്തെ അഭിവാദ്യം. ഞങ്ങളുടെ ഉടുപ്പും സമ്പ്രദായവും മററും കണ്ടാൽ നല്ല തറവാടികളാണെന്ന് ആൎക്കും തോന്നും. മൂപ്പൻ എജമാനന്മാരെന്നു സംബോധന ചെയ്തതിൽ തെററില്ല.

“ഞാൻ അവിഞ്ഞാട്ട് എളമയാണ്. ഇയാൾ എടച്ചേന കുങ്കൻനായരാണ്. അവിഞ്ഞാട്ടെ സ്ത്രീകളെ അപമാനിച്ചാൽ ഉത്തരം ചോദിപ്പാൻ ആളില്ലെന്നാണ് മൂപ്പൻ വിചാരിച്ചത് അല്ലെ. മൈസൂർ പട്ടാണികൾ ഇപ്പോൾ മൂപ്പനെ സഹായിക്കട്ടെ” എന്നുംപറഞ്ഞ് അവിഞ്ഞാട്ട് എളമ വാൾ ഉറയിൽനിന്നു ഊരി. മൂപ്പൻെറ വീട്ടിൽ അപ്പോൾ ഹിഡുംബന്മാരായ മാപ്പിളമാർ അമ്പതുപത്തുണ്ട്. മൂപ്പനും ആളു് ചില്ലറയല്ല. കാൎയ്യം ഇത്രവേഗം വാളിൻെറ മുനയിൽ കൊ

ണ്ടുവന്നതുനന്നായില്ലെന്നു ഞാൻ വിചാരിച്ചിരിക്കുന്നതിന്നിടയിൽ മൂപ്പൻ അകത്തുനിന്നു പുറത്തേക്കു ചാടി വാതിൽകൊടാമ്പൽ ഇട്ടുകഴിഞ്ഞിരിക്കുന്നു.

ദൈവമേ! ഞങ്ങളുടെ ഗതി എന്താണ്. ആ മുറിയിൽനിന്നു പുറത്തു ചാടുവാൻ ഒരു പഴുതുമില്ല. പുറത്തു ചാടിയാൽതന്നെ എന്താണ് ഗതി. ഏതെങ്കിലും ഞങ്ങളെ തടവുകാരാക്കിയിട്ട മുറി ഒന്നു മുഴുവനും നടന്നു പരിശോധിച്ചു. വളരെ ചെറിയ ഒരു ജനാലയുള്ളതു, കഷ്ടിച്ച് ഒരു വിരൽ കടപ്പാൻ മാർഗ്ഗംവെച്ച് അടപ്പിച്ചു അഴി എറിഞ്ഞിട്ടുണ്ട് മുറിയുടെ വടക്കുവശം ഒരു വാതിൽ കണ്ടു. അത് ഉന്തി തുറന്നപ്പോൾ ഒരു നിലയറയിലേക്കുള്ള കോണിയാണ് കണ്ടത്. നിലവിളക്കിൽനിന്ന് ഒരു തിരിയെടുത്തു നിലയറയിൽ ഞങ്ങൾ ഇറങ്ങി നോക്കി. അവിടെ പല തരത്തിലുള്ള ആയുധങ്ങളും തോക്കുകളും വെടിമരുന്നു സാമാനങ്ങളും ഉണ്ട്. കൊള്ളയിട്ടുകൊണ്ടുവെച്ച പെട്ടിയും പണവും പണ്ടങ്ങളും അവിടെ സൂക്ഷിച്ചതായും കണ്ടു ഇതൊക്കെ നോക്കിനില്പാൻ നേരമില്ലെന്നും "താമസിച്ചാൽ ശത്രുക്കൾ നമ്മെ തകരാറിലാക്കുമെന്നും ഞങ്ങൾക്കു ബോദ്ധ്യമായി. ഒന്നു രണ്ടു മാപ്പിളമാർ അങ്ങട്ടും ഇങ്ങട്ടും ഓടിപ്പോകുന്നുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമായി. ഞങ്ങളെ ഇട്ടു പൂട്ടിയ വാതിലിന്റെ അപ്പുറം ചില മാപ്പിളമാരിരുന്നു സംസാരിക്കുന്നതും ഞങ്ങൾക്കു നല്ലവണ്ണം കേൾപ്പാനുണ്ടായിരുന്നു. ഈ അവസരത്തിലാണ് കണ്ണൽ വെല്ലിസ്ലി ഒരു കോട്ട പിടിച്ച വിവരം വേമം നമ്പ്യാരെ പറഞ്ഞു മനസ്സിലാക്കിയത് എനിക്കു ഓർമ്മവന്നത്. ഒരു ചെമ്പുപാത്രം നിറയെ വെടിമരുന്നു കോരിക്കൊണ്ടു വന്ന് വാതിലിന്റെ അരികെ ചുമരിന്മേൽ വാളുകൊണ്ടു കുഴിയുണ്ടാക്കി അതിൽ കുത്തിനിറച്ചു. ഞങ്ങൾ ഇന്നതാണ് കാട്ടാൻ പോകുന്നതെന്നു മാപ്പിളമാർക്കു മനസ്സിലായിട്ടുണ്ടെങ്കിൽ കാര്യമൊക്കെ അപകടത്തിലാവു

മായിരുന്നു. ഈ വെടിമരുന്നിന്റെ തീയും കൊടുത്തു ഞങ്ങൾ നിലയറയിൽ ഓടി ഒളിച്ചു. പിന്നെയുണ്ടായ കഥ പറവാൻ പ്രയാസം. വീടൊക്കെ ഇടിഞ്ഞുപൊളിഞ്ഞു വീഴുമ്പോലെ ഒരു ശബ്ദമാണ് കേട്ടത്. കൂട്ടത്തിൽ ഞങ്ങളും മരിക്കുമെന്നു തീച്ചയാക്കി. വേഗം ഞങ്ങളുടെ ആയുധങ്ങൾക്കു പുറമെ രണ്ടുതോക്കും കയ്യിലെടുത്തു നിലയറയിൽനിന്നു ഞങ്ങൾ മുറിയിലേക്കു കടന്നു. പുകകൊണ്ടു വിളക്കു കെട്ടിരിക്കുന്നു. അന്യോന്യം ആളെ കാണ്മാൻ പ്രയാസം എന്നു മാത്രമല്ല ഞങ്ങൾക്കു ശ്വാസം മുട്ടലും തുടങ്ങി. വേഗം വാതിൽ തപ്പിനോക്കി. വാതിലൊന്നും കാണ്മാനില്ല; ചുമർതന്നെ ആ ഭാഗത്തില്ല. ഞങ്ങൾ പുറത്തേക്കു ചാടി. കല്ലും മരത്തിന്റെ കഷണങ്ങളുമാണ് അവിടെയുള്ളത്. പുല്ലു മേഞ്ഞ പുരയായതുകൊണ്ട് ആ വീട്ടിന്നു തീ പിടിച്ചിരിക്കുന്നു. നാലു ഭാഗത്തുനിന്നും മരണവേദനയോടെ ചിലർ നിലവിളിക്കുന്നതും ഞങ്ങൾ കേൾക്കാതിരുന്നില്ല. തളത്തിൽനിന്നു ഞങ്ങൾ പുറത്തെത്തിയപ്പോൾ നാലഞ്ചു മാപ്പിളമാർ ഞങ്ങളെ വളഞ്ഞു. രണ്ടാളുടെ നേരെ ഞങ്ങടെ ഓരോ തോക്കും ഒഴിച്ചു. തോക്കിന്റെ ചട്ടകൊണ്ടു രണ്ടാളുടെ തലക്കു അടിയും കൊടുത്തു. ഞങ്ങൾ മിറ്റത്തുനിന്നു വളപ്പിലേക്കു കടന്നു. മൂപ്പനും രണ്ടു മാപ്പിളമാരും നരികളെപ്പോലെ അപ്പോൾ ഞങ്ങളുടെ നേക്കു ചാടിയെത്തി. ഞാൻ വാളുമായി മൂപ്പന്റെ നേരെ ചാടി. അവിഞ്ഞാട്ട് എളമ കയ്ത്തോക്കിൽ ഒന്ന് ഒരു മാപ്പിളയുടെ വായിൽ പൊട്ടിച്ചു. അതിലിടക്കു ഞാൻ മൂപ്പനെ താഴത്തു വീഴ്ത്തിക്കഴിഞ്ഞിരിക്കുന്നു. മറെറ മാപ്പിള പിന്നിൽനിന്ന് എന്നെ ഒരു വെട്ടു വെട്ടിയതും അവിഞ്ഞാട്ട് എളമയുടെ തോക്ക് ഒന്നു പൊട്ടിയതും മാത്രമേ പിന്നെ എനിക്കു വിവരമുള്ളു.

ഞാൻ ഉണർന്നത ഏകദേശം പിറെറന്നു രാവിലെ എട്ടു മണിക്കാണ്. വടകര തണ്ണീർപന്തലിൽ ഞാൻ കിടക്കു

ന്നു. നാലു ഭാഗവും അകമ്പടിക്കാർ ചിന്താകുലന്മാരായി ഇരിക്കുന്നു. അവിത്തോട്ട് എളമ ഒരു വിശറികൊണ്ട് എന്നെ വീശിക്കൊണ്ടിരിക്കുന്നു.

അ. എ:— "എന്റെ ഈശ്വര! കാൎയ്യം ജയിച്ചു. ഞാൻ നന്നെ ഭയപ്പെട്ടു. മുറി സാരമില്ല. രക്തം വളരെ പോയി. അതാണ് ക്ഷീണം ഇത്ര വൎദ്ധിച്ചത്. നിങ്ങളെ വീണേടിക്കിൽനിന്ന് എടുത്ത് പാടത്തുകൊണ്ടുവന്നപ്പോൾ ചില മുക്കുവർ സഹായത്തിന് വന്നിരുന്നില്ലെങ്കിൽ കഥ എന്താണ്. ഉണ്ണിമൂത്ത് മൂപ്പന്റെ ആൾക്കാർ ഇപ്പോൾ അവിടെ എത്തിയിരിക്കും. നായകനില്ലാതെ അവർ നമ്മെ തിരഞ്ഞുവരുന്ന കാൎയ്യവും സംശയമാണ്."

ഞാൻ: അമ്മാമന്റെ കണ്ണുരുട്ടൽ കാണാതെ കഴിച്ചാൽകൊള്ളാമെന്നുണ്ട്. ഈ കഥ നമ്മൾ രണ്ടു പേരും മാത്രം അറിഞ്ഞാൽ മതി."

ഉച്ചയായപ്പോൾ എന്റെ ക്ഷീണത്തിന് ആശ്വാസമായി.

മാംസം സംബന്ധിച്ചു മുറി ആയതുകൊണ്ടു നല്ല ഒരു പച്ചമരുന്ന അരച്ചു കെട്ടിയതു മുതൽ ഉണക്കം തുടങ്ങി. വെയിൽ താണപ്പോൾ ഞങ്ങൾ തലശ്ശേരിക്കു പുറപ്പെടുകയും ചെയ്തു.

## വെങ്കാട്ടിലെ പോരാട്ടം. II

ഇന്നു ഞാൻ പറവാൻ പോകുന്ന സംഭവം മുതല്ക്കാണ് ശക്തൻ തമ്പുരാനും ഞാനുമായി വളരെ സ്നേഹവിശ്വാസത്തിലായത്. ഈ സംഭവം എനിക്കല്ലാതെ വേറെ ഒരു ജീവിക്കും നിശ്ചയമില്ല. നിങ്ങൾ പയ്യൂരിത്തമ്പുരാനെപ്പററിയും അവിടുത്തെ നടവടിയെപ്പററിയും പലതും കേട്ടിരിക്കാം. പക്ഷെ ഞാൻ പറയുന്നതൊക്കെ എന്റെ കണ്ണുകൊണ്ടു കണ്ട

തും ചെവികൊണ്ടു കേട്ടതുമായ സംഭവങ്ങളാണ്. ഇതിന്റെ വാസ്തവസ്ഥിതിയെപ്പററി ശങ്കിപ്പാൻ നിങ്ങൾക്കാക്കും അതുകൊണ്ടു ന്യായമില്ല.

കോട്ടയം കോവിലകത്തുനിന്നു ദത്തനായ ഒരാളായിരുന്ന 1793_ൽ കുറുമ്പ്രനാട്ടെ വലിയ തമ്പുരാനായിരുന്നത് ഈസ്റ്റിന്ത്യാകമ്പനിക്കാർ മലയാളക്കരയിൽ കച്ചവടത്തിന്നു വന്നതു മുതൽ ആദ്യവസാനം ഒരുപോലെ എപ്പോഴും അവരെ സഹായിച്ചുകൊണ്ടിരുന്ന കോവിലകക്കാരുണ്ടെങ്കിൽ അതു കോട്ടയം കോവിലകക്കാർ മാത്രമായിരുന്നു. മൈസൂർ സൈന്യങ്ങൾ കമ്പനിക്കാരുടെ തലശ്ശേരി കോട്ട പിടിപ്പാൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ടെങ്കിലും അപ്പോഴൊക്കെ സൈന്യങ്ങളെ അയച്ച് കോട്ടയത്തു തമ്പുരാൻ കമ്പനിക്കാരെ സഹായിച്ചതായും ഈ വക ഉപകാരങ്ങൾക്കു പ്രത്യുപകാരം അവസരം വരുമ്പോൾ ചെയ്തു കൊടുത്തുകൊള്ളാമെന്നു കമ്പനിക്കാരോടു വാഗ്ദത്തം എഴുതി വാങ്ങിയതായും റിക്കാർട്ടുകളാൽതന്നെ കാണാം. കാര്യം ഒക്കെ ഇങ്ങിനെയായിരുന്നുവെങ്കിലും കുറുമ്പ്രനാട്ടെ ദത്തൻ തമ്പുരാൻ കോട്ടയത്തെ വലിയ തമ്പുരാന്റെ അധികാരവുംകൂടെ കിട്ടേണമെന്ന് അവകാശം പുറപ്പെടുവിച്ചപ്പോൾ എന്റെ പൊന്നുതമ്പുരാനെ കമ്പനിക്കാർ വിസ്മരിച്ചു കോട്ടയം കുറുമ്പ്രനാട് ഈ രണ്ടു രാജ്യങ്ങളിലേയും മേല്ക്കോയ്മ അധികാരം കുറുമ്പ്രനാട്ടേക്കു കൊടുക്കുകയാണ് ചെയ്തത്. ഒരു ദത്തനു കുഡുംബത്തിലെ മുതലിന്നും അധികാരത്തിന്നും അവകാശമില്ലെന്ന തത്വം കമ്പനിക്കാർ അറിയാഞ്ഞിട്ടോ അല്ല അസാമാന്യപുരുഷനായ ശക്തൻ തമ്പുരാനെ അധികാരം കൊടുത്ത് അടുത്ത് ഇരുത്തുന്നതു നല്ലതല്ലെന്നു വെച്ചോ എന്തൊ കമ്പനിക്കാർ ഈ കാട്ടിയ കൃതഘ്നത എന്റെ തമ്പുരാന്റെ ഉള്ളിൽ നന്നെ തട്ടിയിരുന്നു. അന്നു മുതൽ കമ്പനിക്കാരെ തമ്പുരാൻ വിശ്വസിച്ചില്ല. ഈ സംഭവങ്ങൾ കഴിഞ്ഞ മുതൽ രണ്ടായിരാവും

മൂവ്വായിരവും നായന്മാർ എപ്പോഴും ശക്തൻ തമ്പുരാൻെറ കൂടെ ഉണ്ടായിരുന്നു. തമ്പുരാൻെറ ഈ സൈന്യങ്ങളുടെ കൂട്ടത്തിൽ കുട്ടാളി, പടഴ്ന്നൂർ, ചാവശ്ശേരി, വെളിയമ്പ്ര, മൂലക്കുന്നു, ഗണ്ണവം, മറനത്തണ, കണ്ണവം, ശിവപുരം, പയശ്ശി, കണ്ടങ്കുന്നു, വിണറായി, നിട്ടൂർ, കതിരൂര് മുതലായ പ്രദേശങ്ങളിലെ പോരാളികൾക്കും തലയാളികൾക്കും പുറമെ, വയനാട്ടിൽനിന്നു മുപ്പെയനാട് പയ്യൂർ യജമാനൻെറ കീഴിൽ ഞങ്ങൾ 500 നായന്മാർ തമ്പുരാൻെറ പടമുഖത്തു് വാൾക്കാരായും പയശ്ശിയിൽ വന്നു താമസിക്കയായിരുന്നു. മുണ്ടും ഇടക്കയും കെട്ടി കയ്യിട്ടക്കും മെയ്യിട്ടക്കുമുള്ള ഞങ്ങൾ തമ്പുരാൻെറ സൈന്യങ്ങളുടെ കൂട്ടത്തിൽ കുറെ പ്രമാണികൾ തന്നെയായിരുന്നു. പടയാളിയിൽനിന്നു പൊന്തി, തലയാളിയായി അന്നു് ഒരു രക്ഷാപുരുഷൻെറ സ്ഥാനമാണ് എനിക്കു കല്പിച്ചു കിട്ടിയിരുന്നതു്. സ്വരൂപികളും, യജമാനന്മാരും, ചങ്ങാതങ്ങളും ഒക്കെ എൻെറ മേല്പോട്ടുള്ളവരായതുകൊണ്ടു് എൻെറ കിടയിൽ ഉള്ളവക്കൊന്നും തിരുമുമ്പിൽ കടന്നുകൂടി സേവിപ്പാൻ യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. തമ്പുരാനെ തൃപ്തിപ്പെടുത്തുവാൻ എന്തെങ്കിലും ഒരു അവസരം കിട്ടുമെന്നുവെച്ചു ഞാൻ ക്ഷമിച്ചുകൂടുകയായിരുന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഒരു അവസരവും കിട്ടി.

1793_ലാണ്. ഞാനും എൻെറ കൂട്ടാളികളിൽ ചിലരുംകൂടി പയശ്ശിക്കോട്ടയിൽ ഒരു അകത്തിരുന്നു 'നായും പുലിയും' കളിക്കയായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഞങ്ങളുടെ നായകനായ പല്ലൂര് എജമാനൻ വാതിലും തുറന്നു് അകത്തേക്കു കടന്നു. വയനാട്ട നായന്മാരുടെ ഇടയിൽ ഇത്ര യോഗ്യനായ ഒരാൾ അന്നു് ഉണ്ടായിരുന്നില്ല. അദ്ദേഹത്തിനുവേണ്ടി എന്തു ചെയ്യാനും ഞങ്ങൾ ഒക്കെ ഒരുക്കമായിരുന്നു. അതുപോലെതന്നെ ഞങ്ങളോടു അദ്ദേഹത്തിനുള്ള സ്നേഹവും അളവററതായിരുന്നു. പല്ലൂര് എജമാനൻ

അകത്തു കടന്നു. 'കുങ്കനാണോ ഇവിടെ' എന്നു ചോദിച്ചു. എല്ലാവരും കൂടി ഒപ്പം 'ഉണ്ട്' എന്നു മറുവടി പറഞ്ഞു.

പ- എ) നിങ്ങൾ എല്ലാവരുംകൂടി നിലവിളിക്കണ്ട. കുങ്കാ! ഇവിടെ വരു. നീ ഇന്നു നാലുമണിക്കു തിരുമുമ്പാകെ ചെന്നു കാണേണമെന്നു കല്പിച്ചിരിക്കുന്നു.

ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ ഞാൻ നില്ക്കുന്ന സ്ഥലമൊക്കെക്കൂടി വട്ടത്തിൽ തിരിയുന്നുണ്ടെന്നു എനിക്കു തോന്നി. ഞാൻ ചുമരോടു ചാരി നിന്നിട്ടില്ലെങ്കിൽ തലതിരിഞ്ഞു വീഴുമായിരുന്നു.

"തമ്പുരാനോ!" എന്നു ആശ്ചര്യത്തോടെ ഞാനും "അതേടൊ" എന്നു ചിരിച്ചുംകൊണ്ടു എജമാനനും മറുവടി പറഞ്ഞു.

ഞാൻ— കുങ്കൻ എന്നു ഒരുവൻ അവിടത്തെ ആശ്രിതന്മാരുടെ കൂട്ടത്തിൽ ഉണ്ടെന്നു തമ്പുരാനു നിശ്ചയമില്ലല്ലൊ. അവിടുന്നു എങ്ങിനെയാണു എന്നെ കാണേണമെന്നു കല്പിക്കുന്നതു?

പ- എ) — അതുതന്നെയാണു എനിക്കും നിശ്ചയമില്ലാത്തതു. നല്ല ഒരു വാൾക്കാരന്റെ സഹായം വേണമെന്നു തിരുമനസ്സിലേക്കുണ്ടെങ്കിൽ പടമുഖത്തു വാൾക്കാരായ നിങ്ങളുടെ തലവനായ എന്നെ കല്പിച്ചു വിളിക്കാമായിരുന്നു. അതെന്തെങ്കിലും ആയിക്കോട്ടെ. ഓരോരുത്തൎക്കു ഓരോ അവസരം. എനിക്കും ചില അവസരങ്ങൾ കിട്ടീട്ടുണ്ടു. അല്ലെങ്കിൽ നിങ്ങളുടെ യജമാനൻ ഞാൻ എങ്ങിനെയായി. അതുകൊണ്ടു എനിക്കു കുങ്കന്റെ നന്മയിൽ അസൂയയില്ല. ഈ അവസരം വെറുതെ കളയണ്ട.

എന്നും പറഞ്ഞു പല്ലൂർ യജമാനൻ കോവിലകത്തേക്കു പോയി. മണി രണ്ടു കഴിഞ്ഞു. ബൊക്കി രണ്ടു മണിക്കൂർ സമയം എങ്ങിനെയാണു കഴിച്ചുകൂട്ടിയതെന്നു എനിക്കു പറവാൻ വയ്യ. എന്തിനാണീശ്വര! തമ്പുരാൻ എന്നെ വിളി

ക്കുന്നത്? കോട്ടയത്തുകാരായ പോരാളികളുമായി ചില പോരാട്ടമൊക്കെ ഞാൻ ഇതിനിടെ നടത്തിയിരുന്നു. ഈ കാര്യം അറിഞ്ഞത് എന്നെ താക്കീതു ചെയ്യാനായിരിക്കുമോ? എന്തോ എന്നൊക്കെയുള്ള വിചാരംകൊണ്ടു ഞാൻ അന്ധനായി കുറെ നേരം കഴിച്ചു. പല്ലൂര് യജമാനൻ പറഞ്ഞ വാക്കുകൾ ഓർക്കുമ്പോൾ ആ വക സംശയത്തിന്നൊന്നും വഴിയില്ലെന്നു പിന്നെ സമാധാനിച്ചു.

ഞാൻ നാലു മണിക്ക് അല്പം മുമ്പായി കൊട്ടാരത്തിൽ എത്തി. അവിടെ കനോത്ത് നമ്പ്യാര്, കല്യാട്ട നമ്പ്യാര്, നാരങ്ങോളി നമ്പ്യാര്, മുതലായ പ്രമാണികളും പല്ലൂർ യജമാനനും പുറത്തിരുന്നു മുറുക്കുകയാണ്. എന്നെ കണ്ടപ്പോൾതന്നെ "ഇതാണ് എന്റെ കുങ്കൻ" എന്നു പല്ലൂർ യജമാനൻ കനോത്ത് നമ്പ്യാരോടു പറഞ്ഞു. ഞാൻ വേഗം ഓച്ഛാനിച്ചു നിന്നു.

കനോത്ത് നമ്പ്യാര്:— കുങ്കനെ എന്തിനാണ് തിരുമുമ്പാകെ വിളിക്കുന്നതെന്നു ഏമൻനായര് (പല്ലൂര് യജമാനന്റെ പേര് ഇതാണ്) പറഞ്ഞു കൊടുത്തിട്ടുണ്ടോ?

പ: യജമാനൻ:— എനിക്കും കാര്യം എന്താണെന്നു മനസ്സിലായിട്ടില്ല. ഇന്നു രാവിലെ കുറുമ്പ്രനാട്ടിൽനിന്ന് ആരോ ഒരു എഴുത്ത് തൃക്കയ്യിൽ കൊണ്ടുകൊടുത്തിരുന്നു. അപ്പോൾ ഞാനും തിരുമുമ്പാകെയുണ്ടായിരുന്നു. ആ കത്തു വായിച്ചതിന്നു ശേഷം അര മണിക്കൂർ തമ്പുരാൻ സ്തംഭിച്ച് ഇരിക്കയായിരുന്നു.

കനോത്ത് നമ്പ്യാര്:— നിങ്ങളോ?

പല്ലൂര് യജമാനൻ:— ഞാനും എന്താണ് ചെയ്യേണ്ടതെന്നറിയാതെ മിണ്ടാതെ നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ തമ്പുരാൻ എന്റെ നേരെ തിരിഞ്ഞ് "ഏമന്റെ ആൾക്കാരിൽ സമർത്ഥനായിട്ടു വല്ലവനും ഉണ്ടോ" എന്നു കല്പിച്ചു ചോദിച്ചു. അവരൊക്കെ സമർത്ഥരാണ് തിരുമേനി

എന്നു ഞാനും പറഞ്ഞു. "അവരുടെ കൂട്ടത്തിൽനിന്നു വിശ്വസിപ്പാൻ തക്കവണ്ണം ഒരുവനെ പ്രത്യേകം ഒരു കാൎയ്യത്തിന്ന് എല്പിക്കേണ്ടിവന്നാൽ എമൻ ആരെയാണ് തെരെഞ്ഞെടുക്കുക." എന്നു കല്പിച്ചു ചോദിച്ചു. അങ്ങിനെ ഒരുവനുണ്ട്. എന്തിന്നും പോരുന്നോനാണ്. മദ്യത്തിലും സ്ത്രീവിഷയത്തിലും അല്പം പ്രത്യേകത ചിലപ്പോൾ കാണിക്കാറുണ്ടോ എന്നേ അടിയന്നു സംശയമുള്ളു. "വിരോധമില്ല. അവനെക്കൊണ്ട് എനിക്ക് ഒരാവശ്യമുണ്ട്. അവനെ നാലു മണിക്ക് ഇങ്ങോട്ടയക്കു." എന്നു കല്പനയുമായി.

പല്ലൂർ യജമാനന്റെ ഈ സംഭാഷണം വിശേഷിച്ച് എന്നെക്കുറിച്ചു തിരുമനസ്സറിയിച്ചത് എനിക്ക് അത്ര പിടിച്ചില്ലെന്നു പറയേണ്ടതില്ലല്ലോ. എന്നെപ്പററി "സ്ത്രീയും മദ്യവും" എന്നു പറഞ്ഞ ദിക്കിൽ പ്രമാണികൾ എല്ലാവരും കൂടി എന്റെ മുഖത്തുനോക്കി ചിരിച്ചപ്പോൾ ഞാനും ഒന്നു പരുങ്ങലിലായി.

കനോത്ത് നമ്പ്യാര്:— കാൎയ്യം ഒക്കെ ശരിതന്നെ. കുങ്കനോട തിരുമുമ്പാകെ പോകുന്നതിന്നു മുമ്പായി രണ്ടു വാക്ക് എനിക്കു പറവാനുണ്ട്. തമ്പുരാന്റെ അന്തൎഗ്ഗതം എന്താണെന്ന് അവിടത്തെ പ്രധാന വിശ്വസ്തന്മാരും ആശ്രിതന്മാരുമായ ഞങ്ങൾക്കുതന്നെ വിവരമില്ല. കുങ്കൻ ഒരു സിംഹത്തോട കളിക്കാനാണ് അങ്കത്തേക്കു പോകുന്നതെന്നു മനസ്സിലാക്കിക്കോ. കോട്ടയത്തു കോവിലകത്തേക്കു അപമാനം വരുന്ന കാൎയ്യത്തിൽ തലയിടല്ലേ. എന്നു മാത്രമേ എനിക്കു പറവാനുള്ളു. ഞങ്ങൾ ഇവിടെത്തന്നെയുണ്ടാവും. കല്പിച്ച വിവരമൊക്കെ ഞങ്ങളോട വിട്ടുപോവാതെ വന്നു പറയണം. നാലു മണി എന്നു പറഞ്ഞാൽ നാലു മണിക്കു തിരുമുമ്പാകെ ചെന്നില്ലെങ്കിൽ കുങ്കന്റെ

തല പിന്നെ എവിടെയാണെന്ന് അന്വേഷിക്കേണ്ടിവരും. വേഗം തിരുമുമ്പാകെ പൊയ്ക്കോളു.

ഞാൻ വേഗം അകത്തു കടന്നു മുകളിൽ കയറി പള്ളിയറവാതുക്കലേക്കു പോയി. പള്ളിയറക്കാരൻ കൈതേരി അമ്പു തിരുമനസ്സറിയിക്കലും എന്നെ പള്ളിയറയിലേക്കു കടത്തിവിടലും കഴിഞ്ഞു. ഞാൻ ശക്തൻതമ്പുരാനെ പല ദിക്കിൽവെച്ചിട്ടും കണ്ടിട്ടുണ്ടെന്നു മാത്രമല്ല പതിമൂന്നു കൊല്ലം മുമ്പെ അവിടുത്തെ ചെറുപ്പത്തിൽ തലശ്ശേരി കപ്പലിറങ്ങുമ്പോഴും കണ്ടിട്ടുണ്ട്. എന്നാൽ മുഖത്തോടു മുഖം നോക്കിനില്പാൻ ഇതുവരെ ഇടയായിട്ടില്ല. ഇരുനിറത്തിൽ തടിച്ച ആജാനുബാഹുക്കളോടുകൂടിയ അവിടുത്തെ കറുത്തു ഉരുണ്ട കണ്ണുകൊണ്ട് ഒരു നോക്കുനോക്കിയാൽ മുട്ടുകുത്തിവീഴാത്തവർ ഉണ്ടോ? എഴുന്നള്ളി ആട്ടുകട്ടിലിന്മേൽ ഇരിക്കയാണ്. ഒരു മേനോൻ എന്തോ എഴുതുന്നുണ്ട്. എന്നെ കണ്ടപ്പോൾ അല്പം സന്തോഷത്തോടെ ഒന്നുനോക്കി. ഞാൻ കൈകൂട്ടി തൊഴുതു വായ്പൊത്തി നിന്നു.

“ഇപ്പോൾ എഴുതിയതൊക്കെ മതി. പുറത്തേക്കുപോ. എനിക്കു വേറെ അല്പം കാര്യമുണ്ട്.” എന്നു കല്പിച്ചപ്പോൾ മേനോനും പള്ളിയറക്കാരനും ഒക്കെ പുറത്തേക്കു പോയി. തിരുമനസ്സുകൊണ്ടു എന്നെ ആപാദചൂഡം ഒന്നുനോക്കി.

തമ്പുരാൻ:— കുങ്കൻ എന്നാണ് പേര് അല്ലേ? താൻ എന്റെ വാൾക്കാരുടെ ഇടയിൽ സമർത്ഥനായ ഒരുവനാണെന്നു എമൻ പറകയുണ്ടായി.

ഞാൻ ഉചിതമായ ഒരു മറുപടി തിരുമനസ്സുണർത്തിക്കേണമെന്നു ആലോചിച്ചാലോചിച്ചു വള്ളൂർ യജമാനന്റെ “പെണ്ണും മദ്യവും” എന്ന ദിക്കിൽ എത്തിയപ്പോൾ ഭ്രമിച്ചു വല്ലാതെയായി.

തമ്പുരാൻ:—‘അതേ, താനെക്കൊണ്ട് എനിക്ക് ഒരു കാര്യം നിവൃത്തിക്കേണ്ടതുണ്ട്. ധൈര്യശാലികളും ശക്തിമാന്മാ

ശം ഇവിടെ ധാരാളം ഉണ്ട്. "പക്ഷേ" എന്നു പറഞ്ഞു തമ്പുരാൻ ആ വാചകം പൂൎത്തിയാക്കാതെ അവസാനി പ്പിച്ചുകളഞ്ഞു. "തിരുമനസ്സിലേക്കുവേണ്ടി ജീവനെ ക ളുവാൻ അടിയൻ ഇപ്പോഴും ഒരുക്കമാണ്." എന്നൊ ക്കെ ഞാൻ എന്തൊക്കെയോ "പയ്യാരം" പറഞ്ഞു. അ തൊന്നും അവിടത്തെ ചെവിട്ടിൽ പോകുന്നില്ല.

തമ്പുരാൻ:— കുങ്കൻ നല്ല വാൾക്കാരനാണ് അല്ലേ?

ഞാൻ:— റാൻ. ഒരുവിധമൊക്കെ പഠിച്ചിട്ടുണ്ട്.

തമ്പുരാൻ:— പയ്യോൎമ്മലയിൽവെച്ചു കഴിഞ്ഞ ഓണക്കാലം നടത്തിയ പോരാട്ടത്തിൽ വയനാട്ടുകാരൊക്കെക്കൂടി കുങ്ക നെയല്ലേ മത്സരപ്പെടീക്ഷക്കയച്ചത്?

ഞാൻ:— അടിയന്റെ ചങ്ങാതികൾ അടിയനെ അപ്രകാ രം ബഹുമാനിക്കയുണ്ടായിട്ടുണ്ട്.

തമ്പുരാൻ:— കുങ്കൻ ഇവിടെ വന്നതിന്നു ശേഷം എത്ര പ്രാ വശ്യമാണ് എന്റെ കോട്ട കാവൽക്കാരായ വില്ലന്മാരെ രാത്രി തെണ്ടാൻ പുറത്തു വിടാഞ്ഞയാൽ ബുദ്ധിമുട്ടിച്ചി ട്ടുള്ളത്?

ഞാൻ:— ചില വിഡ്ഢിത്തങ്ങൾ അടിയൻ ഒന്നുരണ്ടു തവണ പ്രവൎത്തിച്ചുപോയിട്ടുണ്ട്.

തമ്പുരാൻ:— കുങ്കന്റെ യോഗ്യതകൾ എന്റെ പടയാളിക ളോടല്ല കാണിക്കേണ്ടത്. ഈ സമ്പ്രദായമൊന്നും ഞാൻ സമ്മതിക്കയില്ല. കുറുമ്പ്രനാട് അണ്ണൻ, ഈസ്റ്റിന്ത്യാക മ്പനി, അറക്കൽ ബീബി, ടിപ്പുസുൽത്താൻ, പോരെ ങ്കിൽ കുടകരും, ഇവരൊക്കെ നാലു ഭാഗത്തുനിന്നും എ ന്നെ നശിപ്പിക്കാൻ ശ്രമിക്കുന്നു. നിങ്ങളൊക്കെ തമ്മിൽ തല്ലി മരിക്കാൻ തുടങ്ങിയാൽ എന്താണ് എന്റെ ഗതി? കുങ്കനെപ്പററി ഇനി ഇങ്ങിനെ വല്ല ആക്ഷേപവും ഇവി ടെ എത്തിയാൽ—

എന്നു പറഞ്ഞു കണ്ണൊന്നു ഉരുട്ടിയപ്പോൾ എന്റെ

ദേഹം ആസലകം കന്നു വിയർത്തു കലിച്ചുപോയി. ചെറുപ്പ ക്കാരനും ജനങ്ങളുടെ തലവനായിരിപ്പാൻ പ്രത്യേകം യോഗ്യതയുള്ളാളും ആയ ഈ പൊന്നുതമ്പുരാൻ ഇരുപതു കൊല്ലം മുമ്പു ജനിച്ചിരുന്നുവെങ്കിൽ കേരളം ഇന്നു ആരാണ് ഭരിക്കുക എന്നു എനിക്കു നല്ല നിശ്ചയമുണ്ട്. കുറേ നേരത്തേക്കു തമ്പുരാൻ ഒന്നും കല്പിച്ചില്ല. സഹിപ്പാൻ കഴിയാത്ത ദേഷ്യം അവിടുത്തെ മനസ്സിൽ കിടന്നു കളിക്കുന്നുണ്ടെന്നു എനിക്കു മനസ്സിലായി.

തമ്പുരാൻ:— അതൊക്കെ പോട്ടെ. കുങ്കനെക്കൊണ്ട് ഇന്നു എനിക്കു ഒരു കാര്യം സാധിപ്പാനുണ്ട്. വാളിന്റെ പ്രയോഗം നല്ലവണ്ണം അറിയുന്ന ഒരുവനാണ് എനിക്കു ആവശ്യം. അതിന്നായിട്ടാണ് കുങ്കനെ വരുത്തിയത്. കാര്യം വളരെ ഗോപ്യമാണ്. നാമല്ലാതെ വേറെ ആരും അറിയരുത്.

ഇപ്പോഴാണ് എനിക്കു പല്ലൂര് യജമാനന്റെയും കനോത്ത് നമ്പ്യാരുടേയും സംഭാഷണം ഓർമ്മവന്നത്. ഞാൻ "കല്പിക്കുംപോലെ" എന്നു പറഞ്ഞു.

തമ്പുരാൻ:— ഒന്നാമത് കുങ്കന്റെ അഭിപ്രായവും ഊഹവും ഒന്നും എനിക്ക് ആവശ്യമില്ല. ആ പണിയൊക്കെ ഞാൻ കഴിച്ചുകൊള്ളാം. തന്റെ വാളുകൊണ്ടുള്ള പ്രവൃത്തിയാണ് എനിക്കു വേണ്ടത്. തലച്ചോറുകൊണ്ടുള്ള പ്രവൃത്തി എനിക്കു ആവശ്യമില്ല. പറഞ്ഞതു പ്രവർത്തിക്കുക. എന്തിനൊ, മനസ്സിലായോ?

ഈ കല്പനക്കും ഞാൻ തലതാഴ്ത്തി കല്പിക്കുംപോലെ എന്നു മറുവടി പറഞ്ഞു.

തമ്പുരാൻ:— വെങ്കാട്ടിലെ ആൽത്തറ കുങ്കൻ കണ്ടിട്ടുണ്ടോ? ഇതിനിടെ അവിടെവെച്ചു ഒന്നുരണ്ടു പോരു കാവിന്മേൽ കയററിയതു കുങ്കൻ ഓർമ്മയില്ലേ?

ഞാൻ:— ഈ സ്ഥലം നല്ലവണ്ണം അറിയും. നാലു ദിവസം

മുമ്പെ കോട്ടയത്തങ്ങാടിക്കാരൻ ഒരു മാപ്പിളയെ കഴുവിന്മേൽ കയറിയതു അടിയന്നു നല്ല ഓൎമ്മയുണ്ട്

തമ്പുരാൻ:— നല്ലത്. അവിടെ ഇന്നു രാത്രി 10 മണിക്കു അൎദ്ധപാണിയായി കുങ്കൻ ഉണ്ടായിരിക്കണം. നാം തമ്മിൽ അവിടെവെച്ചു ഒന്നും സംസാരിക്കരുത്. അവിടെ നിന്നു ഒരു ദിക്കിലേക്കു ഞാൻ പോകും. കുങ്കൻ മിണ്ടാതെ എന്റെ കൂടെ ദേഹരക്ഷകനായി പോരണം. കുറച്ചു കഴിഞ്ഞാൽ ഒന്നോ രണ്ടോ ആൾ അവിടെ വരും. ഞാനും അവരുമായി സംസാരിച്ചു ഒടുവിൽ ലൌകികത്തിൽ പിരിയാനല്ല ഭാവം എന്നു കണ്ടാൽ അവരെ രണ്ടു പേരേയും ജീവനോടെ മടക്കി അയക്കരുത്. ഞാനും കുങ്കനെ സഹായിക്കാം.

ഞാൻ:— ഇതൊക്കെ കേട്ടു അമ്പരന്നുപോയി. ഇതെന്തൊരു കഥയാണപ്പാ, രണ്ടുമൂന്നാളോടു പൊരുതാനൊക്കെ അടിയൻതന്നെ മതി. അതുകൊണ്ടല്ല തിരുമനസ്സുണൎത്തുന്നത് തിരുമേനി! ഈ അപകടത്തിനു ചാടുന്നതിന്നു പകരം അടിയൻ ഒരു വാൾക്കാരനേയും രാത്രി കൂടെ കൂട്ടുകയല്ലെ നല്ലത്?

തമ്പുരാൻ:— എടോ, ഞാൻ രാജാവാണെങ്കിലും ഒരു വാൾക്കാരനാംകൂടയാണ് / കുങ്കൻ അതു മനസ്സിലാക്കീട്ടില്ലയായിരിക്കാം. തന്റെ അഭിപ്രായങ്ങളൊന്നും എനിക്കു ആവശ്യമില്ലെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞില്ലെ? ഞാൻ പറയുംപോലെ പ്രവൃത്തിക്കു. വാൾ പ്രയോഗിക്കേണം എന്നു തീൎച്ചയാക്കിയാൽ പിന്നെ അവർ രണ്ടു പേരും ജീവനോടെ മടങ്ങി പോകരുത്.

ഞാൻ:— ഒരു കാലത്തും അവർ മടങ്ങി പോകയില്ല തിരുമേനി!

"എന്നാൽ കുങ്കൻ ഇപ്പോൾ പൊയ്ക്കോളു" എന്നു കല്പിക്കയും ഞാൻ പള്ളിയറയിൽനിന്നു പുറത്തേക്കു കടക്കുക

യും ചെയ്തു. അപ്പോൾതന്നെ എനിക്കു ഒരു കാര്യം ഓൎമ്മ വന്നു. പള്ളിയറ[illegible]ിൽ വീണ്ടും കടന്നു.

ഞാൻ:— ഈ കാര്യത്തെപറ്റി ആലോചിക്കുന്തോറും അടിയന്നു തോന്നുന്നതു്—

ഞാൻ ഈ വാചകം പൂൎത്തിയാക്കുന്നതിന്നു മുമ്പായി തമ്പുരാൻ ആട്ടുകട്ടിലിന്മേൽനിന്നു് നരിയെപ്പോലെ എന്റെ നേരെ ഒരു ചാട്ടം ചാടി.

തമ്പുരാൻ:— നീ ആലോചിക്കുന്നു! നിന്നോടു ആലോചിപ്പാൻ ആരാണു് ആവശ്യപ്പെട്ടിട്ടുള്ളതു്! ഓ! ഹോ! നീ ആലോചനക്കു വലിയ കേമൻതന്നെ! നിന്റെ ആലോചനാശക്തി അറിഞ്ഞിട്ടാണു് നിന്നെ ഞാൻ വരുത്തിയതെന്നു വിചാരിക്കുന്നുണ്ടോ? പറഞ്ഞപോലെ രാത്രി വെങ്കാട്ടിൽ വരണം, ഇപ്പോൾ പോവാം.

ഇതൊക്കെ കല്പിച്ചു തീരുമ്പോഴെക്കു ഞാൻ ഓരോ അടി പിന്നോക്കം നടന്നു പള്ളിയറയിൽനിന്നു പുറത്തു് എത്തി കഴിഞ്ഞിരിക്കുന്നു. അപ്പോഴെ എനിക്കു് ആയുസ്സു കുറച്ചുകൂടിയുണ്ടെന്നു വിശ്വാസം വന്നുള്ളൂ. ഞാൻ വേഗം കൊട്ടാരത്തു നിന്നു പുറത്തു് എത്തി. പല്ലൂർ യജമാനനും കനോത്തു് നമ്പ്യാരും അവിടെ എന്നെ കാത്തു നില്ക്കുന്നുണ്ടായിരുന്നു "എന്തൊക്കെയാണു് വൎത്തമാനം?" എന്നും ചോദിച്ചു രണ്ടാളും എന്നെ വന്നു വളഞ്ഞു "ഒന്നുമില്ല" എന്നു ഞാൻ മറുപടി പറഞ്ഞു. "തമ്പുരാൻ ഒന്നും സംസാരിച്ചില്ലെ" എന്നായി പിന്നത്തെ ചോദ്യം. "ചിലതൊക്കെ സംസാരിച്ചു" എന്നു ഞാൻ പറഞ്ഞപ്പോൾ "കേൾക്കട്ടെടോ പറയു. എന്താണു് കല്പിച്ചതു്" എന്നായി എന്റെ യജമാനന്മാർ!

ഞാൻ:— എല്ലാം ഗോപ്യമായി വെക്കേണമെന്നു പ്രത്യേകം കല്പിച്ചിട്ടുള്ളതുകൊണ്ടു എനിക്കു അതൊന്നും നിങ്ങളോടു പറവാൻ വയ്യ.

കനോത്തു് നമ്പ്യാർ— തമ്പുരാന്റെ വിശ്വസ്തന്മാരായ ച

ങ്ങാതങ്ങളായ ഞങ്ങളോടു പറയരുതെന്നു "ഗോപ്യം" എന്നതിൽ അൎത്ഥമില്ല. ഞങ്ങൾ അറിഞ്ഞാൽതന്നെ ഈ കാൎയ്യം വേറെ ഒരാൾ അറിയുന്നതുമല്ല

ഞാൻ— വേഗം പള്ളിയറയിൽ പോയി ചോദിച്ചാൽ ചങ്ങാതങ്ങളായ നിങ്ങൾക്ക് ഇതൊക്കെ അറിയാമല്ലൊ. എന്നെ എന്തിന്നു അവിശ്വസ്തനാക്കുന്നു.

ഇതു പറഞ്ഞപ്പോൾ നമ്പ്യാൎക്ക സമാന്യത്തിലധികം ദ്വേഷ്യം വന്നു. ഈ യജമാനന്മാർ കോവിലകത്തുള്ളവരൊക്കെ ചൊല്പടിക്ക നില്ക്കുന്നവരാണ്. പോരെങ്കിൽ ഒരു വാൾക്കാരൻ മുഖത്ത് നോക്കി ഇങ്ങിനെ പ്രത്യുത്തരം ഉടനടി പറഞ്ഞതു വളരെ അധികപ്രസംഗമായി തോന്നി ഒടുവിൽ പല്ലൂർ യജമാനൻ "കുങ്കൻ പറയുന്നതു ശരിയാണ്. അവനോടു നാം തിരക്കി ചോദിക്കുന്നത് തെററാണ്" എന്നും പറഞ്ഞു നമ്പ്യാരുടെ കയ്യും പിടിച്ചു പോയി.

ഒന്നും ആലോചിക്കേണ്ടതില്ലെന്നും ആ പണി താൻ കഴിച്ചുകൊള്ളാമെന്നും തമ്പുരാൻ കല്പിച്ചിട്ടുണ്ടെങ്കിലും രാത്രി എന്തൊക്കെയാണാവോ വരാൻപോകുന്നതെന്നുള്ള ആലോചന എന്റെ മനസ്സിൽ കടന്നു വല്ലാതെ കളിച്ചു. എന്തിന്നു അധികം പറയുന്നു. രാത്രി പത്തുമണി കൃത്യത്തിന്നു ഞാൻ വാളെഠക്കെ നല്ലവണ്ണം വൃത്തിയാക്കി അരക്ക കച്ചയും മുറുക്കിക്കെട്ടി വെങ്കാട്ടിൽ യാത്രയായി.

വെങ്കാട്ടിൽ ആൽത്തറക്കൽ എത്തിയപ്പോൾ അവിടെ തമ്പുരാൻ എഴുന്നള്ളിക്കഴിഞ്ഞിരിക്കുന്നു. കുറേശ്ശ ചന്ദ്രികയുള്ളതുകൊണ്ടു അവിടുത്തെ എനിക്കു നല്ലവണ്ണം കാണാമായിരുന്നു. അവിടുന്നു മുട്ടോളം എത്തുന്ന ഒരു വില്ലീസ്സ് കുപ്പായം ഇട്ടിട്ടുണ്ട്. തലയിൽ ഒരു മഞ്ഞിൻ തൊപ്പിയും ഇട്ടിട്ടുണ്ട്. എന്തൊ ഒരു ആയുധം കയ്യിൽ പിടിച്ചിട്ടും ഉണ്ട്. ഞാൻ നാലഞ്ചുവാരമുമ്പെ ഓഛാനിച്ചുനിന്നു. ഒരക്ഷരംപോലും എന്നോടു മിണ്ടിയില്ല. ഒന്നും സംസാരിക്കരുതെന്നല്ലെ നിശ്ചയം. അ

വിട്ടന്നു മുമ്പോട്ടു നടന്നു. ഞാനും പിന്നിൽ അല്പം ദൂരെ വിട്ട് വാളും കയ്യിൽ പിടിച്ചു നടന്നു. കുറെ നടന്നപ്പോൾ ഞങ്ങൾ വേറെ ഒരു ആൽത്തറക്കൽ എത്തി. പറഞ്ഞപോലെ തന്നെ രണ്ടാൾ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഇവരിൽ ഒരുവൻ ഒരു മാപ്പിളയും മററെ ആൾ ഒരു നായരുമാണെന്നു എനിക്കു വേഗം മനസ്സിലായി. ഞാൻ തമ്പുരാന്റെ അടുത്തു കൂടി. അവർ രണ്ടുപേരും ഞങ്ങൾ രണ്ടുപേരും മുഖത്തോടു മുഖം നോക്കി അല്പം നിന്നു. ഇവർ ടിപ്പുസുൽത്താനെന്നും, നെപ്പോളിയനെന്നും, കുരുമ്പ്രനാട്ടു അങ്ങുന്നെന്നും ഒക്കെ പറഞ്ഞുതുടങ്ങി. ഒടുവിൽ ചതിയൻ എന്നും കള്ളനെന്നും ദുഷ്ടനെന്നും ഒക്കെ പറഞ്ഞുതുടങ്ങി. ഞാൻ ഇതിന്റെ ഒക്കെ അർത്ഥം ആലോചിക്കുന്നതിനിടക്ക് മാപ്പിള ഒരു കഠാരംകൊണ്ടു തമ്പുരാന്റെ ഹൃദയത്തിൽ ഒരു കുത്ത് കുത്തുകയും തമ്പുരാൻ താഴെ വീഴലും കഴിഞ്ഞു.

എന്റെ ഈശ്വരാ! എന്റെ സ്ഥിതി പിന്നെ എന്താണ്. ഞാൻ ഇതു കണ്ടുംകൊണ്ടു സ്തംഭിച്ചു നിഛ്ചപോയില്ലല്ലോ എന്നാണ് വിചാരിക്കാറ്. ഞാൻവാളുംകൊണ്ടുമാപ്പിളയുടെ കഴുത്തിൽവെട്ടി. അവനെ രണ്ടു കഷ്ണമാക്കിയതും മറെറാരാളുടെ നേരെ വാളുംകൊണ്ടു ഓടിയതും ഒപ്പം കഴിഞ്ഞു. നായർ ഓടി. ഞാനും പിന്നാലെ ഓടി. കാട്ടിൽ കൂടി എത്രാണ്ട് രണ്ടുവിളിപ്പാടു ഓടിയപ്പോൾഞാൻ വിടുന്നതല്ലെന്നു നായക്കു മനസ്സിലായി. പിന്തിരിഞ്ഞു നിന്നു ദ്വന്ദ്വയുദ്ധമായി. നായരെ കൊല്ലുവാൻ എനിക്കു അധികം അദ്ധ്വാനം ഉണ്ടായില്ല. എന്റെ മനസ്സൊക്കെ തമ്പുരാൻ വീണുകിടക്കുന്ന ദിക്കിലേക്കാണ്. അവിടേക്കു ഓടി എത്തി. കഷ്ടം! തമ്പുരാൻ ഒരുഭാഗം മാപ്പിള വേറെ ഒരുഭാഗം വീണുകിടക്കുന്നു. തമ്പുരാന് ജീവനുണ്ടോ എന്നു നോക്കി. എനിക്കു ഇതെല്ലാം പറയുമ്പോൾ തന്നെ ഉള്ളത് കയറുന്നു. തമ്പുരാൻ മരിച്ചു പോയിരിക്കുന്നു. ഞാൻ ഇനി ജീവിച്ചിരുന്നിട്ടു എന്താണ് പ്രയോ

ജനം. പല്ലൂർ യജമാനനും കരോത്ത് നമ്പ്യാരും ഈ വിവരം അറിഞ്ഞാൽ പിന്നെ എൻെറ ഗതി എന്താണ്? കല്പിച്ചപോലെ രണ്ടാളെയും ഞാൻ ജീവനോടെ വിട്ടില്ല. അതുകൊണ്ടായിരാ ഞാൻ ശത്രുക്കളുടെ ഭാഗം നിന്നു തമ്പുരാനെ കൊല്ലിച്ചുവെന്നു വരികയില്ലേ? ആത്മഹത്യ ചെയ്ത് തമ്പുരാനോടൊപ്പം മരിക്കതന്നെ എന്നു തീർച്ചപ്പെടുത്തി. അതിന്നു വട്ടം കൂട്ടുമ്പോൾ

പിന്നിൽനിന്നു—കുങ്കൻെറ പരാക്രമങ്ങൾ എന്തൊക്കെയാണ്. മുറി അധികമായി വല്ലതും പററിയൊ?

ഈ ശബ്ദം എൻെറ തമ്പുരാൻേറതായിരുന്നു. തമ്പുരാൻെറ പ്രേതം എന്നോടു സംസാരിക്കയാണെന്നു ഞാൻ തീർച്ചയാക്കി. തിരിഞ്ഞു നോക്കുവാൻ തന്നെ എനിക്കു ധൈര്യമുണ്ടായില്ല. എങ്കിലും തിരിഞ്ഞു നോക്കി. ആശ്ചര്യം! എൻെറ തമ്പുരാനുണ്ട് ചിരിച്ചുംകൊണ്ടു എന്നെ കടാക്ഷിച്ചുംകൊണ്ടു എൻെറ പിന്നിൽ നില്ക്കുന്നു.

തമ്പുരാൻ—നീ ഒരുവനെ കൊന്നിട്ടുണ്ട്. ഇതു ആ മാപ്പിളയുടെ ശവമല്ലേ. മറേറവനൊ?

ഞാൻ—മറേറവനേയും അല്പം അപ്പുറത്തുവെച്ചു ഞാൻ കൊന്നിരിക്കുന്നു.

തമ്പുരാൻ—എന്ത്! കുങ്കൻ രണ്ടാളേയും കൊന്നുവെന്നോ?

എന്നുംപറഞ്ഞുതമ്പുരാൻ എൻെറ ചുമലിൽ ഒരു കൈവെച്ചു. അപ്പോഴാണ് തമ്പുരാൻെറ സ്ഥൂലശരീരംതന്നെയാണ് ഞാൻ കാണുന്നതെന്നു തീർച്ചയാക്കിയത്. ഇതെന്തൊരു മായമാണ്. ഈ ചത്തുകിടക്കുന്നതാരാണ്. എൻെറ തലയ്ക്കകത്തുവെച്ച് ഞാൻ വല്ലാതെ പരുങ്ങലിലായി.

തമ്പുരാൻ—ചങ്ങാതീ! ഞാൻ പ്രേതം മററുമല്ല. കഷ്ടം ഇവൻ ഇന്നലെ കുങ്കൻ പള്ളിയറയിൽ കണ്ട കുഞ്ഞേരി അമ്പുവാണ്. നല്ല വിശ്വസ്തനായിരുന്നു. അവൻ എൻെറ

ദ്വേഷം നല്ലവണ്ണം കെട്ടി. ഓരോ യോഗം എന്നല്ലാതെ എന്താണ് പറയേണ്ടത്. ഇനി കുങ്കനെക്കൊണ്ട് ഇപ്പോൾ കാൎയ്യമൊന്നുമില്ല. പോയി അല്പം കിടന്നുറങ്ങാം.

എന്നും പറഞ്ഞു ഞങ്ങൾ മടക്കമായി. വഴിയിൽവെച്ചു തമ്പുരാൻ

കുറുമ്പ്രനാട് അണ്ണനും ആലിരാജാവുംകൂടി ഈസ്റ്റിന്ത്യാ കമ്പനിക്കാൎക്കുവേണ്ടി എന്നെ കൊല്ലുവാൻ ശ്രമിക്കുന്നത് വളരെ കാലമായി. ഫ്രഞ്ചുരാജാവ്, നെപ്പോളിയനും, ടിപ്പു സുൽത്താനും, കമ്പനിക്കാരോടു യുദ്ധത്തിന്നു ഒരുങ്ങുന്നുണ്ടെന്നും അതിൽ എൻെറ സഹായം വേണമെന്നും അതിലേക്കു കാൎയ്യംപറഞ്ഞു ശട്ടംചെയ്വാൻ പാലിയംവീട്ടിൽ ചന്തുവും താലിബ്കുട്ടിയാലിയും എന്നെ കാണ്മാൻവരുമെന്നും കാൎയ്യം വളരെ ഗോപ്യമായ സ്ഥലത്തുവെച്ചു സംസാരിച്ചു തീൎച്ചയാക്കേണമെന്നും മററും കാണിച്ചു ഇന്നു രാവിലെയാണ് എഴുത്തു കിട്ടിയത്. വെങ്കാട്ടിലെ കഴവിന്മേൽ ഇന്നും മാപ്പിളമാരുടെ ശവം തൂങ്ങുന്നുണ്ട്. ആ കള്ളന്മാൎക്കും കോട്ടയം രാജ്യാധികാരം കൈവശമാക്കാൻ അത്യാൎത്തിയോടെ നില്ക്കുന്ന കുറുമ്പ്രനാട് അണ്ണനും എന്നെ കൊന്നു സുഖമായിരിപ്പാൻ വലിയ മോഹമുണ്ട്. അവൎക്കു കമ്പനിക്കാരും സഹായം നില്ക്കുന്നു. കമ്പനിക്കാരെ ഇത്ര കൃതഘ്നന്മാരാണെന്നു ഞാൻ മുമ്പു അറിഞ്ഞിരുന്നുവെങ്കിൽ ......... ......... ......... എന്നുപറഞ്ഞു അവിടെ സംസാരം അവസാനിപ്പിച്ചു കാൎയ്യം ഒക്കെ എനിക്കു മനസ്സിലായി. പക്ഷെ മനസ്സിലായി എന്നു പറവാൻ പാടുണ്ടോ. എനിക്കു മനസ്സ് എന്നു ഒന്നു ഇല്ലെന്നും ആലോചന പാടില്ലെന്നുമല്ലെ കല്പിച്ചിട്ടുള്ളത്. എങ്കിലും ഈ സംഭവം കഴിഞ്ഞതുമുതൽ ഞാൻ തമ്പുരാൻെറ ചങ്ങാതങ്ങളിൽ ഒരാളായി.

## വയനാട്ടിലെ കലക്കം IV.

കാലം ഒക്കെ മാറിത്തുടങ്ങിയിരിക്കുന്നു. കാലത്തിനൊത്ത കോലം കെട്ടുവാൻ പഴശ്ശിത്തമ്പുരാനും മന്ത്രിമാരും തീൎച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. തമ്പുരാൻ തിരുമനസ്സുകൊണ്ടും അവിടത്തെ ആശ്രിതന്മാരായ ഞങ്ങളും ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ പലവിധമായ നയങ്ങളെ എതൃത്തു നില്പാൻ അശക്തന്മാരായിത്തുടങ്ങിയിരിക്കുന്നു. അധികാരങ്ങളും ധനവും കിട്ടുമെന്ന വിചാരത്തോടെ സ്വപ്രാണകാംക്ഷികളായ ചില രാജ്യദ്രോഹികൾ "ചോറിങ്ങും കൂറങ്ങും" എന്ന മട്ടിൽ ചാരന്മാരായിക്കൂടി ഞങ്ങളുടെ ഉദ്ദേശങ്ങളെപ്പററി പല തെററായ ധാരണകളും കമ്പനിക്കാരിലും ഞങ്ങളുടെ ഉററ ബന്ധുക്കളുടെ ഇടയിലും ഉണ്ടാക്കിത്തീൎത്തു കഴിഞ്ഞിരിക്കുന്നു. മൈസൂർ രാജാക്കന്മാൎക്കാവട്ടെ ഈസ്റ്റിന്ത്യാ കമ്പനിക്കാൎക്കാവട്ടെ ഒരു കാലത്തും കീഴടങ്ങി വഴിപ്പെട്ടിട്ടില്ലാത്തതും കോട്ടയം കോവിലകത്തേക്കു മേല്ക്കോയ്മ അവകാശമുള്ളതും ആയ വയനാടു രാജ്യത്തെ തട്ടിപ്പറിച്ചു കയ്യിലാക്കേണമെന്ന ഉദ്ദേശം ജീവനുള്ളപ്പോൾ സമ്മതിക്കയില്ലെന്നുള്ള തിരുമനസ്സിലെ വാശി വയനാടന്മാരായ ഞങ്ങളുടെ പ്രേരണക്കൂടി കൂടിയപ്പോൾ അതിശക്തിയോടെ വൎദ്ധിച്ചുവന്നതേയുള്ളു. ഇതിലിടെക്കു ടിപ്പുസുൽത്താനും മരിച്ചു. ടിപ്പുസുൽത്താൻെറ പടിഞ്ഞാറെക്കരയിലുള്ള എല്ലാ സ്ഥലങ്ങളും അവകാശങ്ങളും ഈസ്റ്റിന്ത്യാ കമ്പനിക്കാൎക്കു ലയിച്ച കൂട്ടത്തിൽ വയനാടു രാജ്യവും അവൎക്കു അധീനമാകേണ്ടതാണെന്നു അവരും, ഒരുകാലത്തും ആൎക്കും വഴിപ്പെട്ടുകൈവശം കിട്ടീട്ടില്ലാത്ത ഒരു രാജ്യം അവകാശവഴിക്കു വേറെ ഒരാൾക്കു കിട്ടുവാൻ ന്യായമില്ലെന്നും, വിട്ടുകൊടുക്കുന്നതല്ലെന്നും തമ്പുരാനും തമ്മിൽ വലിയ വാദത്തിലായി. കാൎയ്യം ഇംഗ്ലണ്ടിൽ കമ്പനി ഡയറക്ടർമാരുടെ മുമ്പിലെത്തുകയും ഒടുവിൽ ഇന്ത്യാഗവൎണ്ണർ ജ

നരാളുടെ അഭിപ്രായമനുസരിച്ച വയനാട്ട ഭരണം തമ്പുരാൻ തിരുമനസ്സുകൊണ്ടു കമ്പനിക്കാൎക്ക വിട്ടൊഴിഞ്ഞു കൊടുക്കേണ്ടതാണെന്നു കമ്പനിക്കാർ ഏകപ്പാൎട്ടിയായി ഒരു വിധിയും കല്പിച്ചു. മൈസൂരിന്നും കുടകിന്നും തൊട്ടുകിടക്കുന്ന വയനാട്ടുരാജ്യം അന്യന്മാരായ ഒരാളുടെ രാജ്യാധികാരത്തിൻ കീഴിൽ ആകയാൽ അതുകാരണമായി എപ്പോഴും കലഹങ്ങൾ മലയാളത്തിൽ ഉണ്ടായിത്തീരുമെന്ന ഭയത്തോടെയാണ് കമ്പനിക്കാർ വാസ്തവത്തിൽ അടിസ്ഥാനരഹിതമായ ഈ അവകാശം പുറപ്പെടുവിച്ചത്. കുടക്, മൈസൂർ, നീലഗിരി, കുറുമ്പ്രനാട്, കോഴിക്കോട്, ഏറനാട് തുടങ്ങിയ പ്രദേശങ്ങളുടെ നടുനായകമായി കിടക്കുന്നതും വളരെ ഫലപുഷ്ടിയുള്ളതുമായ വയനാട്ടിനെ കൈവശപ്പെടുത്തുവാൻ കച്ചവടക്കാരായ ഈസ്റ്റിന്ത്യാ കമ്പനിക്കാൎക്ക് ആഗ്രഹം ഉണ്ടായതിൽ എന്താണ് ആശ്ചൎയ്യം തോന്നുവാനുള്ളത്! കോട്ടയത്തുള്ള രാജാധികാരം തമ്പുരാനെ അപമാനിപ്പാനോ എന്നു തോന്നുമാറു കുറുമ്പ്രനാട്ട തമ്പുരാനെ ഏല്പിച്ചുകഴിഞ്ഞിരിക്കുന്നു. കുറുമ്പ്രനാട്ട തമ്പുരാൻ ആവുന്നതൊക്കെ നോക്കീട്ടും കാൽപ്പെട്ടിസ്സു രാജഭോഗം കോട്ടയത്തിൽനിന്നു പിരിപ്പാൻ സാധിച്ചിട്ടില്ല. കമ്പനിക്കാർ തമ്പുരാനെ ഒരു പാഠം പഠിപ്പിക്കേണമെന്ന നിലയിൽ സൈന്യശേഖരം തുടങ്ങിയിരുന്നു. വയനാട്ടിൽ 1801-ൽ നികുതിപിരിപ്പാൻ ഒരു ഉദ്യോഗസ്ഥനെ നിശ്ചയിച്ച് ആയുധക്കാരോടും സഹായത്തിന്നു കൊടുത്തിരിക്കുന്നു. ചപലന്മാരായ പല ബന്ധുക്കളും ശത്രുപക്ഷത്തിൽ യോജിച്ചു കഴിഞ്ഞിരിക്കുന്നു.

1801 ജനുവരി മാസത്തിൽത്തന്നെയാണ് പള്ളൂര് എജമാനനെ വയനാട്ടിലെ സൈന്യനായകനായി സൈന്യശേഖരം ചെയ്യുവാനായി വയനാട്ടിലേക്ക് അയച്ചിരിക്കുന്നത്. പടമുഖത്തു വാൾക്കാരായ വയനാടന്മാരുടെ എജമാനനായി എന്നെ കല്പിച്ചു നിശ്ചയിച്ചിരിക്കുന്നു. ഞാനും എന്റെ വാൾ

കാരും ഇല്ലാത്ത അവസരത്തിൽ തമ്പുരാനൊന്നിച്ച വയനാട്ടിലേക്ക പോകേണ്ട കാൎയ്യത്തെപ്പററി സംസാരിച്ചും ഒരുക്കങ്ങൾ ആലോചിച്ചും ഇരിക്കയായിരുന്നു. അപ്പോഴാണ് കനോത്തു നമ്പ്യാര് വിളിക്കുന്നുണ്ടെന്നുംപറഞ്ഞു ഒരാൾ ഓടിവന്നത്. തമ്പുരാന്റെ പ്രധാനമന്ത്രിയുടെ നിലയിൽ ഈ കലാപകാലങ്ങളിൽ എപ്പോഴും വിട്ടുപിരിയാതെ കനോത്തുനമ്പ്യാര് കൊട്ടാരത്തിൽത്തന്നെ തിരുമേനിയൊന്നിച്ച താമസിക്കയാണ് പതിവ്. ഞാൻ ഉടനെ കൊട്ടാരത്തിൽ എത്തി പള്ളിയറക്കു മുൻവശം തളത്തിൽ എത്തിയപ്പോൾ കല്യാട്ട നമ്പ്യാരും നാരങ്ങോളി നമ്പ്യാരും അവിടെ മുമ്പുതന്നെ എത്തിയിരിക്കുന്നു. ഇരുക്കൂട്ടരായ പടയാളികളുടെ നായകനായ കല്യാട്ടു നമ്പ്യാരേയും പാണ്ടിക്കാരായ പടയാളികളുടെ നായകനായ നാരങ്ങോളി നമ്പ്യാരെയും കണ്ടപ്പോൾ എന്തൊ ചില പോരാട്ടങ്ങൾക്ക് അടുത്ത് ഒരു അവസരം വന്നിട്ടുണ്ടെന്നു ഞാൻ തീർച്ചപ്പെടുത്തി. കല്യാട്ടുനമ്പ്യാര് എന്റെ കിടക്കാരനാണ്. തമ്പുരാന്റെ ആൾക്കാരുടെ കൂട്ടത്തിൽ കുങ്കനോട് ഒന്നു മല്ലിട്ടുനോക്കിയാൽ കൊള്ളാമെന്നു ധൈൎയ്യപ്പെടുന്നവർ വല്ലവരും ഉണ്ടെങ്കിൽ ആയതു കല്യാട്ടു നമ്പ്യാർ മാത്രമായിരുന്നു. നാരങ്ങോളി നമ്പ്യാരും യുദ്ധസാമൎത്ഥ്യം പലേടിക്കിലുംവെച്ചു പ്രദൎശിപ്പിച്ച ഒരാളാണ്.

നാ: നമ്പ്യാര്:—അല്ല! ത്രിപുരന്മാരേയും വിളിച്ചുവരുത്തീട്ടുണ്ടല്ലോ. സംഹാരരുദ്രന്റെ ഉദ്ദേശം എന്തായിരിക്കും?

ഈ സംശയംതന്നെയാണ് ഞങ്ങൾക്കും ഉണ്ടായിരുന്നത്. ഇതിനിടക്കു പള്ളിയറക്ക് ഇടത്തുവശമുള്ള അറയിൽനിന്നു കനോത്തു നമ്പ്യാരുടെ തലമാത്രം ഞങ്ങൾ നിന്നിരുന്ന തളത്തിലേക്കു കടത്തി കണ്ടു. ആ ധീരപുരുഷനെ കണ്ടപ്പോൾ ഒരു വലിയ കാരണവരെ കണ്ടാലുള്ള ഭക്തിവിനയങ്ങൾ ഞങ്ങൾ എല്ലാവരും കാണിക്കാറു പതിവാണ്

"കുങ്കൻനായരെ! ഇങ്ങട്ടുവരു. ഒന്നു പറയട്ടെ" എന്നു

പറഞ്ഞതിന്നുശേഷം ആ തല കാണാതേയും ആയി. ഞാൻ വേഗം കന്നോത്തു നമ്പ്യാര് സാധാരണ കാൎയ്യാലോചന ചെയ്യവരാറുള്ള അകത്തേക്കു കടന്നുചെന്നു. നമ്പ്യാര് തെക്കുഭാഗമുള്ള ജനലിന്റെ അടുക്കലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി.

**ക:** ന— എനിക്കു കുങ്കൻ നായരോടു പറവാനുള്ളതു പറയുന്നതിന്നു മുമ്പായി ഒരു തറവാടിയുടെ നിലയിലും ഒരു പോരാളിയുടെ നിലയിലും ഒരു വാഗ്ദത്തം ചെയ്യണം. നാം തമ്മിൽ ഇപ്പോൾ സംസാരിക്കുന്നതു മൂന്നാമത് ഒരാൾ അറിയരുത്.

അമ്പ! പ്രാരംഭം വളരെ നന്നായിട്ടുണ്ട്. വാഗ്ദത്തം ചെയ്കയല്ലാതെ അവിടെ ഗത്യന്തരം ഒന്നും ഉണ്ടായില്ല.

**ക:** ന:— എന്നാൽ പറയാം. നമ്മുടെ തമ്പുരാന്റെ കാൎയ്യമൊക്കെ വലിയ അവതാളത്തിലായിരിക്കുന്നു. ചിറക്കൽ കടത്തനാട് എന്നീ രാജാക്കന്മാരൊക്കെ അവിടത്തേക്കു യാതൊരുസഹായവും ചെയ്കയില്ലെന്നു തീൎച്ചയാക്കിയിരിക്കുന്നു. ഇരിക്കൂറും പാനൂരും കമ്പനിക്കാരുടെ സൈന്യങ്ങൾ കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. രണ്ടു ദിവസത്തിനകം കൂത്തുപറമ്പിൽ വലിയ ഒരു സൈന്യം എത്തിച്ചേരും. വയനാട്ടിൽ കുപ്പത്തോടു നായര് ശത്രുപക്ഷമാണെന്നു സംശയിപ്പാനും വഴിയുണ്ട്. ഈ സ്ഥിതിക്കു കമ്പനിക്കാരുമായി ഇനി എതൃത്തു നിന്നിട്ടു യാതൊരു ഫലവുമില്ല. അതുകൊണ്ടു കുങ്കൻനായരോട് എനിക്കു സ്വകാൎയ്യമായി പറവാനുള്ളതു നമ്മുടെ തമ്പുരാനെ കാത്തുനില്ക്കുന്നതുകൊണ്ടു നമുക്ക് ഇനി യാതൊരു പ്രയോജനവുമില്ല എന്നാണ്. തമ്പുരാനെ പിടിച്ചു കമ്പനിക്കാൎക്കു ഏല്പിച്ചുകൊടുത്താലൊ? ഈ കലാപമൊക്കെ ഒതുങ്ങുമല്ലോ.

തമ്പുരാന്റെ പ്രധാനപ്പെട്ട ഒരു ആശ്രിതൻ! അവിടത്തെ ചെറുപ്പംമുതൽ ചങ്ങാതിയുടെ നിലയിൽ വളൎന്ന ഒരാൾ! അവിടത്തെ പ്രധാനമന്ത്രി! ഈ നിലയിലൊക്കെ ആ

വിടത്തോട്ട വിട്ടാൽ വിടാത്ത ബന്ധത്തോടുകൂടിയ ഒരു വി ഢ്ഢാൻ വിചാരിക്കകൂടി വയ്യാത്ത ഈ അഭിപ്രായം പറഞ്ഞ പ്പോൾ ആശ്ചൎയ്യത്തോടെ അദ്ദേഹത്തിൻെറ മുഖത്തു തുറിച്ചു നോക്കി നില്ക്കുകയല്ലാതെ ഒന്നും പറവാൻ എനിക്ക തോന്നി യില്ല. കനോത്തു നമ്പ്യാര് തൻെറ പ്രസംഗവും കഴിച്ച് എ ൻെറ കാലിൻെറ ഏരലിൻെറ ഭംഗി നോക്കിയും ഇടക്കിടക്ക കള്ളക്കണ്ണിട്ട് എൻെറ മുഖത്തു നോക്കിയും ഗൌരവമായി ത്തന്നെ നില്ക്കുന്നു.

ക: ന:—എന്താടൊ മറുവടിയൊന്നും പറയാത്തത്?

ഞാൻ:—എൻെറ ഒരു ചെകിട് അല്പം പതുക്കയാണ്. ചി ലതൊക്കെ പറഞ്ഞാൽ ഞാൻ കേൾക്കാറില്ല. ഞാൻപോ യി എൻെറ പണിനോക്കട്ടെ.

ക: ന:—എടോ അപകടത്തെ കണ്ടാലറിയണം. കേരളത്തി ലെ എല്ലാ നാടുവാഴികളും ദേശവാഴികളും ഇപ്പോൾ ക മ്പനിക്കാൎക്ക കിഴടങ്ങിക്കഴിഞ്ഞിരിക്കുന്നു. നമുക്ക് ആരും സഹായം നില്ക്കയില്ല.

എനിക്ക സാമാന്യത്തിലധികം ദേഷ്യമാണ് വന്നത്. 'നിങ്ങൾ ഒരു കാൎയ്യം ഓൎക്കണം. എനിക്ക നിങ്ങൾ പറയുന്ന നാടുവാഴികളേയും ദേശവാഴികളേയും എൻെറ അധോരോമ ത്തിന്നു വിലയില്ല. അതു നിങ്ങളറിയുമോ?

ക: ന:—എന്നാൽ കുങ്കൻനായൎക്ക ലോകത്തിൽ വിലയുള്ളത്. എന്താണ്?

ഞാൻ:—എൻെറ പൊന്നുതമ്പുരാനും എൻെറ മാനവും.

ക: ന:—എടൊ ഇതൊക്കെ നല്ല മധുരമായ വാക്ക തന്നെ യാണ്.' കാൎയ്യമൊക്കെ കാൎയ്യംപോലേ കലാശിക്കയുള്ളു നാട്ടിൽ സമാധാനം ഉണ്ടാകട്ടേ, കലാപം കുറെ കാലമാ യി. ഈശ്വരാ ഇതൊക്കെ ഒന്നൊതുങ്ങട്ടേ എന്നു പ്രാൎത്ഥിക്കു ന്ന കേരളീയരുടെ ഇഷ്ടത്തിന്നു വിപരീതമായിട്ടാണൊ നാം പ്രവൃത്തിക്കേണ്ടത്? നമ്മുടെ കഷ്ടകാലത്തിന്നു പറ

മെ നാട്ടിൽ കലാപം ഇനിയും ഉണ്ടാക്കിത്തീക്കണോ?പോരെങ്കിൽ തമ്പുരാൻെറ ഭാഗക്കാരായ നമ്മുടെ എണ്ണം ദിനംപ്രതി ചുരുങ്ങിക്കൊണ്ടാണ് വരുന്നത്. ഒരുനാഴിക കഴിയുന്തോറും ഓരോരുത്തരായി നമ്മെ ഉപേക്ഷിക്കുന്നു. തമ്പുരാനെ പിടിച്ച് ഏല്പിച്ചു കൊടുത്താൽ നമുക്കു വലുതായ സമ്മാനവും സ്ഥാനമാനവും കിട്ടും.

എൻെറ ദേഷ്യം മൂഛിച്ചുതുടങ്ങി. അവിടെ അടുത്തു വല്ല ആയുധവുമുണ്ടായിരുന്നുവെങ്കിൽ ഞാൻ കനോത്തു നമ്പ്യാരേ എന്തെങ്കിലും കാട്ടിയിരുന്നു.

ഞാൻ:—കനോത്തു നമ്പ്യാന്മാര് വലിയ മാനശാലികളാണെന്നാണ് ഞാൻ കേട്ടിരുന്നത്. നമ്മുടെ തമ്പുരാൻെറ ചോറു തിന്നുന്ന നായ്ക്കൾക്ക് ഇതിലും കൃതജ്ഞതയുണ്ടാവും. ഈ കായ്യം എന്നോടു പറവാൻ നിങ്ങൾക്കു ധൈയ്യം വന്നതിലാണ് ഞാൻ ആശ്ചയ്യപ്പെടുന്നത്. നിങ്ങളുടെ മനോഗതിയെ ഞാൻ തെററിക്കുന്നില്ല. പക്ഷെ എൻെറ പൊന്നുതമ്പുരാൻ വിരോധിക്കുന്ന സമയം വരെ എൻെറ വാള് അവിടുത്തേയും അവിടുത്തെ ശത്രുക്കളുടേയും മദ്ധ്യത്തിലായിരിക്കും.

കോപത്തോടെ ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ എൻെറ കണ്ണിൽനിന്നു വെള്ളം ധാരയായി ഒഴുകിത്തുടങ്ങി. "കുങ്കൻനായര് ഇടനാഴിയിൽ ഇരിക്ക, പോവാൻ വരട്ടെ" എന്നും പറഞ്ഞ് എന്നെ പിന്നിലുള്ള ഇടനാഴിയിലേക്കു നമ്പ്യാര് തന്നെ പിടിച്ചുകൊണ്ടാക്കി.

കനോത്തു നമ്പ്യാരുടെ ദുരുപദേശം എനിക്കു വലുതായ അസ്വാസ്ഥ്യം ഉണ്ടാക്കിത്തീത്തു. അവിടം വിട്ടു വെളിയിൽ ഇറങ്ങിയാൽ മതി എന്ന മട്ടിലായിരിക്കുന്നു. കാൽ മണിക്കൂർ കഴിയുന്നതിന്നു മുമ്പെ നാരങ്ങോളി നമ്പ്യാരും ഞാൻ ഇരിക്കുന്ന ഇടനാഴിയിൽ എത്തിയിരിക്കുന്നു. മൂപ്പരുടെ മുഖം വല്ലാതെ വിളറി വിയത്തിട്ടുണ്ടെന്നു മാത്രമല്ല,

'ഹാ! വല്ലാത്ത വിഷം! സ്വാമിദ്രോഹി!!' എന്നൊക്കെ പിറു പിറുക്കുന്നുമുണ്ടായിരുന്നു. എന്റെ നേരെ പ്രയോഗിച്ച നയം നാരങ്ങോളി നമ്പ്യാരോടും പ്രയോഗിച്ചിട്ടുണ്ടെന്ന് എനിക്കു മനസ്സിലായി. ഞങ്ങൾ അന്യോന്യം ഒന്നും സംസാരിക്കുന്നില്ല. 'പറയാൻ കൊള്ളില്ല. അതികഠിനം' എന്നൊക്കെ നമ്പ്യാര് ഇടക്കിടെ കണ്ണുരുട്ടിക്കൊണ്ടു പറയുന്നും ഉണ്ട്. അതിലിടയ്ക്കു 'ഠെ' എന്ന് ഒരു അടിയുടെ ശബ്ദവും ഒരാൾ നിലത്തു വീഴുന്ന ഒച്ചയും 'അയ്യോ' എന്ന ആർത്തനാദവും കേട്ടപ്പോൾ ഞങ്ങൾ രണ്ടുപേരും പെട്ടെന്നു കനോത്തുനമ്പ്യാരുടെ മുറിയിൽ ഓടിയെത്തി. കല്യാട്ടു നമ്പ്യാരും കനോത്തു നമ്പ്യാരുംകൂടി മേല്ക്കുമേൽ നിലത്തുവീണ് മല്ലയുദ്ധം ചെയ്യുന്നതാണ് അവിടെക്കണ്ടത്.

'ഇവൻ കലിയുടെ അവതാരമാണ്! എന്നെ കലി ബാധിച്ചിരിക്കുന്നു! മഹാപാപി!'

എന്നും പറഞ്ഞു കനോത്തു നമ്പ്യാരുടെ കഴുത്തിൽ പിടിച്ചപിടിയും വിട്ടു കല്യാട്ടു നമ്പ്യാര് എഴുനീററ് ഞങ്ങളുടെ അടുക്കൽ വന്നു. സാധു! കനോത്തു കമ്പ്യാര് വീണ ദിക്കിൽ നിന്നു നാലഞ്ചു ഉരുണ്ടു ശ്വാസം ക്രമത്തിൽ വരാതെ കുറെ ബുദ്ധിമുട്ടിയതിനുശേഷം തന്റെ അകത്തേക്കു പള്ളിയറയിൽ നിന്നുള്ള വാതിൽ ഉന്തിത്തുടങ്ങി. വാതിൽ പെട്ടെന്നു തുറന്നു തമ്പുരാൻ തിരുമേനി അകത്തു കടന്നപ്പോഴാണ് ഞങ്ങൾ മൂന്നുപേരും അമ്പരന്നുപോയത്. ഇതെന്തൊരു പുതുമയാണപ്പാ! പള്ളിയറയെന്നും തിരുമേനിയെന്നും ഉള്ള ഓർമ്മ ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല. കനോത്തു നമ്പ്യാർക്കു പിണഞ്ഞ അപകടത്തിൽ ഞങ്ങൾ രസിക്കയായിരുന്നു. തിരുമനസ്സുകൊണ്ട് അകത്തു കടന്ന ഉടനെ ഞങ്ങളെ മൂന്നുപേരേയും പ്രത്യേകം പ്രത്യേകം കരുണയോടെ കടാക്ഷിച്ചു. അതിനു ശേഷം കനോത്തു നമ്പ്യാരുടെ ചുമലിൽ കൈവെച്ചു 'പെരടിക്ക് അടി കിട്ടുമ്പോൾ കോപം വന്നിട്ടു ഫലമില്ല. അത് നമ്പ്യാരുടെ സ്ഥാനസ്വത്തല്ലെ?'

അതിമധുരമായ നിലയിൽ വളരെ കാരുണ്യത്തോടെ നമ്പ്യാരെ തലോടിക്കൊണ്ട് ഇപ്രകാരം സംസാരിച്ചപ്പോൾ "പയസ്സിത്തമ്പുരാനോ, സിംഹം" എന്നൊക്കെ ജനങ്ങൾ പറയുന്നതിന്ന് എന്താണ് അത്ഥം എന്നു ഞങ്ങൾക്കു തോന്നിപ്പോയി.

കറോത്തുനമ്പ്യാര്:— ഈ പാപി എന്നെ കൊല്ലുമായിരുന്നു.

തമ്പുരാൻ:— ഛേ! ഛേ! കുങ്കനും നാരായണനും ഇവിടെ ഇല്ലായിരുന്നുവെങ്കിൽ നമ്പ്യാരുടെ നിലവിളി കേട്ടാൽ അപ്പോൾ ഞാൻ ഓടിവരുമായിരുന്നു. ആട്ടെ, പരുക്കൊന്നും പററിയില്ലല്ലൊ?

തമ്പുരാനു കറോത്തു നമ്പ്യാര് കണ്ണിലുണ്ണിയാണ്. ഇപ്രകാരം തമ്പുരാൻ അവിടത്തെ ആശ്രിതന്മാരിൽ ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടോ എന്ന കാര്യം സംശയമാണ്. അതുകൊണ്ടു നമ്പ്യാക്കു വല്ലതും വരുന്നതിൽ തമ്പുരാനു നന്നെ വ്യസനമുണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ.

തമ്പുരാൻ:—അല്ല! കല്യാട്ടു നമ്പ്യാര് ആൾ ചില്ലറയൊന്നുമല്ലല്ലൊ. ക്ലടാളി ലഹളയിൽ കാണിച്ച ചൊടിയും സാമത്ഥ്യവും ഇനിയും ബാക്കിയുണ്ട് അല്ലെ. നാരങ്ങോളി നമ്പ്യാക്കു തമ്പുരാനു ദോഷമായി സംസാരിക്കുന്നതു കേൾക്കുക തന്നെ വയ്യ അല്ലെ. കുങ്കൻെറ വാൾ എൻെറയും എൻെറ ശത്രുക്കളുടെയും മദ്ധ്യത്തിലാണ്. വളരെ നന്നായി. ചില കപടസന്ന്യാസിമാര് എൻെറ സേവകന്മാരിലുണ്ടായിരുന്നു. ആരൊക്കെയാണ് നമുക്കു വേണ്ടപ്പെട്ട വിശ്വസ്തന്മാർ എന്ന് എനിക്കു നല്ലവണ്ണം മനസ്സിലായി.

കേരളത്തിൽ അന്നുള്ള രാജാക്കന്മാരിൽ എല്ലാംകൊണ്ടും ഒന്നാമതായി നില്ക്കുന്ന എൻെറ പൊന്നുതമ്പുരാൻ ഇങ്ങിനെ ഒരു അഭിപ്രായം പറഞ്ഞപ്പോൾ ഞങ്ങളുടെ നില എന്താണ് എന്ന് ഊഹിക്കുകയാണ് നല്ലത്.

തമ്പുരാൻ—കുട്ടരെ, പള്ളിയറയിലേക്ക വരുവിൻ! എനിക്ക കാൎയ്യമായി പലതും പറവാനുണ്ട്. കരോത്തു നമ്പ്യാര് പുറമെ ഇരിക്ക. ആരും ഉള്ളിൽ കടന്നു ഞങ്ങളുടെ ആലോചനയെ തടസ്ഥപ്പെടുത്തരുത്.

## കുറ്റ്യാടിസ്സങ്കേതം—III

പയശ്ശിയിൽ നിന്നു വയനാട്ടിലേക്കു കടപ്പാൻ കാലം വൈകീട്ടുണ്ടെന്നും ഒരു നാഴിക കഴിയുന്തോറും തമ്പുരാന്റെയും ആശ്രിതന്മാരായ ഞങ്ങളുടെയും സ്ഥിതി വളരെ അപകടത്തിലായി വരികയായിരുന്നുവെന്നും പറഞ്ഞുവല്ലൊ. വയനാട്ടിൽ അധികപക്ഷക്കാരും തമ്പുരാന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുന്നുണ്ടെങ്കിലും കുപ്പത്തോടുനായരുടെ നയം എന്താണെന്നു നല്ലവണ്ണം മനസ്സിലാവാഞ്ഞാൽ ചില അപകടങ്ങൾ പിണയുവാനുണ്ടെന്നു ഞാൻ മുമ്പു തിരുമനസ്സുണൎത്തിച്ചിട്ടുണ്ടായിരുന്നു. വയനാട്ടിലേക്ക് എഴുന്നെള്ളുന്നതിന്നു മുമ്പായി ഈ വക ഗൌരവങ്ങളായ കാൎയ്യാലോചനകൾ ചെയ്വാനാണ് തിരുമനസ്സുകൊണ്ടു കല്ല്യാട്ടം, നാരങ്ങോളിയും നമ്പ്യാന്മാരേയും എന്നേയും പള്ളിയറയിലേക്കു കല്പിച്ചു വിളിച്ചത്

തിരുമേനി—പ്രധാനമായി മൂന്നു കാൎയ്യമാണ് ഇപ്പോൾ ആലോചിപ്പാനുള്ളത്. ഒന്നാമത്തു കുപ്പത്തോട്ടു നായരെ ചെന്നുകണ്ട് അയാളുടെ സഹായം നമുക്ക് എത്രത്തോളം ഉണ്ടാവുമെന്ന് അറിയണം. രണ്ടാമത്തു കുറുമ്പ്രനാട്ടു പോയി എന്റെ ഭാൎയ്യയെ ആരും അറിയാതെ കൂട്ടിക്കൊണ്ടു പോരണം. മൂന്നാമത് കമ്പനിസ്സൈന്യം നമ്മെ വന്നു വളയുന്നതിന്നു മുമ്പായി പയശ്ശിയിൽനിന്നു നാമെല്ലാവരും നാളെ രാത്രി പുറപ്പെട്ടു കൊട്ടിയൂര് ജനബാധയില്ലാത്ത കാട്ടിൽ ഒരിടത്തു തമ്പടിച്ചു കൂടണം. അതോടുകൂടി ഒന്നുര

ണ്ടു മാസത്തേയ്ക്കു നമുക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ ശേഖരിച്ചു നമ്മുടെ കൂടെ കൊണ്ടുപോകയും വേണം. ഇതിൽ ഓരോ കാര്യം നിങ്ങൾ ഓരോരുത്തർ ഏല്ക്കേണ്ടതുണ്ട്. കാര്യം വളരെ അടിയന്തരമാണ്. ആലോചിച്ചു വേണ്ടവിധം വേഗം തീർച്ചയാക്കിക്കൊള്ളുവിൻ.

തിരുമേനി ഇതു കല്പിച്ചു കഴിയുമ്പോഴെല്ലാം ഞങ്ങൾ മൂന്നുപേരും അന്യോന്യം നോക്കിക്കൊണ്ടു നില്പായിരിക്കുന്നു. ഈ മൂന്നു കാര്യങ്ങളും സാധിക്കുന്നതു വളരെ എളുപ്പമല്ല. വയനാട്ടിലേയ്ക്കു കടപ്പാനുള്ള പ്രധാന മാർഗ്ഗങ്ങളിലൊക്കെ കമ്പനിക്കാരുടെ വെള്ളപ്പട്ടാളം പാറാവുണ്ട്. വയനാട്ടിൽ കടക്കാതെ കുപ്പത്തോട്ടു നായരെ കാണ്മാനും തരമില്ല. തിരുമേനിയുടെ കുട്ടിലമ്മ ശത്രുപക്ഷത്തിൽ പ്രധാനിയായ കുറുമ്പ്രനാട്ടു തമ്പുരാന്റെ അധീനത്തിലാണ് ഇപ്പോഴുള്ളത്. അവിടെ ചെന്ന് ഉപായത്തിൽ കുട്ടിലമ്മയെ കൊണ്ടുവരുന്ന കാര്യവും എളുപ്പമല്ല. രണ്ടു മാസത്തെ ഭക്ഷണസാധനം ഒരുക്കുകൂട്ടേണമെങ്കിൽ കോട്ടയത്തങ്ങാടിയിൽ കടന്നല്ലാതെ യാതൊരു നിവൃത്തിയുമില്ല. അവിടെയാണെങ്കിൽ, കമ്പനി പട്ടാളക്കാർ കാവലും ഉണ്ട്. പഴശ്ശിത്തമ്പുരാന്റെ ആൾക്കാർക്കു സാമാനം വില്ക്കുന്ന കച്ചവടക്കാരെ വെടിവെച്ചു കൊല്ലുവാനാണ് കമ്പനിക്കാരുടെ കല്പന. ഞങ്ങളെ ഭക്ഷണം കിട്ടാതെ പട്ടിണിയിട്ടു കൊല്ലേണമെന്നാണ് അവരുടെ നിശ്ചയം. വയനാട്ടിൽ കടന്നാൽ ഉപ്പും വെളിച്ചെണ്ണയും കഴികെ മററു സകല സാധനവും നാലോ അഞ്ചോ കൊല്ലത്തെയ്ക്കു സുലഭമായി ശേഖരിപ്പാൻ യാതൊരു പ്രയാസവുമില്ലെന്ന് എനിക്കു നല്ല ധൈര്യവുമുണ്ടായിരുന്നു അന്നുകൊണ്ടായോ? കൊട്ടിയൂർ കാട്ടിൽ താമസിപ്പാൻ നിശ്ചയിച്ചു ഒരു മാസകാലത്തേയ്ക്കു വേണ്ടുന്നതു സംഭരിക്കുന്നത് അത്ര എളുപ്പവുമല്ല. ഇതിൽ ഏതേത് ആരാരാണ ഏല്ക്കേണ്ടത് എന്ന ആലോചനയോടെയാണ് ഞങ്ങൾ മുഖത്തോടുമുഖം നോക്കി

നിന്നത്. എന്താണ് പറയേണ്ടത് എന്ന് ആക്കും നിശ്ചയമില്ലാതെ കുറെ നേരത്തേയ്ക്കു പരുങ്ങിനിന്നു. കുറെ കഴിഞ്ഞപ്പോൾ കല്യാട്ടുനമ്പ്യാര് ഇപ്രകാരം പറഞ്ഞു.

'വയനാട്ടിലേയ്ക്കു ഒരാളെ കല്പിച്ച് അയയ്ക്കുന്നുണ്ടെങ്കിൽ അതു കുങ്കൻനായരെ തന്നെയാണ് വേണ്ടത്. ശത്രുപക്ഷത്തിൽ കടന്നുകൂടി കാര്യം നേടി തനിയ്ക്കൊന്നും പററാതെ രക്ഷപ്രാപിച്ചു മടങ്ങിവരുവാൻ കുങ്കൻനായക്ക് പ്രത്യേകം വാസനയുണ്ട്. കുറുമ്പ്രനാട്ടുചെന്നു കട്ടിലമ്മയെ കൂട്ടിക്കൊണ്ടുവരുന്ന കാര്യം നാരങ്ങോളി നമ്പ്യാരു നിവൃത്തിയ്ക്കണം. അടിയൻ കൊട്ടിയൂരേയ്ക്കു യാത്രയ്ക്കുള്ള ഒരുക്കങ്ങൾ കൂട്ടിക്കൊള്ളാം.'

കല്യാട്ടുനമ്പ്യാരുടെ ഈ അഭിപ്രായം തിരുമനസ്സിലേയ്ക്കു വളരെ തൃപ്തികരമായിട്ടുണ്ടെന്ന് അവിടുത്തെ മുഖംതന്നെ വെളിവാക്കിയിരുന്നു. "കുപ്പത്തോട്ട രയരപ്പന് ഞാൻ ഒരു എഴുത്തെഴുതിക്കളയാം" എന്നും കല്പിച്ചു തിരുമനസ്സുകൊണ്ടു തന്നെ ഓലയും എഴുത്താണിയും എടുത്ത് എഴുതിത്തുടങ്ങി.

"താമരശ്ശേരി ചുരമോ അല്ല കുററ്യാടിചുരമോ ഏതാണ് കുങ്കൻനായരുടെ മാർഗ്ഗം." എന്നു നാരങ്ങോളിനമ്പ്യാര് ഇതിലിടയ്ക്ക് എന്നോട സ്വകാര്യമായി ചോദിച്ചു. ഈ ചോദ്യത്തിന്റെ ഉത്തരം എന്താണെന്ന് എനിയ്ക്കുതന്നെ നിശ്ചയമില്ലാത്തതുകൊണ്ട് "ആലോചിയ്ക്കാം" എന്നു ഞാൻ മറുവടി പറഞ്ഞു. അപ്പോഴെയ്ക്കും തമ്പുരാൻ ഓലയും എഴുത്താണിയും ചാരുപടിമേൽ വെച്ച്,

"കുങ്കൻ വയനാട്ടിലേയ്ക്കും, നാരായണൻ കുറുമ്പ്രനാട്ടേയ്ക്കും പോകാമെന്നല്ലേ നിശ്ചയിച്ചത്? കുറുമ്പ്രനാട്ട പോകുന്നാൾ അവിഞ്ഞാട്ട് എളമയെ കണ്ടാൽ മതി. എഴുത്തൊന്നും വേണ്ട. കുങ്കൻ പതിററടി കഴിഞ്ഞത് എന്നെ വന്നു കണ്ടതിന്നുശേഷം പുറപ്പെട്ടാൽ മതി നിങ്ങൾ ഇപ്പോൾ പോയി അവരവരുടെ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ കൂട്ടുകതന്നെ."

എന്നു കല്പിച്ചു. ഞങ്ങൾ പള്ളിയറയിൽനിന്നു പിൻവാങ്ങി.

നാരങ്ങോളി നമ്പ്യാര്:— ഏതു ചുരംവഴിയാണ് കുങ്കൻനായര വയനാട്ടിലേയ്ക്കു കടക്കുന്നതെന്നു ഞാൻ ചോദിച്ചതിന്നു അത്ഥമില്ലെന്നില്ല താമരശ്ശേരിയ്ക്കാണെങ്കിൽ ഒപ്പം കുറെ ദൂരത്തോള്ളു ഞാനും കൂടെ വരാമെന്നു വെച്ചാണ്.

ഞാൻ:— നമ്പ്യാക്കു കാര്യം സാധിച്ചില്ലല്ലോ എന്ന ഇഷ്ടഭംഗത്തിന്നല്ലാതെ, ജീവൻ കളയേണ്ടിവരുമെന്ന ഭയത്തിന്ന് അവകാശമില്ലല്ലോ. എന്റെ സ്ഥിതിയെന്താണ്. എനിയ്ക്കു പല കാര്യവും ആലോചിച്ചു തീച്ച്പ്പെടുത്തുവാനുണ്ട്. എന്റെ കൂടെ വേറെ ഒരാൾകൂടി ഉണ്ടാകുന്നതി ഒരു പ്രതിബന്ധമാണ്. നാം ഒരുമിച്ചു വഴിയാത്ര ചെയ്യുന്ന കാര്യം അത്ര യുക്തവുമല്ല

എന്നും പറഞ്ഞു ഞാൻ എന്റെ സ്ഥാനത്തേയ്ക്കു പോയി. എന്തൊരു വേഷത്തിലാണ് വയനാട്ടേയ്ക്കു പുറപ്പെടേണ്ടത്, എന്തൊക്കെ ആയുധങ്ങളാണ് കയ്യിൽ എടുക്കേണ്ടത്, ആയുധപാണിയായി കാണുന്നവരെ തടങ്ങൽ ചെയ്തു നിത്തുന്നതിന്നു ന്യായം അധികം ഉണ്ടാവില്ലേ, അന്യന്മാർ കണ്ടാൽ എന്നെ മനസ്സിലാവാതെ കഴിച്ചുകൂട്ടുവാൻ എന്താണ് വിദ്യ, ഈവക ആലോചനയോടുകൂടിയാണ് നേരം പതിററടിയാകുന്നതുവരെ ഞാൻ കഴിച്ചുകൂട്ടിയത്.

എതെങ്കിലും കല്പനപോലെ സമയത്തിന്ന് ഞാൻ തിരുമുമ്പാകെ ചെന്നു. കുപ്പത്തോടു നായക്കുള്ള തിരുവെഴുത്ത് എഴുതിവെച്ചിട്ടുണ്ടായിരുന്നു.

തിരുമേനി:— ഈ എഴുത്തു കുപ്പത്തോടു രയരപ്പന്റെ കയ്യിൽ ഏതുവിധമെങ്കിലും എത്താതെ തരമില്ലെന്നു കുങ്കനോടു പറയേണ്ടതില്ലല്ലോ. തരമുണ്ടെങ്കിൽ മടക്കത്തിൽ അവിഞ്ഞാട്ട് എളമയെക്കണ്ട് ഈ എഴുത്ത് അവിടെയും കൊടുക്കണം. നാരായണൻ കുറുമ്പ്രനാട്ടേയ്ക്കു പോകുന്നു

ണ്ടെങ്കിലും അവന്നു വല്ല സഹായവും വേണ്ടിവരാതെ ഇരിക്കില്ല.

ഞാൻ:— അഭിപ്രായമൊന്നും വിടകൊള്ളരുതെന്നു കല്പിച്ചിട്ടുണ്ടെങ്കിലും അടിയന്ന് ഒന്നു തിരുമനസ്സുണർത്താനുണ്ട്. കട്ടിലമ്മയെ ഇപ്പോൾ കൂടെക്കൂട്ടുന്നതായാൽ പലേ പ്രതിബന്ധങ്ങളും ഉണ്ടായിത്തീരുമെന്നാണ് അടിയന്റെ വിശ്വാസം. "സ്ത്രീണാഞ്ചചിത്തം" എന്നുണ്ടല്ലോ.

ഇത്രത്തോളംതന്നെ അപ്പോൾ തിരുമനസ്സറിയിപ്പാൻ ഞാൻ ധൈര്യപ്പെട്ടത് എങ്ങിനെയാണെന്നു പിന്നീട പലപ്പോഴും ഞാൻ ആലോചിക്കാറുണ്ട്. അല്പനേരത്തേക്ക് എന്റെ മുഖത്തു നോക്കി തിരുമേനിയൊന്നും മിണ്ടാതെ നിന്നു. പിന്നെ:—

"സ്ത്രീണാഞ്ചചിത്തവും പുരുഷസ്യഭാഗ്യവും" രണ്ടും പരീക്ഷിക്കേണ്ട ഒരു അവസരമല്ലേ ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ആട്ടെ കുങ്കനെ എല്പിച്ച കാര്യത്തെപ്പററി മാത്രം ആലോചിച്ചാൽ മതി. എമന്റെ വിവരമൊന്നും കുറച്ചു ദിവസമായി വയനാട്ടിൽനിന്ന് ഇല്ല."

ഞാൻ:— "തിരുമനസ്സിലെ അനുഗ്രഹമുണ്ടെങ്കിൽ ഒരാഴ്ചക്കകം എല്ലാ വിവരവും ശേഖരിച്ചു അടിയൻ മടങ്ങിയെത്തിക്കൊള്ളാം."

എന്നും പറഞ്ഞു തിരുവെഴുത്തുകളും വാങ്ങി പുറത്തേക്കു പോന്നു. കുറ്റ്യാടി ചൊരംവഴിക്കു ചെന്ന് അവിടെ കമ്പനി പട്ടാളക്കാരുടെ സ്ഥിതി അറിഞ്ഞതിന്നു ശേഷം മററു കാര്യങ്ങാൾ ആലോചിക്കാമെന്ന നിലയിൽ സന്ധ്യക്കു മുമ്പായിത്തന്നെ ഞാൻ പുറപ്പെട്ടു.

കാട്ടുപ്രദേശങ്ങളിൽ എത്തുന്നതുവരെ പകൽ അധികം സഞ്ചരിക്കാതെ വഴിയാത്ര രാത്രിയിൽ കഴിച്ചതുകൊണ്ടു പയസ്സിയിൽനിന്നു പുറപ്പെട്ട പിറേറ ദിവസം രാത്രി ഏകദേശം പത്തുനാഴിക രാച്ചെല്ലുമ്പോൾ കുറ്റ്യാടിക്കും വടകരക്കും മദ്ധ്യേ

ഒരു ദിക്കിൽ ഞാൻ എത്തിച്ചേർന്നു. വല്ല തണ്ണീർപന്തലും കണ്ടാൽ അല്പം വിശ്രമിയ്ക്കാമെന്ന നിലയിൽ ഊടുവഴിയിൽ കൂടി ജാഗ്രതയായി നടക്കുന്ന എൻെറ, കാലിന്മേൽ വഴിയിൽ രണ്ടു മരങ്ങളിലായി കെട്ടിയിരുന്ന ഒരു കയർ തടയുകയും ഞാൻ കമിഴ്ന്നു വീണു നാലഞ്ചുരുളുകയും ചെയ്തു. തല നിലത്തുവെച്ചടിച്ചതിനാൽ അല്പനേരത്തേയ്ക്ക് എനിയ്ക്കു ബോധംതന്നെയുണ്ടായിരുന്നില്ല. എനിയ്ക്കു ബോധം വന്നപ്പോഴയ്ക്കും നാലഞ്ചു പേർ എന്നെ വളഞ്ഞ് എൻെറ കാലും കയ്യും കെട്ടിക്കഴിഞ്ഞിരിയ്ക്കുന്നു. ഇതിലിടയ്ക്കു ഞാൻ കിടന്ന ദിക്കിൽ നിന്നു എൻെറ കൈപിടിച്ചു കെട്ടുവാൻ ശ്രമിച്ചവൻെറ ചെകിട്ടത്ത് ഒരു പ്രഹരംകൊടുത്തുവെങ്കിലും വീഴ്ചയുടെ ക്ഷീണം കൊണ്ടു ഈ നാലഞ്ചു പേരോട് എതിർപ്പാൻ ഞാൻ അപ്പോൾ അശക്തനായിരുന്നു.

"ഈ പന്നീനെ കിട്ടാൻ എത്ര നിലാവായപ്പാം തടിഹലാക്കാക്കുന്ന്. ഓന പിടിയ്ക്കുടോ! മൂപ്പൻെറ ആടെകൊണ്ടുപോ" എന്ന് ഒരു വിദ്വാൻ കൂട്ടത്തിൽനിന്നു പറഞ്ഞു. ഈ പറഞ്ഞവൻ ഒരു മാപ്പിളയാണെന്നു ഞാൻ എളുപ്പത്തിൽ മനസ്സിലാക്കി. ഒന്നും മിണ്ടാതെ കൂടുകയാണ് നല്ലതെന്ന നിലയിൽ ഞാൻ അനങ്ങാതെ കൂടി. എൻെറ കൈ നല്ലവണ്ണം കെട്ടിയതിന്നു ശേഷം കാലിൻെറ കെട്ട് അഴിച്ചു രണ്ടു പേർ എൻെറ ഇരുവശവും നിന്നു "നട" എന്ന് ആജ്ഞാപിച്ചു. കാട്ടിൽകൂടിയും കുന്നിൽകൂടിയും ഏകദേശം രണ്ടു നാഴിക നടന്നപ്പോൾ ഒരു വലിയ കുന്നിൻചെരുവിൽ ഒരു ഗുഹയ്ക്കരികെ ഞങ്ങൾ എത്തി. അവിടെ പത്തുപതിനഞ്ചു പേർ വെപ്പും ഊണും മററുമായി കൂടിയിരിയ്ക്കയാണ്.

"പടച്ചോൻെറ കൊണൊണ്ടായി ഈ പന്നീനെ പിടികിട്ടിയത് ഞമ്മേൻെറ ബല്യ പാക്യംതന്നെ. ഒണ്ക്കാ! ഈ പന്നിൻെറ മോനെ നല്ലോണം മാട്ടിവിട്."

എന്ന് ഇവരുടെ പ്രധാനിയുടെ കല്പനയും ആയി. ഇ

വർ ഉണ്ണിമൂത്ത് മൂപ്പന്റെ നായകത്വത്തിൻകീഴിൽ മുമ്പ് ഏൎപ്പെടുത്തിയ കൊള്ളക്കാരാണെന്നാണ് ആദ്യം ഞാൻ ശങ്കിച്ചത്. പക്ഷേ അവിടെയും ഇവിടെയും ചാക്കിൽ കെട്ടിക്കൂട്ടിയിരുന്ന കുരുമുളകും കാപ്പിക്കുരുവും കണ്ടപ്പോൾ കമ്പനി ഉദ്യോഗസ്ഥന്മാരെ കബളിപ്പിച്ച് ആ പ്രദേശങ്ങളിലെ വിളവുകൾ കസ്സലാക്കാൻ വന്നവരാണെന്നു ക്ഷണത്തിൽ എനിക്കു മനസ്സിലായി. കമ്പനിക്കാരെ കബളിപ്പിച്ചു കടൽവക്കത്തുനിന്നു കള്ള്, റാക്ക്, ശക്കര, വെളിച്ചെണ്ണ, ഉപ്പു മുതലായവ ഗൂഢമായി നാട്ടുപുറത്ത് എത്തിച്ചുകൊടുത്തു പ്രതിഫലമായി കുരുമുളക്, കപ്പി, മുതലായതു വാങ്ങി ഫ്രഞ്ചുകാൎക്കും മറ്റും കൊണ്ടുകൊടുത്തു വരുന്ന ഒരു തരം തീയ്യരും മാപ്പിളമാരും ധാരാളം വൎദ്ധിച്ചിട്ടുണ്ടെന്നും ഇവരെ അമൎച്ച ചെയ്യാൻ കുറെ കോൽക്കാരന്മാരേയും അവരുടെ മേലധികാരിയായി കണാരമേനോൻ എന്ന ഒരു കോഴിക്കോട്ടുകാരൻ ഉദ്യോഗസ്ഥനേയും നിശ്ചയിച്ചിട്ടുണ്ടെന്നും ഞാൻ മുമ്പുതന്നെ കേട്ടിരുന്നു. ഈ കൊള്ളക്കാർ എന്നെ ആവക ഉദ്യോഗസ്ഥന്മാരിൽ ഒരുവനാണെന്നു ശങ്കിച്ചിട്ടുണ്ടെന്നും എനിക്കു മനസ്സിലായി.

"നീ എടുന്ന് വരുന്ന്. നിന്റെ പേരെന്ത്" എന്നു ഒണക്കൻ എന്ന സംബോധന കിട്ടിയ വിദ്വാൻ എന്നോടു ചോദിച്ചു.

"എന്റെ പേര് കുങ്കൻനായര് എന്നാണ്. ഞാൻ കോട്ടയത്തുനിന്നാണ് വരുന്നത്."

ഒരുവൻ — "പച്ചക്കളവ്. നിന്റെ പേര് കണാരമേനോൻ എന്നാണ്. നീ ഇന്നു കുറ്റ്യാടി ചുരത്തിലേക്കു രാത്രി കടന്നുപോകുമെന്നു ഞങ്ങൾക്കു ശരിയായ ബിബരം കിട്ടിട്ടുണ്ട് — നേരു പറ"

ഞാൻ ഇതിന് ഉത്തരം പറയുന്നതിന്നു മുമ്പായി അപ്പുറെനിന്നു ഒരു ലഹള കേട്ട് എല്ലാവരും അങ്ങോട്ടു തിരി

ഞ്ഞു നോക്കി. നാലഞ്ചു പേർ എന്നെപ്പോലെ വേറെ ഒരു പിടപാനെ കെട്ടിയെടുത്തുകൊണ്ടു വരുന്ന ലഹളയാണ് ആ കേട്ടത് ഒരു നിമിഷം കഴിയുമ്പോഴെയ്ക്കും അവർ അടുത്തെത്തിക്കഴിഞ്ഞിരിയ്ക്കുന്നു.

"കണാരമേനോൻ ഇതാ. ഈ കള്ളന്റെ കൂടെയുണ്ടായിരുന്നവർ ഓടിക്കളഞ്ഞു" എന്നു വന്നവരിൽ ഒരുവൻ പറഞ്ഞപ്പോൾ എല്ലാവരുംകൂടി എന്റെ മുഖത്തു നോക്കി.

കണാരമേനോൻ— ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെ വിളംബരത്തിലെ നാലാം വകുപ്പിൽ പ്രസ്താവിച്ചപ്രകാരം നിങ്ങളെയൊക്കെ കള്ളന്മാരെന്ന നിലയിൽ പിടിപ്പാനുള്ള വാറണ്ട് എന്റെ കയ്യശമുണ്ട്. എല്ലാവരും ആയുധം താഴെവെച്ചു വഴിപ്പെട്ടുകൊള്ളുവിൻ!

"ആയുധം നിന്റെ നെഞ്ഞത്താടാ വെയ്ക്കുന്നത്" എന്നും പറഞ്ഞു ഗദകൊണ്ട് ഒരുവൻ കണാരമേനവന്റെ നെഞ്ഞത്തു ഒരു കുത്തു കൊടുത്തപ്പോൾ ആ സാധു മലന്നു നിലത്തു വീണു. യഥാൎത്ഥത്തിൽ ഈ കള്ളന്മാർ കമ്പനിക്കാൎക്കു വിരോധികളായതുകൊണ്ട് എനിയ്ക്കു യാതൊരു ഉപദ്രവവും ഉണ്ടാകയില്ലെന്ന് ഒരു സമാധാനം എനിയ്ക്കുണ്ടായി. എന്നോടായി ഇങ്ങിലിടയ്ക്ക്.

മൂപ്പൻ— 'നീ എട്ടത്തെ കുങ്കൻനായരാ. രാജ്യം എടെയാ?

ഞാൻ— വയനാട്ടിൽ എടച്ചേറാത്തറവാട്ടിലെയാണ്. പയശ്ശിത്തമ്പുരാന്റെ ആശ്രിതനാണ്. കുപ്പത്തോട്ട നായരുടെ അടക്കെ ഒരു തിരുവെഴുത്തുംകൊണ്ടു പോകയാണ്.

'എന്ത്! ആ ആൺകുട്ടി നീയോ. വിശ്വാസമായില്ല' എന്നു പറഞ്ഞു മൂപ്പനും കുറെ പേരും ആശ്ചൎയ്യത്തോടെ വിളക്കും കൊണ്ടുവന്നു എന്റെ മുഖത്തു നോക്കി. കണാരമേനവൻ കിടന്ന ദിക്കിൽനിന്നു ഒരു നോക്ക് എന്നെ കണ്ടപ്പോൾ പെട്ടന്ന് എഴനീററ് ഇരുന്നു 'കുങ്കൻനായരെ പിടിച്ച് ഏല്പിക്കുന്നവന്നു 10000 ക. സമ്മാനം കിട്ടും. ഇവൻ ഒരു രാജ

ദ്രോഹിയാണ്. ഇവനെ സഹായിച്ചാൽ നിങ്ങളെയൊക്കെ കമ്പനിക്കാർ വെടിവെച്ചു കൊല്ലും. ഇവനെ കമ്പനിക്കാൎക്ക് ഇപ്പോൾ ഏല്പിച്ചുകൊടുത്താൽ നിങ്ങളുടെ മിക്ക കുററങ്ങളും അവർ ക്ഷമിച്ചു നിങ്ങൾക്കു നല്ല സമ്മാനം തരും.'

മൂപ്പൻ— മതി പന്നി. ചെലക്കാതെ ആട കെടന്നോ. ഇവൻ നല്ല ഒരു ആൺകുട്ടിയാണ്. നാട്ടുകാരെ ദ്രോഹിച്ചു കമ്പനിക്കാൎക്കു കൊണം ഉണ്ടാക്കിക്കൊടുക്കുന്ന നിനക്കുള്ള ചിച്ചു ഞാൻ കണ്ടുവെച്ചിട്ടുണ്ട്. കുങ്കൻനായര് ഏമാനനെ കെട്ടഴിച്ചു വിട്. പയച്ചിത്തമ്പുരാൻ ഞമ്മെൻെറ തമ്പുരാനാണ്. ഈ കമ്പനിക്കാരെ ഈട്ന്നു തച്ചോടിച്ചാൽ തമ്പുരാൻ നമുക്കു ബേണ്ട കൊണം ഒക്കെ ചെയ്യും.

എന്നു പറഞ്ഞപ്പോഴെയ്ക്കു ഞാൻ സാമാന്യം സ്വാതന്ത്ര്യത്തിലായി കഴിഞ്ഞിരിയ്ക്കുന്നു. പിന്നെ അവർ അവരുടെ കൂട്ടത്തിൽ ഒരുവനെപ്പോലെ എന്നെ സ്നേഹിച്ചുവെന്നു പറയേണ്ടതില്ലല്ലോ. കൊള്ളക്കാർ കണാരമേനോനെ അടുത്തുള്ള ഒരു വൃക്ഷത്തോടു കെട്ടിയിട്ടു. പ്രഹരാദി കഷായം കുറെ കുടിപ്പിച്ച്, ആ നിലയിൽത്തന്നെ നിൎത്തി അവർ ഭക്ഷണത്തിന്നുള്ള ഒരുക്കമായി. കുറ്റ്യാടിച്ചുരത്തിന്നരികേയും വയനാട്ടിലുമായി നാലായിരത്തിലധികം പട്ടാളക്കാരും പുതുതായി എത്തിട്ടുത്തിയ വളരെ കോല്ക്കാരന്മാരും ഉണ്ടെന്നും അതിലെ കൂടി വയനാട്ടിൽ കടക്കുന്ന കാൎയ്യം വളരെ അപകടമാണെന്നും വയനാട്ടിൽ നികുതി പിരിവു കമ്പനിക്കാർ മുറയ്ക്കു തുടങ്ങിയിരിയ്ക്കുന്നുവെന്നും ചുങ്കം കുത്തക മുതലായ കമ്പനിക്കാരുടെ പുതിയ നിശ്ചയങ്ങൾ സാധുക്കൾക്കു വളരെ ബുദ്ധിമുട്ടുണ്ടാക്കി തീൎത്തിരിയ്ക്കുന്നുവെന്നും കിഴക്കൻ വയനാട്ടുകാർ മുഴുവനും കമ്പനിക്കാൎക്കു കാൽപൈസപോലും കരം കൊടുക്കാതെ വിരോധമായ പ്രവൃത്തികൾ ചെയ്ത് എതിൎത്തു നില്ക്കയാണെന്നും, കുപ്പത്തോടു നായരുടെ സഹായത്താൽ മാത്രം പടിഞ്ഞാറൻ വയനാട്ടിൽ കമ്പനിക്കാൎക്ക് ഇരിയ്ക്കപ്പൊ

റുതി കിട്ടിയതാണെന്നും ഈ കള്ളന്മാരുടെ കൂട്ടത്തിൽ ചിലർ താമരശ്ശേരിച്ചുരക്കെ ഒരു ഗൂഢമായ വഴിയിൽക്കൂടി രണ്ടു ദിവസത്തിനകം വയനാട്ടിലേക്കു പോകുന്നുണ്ടെന്നും വേണമെങ്കിൽ ബുദ്ധിമുട്ട് അധികം കൂടാതെ എന്നെ വയനാട്ടിൽ ഉപായവഴികളിൽക്കൂടി കടത്തിവിടാമെന്നും തമ്പുരാന്റെ ആശ്രിതക്കാരനെ തടങ്ങൽ ചെയ്യുന്നതിൽ തങ്ങൾ വ്യസനിക്കുന്നുവെന്നും മററും മൂപ്പൻ വളരെ ഭയത്തോടെ എന്നോടു പറഞ്ഞു. അവസരം കിട്ടിയാൽ എന്നോടു കാണിച്ച ഈ ഔദാര്യത്തിന്നു പ്രതിഫലം എന്റെ തമ്പുരാൻ ചെയ്യാതിരിക്കയില്ലെന്നും എന്നെ തടങ്ങൽ ചെയ്തതു നന്നാവുകയാണ് ചെയ്തതെന്നും അല്ലെങ്കിൽ കണാരമേനോനും ആൾക്കാരും വഴിയിൽവെച്ചു പക്ഷെ എന്നെ കണ്ടുപിടിച്ചു ബുദ്ധിമുട്ടിൽ ആക്കുമായിരുന്നുവെന്നും ഞാനും മറുപടി പറഞ്ഞു.

ഞാൻ — 'ഈ കണാരമേനോനെ നിങ്ങൾ കൊല്ലരുത്. ഈ വടപാൻ കമ്പനിക്കാരുടെ ഒരു ഒററുകാരനാണെന്നു ഞാനറിയും. ഇയാൾ എന്നെ കണ്ടപ്പോൾ ആളെ മനസ്സിലാക്കി. ഇയാളുടെ കയ്യിലുള്ള എഴുത്തുകൾ മുതലായതു പരിശോധിച്ചെടുത്തു നോക്കിയാൽ തരക്കേടില്ല. ഒരു മാസക്കാലത്തേക്കു പുറത്തു വിടാതെ ഇയാളെ ഇവിടെ തടങ്ങൽ ചെയ്തു നിർത്തിയാൽ തമ്പുരാന് ആയതു ഒരു സഹായവുമായിത്തീരും.'

ഇതു പറഞ്ഞു തീരുംമുമ്പെ രണ്ടുമൂന്നു പേർ കണാരമേനോന്റെ കുപ്പായക്കീശയും അരയിൽ കെട്ടിയ ഭാണ്ഡവും പരിശോധിച്ചു കഴിഞ്ഞിരിക്കുന്നു. കുറെ എഴുത്തുകളും ഒരു നല്ല കയ്ത്തോക്കും, കുറെ വെടിസ്സാമാനങ്ങളും. ഒരു കട്ടാരവും കണാരമേനോന്റെ കയ്യിൽനിന്നു കിട്ടി. ഇതൊക്കെ ഞാനും മൂപ്പനും ഇരിക്കുന്നിടത്തിൽ കൊണ്ടുവെച്ചു. എഴുത്തുകളുടെ കൂട്ടത്തിൽ 'വളരെ അടിയന്തരം' എന്നുവെച്ചു ഒരു എഴുത്തു കണ്ടു. ഈ എഴുത്തു വളരെ ഭദ്രമായി ഒരു ചരടുകൊണ്ടു കെ

ട്ടി സൂക്ഷിച്ചിട്ടും ഉണ്ടായിരുന്നു. ചരട കെട്ടഴിച്ച് ആയത്തു വായ പലാമെന്നുറച്ച നോക്കിയെങ്കിലും സാരം ഒന്നും എനിയ്ക്കു മനസ്സിലായില്ല. എഴുത്തിലെ വാചകം ഇതായിരുന്നു.

"ഈന്തമിഞ്ഞൂഷ് ഉന്ന്യാചിശിസൃക്ഷ ഉഴെനലെറ്റ്യപ്പെ ഒച്ചഠേപ്പൂക്ക് ഒഞ്ചൂതോഹാൻകാശോടിഭമ്മ. കമിശമെ കെ ജ്ജൽതിപിളച്ചം. ഷശഷത്തൻ കമിശമേത്തും കാഠിക്കാഷേ ത്തും ഹംമാച്ചിസക്ക് അചപ്പിഹിചഷ്ഷ്. അച്ചിസന്നത്തു ചെ ഞ്ഞേശ്ശൂംയച്ചും ടെശ്പിച്ചുഞ്ച്. കവകെസ്സാം ഞ്ഞൂംല വാശറാഠിപ്പീഷം. ടെസഹിസെക്ക് ഉന്ന്യാചിശിസൃക്ഷ. അർ ഞ്ഞൽ 1000 അ. അഹിചെപ്പഷ്ഠംകി കെറുപ്പ് ഞ്ഞ്യഹഷ്ട്ര ജ്ജ അഷ്ഷത്താഞഷൻ ഹിസ്സല്പമാഞ്ച്....." (ശങ്കരവമ്മ)

ഇതിൻെറ തലയും വാലും മനസ്സിലാവാതെ ഞങ്ങളൊക്കെ ബുദ്ധിമുട്ടി. ഒരു അക്ഷരത്തിന്നുപകരം മറെറാരക്ഷരത്തെ പ്രയോഗിച്ചും മററുപ്രകാരേണയും എഴുത്ത് എഴുതുന്നാൾക്കും വായിയ്ക്കുന്നാൾക്കും മാത്രം കായ്യം മനസ്സിലാവുന്ന മട്ടിൽ സ്വകായ്യമായ കത്തെടവാടുകൾ കേരളത്തിലെ രാജാക്കന്മാർ തമ്മിൽ നടത്താറുണ്ടെന്ന് എനിയ്ക്കു വിവരമുണ്ടായിരുന്നു. ഇതിൽ മൂലമന്ത്രിക, നാമമന്ത്രിക, അഷ്ടമന്ത്രിക എന്നൊക്കെ ഓരോ സമ്പ്രദായഭേദമുള്ളതായും ഞാൻ ധരിച്ചിട്ടുണ്ട്. ഈ എഴുത്തിലെ വാചകം കണ്ണാരമേനവനുതന്നെ നിശ്ചയമുണ്ടോ എന്നു സംശയമായിരുന്നുവെങ്കിലും മൂപ്പൻ കൊല്ലുമെന്നു ഭയപ്പെടുത്തിയാൽ ഒരു സമയം കായ്യം സാധിച്ചുവെങ്കിലോ എന്നുള്ള എൻെറ സംശയം മൂപ്പനെ അറിയിച്ചു. വിചാരിച്ചപോലെതന്നെ ഭേദ്യം ചെയ്തപ്പോൾ താഴെപ്പറയുന്ന ഒരു ശ്ലോകം കണ്ണാരമേനോൻ വളരെ ഗോപ്യമായി കുപ്പായത്തിൽ ഒരിടത്തു തുന്നിക്കെട്ടിയത് എടുത്തു തന്നു.

'അകോഖഗോഘങ്ങൈശ്ചവ ചടോഞണതപോ നമ യശോരഷോലസശ്ചൈവ വഹക്ഷളജഡധാദബ. ൧ ൯ ൧൧ ന മിതിശ്ലോകം ഇത്യേതേമൂലമന്ത്രികാ.'

എന്നായിരുന്നു ആ ശ്ലോകം. ഈ ശ്ലോകം കിട്ടിയപ്പോൾ മേല്പറഞ്ഞ എഴുത്തു വായിപ്പാൻ എനിക്കു വളരെ എളുപ്പമായി.

കമ്പനിക്കാർ കുറ്റ്യാടിയിലുള്ള കുറേ സൈന്യത്തെ കോട്ടയത്തേക്കു കൊണ്ടുപോവാൻ ആലോചിക്കുന്നു. അനിയനെ എന്നാൽ പിടികൂടും. രയരപ്പൻ അനിയനേയും ആൾക്കാരേയും വയനാട്ടിലേക്കു കടത്തിവിടരുത്. കട്ടിലമ്മയുടെ കാൎയ്യം ശട്ടം ചെയ്തിട്ടുണ്ട്. അത് എല്ലാംകൊണ്ടും സഹായമായിത്തീരും. ചെലവിലേക്കു കുറ്റ്യാടിയിലുള്ള കണ്ണൽ 1000 ക. അവിടെ തരും. ഈ എഴുത്തുകൊണ്ടുവരുന്ന കരുണാകരൻ വിശ്വസ്തനാണ്" (ശങ്കരവൎമ്മ)

കുറുമ്പ്രനാട് തമ്പുരാൻ കമ്പനിക്കാരുടെ ആവശ്യപ്രകാരം എഴുതിയ എഴുത്താണ് ഇതെന്നു പറയേണ്ടതില്ലല്ലോ. ഇതുകൊണ്ടു കപ്പത്തോട്ടനായർ സഹായിക്കുന്നതായാൽ തമ്പുരാനും ആൾക്കാൎക്കും കുറ്റ്യാടിമാൎഗ്ഗം വയനാട്ടിൽ കടപ്പാൻ ഒരു പ്രയാസവുമുണ്ടാകയില്ലെന്ന് എനിക്കു നല്ല ബോദ്ധ്യമായി. കട്ടിലമ്മയുമായുള്ള ശട്ടം മാത്രമാണ് മനസ്സിലാവാഞ്ഞത്. തന്നെയും കൂടെ കൊണ്ടുനടക്കേണമെന്നു കട്ടിലമ്മയുടെ കത്തുകൾ ഇടക്കിടെ തമ്പുരാനു കിട്ടിയിരുന്നു. ആ മാൎഗ്ഗമായി എന്തൊക്കെ അപകടമാണ് വരുന്നതെന്ന ഭയത്തോടെ എനിക്കു യാതൊരു സമാധാനവുമില്ലാതെയായി.

കയ്ത്തോക്കും വെടിമരുന്നു സാമാനങ്ങളും മൂപ്പൻ എനിക്കു സമ്മാനിച്ചു. ആയത്. ഉപയോഗമായിത്തീരുമെന്ന നിലയിൽ ഞാൻ സ്വീകരിച്ചു. പുലരുന്നതിന്നു മുമ്പായി മൂപ്പന്റെ ആൾക്കാരും ഞാനും താമരശ്ശേരിവഴി വയനാട്ടിൽ കടപ്പാൻ പുറപ്പെടുകയും ചെയ്തു.

# II. കണ്ണിപ്പറമ്പിലെ

# കൊലപാതകൻ

ചീക്കോടൻ കൃഷ്ണൻനായരെ അറിയാത്തവർ കിഴക്കമ്പ്രത്തും കോഴിക്കോട്ടും ആരുംതന്നെ ഉണ്ടായിരുന്നില്ല. കണ്ണിപ്പറമ്പ് കളപ്പാട്ടും സ്വത്തുക്കളും ജന്മം വാങ്ങിയ മുതല്ക്കു കൃഷ്ണൻനായരുടെ പേർ എല്ലാവരും കേട്ടു തുടങ്ങിയിരിക്കുന്നു. കുട്ടിച്ചാത്തൻ്റേയും ഭൂതത്താന്മാരുടേയും അധിവാസഭൂമിയാണെന്ന് നാട്ടെങ്ങും ശ്രുതിപ്പെട്ടതും, കുട്ടികളെ ഭയപ്പെടുത്താൻ തള്ളമാർ 'അനന്തൻകാടാ'യി ഉപയോഗിക്കുന്നതുമായ കണ്ണിപ്പറമ്പു കുന്നും, കുന്നിന്മേലുള്ള കളപ്പുരയും, അതിന്ന് ചുററുമുള്ള ചുള്ളിക്കാട്ടും എന്ന് പറഞ്ഞു കേൾക്കുമ്പോൾതന്നെ ഒന്ന് ഞെട്ടാത്തവർ കണ്ണിപ്പറമ്പ് പ്രദേശത്തുണ്ടായിരുന്നില്ല. ചാത്തപ്പുണ്ണി പണിക്കര് കണ്ണിപ്പറമ്പ് കളപ്പുരയിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തെയും, ഒന്നൊന്നായി അദ്ദേഹത്തിൻ്റെ മക്കളേയും കൊന്നതു കുട്ടിച്ചാത്തന്മാരോ അല്ല ഭൂതത്താന്മാരോ എന്ന് മാത്രമെ സംശയമുണ്ടായിരുന്നുള്ളൂ. പിന്നെ പൊല്ലീസ്സുകാർ തിരഞ്ഞാൽ കൊലപാതകനെ എങ്ങിനെ കാണും? ഈ കൊലക്കേസ്സും വേറെ ഒന്നുരണ്ടു ദുർമ്മരണങ്ങളും കൂടെ കണ്ണിപ്പറമ്പ് കളപ്പുരയിൽവെച്ചു കഴിഞ്ഞപ്പോൾ ഈ സ്ഥലത്തിൻ്റെ പേര് നാട്ടെങ്ങും മുഴങ്ങിത്തുടങ്ങി. കണ്ണിപ്പറമ്പ് കളപ്പുരയും സ്വത്തും കയ്യിൽനിന്ന് പോയാൽ മതിയായിരുന്നു എന്നായി ഉടമസ്ഥന്മാരുടെ നില. ആൾ താമസിക്കാതെ പൂട്ടിയിട്ട കളപ്പുരയിൽ രാത്രികാലങ്ങളിൽ ആൾപെരുമാററമുണ്ടെന്ന് സംശയിക്കത്തക്ക സ്ഥിതിയിൽ ചില ശബ്ദങ്ങളും അസമയത്ത് ചിലപ്പോൾ വെളിച്ചവും ഉണ്ടാകാറുണ്ടെന്ന് അത്യാവശ്യം ചിലർ മുക്കിലും മൂലയിലും നിന്നു പറഞ്ഞു തുടങ്ങി. സമ

ധുക്കളായ കണ്ണിപ്പറമ്പുകാരുടെ ശനിദശ മൂദ്ധന്ന്യത്തിലെത്തി. സന്ധ്യ കഴിഞ്ഞാൽ പിന്നെ ഒരു കുട്ടിയെപ്പോലും ആ പ്രദേശത്തൊന്നും വെളിയിൽ കാണാതായിത്തുടങ്ങി.

ഈ കളപ്പുരയുടെ ചരിത്രം ആദ്യവസാനം അറിവുള്ളവർ ആരെങ്കിലും ജീവനോടെ അന്ന് ആ പ്രദേശത്ത് ഉണ്ടായിരുന്നുവെങ്കിൽ അത് താച്ചനായര് മാത്രമായിരുന്നു. കണ്ണിപ്പറമ്പു കുന്നും, കളപ്പുരയും, താഴത്തെ പാടവും, പാടത്തിന്റെ രണ്ടു കരക്കുമുള്ള തോട്ടങ്ങളും ഒരു കാലം കണ്ണിയാറമ്പ് വീട്ടുകാരുടെ പുരാതനസ്വത്തായിരുന്നു. കണ്ണിയാറമ്പ് വീട്ടുകാര് ധനികന്മാരായ ഒരു ഇടപ്രഭുക്കന്മാരായിരുന്നു. ഉണ്ണിക്കുട്ടിനായര് തറവാട്ടിൽ കാരണവനായ മുതൽ ക്ഷയം തുടങ്ങി. മൂപ്പരുടെ അന്ത്യമാകുമ്പോഴെക്ക് പിന്നത്തെക്കാരണവർ താച്ചനായക്കിരിപ്പാൻ കളപ്പുരക്ക് താഴെ പുരാതനമായുണ്ടായിരുന്ന ഒരു പത്തായപ്പുരയും രണ്ടു കണ്ടി പറമ്പും മാത്രമേ ശേഷിപ്പുണ്ടായിരുന്നുള്ളു. താച്ചനായക്കിപ്പോൾ എൺപതിലധികം വയസ്സ് മതിക്കും. കറുത്തു നീണ്ട് തടിച്ച ദേഹവും തീത്ഥവാസിയുടെ നിലയിൽ താടിയും തലയും നിട്ടി, ചുകന്ന പൊട്ടുംതൊട്ടു, കയ്യിൽ ഒരു കുണ്ടൻവടിയോടുംകൂടി താച്ചനായരെ ഒന്നു കണ്ടാൽ സാമാന്ന്യക്കാരൊക്കെ പേടിക്കും. താൻ ഒരു തറവാട്ടുകാരനാണെന്നും മുമ്പു വളരെ ഐശ്വയ്യത്തോടുകൂടി കഴിഞ്ഞ ഒരു തറവാട്ടിന്റെ പാദുകക്കല്ല് പൊരിപ്പാൻ ദാരിദ്ര്യം മൂത്തിമത്തായി അവതരിച്ച ഉണ്ണിക്കുട്ടിനായരുടെ അടുത്ത പിൻഗാമിയാണെന്നും താച്ചനായക്ക് തന്നെ ബോധമുണ്ട്. കണ്ണിപ്പറമ്പ് കുന്നിന്മേലുള്ള നാലുകെട്ടുകളപ്പുരയും താഴ് വരയിലുള്ള തോട്ടങ്ങളും അതോടു ചേന്നു രണ്ടായിരം പറക്കുള്ള നിലവും ചുള്ളിക്കാടും ചെറുമക്കളും ഒക്കെ ഒരു കാലം തന്റെ തറവാട്ടിലേക്കുള്ളതായിരുന്നുവെന്നു താച്ചനായര് ചിലപ്പോൾ ഒരു ദീഗ്ഘനിശ്വാസത്തോടുകൂടി അഭിമാനിക്കാറുണ്ട്. ലജ്ജകൊണ്ടോ എന്നു തോന്നുമാറ്

താച്ചുനായർ പുറത്തിറങ്ങി സഞ്ചരിക്കുന്ന സമ്പ്രദായം അധികം ഇല്ല. ഇയാളുടെ കഴിച്ചിലിന്ന് എന്താണ് വക എന്നു പലരും സംശയിക്കാറുണ്ട്. അട്ടപ്പാടിയിൽ പോയി മന്ത്രവാദം കുറച്ചു പഠിച്ചിട്ടുണ്ടെന്നും, സ്വർണ്ണം ഉണ്ടാക്കേണ്ടതിന്നുള്ള ചില ഉപദേശങ്ങൾ മൂപ്പക്കു കിട്ടീട്ടുണ്ടെന്നും ചിലർ പറയാറുണ്ട്. തന്റെ വീട്ടിൽ അന്തരാളത്തിൽ ഒരു മൂലയിൽ ചില ഗ്രന്ഥങ്ങളും ഓലയും എഴുത്താണിയും ചെമ്പുതകിടുമായി അധികം നേരവും താച്ചുനായര് കഴിച്ചുകൂട്ടും. ആകപ്പാടെ കണ്ണിപ്പറമ്പുകാൎക്ക് താച്ചുനായര് എന്തൊരു മാതിരിക്കാരനാണെന്ന് വിവരമില്ലാതെ അയാളെ അല്പം ഭയമില്ലെന്നില്ല. കണ്ണിയാറമ്പ് കളപ്പുരയിൽ അര ഡജൻ ദുർമ്മരണങ്ങളും കഴിഞ്ഞപ്പോഴെക്ക് അത്യാവശ്യം ചിലർ താച്ചുനായർ മാരണം ചെയ്തു കൊന്നതായിരിക്കുമോ എന്ന് പുറത്തു പറഞ്ഞും പറയാതേയും കഴിച്ചുകൂട്ടി. ക്ഷയിച്ച തറവാട്ടിനെ പൂൎവ്വസ്ഥിതിയിൽ ആക്കിയാൽ കൊള്ളാമെന്നുള്ള ആഗ്രഹം കാരണവസ്ഥാനം കിട്ടിയ മുതൽ താച്ചുനായൎക്കുണ്ടെന്നു സ്ഥാപിപ്പാൻ ചില തെളിവുകൾ ഉണ്ടായിട്ടില്ലെന്നും ഇല്ല.

"ഞങ്ങളുടെ കുലദേവതയായ തിരുവളയനാട്ടു ഭഗവതിയെ കാരണവന്മാർ കാലത്ത് കളപ്പുരയിൽ കുടി വെച്ചിട്ടുണ്ട്. ഭഗവതിയെ പരിപാലിക്കാഞ്ഞാൽ വരുന്ന ഭവിഷ്യത്താണിത്" എന്നോ മറ്റോ കളപ്പുരയിൽവെച്ചു ചില ദുർമ്മരണങ്ങൾ കഴിഞ്ഞപ്പോൾ താച്ചുനായർ അഭിപ്രായം പറയാതെയുമിരുന്നിട്ടില്ല. തന്നെപ്പോലെ ഏതാണ്ട് വാൎദ്ധക്യത്തിൽ എത്തിയ ചെകിടനും കണ്ണിന്നു കാഴ്ചക്കുറവുള്ളാളുമായ അനുജൻ കോന്തുനായരും ഇവരെ രണ്ടു പേരേയും പരിപാലിപ്പാൻ ഒരു മാധവിക്കുട്ടിയും മാത്രമെ പത്തായപ്പുരയിൽ താമസമുള്ളു. മാധവിക്കുട്ടിയുടെ രാജ്യം ഏതാണെന്നോ അച്ഛനമ്മമാർ ആരാണെന്നോ കണ്ണിപ്പറമ്പുകാൎക്ക വിവരമില്ല. ഒരു കറി എവിടെയ്ക്കോ മന്ത്രവാദത്തിന്നു പോം

യിവരുമ്പോൾ താച്ചുനായർ കൂടെ കൊണ്ടുവന്നവളാണ് മാധവിക്കുട്ടിയെന്ന് എല്ലാവക്കും അറിയാം. അന്ന് മാധവിക്കുട്ടിക്ക് എട്ടു വയസ്സാണ്. കൊല്ലം ഇപ്പോൾ പന്ത്രണ്ടു കഴിഞ്ഞിരിക്കുന്നു. മാധവിക്കുട്ടിയെ അധികമായി ആരും പുറത്തു കാണാറില്ല. അടുക്കളയും അന്തരാളവുമായിട്ടാണ് അവൾക്ക് അധികം പരിചയം. അവസരം കിട്ടിയാൽതന്നെ പുറത്തിറങ്ങി അയൽവക്കക്കാരുമായി പരിചയം കൂടുന്നത് താച്ചു അമ്മാമന് (മാധവിക്കുട്ടി ഇങ്ങിനെയാണ് വിളിക്കാറ്) ഇഷ്ടവുമല്ല. അത്യാവശ്യം ചില ചെറുപ്പക്കാർ ചുററിപ്പററിക്കൂടി പടിക്കൽനിന്ന് എത്തി നോക്കാറുണ്ടെങ്കിലും താച്ചു അമ്മാമൻെറ മുഖം ഒരിക്കൽ കണ്ടാൽ പിന്നെ ആ പ്രദേശത്തേക്ക് വീണ്ടും ആരും കടന്നു ചെല്ലുകയില്ല.

ഇങ്ങിനെയിരിക്കുന്ന കാലത്താണ് ചീക്കിലോടൻ കൃഷ്ണൻനായരും, മക്കളും, ഭൃത്യന്മാരും, വണ്ടിയും, കുതിരയും, ഭാണ്ഡവും, ഒക്കെക്കൂടി കുന്നിപ്പുറമ്പു കളപ്പുരയിൽ താമസിപ്പാൻ വന്നത്. കൃഷ്ണൻനായര് കിഴക്കൻ ജില്ലയിൽ എന്തോ ഒരു വലിയ ഉദ്യോഗം ഭരിച്ചു, പണം വേണ്ടുവോളം സമ്പാദിച്ച ഒരു മനുഷ്യനാണ്. കുട്ടികളുടെ അമ്മ മരിച്ചതിന്നു ശേഷം സംബന്ധം കഴിച്ചിട്ടില്ല. പ്രായം അമ്പതിൽ കടന്നിട്ടേ ഉള്ളുവെങ്കിലും ശരീരം ഇളകിയാൽ വാതത്തിൻെറ ശല്യം ഉണ്ടാകുമെന്ന് ഭയപ്പെട്ടാണ് നാട്ടുപുറങ്ങളിൽ എവിടെയെങ്കിലും താമസമാക്കിയാൽ കൊള്ളാമെന്ന് വെച്ചത്. വക്കിൽ മിസ്റ്റർ ശേഷയ്യൻ മുഖാന്തരം കുന്നിപ്പുറമ്പ് കളപ്പുരയും വസ്തുക്കളും അധികം അദ്ധ്വാനം കൂടാതെ അട്ടിപ്പേറു കിട്ടി. കളപ്പുരയിൽ താമസം തുടങ്ങിയതിന്നു ശേഷമാണ്, കളപ്പുര ഭൂതസഞ്ചാരമുള്ള എടപ്പാണെന്നു ആരോ പറഞ്ഞറിഞ്ഞത്. 'എത്രയോ നൂറാണ്ടു പഴക്കമുള്ള ഒരു എടപ്പിനെപ്പററി ജനങ്ങൾ ഇപ്രകാരം പറഞ്ഞുണ്ടാക്കുന്നത് സാധാരണയാണ്. നമ്മിപ്പോൾ വെള്ള വീശി ചില റിപ്പേറുകൾ

കഴിച്ചിട്ടുണ്ടല്ലൊ. ഏതെങ്കിലും അമ്മുക്കുട്ടിയെ ഈ വിവരം പറഞ്ഞു ഭയപ്പെടുത്തേണ്ട. അപ്പുക്കുട്ടൻ ഒരു പുരുഷനാണല്ലൊ. പത്തിരുപത്തഞ്ചു വയസ്സും ആയി. അവന്നു ഇതിലൊന്നും കൂസലില്ല." ഇത്രമാത്രമാണ് കൃഷ്ണൻനായർ, ഭൃത്യന്മാരുടെ കഥ കേട്ടപ്പോൾ പറഞ്ഞിട്ടുള്ളത്.

കൃഷ്ണൻനായർ കണ്ണിപ്പറമ്പ് കളപ്പുരയിൽ താമസമാക്കീട്ട ഇപ്പോൾ ഏതാണ്ട് ആറുമാസം കഴിഞ്ഞിരിക്കുന്നു. വളരെ ധനികൻ, ധൎമ്മിഷ്ഠൻ, സൽസ്വഭാവി, യജമാനൻ എന്നൊക്കെയുള്ള അഭിപ്രായം താമസിയാതെ നാട്ടിൽ പരന്നു. അപ്പുക്കുട്ടമേനോൻ നല്ല പ്രകൃതക്കാരനായ ഒരു ആൺകുട്ടി, നല്ല ബുദ്ധി, അതിസാമൎത്ഥ്യം, കണ്ടാലും കോമളൻ, നല്ല കായബലമുള്ള ഒത്ത മനുഷ്യൻ, കോഴിക്കോട്ട് അരിക്കച്ചവടമാണ് ജോലി, കുതിരസ്സവാരി അറിയാം, വണ്ടിയുണ്ടുതാനും. ഒരു ദിവസം രാത്രി എട്ടു മണിക്ക് അപ്പുക്കുട്ടമേനോൻ തന്റെ വണ്ടിയിൽ കോഴിക്കോട്ടുനിന്ന് വരികയാണ്. താച്ചുനായരുടെ പടിക്കൽകൂടി കളപ്പുരയിലേക്കു വെട്ടീട്ടുള്ള റോട്ടിന്മേൽ എത്തിയിരിക്കുന്നു. അപ്പോഴാണ് താച്ചുനായരുടെ പത്തായപ്പുരക്ക് പിന്നിലുള്ള ഒരു കുണ്ടുകൊളത്തിന്റെ പടവിന്മേൽ ഒരു കോലുവിളക്ക് കത്തിച്ചുവെച്ച് യൌവനയുക്തയായ ഒരു സ്ത്രീ കുളിപ്പാൻ ശ്രമിക്കുന്നതായിക്കണ്ടത്. കണ്ടമാത്രയിൽതന്നെ അവയവങ്ങൾക്കു പൂൎണ്ണത്വം സിദ്ധിച്ച് സാമാന്യത്തിലധികം സൌന്ദൎയ്യമുള്ളവളാണെന്നു അപ്പുക്കുട്ടമേനവന്നു മനസ്സിലായി. കണ്ണിപ്പറമ്പിൽ വന്നിട്ട് അഞ്ചാറു മാസമായെങ്കിലും അധികസമയവും കോഴിക്കോട്ടു കച്ചവടമായി കഴിച്ച മേനവന്ന് താച്ചുനായരുടെ വീട്ടിൽ ഇങ്ങിനെ ഒരു സ്ത്രീയുണ്ടെന്ന് മനസ്സിലായത് ഇപ്പോൾ മാത്രമായിരുന്നു. രാത്രി ഊണു കഴിഞ്ഞു കിടക്കുന്നതിന്നു മുമ്പായിത്തന്നെ തന്റെ വിശ്വസ്തനായ വാല്യക്കാരൻ കിട്ടൻ മാധവി അമ്മയെപ്പറ്റി അറിവുള്ളേടത്തോളമുള്ള വിവരങ്ങൾ പറ

ഞ്ഞു മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. സഹോദരി അമ്മുക്കുട്ടി ഇടക്കിടെ നടക്കാൻ പുറത്തിറങ്ങിയാൽ താച്ചുനായരുടെ പടിക്കൽ ചെല്ലാറുണ്ടെന്നും മാധവിഅമ്മയുമായി സംസാരിച്ചുനില്ക്കാറുണ്ടെന്നും ഒരു ദിവസം താച്ചുനായർ യദൃച്ഛയാ അതു കണ്ടെത്തുകയും അന്നുണ്ടായ അദ്ദേഹത്തിന്റെ കണ്ണുരുട്ടലും മററും കണ്ടതിന്നു ശേഷം അവർ തമ്മിലുള്ള കൂടിക്കാഴ്ച ഒന്നു കുറഞ്ഞിരിക്കയാണെന്നും ദാസി ഉണ്ണൂലി മുഖാന്തരം കത്തെടവാടുകൾ നടത്താറുണ്ടെന്നും മററും അപ്പുക്കുട്ടമേനവന്നു കിട്ടനിൽനിന്നു മനസ്സിലാകുവാൻ പ്രയാസമുണ്ടായില്ല. മൂർഖന്റെ കൂടെ താമസിക്കുന്ന അനാഥയായ മാധവിയെപ്പററി ആകപ്പാടെ ഒരു അനുകമ്പയും എന്തെന്നറിയാത്ത ഒരു വികാരവും അപ്പുക്കുട്ടമേനവനിൽ ഉണ്ടായി. മാധവിയെ ഒന്നു നല്ലവണ്ണം കാണ്മാനെന്താണ് വഴിയെന്നേ മേനവന്നാലോചനയുണ്ടായിരുന്നുള്ളു. കൃഷ്ണൻനായരുടെ മകൻ കണ്ടാൽ ചൊങ്കുള്ളനായര് പടിക്കൽക്കൂടി പോകുമ്പോൾ ദൃഷ്ടി പത്തായപ്പുരയിലേക്ക് വിടാറുണ്ടെന്ന് യദൃച്ഛയാ മനസ്സിലാക്കിയതാണെങ്കിലും മേനോന്റെ പോക്കുവരവു സമയത്ത് എങ്ങിനെയെങ്കിലും കിണററുപുരയുടെ വാതുക്കൽ ഹാജർ കൊടുപ്പാൻ മാധവിക്കു സാധിക്കാതെ വന്നില്ല. വയസ്സ് ഇരുപതായില്ലേ. കാര്യമൊന്നുമില്ലെങ്കിലും കാണുന്നതുകൊണ്ട് എന്താണ് വിരോധം. ഇങ്ങിനെ കാണൽ വർദ്ധിച്ചു. പുഞ്ചിരിയാൽ അന്യോന്യം അറിയുമെന്നും ഉറപ്പിച്ചു തുടങ്ങി. ഒരു ദിവസം തമ്മിൽ കണ്ടു സംസാരിപ്പാൻ കിട്ടൻ മാർഗ്ഗവും ഉണ്ടാക്കിക്കൊടുത്തു. താച്ചുഅമ്മാമനും കോഞ്ഞുഅമ്മാമനും നല്ലോണം വെളിച്ചായാലെ കരിമ്പടത്തിന്റെ ഉള്ളിൽനിന്നു എഴനീല്ക്കയുള്ളു. അതിന്നിടക്ക് വേണമെങ്കിൽ എത്ര നേരമെങ്കിലും സംസാരിക്കാം. ഇങ്ങിനെ കൂടിക്കാഴ്ചയും കഴിഞ്ഞു. അപ്പുക്കുട്ടമേനവന് അടുത്ത പിറെറ ദിവസംതന്നെ സംബന്ധമാകുന്നതിന്നു വിരോധമില്ലെന്ന മ

ട്ടിലായി. "താച്ചുഅമ്മാമനെ കണ്ട് നിങ്ങൾ നേരിട്ടു പറഞ്ഞാൽ വിരോധം പറകയില്ലെന്നാണ് തോന്നുന്നത്. നിങ്ങളുടെ അച്ഛനു് പിന്നെ നിങ്ങൾ പറഞ്ഞതല്ലെ ഉള്ളു. അമ്മുക്കുട്ടിക്ക് നല്ല സന്തോഷവും ആയിരിക്കും." എന്നാണ് മാധവി ഒരു ദിവസം രാവിലെ പറഞ്ഞത്. താച്ചുനായരെ കാണ്മാൻ നിശ്ചയിച്ച് ഒരു ദിവസം വൈകുന്നേരം അപ്പുക്കുട്ട മേനേൻ പത്തായപ്പുരയിൽ ചെന്നു. കാരണവര് അന്തരാളത്തിളാണ്. ചെകിടൻ കോന്തുനായർ മേനവനെ താച്ചുനായരുടെ മുമ്പിൽ കൊണ്ടുവിട്ടു. ഒരു പുല്ലുപായയും കൊടുത്തു. താച്ചുനായർ ഒരു അളുമാറയുടെ അടുക്കെ വടക്കോട്ടു തിരിഞ്ഞിരുന്ന് എടനാഴിയിലെ ജനാലിൽക്കൂടി വരുന്ന വെളിച്ചത്തിന്റെ സഹായത്തോടുകൂടി ചില ഗ്രന്ഥങ്ങൾ അഴിച്ചു കെട്ടുകയായിരുന്നു.

താ_ നാ:— ഉം_ കൃഷ്ണൻനായരുടെ മകനാണ് അല്ലെ. ഇരിക്കിൻ.

അ_മെ— അതേ. അയൽവക്കത്തായിട്ടും കാരണവരെ ഇതിലിടക്ക് വന്നുകാണ്മാൻ സാധിച്ചില്ല. അച്ഛൻ അധികം പുറത്തിറങ്ങാറില്ല. ഞാൻ പകല് സമയം അധികവും കോഴിക്കോട്ടായിക്കഴിയും.

താ_നാ—കാലം ഒക്കെ മാറിയില്ലെ? ഞങ്ങൾക്കൊക്കെ വയസ്സമായി. കളപ്പുരയിൽ വെച്ചുണ്ടായ ദുർമ്മരണങ്ങളും അതിനെപ്പററിയുള്ള സംസാരങ്ങളും കൃഷ്ണൻനായരെ അറിയിക്കാതെയാണ് വക്കീൽ കാൎയ്യമൊക്കെ പററിച്ചത്. കണ്ണും തുറിച്ചു നാവും പുറത്തിട്ട് ചത്തുകിടക്കുന്ന ഉണ്യാതിഅമ്മയെ കണ്ട ആളാരും കളപ്പുരയിൽ പിന്നെ കാലെടുത്തു വെക്കയില്ല. കളപ്പുരയിൽ കണ്ണിയാറമ്പ് തറവാട്ടുകാരല്ലാതെ ആരെങ്കിലും താമസിച്ചിട്ടു അനൎത്ഥം കൂടാതെ മടങ്ങിപ്പോയതു കേട്ടിട്ടുണ്ടൊ? എത്ര പണക്കാര് വന്നു. എത്ര പണക്കാര് പോയി. താച്ചുവിന്ന് അതൊ

ക്കെ നിശ്ചയമുണ്ട്. കൃഷ്ണൻനായക്കു ഭൂതപ്രേതത്തിലൊന്നും വിശ്വാസമില്ല അല്ലെ?

താച്ചുനായര് ഇത്രയും പറഞ്ഞപ്പോളാണ് കൃഷ്ണൻനായരുടെ മകൻ അപ്പുക്കുട്ടമേനവനോടാണ് താൻ സംസാരിക്കുന്നതെന്ന് ഓൎമ്മയായത്.

താ-നാ— ഞാൻ എന്തൊക്കെയോ പറയുന്നു. അതൊന്നും കേട്ട് നിങ്ങൾ ഭയപ്പെടേണ്ട. കണ്ടാലറിയാം. അല്ലാ! നിങ്ങൾ വന്നത് വിശേഷിച്ചൊന്നുമല്ലല്ലൊ.

പറയുന്നാളേയും, പറയുന്ന സ്ഥലവും, പറയുന്ന വിഷയവും ഒക്കെ ആലോചിച്ചാൽ മിസ്റ്റർ മേനോൻ ഒന്നു വിയൎത്തു വിളറിയതിൽ ആശ്ചൎയ്യമില്ല. എതെങ്കിലും ധൈൎയ്യം അവലംബിച്ചു മറുപടി പറഞ്ഞു.

അ-മെ— വിശേഷിച്ചും അല്പം ഒന്നില്ലെന്നില്ല. കാരണവരോടു പറവാൻ അല്പം ലജ്ജയും മടിയും ഉണ്ട്. അച്ഛന്ന് വരുവാൻ സൌകൎയ്യമുണ്ടായിരുന്നുവെങ്കിൽ ഈ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഞാൻ ഇതുവരെ സംബന്ധം കഴിച്ചിട്ടില്ല. നാം അയൽവക്കക്കാരുമാണ്. അമ്മ മരിച്ചത് അമ്മുക്കുട്ടിക്കാണ് വലുതായ ഒരു നഷ്ടമായത്. വീട്ടിൽ പ്രാപ്തിയുള്ള സ്ത്രീകളുമില്ല. മാധവിക്കുട്ടിയെ സംബന്ധം ചെയ്യാൻ ഞാൻ തീൎച്ചപ്പെടുത്തുന്നതായാൽ അമ്മാമന് അതിൽ വിരോധാഭിപ്രായത്തിന്നു വകയില്ലെന്നു വിശ്വസിക്കുന്നു.

ഇതു കേട്ടപ്പോളാണ് താച്ചുനായര് തൻെറ ജീവദശയിൽ ഒന്നാമത് ഒന്നു ഞെട്ടിയത്. ഐ്ര മൂധേവി എവിടെ! സംബന്ധക്കാരനില്ലാത്ത കുറവാണ് ഇപ്പോൾ ഉള്ളത്. എച്ചിലിലയും നക്കിയിരിക്കുമ്പോൾ എതോ ഹോട്ടലിൽനിന്ന് ഇവിടെ പിടിച്ചുകൊണ്ടാക്കി തീററിപ്പോററി ആളാക്കിയതിൻെറ പ്രതിഫലം തരക്കേടില്ല. ഞങ്ങൾക്കു രണ്ടാൾക്കും വാൎദ്ധക്യം. ഞങ്ങളെ ശുശ്രൂഷിപ്പാൻ ആരാണ്. ഞാൻ മരി

ക്കുന്നതുവരെ നിങ്ങൾ അവളോടുകൂടി സംബന്ധം ചെയ്യുന്നത് എനിക്ക് ഇഷ്ടമല്ല. നിവൃത്തിയുണ്ടെങ്കിൽ ഞാനതു സമ്മതിക്കുന്നതുമല്ല.' എന്നും പറഞ്ഞ് ക്രോധതാമ്രാക്ഷനായി താച്ചുനായര് ഇരുന്ന ദിക്കിൽനിന്ന് എഴുന്നേററു. അപ്പുക്കുട്ടമേനവൻ വല്ലാതെ അമ്പരന്നുവശായി.

അ-മേ— അല്ലാ! കാരണവര് എന്തൊക്കെയൊ തെററിദ്ധരിച്ചു. മാധവിക്കുട്ടി ഈ കാൎയ്യത്തിൽ നിൎദ്ദോഷിയാണ്. അവളുടെ നേരെ കോപിച്ചിട്ടു ഫലമില്ല. എൻെറ സ്വന്തം ആവശ്യത്തെയാണ് ഞാനിപ്പോൾ പറഞ്ഞത്. കാരണവര് ആലോചിച്ചു മറുപടി പറഞ്ഞാൽ മതി. തീററിപ്പോററിയ ഒരാളോട് കൃതഘ്നത കാട്ടുന്ന പ്രകൃതമാണ് മാധവിക്കുട്ടിയുടേതെന്ന് എനിക്കു തോന്നുന്നില്ല. അഥവാ എൻെറ സംബന്ധം കാരണവരുടെ ദിനചൎയ്യക്കു വിഘ്നം വരുത്തുമെങ്കിൽതന്നെ അതിന്നു നിവാരണമാൎഗ്ഗങ്ങൾ ഞാൻ വിചാരിച്ചാൽ ഉണ്ടാക്കാൻ കഴിയുമെന്ന് കാരണവൎക്ക് അറിയാമല്ലൊ. ഏതെങ്കിലും ഇപ്പോൾ ഞാൻ അധികമൊന്നും പറയുന്നില്ല. കാരണവര് ആലോചിച്ചു മറുപടി പറഞ്ഞാൽ മതി.

ഇത്രയും പറഞ്ഞ് അപ്പുക്കുട്ടമേനോൻ യാത്ര പറയാതെ പുറത്തേക്കിറങ്ങി വീട്ടിലേക്കു യാത്രയായി. കിണററുപുരയുടെ വാതില്ക്കൽകൂടി മാധവിഅമ്മ അപ്പുക്കുട്ടമേനവൻെറ മുഖം ഒന്നു കാണാതിരുന്നിട്ടില്ല. കാൎയ്യം അപജയമായിട്ടാണ് കലാശിച്ചതെന്ന് അപ്പോൾതന്നെ ഊഹിച്ചുവെങ്കിലും കുറച്ചു കഴിഞ്ഞപ്പോൾ കാരണവര് വിളിച്ചു ഒരു വടി ശകാരിച്ചപ്പോൾ ഒക്കെ തീൎച്ചയായി.

മാസം രണ്ടു കഴിഞ്ഞു. കൎക്കിടകമാസം. കറുത്തവാവ്. കലശലായ മഴ. രാത്രി ഒയ്മ്പതരമണിസമയം. കളപ്പുരയുടെ വടക്കിനിയിൽ കൃഷ്ണൻനായരും അപ്പുക്കുട്ടമേനവനും അമ്മുക്കുട്ടിയും, കഞ്ഞികുടിപ്പാൻ ഇരുന്നിരിക്കുന്നു. വാലിയക്കാ

രൻ കിട്ടൻ വിളമ്പുന്ന ശ്രമം_ അപ്പോൾ തെക്കിനിയുടെ മാളികമേൽനിന്നു കണ്ണിമാങ്ങ എടുക്കാൻ പോയിരുന്ന ദാസി കുഞ്ഞിക്കുട്ടിയുടെ 'അയ്യോ എന്നെ കൊല്ലുന്നു' എന്ന ഒരു നിലവിളിയും വീഴുന്ന ശബ്ദവും കേട്ടു. വിളക്കുമായി എല്ലാവരുംകൂടെ ഓടി തെക്കിനിയുടെ മുകളിലെത്തി. കണ്ണിമാങ്ങയുടെ ഭരണിയും കുഞ്ഞിക്കുട്ടി എന്ന സ്ത്രീയും അവിടെ വീണു കിടക്കുന്നതാണ് കണ്ടത്. കോലുവിളക്ക് കയ്യിൽനിന്നു തെറിച്ച് കുറെ അകലെയായി കമിഴ്ന്നു കിടക്കുന്നു. സ്ത്രീക്കു ബോധമുണ്ടായിരുന്നില്ല. കുറെ പച്ചവെള്ളം കൊണ്ടുവന്ന് മുഖത്തൊഴിച്ചപ്പോൾ കുഞ്ഞിക്കുട്ടി എഴുന്നേറ്റു. 'അയ്യോ എന്റെ അമ്മുക്കുട്ടി അമ്മെ ഈ വീട്ടിൽ ഭൂതത്താന്മാരുണ്ട്. ഞാനിപ്പോൾ മാങ്ങയും എടുത്ത് എടനാഴിയിൽ ഇറങ്ങിയപ്പോൾ ഒരു ഭൂതം മുമ്പിൽ വന്ന് കണ്ണുരുട്ടി കയ്യുമടക്കി കുത്താൻ നോക്കി. പിന്നെ ഒന്നും എനിക്കു നിശ്ചയമില്ല' എന്ന് രണ്ടു നിമിഷംകൊണ്ടു പറഞ്ഞുതീർത്തു. സാരമില്ല. അവൾക്ക് എന്തോ സുഖക്കേടുണ്ട്. എന്നും പറഞ്ഞ് കൃഷ്ണമേനവൻ മക്കളോടുകൂടി കുത്തികുടിച്ചു കിടപ്പാറംപോയി. കൃഷ്ണമേനവൻ തെക്കിനിയുടെ മാളികമേലാണ് കിടക്കാറ്. അമ്മുക്കുട്ടിയും ദാസിയും ആ മാളികമേൽതന്നെ വേറെ ഒരു മുറിയിലും കിടക്കും. അപ്പുക്കുട്ടമേനോൻ താഴെ കിഴക്കിനിയുടെ തെക്കെ അകത്താണ് കിടപ്പ്. കിട്ടനും ചില കാവൽക്കാരും ഒക്കെ പുറത്ത് പൂമുഖത്തുംകിടക്കും. ഇങ്ങിനെയാണ് പതിവ്.

മേൽപറഞ്ഞ സംഭവം നടന്നതിന്നു പിറെറദിവസം രാവിലെ കിട്ടൻ യജമാനന്നു പല്ലുതേപ്പാൻ ഉമിക്കരിയും വെള്ളവും കൊണ്ടു തെക്കിനി മാളികമേൽ പോയി തളത്തിൽ കയ്യിയുള്ളതൊക്കെ വെച്ചു കട്ടിലിന്മേൽ കിടക്കുന്ന യജമാനനെ ഒന്ന് നോക്കിയപ്പോഴാണ് സ്തംഭിച്ചുപോയത്. എജമാൻ കണ്ണും തുറിച്ചു നാവും പുറത്തു നീട്ടി കയ്യും ചുരുട്ടി

പിടിച്ച മേലോട്ട് നോക്കി കിടക്കയാണ്. കുറച്ച് സൂക്ഷിച്ചപ്പോൾ ജീവൻ പോയതായി മനസ്സിലായി.

കളപ്പുരയിൽ പിന്നെയുണ്ടായ ബഹളങ്ങളൊന്നും പറയാനില്ല. നിലവിളിയും മുറവിളിയും ഒക്കെ കഴിയുന്നതിന്നു മുമ്പായിത്തന്നെ ഡോക്ടരും പൊല്ലീസ്സുകാരും എത്തി. വത്തമാനം നാടെങ്ങും പരന്നു. ആളുകൾ കൂടി. രാത്രി എല്ലാം വാതിലും അടച്ചിരിക്കുന്നു. വാതിലും ജനാലും, ചുവരും ഭേദിച്ച് രാത്രി ആരും അകത്തു കടന്നിട്ടില്ല. കൃഷ്ണൻനായരെ ആരോ ഉറങ്ങുമ്പോൾ കഴുത്തുപിടിച്ചു ഞെക്കിക്കൊന്നിരിക്കയാണ്. കൊലപാതകൻ എതിൽകൂടി വന്നു, എങ്ങിനെ പുറത്തുപോയി, ആൎക്കും വിവരമില്ല. കണ്ണിയാറമ്പ് കളത്തിൽ വെച്ച് ഇത് എഴാമത്തെ കൊലക്കേസ്സാണ്. ഒന്നും ഇതുവരെ തെളിഞ്ഞിട്ടില്ല. ഭൂതത്താന്മാര് കൊന്നതാണെന്നും അപ്പുക്കുട്ടമേനവനും പെണ്ങളും ഉടനെ അവിടംവിട്ട് വേറെ വീട് അന്വേഷിക്കയാണ് നല്ലതെന്നും മറ്റും പെണ്ണുങ്ങൾ തമ്മിൽ സംസാരിക്കുന്നുണ്ട്. പൊല്ലീസ്സുകാർ എന്താണ് വേണ്ടതെന്നറിയാതെയും കാശുകിട്ടാൻ വഴിയില്ലാതെയും കളിക്കുന്നു. അച്ഛൻെറ കൊലപാതകനെ കണ്ടുപിടിച്ചാൽ 1000 ക. ഇനാം കൊടുക്കാമെന്ന് അപ്പുക്കുട്ടമേനോൻ ഗജട്ടിൽ പ്രസിദ്ധംചെയ്യാൻ എഴുതി അയക്കുകയും ചെയ്തു.

കൃഷ്ണൻനായരുടെ പിണ്ഡവും മറ്റും ഘോഷമായി കഴിച്ചു. കളപ്പുരയും സ്വത്തും അപ്പുക്കുട്ടമേനവനും അമ്മുക്കുട്ടിക്കും പുത്രാവകാശമായി സിദ്ധിച്ചു. മാധവി അമ്മയെ സംബന്ധം കഴിക്കേണ്ട കാൎയ്യം വീണ്ടും ആലോചനയായി. അത് ഒരു ആവശ്യവുമായി താച്ചനായരുടെ മരണപ്പിട്ടത്തം ആകപ്പാടെ ശത്രുതയിൽ കലാശിച്ചു. മാധവിഅമ്മയെ ശകാരവും തല്ലും കുത്തുമായി. അപ്പുക്കുട്ടമേനവൻ കുറെ മുതലുള്ളാളാണെന്ന വിചാരത്തിന്മേൽ മാധവി അമ്മ ഭ്രമിച്ച് അടിമയായിട്ടുണ്ടെന്നാണ് മൂപ്പരുടെ പക്ഷം. അപ്പുക്കുട്ട

മേനവനെ ശകാരിക്കുമ്പോൾ എന്തോ ചിലതു ഭാഗംപിടിച്ചു മാധവിഅമ്മ പറഞ്ഞുപോയി. അതാണ് താച്ചുനായരുടെ കോപകാരണം. സംബന്ധസംസാരം മൂത്തുവരുന്നു. മാധവിഅമ്മ ഒരു സമയം തന്റെ അനുവാദംകൂടാതെ ചാടിപ്പോകുമെന്നു താച്ചുനായൎക്ക ഭയമായിത്തുടങ്ങി. ഇതിലിടക്ക് ഒരുദിവസം രാത്രി കളപ്പുരക്കൽ തെക്കിനിയിൽവെച്ച് വാലിയക്കാരൻ കിട്ടൻ ഒരു ഭൂതത്താനെ കണ്ടുവോ എന്നു ഒരു ശങ്ക. കിട്ടന് ഭൂതത്തേയും പ്രേതത്തേയും പണ്ടേ പേടിയില്ല. മേപ്പടി സംഭവം കഴിഞ്ഞതുമുതൽ കിട്ടനും മനസ്സ് ഒന്നു ഇളകീട്ടുണ്ട്. "കിട്ടാ! നമ്മുടെ വീട്ടിൽ ഇങ്ങിനെ ഒരു ഭൂതമുണ്ടെങ്കിൽ നമുക്കു ഒരു ദിവസം പിടിച്ചുകെട്ടണം. നീ ദിവസേന തെക്കിനിയുടെ മാളികമേൽ കിടക്കണം. അമ്മുക്കുട്ടിക്ക് പേടി കലശലാണ്. ദാസിമാരും പെണ്ണുങ്ങളല്ലേ. ഭീരുക്കൾ" എന്നു അപ്പുക്കുട്ടമേനോൻ പറകയുണ്ടായിട്ടുണ്ട്. അപ്പുക്കുട്ടമേനോൻ അച്ഛന്റെ മരണത്തിന്നുശേഷം തെക്കിനിയുടെ മാളികമേലാണ് കിടക്കാറ്. അടുത്ത ഒരു മുറിയിൽ കിട്ടനും കിടപ്പാണ്. താഴെ ഭൃത്യന്മാരും കാവൽക്കാരും വണ്ടിക്കാരും മററും ഉണ്ടുതാനും.

തുലാമാസം കറുത്തവാവ് ദിവസമാണ്. (കളപ്പുരയിൽ വിശേഷസംഭവങ്ങൾ ഒക്കെ വാവ്ദിവസമാണ് പതിവ്–) എല്ലാവരും സന്ധ്യക്കു മുമ്പെ ഭക്ഷണം കഴിച്ചു രാത്രി പത്തുമണിക്കു മുമ്പെ കിടപ്പായി. നിദ്രയും സാവധാനത്തിൽ ബാധിച്ചുതുടങ്ങി അപ്പോൾ ആരോ വന്ന് വാതിക്കൽ മുട്ടി വിളിച്ചു. വാലിയക്കാർ വാതിൽ തുറന്നു നോക്കിയപ്പോൾ മാധവിഅമ്മയേയാണ് കണ്ടത്. മാധവിഅമ്മ കരയുന്നുമുണ്ട്. വിവരം മുകളിൽ അറിയിച്ചപ്പോൾ അപ്പുക്കുട്ടമേനവനും അമ്മുക്കുട്ടിയും ഉടനെ വിളക്കുമായി താഴെ എത്തി. താച്ചുനായര് തന്നെ വല്ലാതെ ശകാരിച്ചു പ്രഹരിച്ചു വീട്ടിൽനിന്നു പുറത്താക്കി വാതിലടച്ചു. രാത്രി ഒരു ദിക്കിൽ

കഴിച്ചുകൂട്ടേണമെല്ലൊ. അമ്മുകുട്ടി അമ്മ സഹായിക്കുമെന്നു വെച്ച് വന്നതാണെന്നാണ് മാധവിഅമ്മയുടെ ഗൽഗദവാക്യം. കാൎയ്യം ഒക്കെ നാളെ ആലോചിക്കാം. അസമയമായി "അമ്മുകുട്ടി! മാധവിഅമ്മക്കു മുകളിൽ നിന്റെ അറയിൽ കിടക്കാൻ കൊടുക്കു" എന്നുംപറഞ്ഞ് അപ്പുകുട്ടമേനോവൻ തന്റെ മുറിയിലേക്കും പോയി.

താൻ ഭാൎയ്യയാക്കി സ്വീകരിപ്പാൻ നിശ്ചയിച്ച സ്ത്രീ, "തേടിയ വള്ളി കാലിൽ ചുററി" എന്നപോലെ തന്റെ ഭവനത്തിൽ എത്തിയല്ലൊ എന്ന ഒരു കൃതാൎത്ഥതയാണ് അപ്പുകുട്ടമേനവന്ന് ഉണ്ടായത്. താച്ചുനായരുടെ പ്രകൃതം അറിയുന്നവൎക്കു അയാൾ കാട്ടിയ ക്രൂരകൃത്യത്തിൽ ആശ്ചൎയ്യത്തിന്നും വഴിയില്ല. നേരം രാത്രി ഒരുമണി സമയമാണ്. അപ്പുകുട്ടമേനവന്നു നല്ല സുഷുപ്തി കിട്ടീട്ടില്ല. ആരോ തന്റെ കഴുത്തിൽ പിടിച്ചു ഞെക്കുന്നുണ്ടെന്നു സ്വപ്നത്തിൽ തോന്നി. ശ്വാസം മുട്ടിത്തുടങ്ങിയപ്പോൾ ഒന്നു പിടഞ്ഞു. അപ്പോൾ കഴുത്തിൽ ആരോ പിടിച്ചപിടി ഒന്നു ഇളകി കിടക്കയും താനും ഒക്കെ കൂടി കട്ടിന്മേൽനിന്നു താഴെ വീണു. പെട്ടന്നെഴുനീററപ്പോൾ ഒരു സ്വരൂപം തന്റെ മുറിയിൽനിന്നു പുറത്തേക്കിറങ്ങുന്നതാണ് കണ്ടത്. ഉറക്കഭ്രാന്തുണ്ടെങ്കിലും സ്വരൂപത്തെ പിടിപ്പാൻ മേനോൻ പിന്നാലെ-ഓടി. അപ്പോഴക്കം സ്വരൂപം കോണിയിറങ്ങി തുടങ്ങി. മേനോനും കോണിയിറങ്ങി. തെക്കിനിയിൽ കോണിക്കു ചോടെയുള്ള വിറക് മുറിയിലേക്കാണ് സ്വരൂപം കടന്നത്. പിന്നെ സ്വരൂപത്തെ കാണാനും ഇല്ല. യാതൊരു ശബ്ദവും ഇല്ല. മേനവൻ വേഗം മുകളിൽവന്ന് വിളക്കുകത്തിച്ചു കിട്ടനെ വിളിച്ചു, ശബ്ദമുണ്ടാക്കരുതെന്നു കൈയ്യുകൊണ്ടു ആംഗ്യം കാട്ടി തന്റെ പിന്നാലെ വരുവാൻ പറഞ്ഞു. മേനവന്റെ ധൈൎയ്യം ഈ അവസരത്തിലാണ് കിട്ടനു നല്ലവണ്ണം മനസ്സിലായത്. കോണിയിറങ്ങി അതിന്റെ ചുവട്ടിലെ ചെറ

യ മുറിക്കകത്തേക്ക വെളിച്ചത്തോടുകൂടി കടന്നു. ആരുമില്ല. തന്റെ കഴുത്ത് പിടിച്ചു ഞെക്കിയവനും അപ്പനെ കൊന്ന വനും പൊല്ലീസ്സ് അന്വേഷിച്ച തുമ്പുണ്ടാക്കുവാൻ സാധി ക്കാത്തവനുമായ ആൾ ഈ മുറിക്കകത്തുകടന്ന് അദൃശ്യനായി എന്നും ഈ മുറിയിൽക്കൂടി പുറത്തേക്ക വല്ല മാർഗ്ഗവും ഉണ്ടോ എന്ന് ഇപ്പോൾ പരിശോധിക്കേണമെന്നും മേനവൻ തീച്ച പ്പെടുത്തി. മുറിയുടെ ചുമരൊക്കെ തപ്പിനോക്കിയപ്പോൾ മര പ്പലകകൊണ്ടു ചുമരുകെട്ടിയ ഒരു ഭാഗം ഒരിളക്കമുള്ളതായി തോന്നി. പലകയിൽ ഒന്ന് കിട്ടനും മേനവനുംകൂടി വലി ച്ചുനോക്കി. ഒരു ആണിയുടെ അടുക്കെവെച്ചു പെട്ടന്നു പല ക തുറന്നു. നോക്കിയപ്പോൾ കണ്ടതു കല്ലുകൊണ്ടു കീഴ്പ ട്ടെക്ക പടുത്ത ഒരു കോണിപ്പടിയാണ്. ഇതിൽക്കൂടിയാണ് കൊലപാതകൻ പുറത്തേക്ക പോയതെന്നും ആയാളെ പി ന്തുടൎന്നു പോകേണമെന്നും നിശ്ചയിച്ചു. ആയുധവും വെളി ച്ചവുമെടുത്ത് മേനവനും കിട്ടനും പടിയിറങ്ങി. കുറെ താഴ ത്തെത്തിയപ്പോൾ കണ്ടതു ഒരു വിലദ്വാരമാണ്. അതിദീ ൎഘത്തിൽ പോകുന്നുണ്ട്. ഒരാൾക്ക സൌകൎയ്യത്തിൽ നട ക്കാം. അപ്പുക്കുട്ടമേനോൻ മുമ്പിലും കിട്ടൻ പിന്നിലുമായി നടന്നു. കുറെ ദൂരെ എത്തിയപ്പോൾ മേൽഭാഗത്തുനിന്നു ഒച്ച കേൾക്കുന്നുണ്ട്. തങ്ങൾ കുതിരവണ്ടിയുടെ ചോട്ടിലാ ണെന്നും കുതിരയുടെ കാൽച്ചവിട്ടിന്റെ ഒച്ചയാണെന്നും കി ട്ടൻ അഭിപ്രായപ്പെട്ടു. വീട്ടിൽനിന്നു ഒരു ഫർല്ലാങ്ങ് അ പ്പുറമാണ് കുതിരപ്പന്തി. പിന്നെയും ഗുഹയിൽക്കൂടി നടന്നു. കുറെക്കൂടി ചെന്നപ്പോൾ ഒരു താടിക്കാരൻ വീണുകിടക്കുന്ന തായിട്ടാണു കണ്ടത്. തല്ക്കാലം ഒന്നു ഞെട്ടിയെങ്കിലും വി ളക്ക അടുക്കെ കൊണ്ടുവന്നപ്പോൾ എന്താണു കഥ! താച്ചു നായരുടെ ശവശരീരമാണ്. ഇതു കണ്ടപ്പോൾ കാൎയ്യമൊ ക്കെ മേനവന്നു മനസ്സിലായി. തന്നെ കൊല്ലാൻ വന്നു മട ങ്ങി പോകുമ്പോൾ എങ്ങിനെയോ മരിച്ചുപോയതാണ്.

"അവ്യക്താ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ" എന്നാണല്ലോ എന്നിങ്ങിനെ മേനോൻ സമാധാനിച്ചു. ഈ സംഭവം ആരോടും ശബ്ദിച്ചുപോകരുതെന്ന കിട്ടനോടു പ്രത്യേകം പറഞ്ഞു. എന്തെങ്കിലും ഗുഹയുടെ അവസാനം കാണാകതന്നെ എന്നുറച്ചു ചെന്ന മുട്ടിയതു മരപ്പലകകൊണ്ടു മൂടിയ ഒരു ദിക്കിലാണ്. ആണിപിടിച്ചു വലിച്ചു പലക തുറന്നു കണ്ടതു ഒരു ആളുമാറിയുടെ പിൻഭാഗമാണ് അകത്ത് കടന്നു. താച്ചുനായരുടെ അന്തരാളമുറിതന്നെയാണ് അത്. പുല്ലുപായയും ഗ്രന്ഥവും ഒക്കെ അവിടെയുണ്ടു. പുറത്തെക്കുള്ള വാതിൽ അടച്ചിരിക്കുന്നു. ഒരു നിലവിളക്കു കത്തികൊണ്ടിരിക്കുന്നു. കിട്ടനും മേനവനും മടങ്ങി. താച്ചുനായരുടെ ശവശരീരം എടുത്തുകൊണ്ടുവന്ന് വിളക്കിന്നരികെ പുല്ലുപായയിൽ കിടത്തി. ഗുഹയുടെ വാതിലും അടച്ചു. ഗുഹാമാർഗ്ഗം കളപ്പുരയിൽ എത്തി. തന്റെ അച്ഛനെ കൊന്നതും തന്നെ കൊല്ലുവാൻ ശ്രമിച്ചതും തന്റെ പ്രേമഭാജനമായ മാധവിടെ വളൎത്തച്ഛനാണെന്നു മാധവി അറിഞ്ഞാൽ എന്ത് വിചാരിക്കും? ഈ ഒരു ആലോചനയാണ് ഈ സംഭവം ഗോപ്യമായി വെക്കാൻ മിസ്റ്റർ മേനവനെ പ്രേരിപ്പിച്ചതു. ഇന്നും ഈ സംഭവം ലോകൎക്കു ഒരു ഗോപ്യമാണ്.

പിറേറ ദിവസം രാവിലെ താച്ചുനായർ വാതിൽ തുറന്നു പുറത്തു വരാത്തതുകൊണ്ടു ചെകിടൻ കോന്തുനായര് ശ്രമിച്ചു. പത്തുമണിയായി. വാതിൽ തുറക്കുന്നില്ല. വാതിൽ കുത്തിപ്പൊളിച്ചു. ഡോൿടരും പൊല്ലീസ്സും എത്തി. കല്യാണി അമ്മയും നന്നെ വ്യസനിച്ചു. ഹൃദയരോഗംകൊണ്ടു പെട്ടന്നു മരിച്ചതാണെന്നു ഡോൿടർ സൎട്ടിഫിക്കെററും കൊടുത്തു. കോന്തുനായരെ തന്റെ രക്ഷയിലാക്കി പത്തായപ്പുരയും മിസ്റ്റർ മേനവൻ വിലയ്ക്കു വാങ്ങി. മാധവി അമ്മയുടെ സംബന്ധം വളരെ ഘോഷമായി കഴിച്ചു. പലെ ദൎമ്മ

രണ്ടാളും നടന്ന സ്ഥലം തനിക്കു താമസിപ്പാൻ നല്ലതല്ലെന്നു വെച്ച് മേനവൻ കോഴിക്കോട്ടു നല്ല ഒരു വീട് എടുത്തു താമസമാക്കി. ഉപായത്തിൽ കിട്ടനെക്കൊണ്ടു കളപ്പുരക്കും പത്തായപ്പുരക്കും തീക്കൊടുപ്പിച്ചു. ഇപ്പോൾ ഈ സ്ഥലങ്ങൾ കാടും പുറവും വന്നു കിടക്കുന്നതായി കാണാം. ഗുഹ ഇപ്പോഴും ഉണ്ട്. ഈ വിലഭാരം കണ്ണിയാറമ്പു തറവാട്ടുകാർ കലാപകാലത്ത് മുതൽ ഒളിച്ചുവെക്കുവാൻ ഉണ്ടാക്കിയതായിരുന്നു എന്നാണറിയുന്നത്.

# തിരുവലയം.

കേരളചരിത്രം അറിവുള്ളവരോടു 'തിരുവലയ'ത്തിന്റെ കഥ പറയേണ്ടതില്ല. സാമൂതിരിപ്പാട് തമ്പുരാൻ ഭഗവതിയെ ഭജിച്ചു പ്രത്യക്ഷമാക്കി, ശത്രുക്കളെ സംഹരിക്കുന്നതിന്നായി തന്നെ സഹായിക്കേണമെന്ന് അപേക്ഷിച്ചതും, ഭഗവതിയുടെ കരം കടന്നുപിടിച്ച് 'തിരുവലയം' കരസ്ഥമാക്കിയതും, തിരുവലയം കയ്യിലുണ്ടായിരുന്ന കാലമൊക്കെ സാമൂതിരിവംശക്കാരുടെ ഐശ്വര്യം വദ്ധിച്ചുവന്നതും, തിരുവലയത്തിന്റെ ഓൎമ്മക്കായി 'തിരുവളയനാട്കാവ്' ഉണ്ടാക്കി ഭഗവതിയെ പ്രതിഷ്ഠ ചെയ്കതും, തിരുവലയം മോഷണം ചെയ്തുപോയതിന്നുശേഷം സാമൂതിരിക്കു നേരിട്ട തോൽമയും പാരമ്പൎയ്യമായി പറഞ്ഞുവരുന്ന കഥയാണ്. ഈ ശ്രുതിപ്പെട്ട തിരുവലയത്തിന്റെ ഇപ്പോഴത്തെ ഇരിപ്പിടം എവിടെയാണെന്നറിവുള്ളവർ കേരളത്തിൽ അധികമുണ്ടോ?

ക്രിസ്താബ്ദം 1766 ഫിബ്രവരി മാസത്തിലാണ് ഉത്തരകേരളത്തിൽവെച്ചു കോലത്തിരി, കടത്തനാട് മുതലായ രാജാക്കന്മാരെയും അവരുടെ സൈന്യങ്ങളേയും ജയിച്ചു 'ഈ

സ്ഥിന്ത്യാകമ്പനിക്കാരുടെ തലശ്ശേരിക്കോട്ട ആക്രമിച്ച മയ്യഴിമാഹിം മൈസൂർരാജാവായ ഹൈദരാലി വടകരയിൽ എത്തിയത്. ഹൈദരാലി മലയാളക്കര ആക്രമിച്ചതിൻെറ പ്രധാനമായ ഉദ്ദേശം, കൊള്ളയിട്ട് കറെ ധനം ഉണ്ടാക്കേണമെന്നല്ലാതെ, രാജ്യം കീഴടക്കി ഏകച്ഛത്രാധിപതിയായിരുന്നു കളയാമെന്നായിരുന്നില്ല. നാലു ലക്ഷം ഉറുപ്പികയുംഎട്ട് ആനയും കൊച്ചിരാജാവും, പതിനഞ്ചുലക്ഷം ഉറുപ്പികയും ഇരുപതു ആനയും തിരുവിതാംകൂർ രാജാവും കൊടുത്തില്ലെങ്കിൽ അവരുടെ രാജ്യം ആക്രമിക്കുന്നതാണെന്നു ഓരോ കത്തുകൾ ഹൈദരാലി എഴുതി അയച്ചിരുന്നു. അപ്രകാരം സാമൂതിരിപ്പാട്ടിലേക്കും ഒരു ഭീഷണിക്കത്ത് അന്നുതന്നെ അയച്ചിരുന്നു. ഈ കത്തു കിട്ടിയതിന്നുശേഷം അധികം താമസിയാതെ ഹൈദരാലി വടകരയിൽ എത്തിയ വിവരം സാമൂതിരിപ്പാട് കേട്ടുവെങ്കിലും, വടക്കെ മലയാളത്തിൽ കോലത്തിരിയോട കളിച്ചതുപോലെ തന്നോട കളിച്ചാൽ പാറുകയില്ലെന്ന ഒരഹംഭാവം നിമിത്തം സാമൂതിരി, ഹൈദരിനെ എതിർപ്പാൻ മതിയായ വട്ടങ്ങളൊന്നും കൂട്ടിയില്ലെന്നു മാത്രമല്ല, ഹൈദരിൻെറ ആവശ്യത്തെ നിവൃത്തിപ്പാൻ ഒരുങ്ങുകയും ചെയ്തില്ല. അന്നത്തെ സാമൂതിരിയുടെ രാജധാനി, ഇപ്പോൾ കോഴിക്കോട്ട് സ്ത്രീകളുടേയും, കുട്ടികളുടേയും ആസ്പത്രി പണിചെയ്തിട്ടുള്ള സ്ഥലത്തിന്നരികെയുള്ള കോട്ടപ്പറമ്പിലായിരുന്നു. ഈ കോട്ടയിൽനിന്നു തളിയിൽ അമ്പലംവരെ ദീൎഘത്തിൽ ഒരു വിലദ്വാരം ഇപ്പോഴും നോക്കിയാൽ കാണ്മാനുണ്ടാവാം. ഈ വിലദ്വാരമാൎഗ്ഗേണയാണ് കോട്ടയിൽനിന്നു വേണ്ടിവന്നാൽ രക്ഷ പ്രാപിക്കുന്ന പതിവെന്നു പറയേണ്ടതില്ലല്ലൊ തിരുവലയം തിരുവളയനാട്ടുകാവിൽ സ്ഥാപിച്ചിരിക്കയാണെന്നു ഐതിഹ്യമുണ്ടെങ്കിലും യഥാൎത്ഥത്തിൽ അത് ഒരു വീരാളിപ്പട്ടിൽ പൊതിഞ്ഞു നവരത്നഖചിതമായ ഒരു സ്വൎണ്ണച്ചെപ്പിൽ അടക്കംചെയ്ത് വെള്ളികൊണ്ടു വിചിത്രാകൃതി

യിൽ കെട്ടിച്ച ഒരു ചന്ദനപ്പെട്ടിയിൽവെച്ചു സാമൂതിരിപ്പാട് തമ്പുരാൻ സ്വന്തം വാസസ്ഥലത്തുവെച്ചു പൂജ ചെയ്തിരുന്നുവെന്നും, ഈ തിരുവലയവും സാളഗ്രാമവും എവിടെയെങ്കിലും എന്തു കാൎയ്യത്തിന്നായും എഴുന്നള്ളുമ്പോൾ കൂടെ കൊണ്ടുപോകാറുണ്ടെന്നും, സാമൂതിരിപ്പാടന്മാരുടെ സൎവ്വവിജയങ്ങൾക്കും കാരണഭൂതമായിരുന്നത് ഈ തിരുവലയമാണെന്നും,അതുകൈവശപ്പെടുത്തുവാൻ സാമൂതിരിയുടെശത്രുപക്ഷക്കാർ ആവുന്നതൊക്കെ പ്രവൎത്തിച്ചിട്ടുണ്ടെന്നും, വാസ്ക്കോഡിഗാമ ഈ തിരുവലയത്തിന്നും അതു സൂക്ഷിച്ച പെട്ടിക്കും കൂടി പത്തുലക്ഷം ഉറുപ്പികവരെ വിലമതിച്ചിട്ടുണ്ടെന്നും മററും, പരമ്പരയായി പറഞ്ഞും വിശ്വസിച്ചും വരുന്ന ഐതിഹ്യമാണ്. ഹൈദരാലിയുടെ സൈന്യങ്ങൾക്ക ചെന്ന ദിക്കിലെല്ലാം ക്കെ ജയമാണ കാണുന്നതെന്നും,അവനുമായുള്ള യുദ്ധം കലാശിക്കുന്നതുവരെ ഈ വിലപിടിച്ച തിരുവലയം എവിടെയെങ്കിലും സൂക്ഷിക്കയാണ് നല്ലതെന്നും മങ്ങാട്ടച്ചൻ മുതലായ മന്ത്രിമാരുടെ ഉപദേശം നിമിത്തം എന്തെങ്കിലും ഒരു മാൎഗ്ഗം ആലോചിക്കേണ്ട നിലയായി.

ദിവസം ചെല്ലുംതോറും ഹൈദരാലിയുടെ സൈന്യങ്ങൾ കോഴിക്കോട്ടെക്കടുത്തുതുടങ്ങി. അറക്കൽ ആലിരാജാവും 600 മാപ്പിളമാരും കൊയിലാണ്ടിയിൽ എത്തിക്കഴിഞ്ഞുവെന്നും,കലാപം പേടിച്ചു ഭടന്മാരല്ലാത്തവർ ഓട്ടവും ചാട്ടവും ആയിയെന്നും സാമൂതിരിപ്പാടറിഞ്ഞു. തിരുവലയം എങ്ങിനെയെങ്കിലും സൂക്ഷിക്കണമെന്നു തീൎച്ചയാക്കി. തലശ്ശേരിയിലുള്ള ഈസ്റ്റിന്ത്യാക്കമ്പനിക്കാരുടെ പാണ്ടികശാലയിലോ അല്ലെങ്കിൽ ചൊവ്വക്കാരൻ കേയിയുടെ പാണ്ടികശാലയിലോ എത്തിച്ചാൽ പിന്നെ ഭയപ്പെടാനില്ലെന്ന്, ഇംഗ്ലീഷുകാരുമായി അന്നു നിലവിലുള്ള സഖ്യം നിമിത്തം സാമൂതിരിപ്പാട്ടിലേക്ക ബോദ്ധ്യംവരികയാൽ വിശ്വസ്തനായ ഒരാളെ ഈ പെട്ടി ഏല്പിച്ചുകൊടുത്ത് അവിടെ എത്തിപ്പാൻ തീൎച്ച

യാക്കി. പള്ളിയറ കാൎയ്യസ്ഥന്മാരുടെകൂട്ടത്തിൽ വിശ്വസ്തനായ ഒരുവനൊ ഈ പെട്ടി ഏല്പിച്ചു താമശ്ശേരിയിൽകൂടി വയനാട്ടമാൎഗ്ഗം തലശ്ശേരിയിൽ കൊണ്ടുപോയി ഈ പെട്ടി എങ്ങിനെയെങ്കിലും ഈസ്തിന്ത്യാക്കമ്പനിക്കാരുടെ കോട്ടയിലെ പ്രധാന ഉദ്യോഗസ്ഥനെ ഏല്പിക്കേണമെന്നു ഗൂഢമായി തമ്പുരാൻ പറഞ്ഞേല്പിച്ചു് ആരും അറിയാതെ രാത്രി അസമയത്തു വിലദ്വാരത്തിൽകൂടി പുറത്തേക്കു അയക്കുകയും ചെയ്തു. അന്നത്തെ സമ്പ്രദായത്തിന്നനുസരിച്ചു ഈ വിശ്വസ്തൻ കല്പനപ്പടി കാൎയ്യം നടത്തുന്നുണ്ടോ എന്നു അന്വേഷിച്ചു റിപ്പോൎട്ടാക്കുവാൻ വേറെ ഒരു വിശ്വസ്തനേയും തമ്പുരാൻ അയക്കാതിരുന്നില്ല.

ഈസ്തിന്ത്യാക്കമ്പനിക്കാരുടെ അന്നത്തെ തലശ്ശേരിക്കോട്ട ഹൈദരാലി ആക്രമിച്ചിരുന്നുവെങ്കിലും ഒടുവിൽ ഒരുവിധം ലൌകികത്തിലാണു പിരിഞ്ഞതു്. കോലത്തിരിരാജാക്കന്മാർ തമ്മിലുള്ള ഗൃഹഛിദ്രം നിമിത്തം കമ്പനിക്കാൎക്കു് ഏതെങ്കിലും ഒരു ഭാഗക്കാരെ സഹായിക്കാതെ നിവൃത്തിയില്ലാതെ വന്നതിനാൽ ഈവക രാജാക്കന്മാർ മുഖേനയുള്ള ആക്രമണം കൊള്ളയും ഇടക്കിടെ ഉണ്ടാകാറുള്ളതുകൊണ്ടു നല്ലൊരു സൈന്യത്തെ എപ്പോഴും കോട്ടകാവലിന്നു നിൎത്താറുണ്ടായിരുന്നു.

തിരുവലയവുംകൊണ്ടു പുറപ്പെട്ട പള്ളിപ്പാട്ടു പണിക്കർ വലിയ ബുദ്ധിമുട്ടൊന്നുംകൂടാതെ തലശ്ശേരിയിൽ എത്തി. ചൊവ്വരക്കാരൻ കോയസ്സൻ കേയിയെക്കണ്ടു വിവരം പറഞ്ഞു. രാജാക്കന്മാരേയും പ്രഭുക്കന്മാരേയും മൈസൂർ മുഹമ്മദീയസൈന്യങ്ങളുടെ പിടിയിൽനിന്നു രക്ഷിപ്പാൻ ചൊവ്വക്കാരൻ സ്വന്തകപ്പലിൽകയററി അവരെ തിരുവിതാംകൂറിലേക്കയച്ച വിവരം കേട്ടു ഹൈദർ സാമാന്യത്തിലധികം കോപിച്ചുവശായിരുന്നു. ഇനി സാമൂതിരിക്കു ഒരു സഹായം ചെയ്തതു കേട്ടാൽ തന്നെ ഉപദ്രവിക്കാതെ വിടുകയില്ലെന്ന ഭയത്തോടുകൂടി തിരുവലയം ഇംഗ്ലീഷുകാരുടെ കോട്ടയിൽ സൂ

ക്ഷിക്കയാണ് നല്ലതെന്നും സന്ധ്യ മയങ്ങിയാൽ ഉപായത്തിൽ കോട്ടയിൽപോയി കണ്ണൽ മക്ലോഡ് സായ്പിനെ ഏല്പിച്ചുകൊടുക്കുന്നതാണ് നല്ലതെന്നും കേയിയും ഉപദേശിച്ചു. അന്നു രാത്രി തലശ്ശേരിക്കോട്ടയുടെ കിഴക്കേവാതിൽ കാത്തിരുന്നത് കുപ്പോട്ട ശങ്കരൻനായരായിരുന്നു. കലാപകാലമായതുകൊണ്ടു സന്ധ്യ മയങ്ങിയാൽ ആരും പുറത്തിറങ്ങുന്ന സമ്പ്രദായമില്ല. കയ്യിൽ ഒരു തോക്കും പിടിച്ചു തെക്കും വടക്കുമായി നടക്കുന്ന ശങ്കരൻനായക്ക് ഇരുട്ടിൽക്കൂടി കോട്ടയ്ക്കുള്ളിൽനിന്നു ആരോ പുറത്തുവന്നു തന്നെ തുറിച്ചുനോക്കിക്കൊണ്ടു നില്ക്കുന്നുണ്ടെന്നു മനസ്സിലായി. തന്നെപ്പോലെ ഒരു ഭടനായ ഇരുട്ടടിമൂസ്സാൻകുട്ടിയായിരുന്നു അത്.

ശങ്കരൻനായർ—അല്ല! മൂസ്സാൻകുട്ടി! താനെന്താടൊ ഇങ്ങിനെ തുറിച്ചുനോക്കുന്നത്. നീയെന്താടൊ ഒരു 'ഫാല' എളുകിയോന്റെ കൂട്ട് കളിക്കുന്നത്?

മൂസ്സാൻകുട്ടി—അല്ല! ബലാലേ! മലാമക്കണ്ടൊടാ പുത്തീംഅക്കത്തും. സൂറള്ളാ! അയ്യല്ലും പറഞ്ഞിട്ടെന്താടൊ ബേണ്ടി. പന്നിയെളൊക്കീം മൂരിയർച്ചി ബയിപ്പിച്ചില്ലേ. അല്ല പന്നി! നിനിക്കി പൊയിസ്സു ബേണോ. സാമൂതിരിപ്പാട്ടിലെ കോളും കൊണ്ടു ഒരു കാപ്രെഇപ്പം കൊട്ടേക്ക് ബരും. ബേണങ്കി മാട്ടിക്കൊ.

ശങ്കര—അല്ലപ്പാ! നിനക്കെവിടുന്നാടൊ ഈ വർത്തമാനം കിട്ടിയത്. നീ വല്ലാത്ത ഒരു പകേനാണ്.

മൂ—കേയിന്റെ പാണ്ട്യാലേന്നു സൂപ്പികുട്ടിക്കാക്ക നാപ്പെബെക്കവന്നപ്പല്ലെ ഞമ്മക്കു ബിബരം പുടിയായത്. പടച്ചോനാണ് സത്ത്യം.

ശങ്കരൻ—ഈ നിധി കൊണ്ടുവരുന്ന വിവരം സായ്പ് അറിയില്ലേ?

മൂ—ഇല്ല നുവരെ!

ഇത്രയും പറയുമ്പോഴേക്കു ഒരാൾ തങ്ങൾക്കു അഭിമുഖ

മായി വരുന്നുണ്ടെന്നുതോന്നി. സ്വരൂപം അടുത്തെത്തി. മൂസ്സാകുട്ടിയുടെ തോക്കിൻെറ ചട്ടകൊണ്ടു ഒരടികൊണ്ടതും വീണതുംമാത്രമേ പള്ളിപ്പാട്ടുപണിക്കൎക്കു ഓൎമ്മയുള്ളു. കാൎയ്യം അപകടത്തിലായപ്പോൾ ശങ്കരൻനായൎക്കും അയ്യടാ എന്നായി. പറഞ്ഞിട്ടു് ഫലമില്ലല്ലൊ.പണിക്കരുടെ കയ്യിലുള്ള പെട്ടി കയ്യിലാക്കി, കോട്ടക്കുള്ളിൽ ഒരിടത്തു അടയാളംവെച്ചു കഴിച്ചിടലും പണിക്കരുടെ ശവംഎടുത്തു കടലിൽ ഇടലും ഒക്കെ അഞ്ചുനിമിഷംകൊണ്ടു കഴിഞ്ഞു. നേരം പുലൎന്നപ്പോൾ സാമൂതിരിപ്പാട്ടിലെ ഒററുകാൎയ്യസ്ഥൻ ശാമുപട്ടർ കണ്ണൽസായ്വിനെ കണ്ടു തിരുവലയത്തിൻെറ കാൎയ്യം ചോദിച്ചപ്പോഴല്ലെ സായ്വു് അമ്പരന്നതു്. തിരുവലയംകൊണ്ടു് തലേന്നു് രാത്രി എട്ടു മണിക്കു പള്ളിപ്പാട്ടു പണിക്കർ കോട്ടയിലേക്കു വരുന്നതു താൻ കണ്ടിരിക്കുന്നു എന്നു ശാമുപ്പട്ടർ ധൈൎയ്യമായി പറഞ്ഞു. ഒരു ശവം കടൽക്കരയിൽ അടിച്ചു കേറീട്ടുണ്ടെന്നും അതു പണിക്കരുടെ ശവമാണെന്നും തീൎച്ചയാക്കി. കേസ്സു തുമ്പുണ്ടാകുന്നവരെ കോട്ടപ്പടി കാവൽ ശങ്കരൻനായരെ ഇരുട്ടറയിൽ പിടിച്ചിടുവാനും കല്പനയായി.

ഒരാഴ്ച കഴിഞ്ഞു. ഇരുട്ടടി മൂസ്സാകുട്ടി പട്ടാളത്തിൽനിന്നു ചാടിപ്പോയിരിക്കുന്നു. എവിടെയാണെന്നു ആൎക്കും വിവരമില്ല. കാൎയ്യം ശങ്കരൻനായൎക്കെ നിശ്ചയമുള്ളു. മൂസ്സാകുട്ടി തോല്പിക്കുമെന്നു നായൎക്കു ഭയമുണ്ടായിരുന്നുവെങ്കിലും ആയാളിൽനിന്നു തിരുവലയത്തിനെപ്പററിയാകട്ടെ പണിക്കരുടെ മരണത്തെപ്പററിയാകട്ടെ യാതൊരു വിവരവും കണ്ണൽസായ്വിന്നു കിട്ടിയില്ല. ശങ്കരൻനായരെ സംശയിച്ചു ഉദ്യോഗത്തിൽനിന്നു പിരിക്കുക മാത്രമാണു് കണ്ണൽ ഒരു ശിക്ഷയായി കല്പിച്ചതു്. ഇതിന്നിടക്കു് സാമൂതിരിപ്പാടു് തമ്പുരാൻ പള്ളിയറക്കു് തീക്കൊടുത്തു് ആത്മഹത്യ ചെയ്ത വിവരം നാടെങ്ങും പരന്നു. ശാമുപട്ടർ എവിടെയാണെന്നു വിവരം ആൎക്കും ഇല്ല. കോവിലകം കത്തിയപ്പോൾ വില പിടിച്ച വള

രെ റിക്കാർട്ടുകളും ധനങ്ങളും നശിച്ച കൂട്ടത്തിൽ "തിരുവലയവും" നശിച്ചുവല്ലോ എന്നു വിചാരിച്ചു സാമൂതിരിപ്പാട്ടിലെ അനന്തിരവന്മാർ നന്നേ വ്യസനിച്ചു. ആക്ഷേപത്തിന്നാളില്ലാത്തതുകൊണ്ട് തലശ്ശേരി കോട്ടയിലും പിന്നെ അന്വേഷണം നടത്തിയില്ല.

ഇങ്ങിനെ കൊല്ലം പത്തു മുപ്പത്തഞ്ചു കഴിഞ്ഞു. ടിപ്പുസുൽത്താന്റെ മരണത്തോടുകൂടി മലയാളജില്ല ഈസ്റ്റിന്ത്യാ കമ്പനിക്കധീനമായി കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ശാമുപ്പട്ടർ കല്പാത്തിയിൽ ഒരു പ്രസിദ്ധ പണം ഇടപാട്ടുകാരനാണ്. ഇദ്ദേഹത്തിന്നു ഇത്രയൊക്കെ ഐശ്വര്യം വർദ്ധിച്ചത് എങ്ങിനെയെന്ന് ആർക്കും വിവരമില്ല. നാലഞ്ചു ദിവസമായി ശാമുപ്പട്ടർക്ക് നല്ല ദേഹസുഖമില്ല. രാത്രിയായാൽ എന്തോ പുറത്തുനിന്നു ശബ്ദം കേൾക്കുന്നത് എന്നൊക്കെ മക്കളോടു ചോദിക്കും. ഉറക്കമില്ല. സുൽത്താൻപേട്ടയിൽവെച്ചു ഒരു താടിക്കാരൻ മാപ്പിളയെ കണ്ടുവെന്നും, അപ്പോൾ ശാമുപ്പട്ടർക്ക് മോഹാലസ്യമായെന്നും, വാല്യക്കാരൻ വെള്ളം കൊണ്ടുവന്നു മുഖത്തു തളിച്ചു, മോഹാലസ്യം തീർന്നപ്പോൾ ഒന്നാമത് ഭയത്തോടെ ചോദിച്ചത് മാപ്പിള എവിടെ പോയെന്നായിരുന്നുവെന്നും വാല്യക്കാരൻ മഠത്തിൽവെച്ചു പറകയുണ്ടായിട്ടുണ്ട്. ഒരു ദിവസം രാവിലെ, ശാമുപ്പട്ടരെ ആരോ കുത്തിക്കൊന്നുവെന്നും, ശാമുപ്പട്ടർ വളരെ ഭക്തിയോടെ വെച്ചുവരുന്ന ഒരു വിഗ്രഹപ്പെട്ടി കളവു ചെയ്തു പോയെന്നും, കള്ളനെ പിടികിട്ടീട്ടില്ലെന്നും ഉള്ള ധ്വനി പാലക്കാട്ടെങ്ങും പരന്നു. തിരുവില്വാമല ക്ഷേത്രത്തിൽ പരദേശിയുടെ വേഷം എടുത്തു പാർത്തിരുന്ന ശങ്കരൻനായരെ പിറേറന്ന് കണ്ടത് പാലക്കാട്ടാണ്. ശാമുപ്പട്ടരുടെ വാല്യക്കാരനെ കണ്ട് മാപ്പിളയുടെ വൃത്താന്തം ചോദിച്ചു മനസ്സിലാക്കുവാൻ അധികം ബുദ്ധിമുട്ടുണ്ടായില്ല. അന്വേഷിച്ചതിൽ, (ശാമുപ്പട്ടർ മരിച്ചതിന്നു പിറേറ ദിവസം, ഒരു മാപ്പിള മണ്ണാർക്കാട്ടേക്കുള്ള നിരത്തിൽ

കൂടി പോകുന്നതായി കണ്ടവരുണ്ട് മണ്ണാക്കോട്ടുനിന്നു അതൊ ടിപ്പുറത്തെക്കും അവിടെനിന്നു പട്ടാമ്പിയിൽകൂടി തൃത്താലവ ഴി പൊന്നാനിവരെയും ഇരുട്ടടി മൂസ്സാംകുട്ടിയെ ശങ്കരൻനാ യർ പിന്തുടൎന്നു. മൂസ്സാംകുട്ടി തോണിക്കടവിൽവെച്ചു ശങ്ക രൻനായരുടെ വരവു കണ്ടു. മുപ്പത്തഞ്ചു കൊല്ലമായി ത മ്മിൽ പിരിഞ്ഞ തന്റെ കൂട്ടാളിയെ കണ്ടപ്പോൾ ഒന്നു ഞെട്ടി. വേഗം അഴിമുഖം കടപ്പാൻ പോകുന്ന ഒരു തോ ണിയിൽ കയറി. അടുത്ത മറ്റൊരു തോണിയിൽ ശങ്കരൻ നായരും കയറി. മൂസ്സാംകുട്ടി കയറിയ തോണിക്കടുത്തെത്തി ച്ചാൽ ഇന്നാം കൊടുക്കാമെന്നായി ശങ്കരൻനായർ. പുഴമ ദ്ധ്യത്തിൽവെച്ചു തോണി രണ്ടും കൂട്ടിമുട്ടി.

ശങ്കരൻനായർ— അല്ല! മൂസ്സാംകുട്ടി!! മുപ്പത്തഞ്ചു കൊല്ലമാ യിതെരഞ്ഞു ഇന്നു കണ്ടുമുട്ടിയല്ലോ. താൻ ഇത്ര നീചനാ ണെന്നു വിചാരിച്ചിരുന്നില്ല.

മൂ— താമരച്ചേരി ചൊരത്തിൻനാട്ടുന്നല്ലെ ആ ഹബ്ബൃജംല പുടിച്ച പട്ടര് ഞമ്മളെ ബായിൽ മണ്ണാക്കി ഒാടിക്കള ഞ്ഞത്. ബിസ്മില്ലാ! പിന്ന്യ ആ ചെയിത്താനെ ധുനി യാവിന്റെനാത്ത എടെല്ലാം തിരഞ്ഞി. ഇപ്പല്ലൊടാ പൊ യിസ്സു കൊടുക്കണ്ടി. കല്ലത്തൊന്നും ഉണ്ടാക്കണ്ട ഇത് ഞ മ്മക്ക് തന്നെ ബേണം.

ശ-നാ— ബൌദ്ധനായ തനിക്ക് അതുകൊണ്ടു ഉപയോഗ മില്ല. അതു എനിക്കു തന്നേക്കു!

ഇത്രയും പറയുമ്പോഴെക്കു വേറെ ഒരു തോണിവന്നു മൂ സ്സാംകുട്ടി നില്ക്കുന്ന തോണിക്കു മുട്ടി. മൂസ്സാംകുട്ടി കാലുതെറ്റി വെള്ളത്തിൽ വീണപ്പോൾ പിന്നാലെ ശങ്കരൻനായരും ചാ ടി. "തിരുവലയംപെട്ടി" രണ്ടാളും മുറുക്കിപ്പിടിച്ചു. ജീവൻ രക്ഷിക്കേണ്ട മാൎഗ്ഗമല്ല നോക്കിയത്. തോണിക്കാരൻ വി ചാരിച്ചിട്ടു യാതൊരു ഫലവുമുണ്ടായില്ല. ഭാരതപ്പുഴയും പൊന്നാനിക്കടലും കൂട്ടിമുട്ടുന്ന അഴിമുഖം ചിലപ്പോൾ അ

ങ്ങിനെയാണ്. മൂസ്സാംകുട്ടിയേയും ശങ്കരൻനായരേയും പിന്നെ ജീവനോടെ ആരും കണ്ടിട്ടില്ല. തിരുവലയം അവരോടുകൂടി അഴിമുഖത്ത് താണുപോയിട്ടുണ്ടെന്നാണ് ഇപ്പോഴത്തെ വിശ്വാസം.

## കുടിപ്പക.

കൊല്ലവഷം ഇപ്പോൾ രണ്ടു നൂററാണ്ടു കഴിഞ്ഞിരിക്കുന്നു. എന്നാലും, 858_ാമാണ്ടിൽ (1683) മകരം 3_ാംനു-മുതൽ തിരുനാവായയെ വെച്ചു നടത്തിയ മഹാമഹമെന്ന തയ്പ്പൂയോത്സവം മറക്കാറായിട്ടില്ല. മാമാങ്കം എന്ന ക്രിയ തിരുനാവായയെ വെച്ച് ഒന്നേ പിന്നെ കഴിഞ്ഞിട്ടുള്ളു. സാമൂതിരിയും, മങ്ങാട്ടച്ചനും, തിനയഞ്ചേരിയും, അകമ്പടിജനവും, ലോകരും, 'ചാവർ'മാരും ഒന്നും അതിനുശേഷം തിരുനാവായയെ വെച്ച് ഒത്തുകൂടുകയുണ്ടായിട്ടില്ല. ഒടുവിലത്തെ മാമാങ്കത്തിനുശേഷം വല്ലതും 'കിഞ്ചിൽശേഷ'മായി നിന്നിട്ടുണ്ടെങ്കിൽ അതു കുടിപ്പക മാത്രമായിരുന്നു. 858_ാമാണ്ടു മകരത്തിൽ നടത്തിയ മാമാങ്കത്തിന്നു ചാവർവ്രതം(1)എടുത്തുപോയ ചന്ദ്രാട്ടിൽ കണ്ടരുമേനവനേയും അകമ്പടിക്കാരേയും വഴിക്കൽ തടഞ്ഞുപിടിച്ചുകെട്ടി മാമാങ്കം കഴിഞ്ഞതിന്നുശേഷം അവരെ വാളിന്നിരയാക്കിയതു സാമൂതിരിപ്പാട്ടിലെപ്രധാനമന്ത്രി മങ്ങാട്ടു രാമനച്ചന്റെ കല്പനപ്പടിയായിരുന്നുവത്രെ. കണ്ടരുമേനവനെ ചതിച്ചുകൊന്നതിന്നു പകവീട്ടുവാൻ പിന്നെ ആരാണ് ഉള്ളത്. അക്കാലത്തൊക്കെ ഒരുവൻ മററൊ

(1) ഈ മാമാങ്കത്തിന്നു വള്ളുവനാട്ടുകാരായ 1 ചന്ദ്രാട്ടിൽ പണിക്കർ, 2 പുതുമണ്ണ് പണിക്കർ, 3 കോല്ക്കാട്ടു പണിക്കർ, 4 വേർക്കോട്ടു പണിക്കർ, ഈ നാലു വീട്ടുകാർ ചാവർവ്രതം എടുത്തതായി റിക്കാർട്ടുണ്ട്.

രുവനെ ധർമ്മയുദ്ധത്തിലല്ലാതെ കൊന്നാൽ, മരിച്ചവൻെറ ശവം കൊന്നവൻെറ വീട്ടിൽ കൊണ്ടിട്ട് വീടിന്നു തീക്കൊടുത്തു ശവദാഹം കഴിപ്പിക്കയായിരുന്നു നാട്ടുനടവടി. നാടുവാഴുന്നതു സാമൂതിരിപ്പാടും, കണ്ടരുമേനവനെ വെട്ടിക്കൊല്ലാൻ കല്പന കൊടുത്തതു മങ്ങാട്ടച്ചനും, വെട്ടിക്കൊല്ലിച്ചതു മങ്ങാട്ടച്ചൻെറ മകൻ ധർമ്മോത്ത് ചെറിയ പണിക്കരും ആണെന്നുവന്നാൽ പിന്നെ അവിടെയുണ്ടോ വള്ളുവനാട്ടുകാർക്കു 'കുടിപ്പക' വീട്ടാൻ തരം കിട്ടുന്നു!

കാരണവൻ കണ്ടരുമേനവൻെറ മരണവർത്തമാനം അനന്തിരവൻ ഇട്ടിരാരിശ്ശൻ കേട്ടതു നാലഞ്ചുദിവസം കഴിഞ്ഞതിന്നു ശേഷമാണ്. താൻ പത്തുപതിനാറു വയസ്സു മാത്രം പ്രായംചെന്ന ഒരു ചെറുപ്പക്കാരനാണെങ്കിലും ഈ ചതിക്കു പ്രതിക്രിയചെയ്കല്ലാതെ തറവാട്ടിൽ കയറുന്നതല്ലെന്നു പ്രതിജ്ഞയും ചെയ്ത് വീട്ടിൽനിന്നു പടിയിറങ്ങി. അമ്മയായ ഉണ്ണൂലി അമ്മയുടെ മുറവിളിയും ഉപദേശവുമൊന്നും മകൻെറ ചെവിയിൽ കടന്നില്ല. കൊല്ലം പിന്നെയും പന്ത്രണ്ടുകഴിഞ്ഞു. ഒട്ടവിലുത്തെ മാമാങ്കം കഴിഞ്ഞു. ഇട്ടിരാരിശ്ശൻെറ കുടിപ്പക മാത്രം പിന്നെയും ബാക്കിയായി കിടക്കുന്നു.

പറങ്കികൾ എന്നു പറയപ്പെട്ടിരുന്ന പോർത്തുഗീസ്സുകാരുടെ ആധിപത്യം ക്രമേണ ക്ഷയിച്ച് ലന്തക്കാരെന്നു പറയപ്പെട്ടിരുന്ന ഡച്ചുകാരുടെ ഐശ്വര്യം മൂർദ്ധന്യത്തിലെത്തിയിരിക്കുന്നു. കച്ചവടത്തിന്നായി മലയാളക്കരയിൽ കയറിക്കൂടിയ ഈ വിദേശീയർ, കച്ചവടത്തിൽ അവരവൎക്കു ജയംനേടേണമെന്ന നിലയിൽ അന്യോന്യം മത്സരിച്ച് കേരളീയരെ ഇവരുടെ മത്സരക്കളിയിൽ ഭാഗഭാക്കുകളാക്കി തമ്മിൽത്തല്ലിച്ചും പരിഷ്കൃതരീതിയിലുള്ള യുദ്ധസാമഗ്രികൾ ഇറക്കുമതി ചെയ്ത് ശത്രുപക്ഷക്കാരെ കുഴക്കിയും ദേശവാഴിയെ നാടുവാഴിയാക്കിയും നാടുവാഴിയെ രാജാവാക്കിയും രാജാക്കന്മാരെ ഇരപ്പാളികളാക്കിയും,ഇങ്ങിനെ കേരളമൊക്കെക്കുട്ടിക്കലക്കിമറിച്ചു

കാലമായിരുന്നു ഇത്. 1661-മുതൽ പറങ്കികളുടെ ആധിപത്യത്തിന്നു ക്ഷയം തുടങ്ങി. അക്കാലത്തെ കൊച്ചിത്തമ്പുരാനെ രാജ്യഭ്രഷ്ടനാക്കി അവിടത്തെ ഇളയമ്മത്തമ്പുരാനെ റാണിയാക്കിയ പോൎത്തുഗീസ്സുകാരോടെതിൎപ്പാൻ ഇക്കാലത്താണല്ലോ പാലിയത്തച്ഛൻ തമ്പുരാൻെറ ഭാഗംനിന്നു ലന്തക്കാരെ കൊച്ചിയിൽ കടത്തിയതും, മട്ടാഞ്ചേരിയിൽവെച്ചു റാണിത്തമ്പുരാട്ടിയെ തടവുകാരിയാക്കി പിടിച്ചതും, തമ്പുരാനു രാജ്യം കീഴടക്കികൊടുത്തതും. അന്നുമുതൽ, പോൎത്തുഗീസ്സുകാരുടെ രക്ഷയിൽ കിടന്നിരുന്ന കൊച്ചിരാജ്യം ലന്തക്കാൎക്കധീനമായി. ലന്തക്കാരുടെ ഐശ്വൎയ്യം വൎദ്ധിച്ച് 1680-ൽ മൂൎദ്ധന്യത്തിലെത്തി. പിന്നെ ക്രമേണ അധഃപതനമാൎഗ്ഗത്തിലേക്കു കാൽവെച്ചു. ഈ അവസരത്തിൽ ഇംഗ്ലീഷുകച്ചവടക്കാർ അഞ്ചുതെങ്ങ്, കോഴിക്കോട്, തലശ്ശേരി, കണ്ണൂര് ഇവിടങ്ങളിൽ ഓരോ പാണ്ടികശാലകൾ കെട്ടിക്കഴിഞ്ഞിരിക്കുന്നു. ബിലാത്തിയിൽ ലന്തക്കാരും ഇംഗ്ലീഷുകാരും യുദ്ധം തുടങ്ങിയാൽ മലയാളത്തിലെ ലന്തക്കാരും ഇംഗ്ലീഷുകാരും നായയുടെയും പൂച്ചയുടെയും മട്ടിലായി. ഒരു പക്ഷക്കാർ സാമൂതിരിയെ പാട്ടിലാക്കും; മറേറ പക്ഷക്കാർ കൊച്ചി തമ്പുരാനെ കൈവശപ്പെടുത്തും. ബിലാത്തിയിൽ നടത്തുന്ന യുദ്ധംപോലെ, ലന്തക്കാൎക്കും ഇംഗ്ലീഷുകാൎക്കും വേണ്ടി കൊച്ചിത്തമ്പുരാനും സാമൂതിരിപ്പാടും തമ്മിൽ ഇവിടെയും യുദ്ധം തുടങ്ങും. ഇങ്ങിനെയുള്ള തമ്മിൽത്തല്ലു കാലത്താണ് നമ്മുടെ കഥ നടന്നത്.

1691-ൽ ചേററുവായ ലന്തക്കാർ സാമൂതിരിപ്പാട്ടിലേക്കു വിട്ടൊഴിഞ്ഞുകൊടുക്കേണ്ടിവന്നു. ചേററുവായ കീഴടങ്ങിയമുതൽ സാമൂതിരിപ്പാട്ടിലേക്കു കൊച്ചിത്തമ്പുരാൻെറ രാജ്യങ്ങൾ ആക്രമിപ്പാൻ നല്ല സൌകൎയ്യവുമായി. കൊച്ചിത്തമ്പുരാനെ സാമൂതിരിപ്പാട്ടിലെ ആക്രമത്തിൽനിന്നുരക്ഷിപ്പാൻ ലന്തക്കാർ ചേററുവായ അതിൎത്തിക്കു തെക്കുവശം വെച്ച്

ദ്വീപിൽ ഒരു കോട്ടകെട്ടിയുണ്ടാക്കേണ്ടിവന്നു. അവിടെ കൊച്ചിത്തമ്പുരാൻെറയും ലന്തക്കാരുടെയും കുറെ സൈന്യങ്ങളെ എപ്പോഴും പാൎപ്പിക്കുകയും പതിവായി. സാമൂതിരിപ്പാട്ടിലേക്ക് ഇംഗ്ലീഷുകച്ചവടക്കാരുടെ മേധാവിയായ റോബർട്ട് ആഡംസാന്റ് പിന്നിലുമുണ്ട്.

കൊല്ലം 872_ാമാണ്ട് വൃശ്ചികമാസമാണ്. തുലാവഷം കഴിഞ്ഞ് അല്പം മഞ്ഞും തണുപ്പും തുടങ്ങിയിരിക്കുന്നു. ഇട്ടിരാരിശ്ശമേനവൻ ഗുരുവായൂർ ക്ഷേത്രത്തിലെ ഒരു ഭജനക്കാരനാണ്. ഈ ഭജനം ഈശ്വരനെ പ്രത്യക്ഷമാക്കാനൊ, അല്ല ചന്ദ്രാട്ടിൽ കണ്ടരുമേനവനെ കൊന്ന ധമ്മോത്ത് ചെറിയ പണിക്കരെ കാണ്മാനോ, അതല്ല ഉളനാട്ട് ഇട്ടിക്കോമപ്പണിക്കരുടെ മകൾ കുമ്മിണിക്കുട്ടിയെ സംബന്ധം കഴിപ്പാനോ, അതുമല്ല പാലിയത്തച്ചൻെറ ദൂതനായി സാമൂതിരിപ്പാട്ടിലെ തന്ത്രങ്ങൾ മനസ്സിലാക്കുവാനോ എന്തോ ആൎക്കും നിശ്ചയമില്ല. ധമ്മോത്ത് ചെറിയ പണിക്കരെ, ചേററുവായ നിത്തിയ നായന്മാരായ ഭടന്മാരുടെ നായകനായി സാമൂതിരിപ്പാട നിശ്ചയിച്ചിട്ട് ഇപ്പോൾ മാസം ആറു കഴിഞ്ഞിരിക്കുന്നു. ധമ്മോത്ത് പണിക്കർ ചേററുവായക്ക വരുമ്പോൾ അച്ചനോട് (മങ്ങാട്ടച്ചനോട്) ഉളനാട്ട മൂത്തപണിക്കൎക്കു ഒരു ശിപാൎശിക്കത്തും കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ധമ്മോത്ത്പണിക്കർ ലന്തക്കാരുടെ കോട്ടയാക്രമിപ്പാൻ തക്കംനോക്കുകയായിരുന്നു. ഇയ്യിടയിൽ പുന്നത്തൂർ തമ്പുരാനെ കാണ്മാൻ കോട്ടപ്പടിക്കും, ആ വഴിക്ക് അച്ചൻെറ സ്നേഹിതനായ ഉളനാട്ട പണിക്കർ താമസിക്കുന്ന ഗുരുവായൂരെ ഭവനത്തിലും പോക പതിവായിരുന്നു.

കുമ്മിണിക്കുട്ടിയുടെ കുളിച്ചുതൊഴാൻ പോക്കിന് കുറച്ചു ദിവസമായി നല്ല കൃത്യമുണ്ടായിവന്നിട്ടുണ്ട്. വാകച്ചാൎത്തലിന് എങ്ങിനെയായാലും ഗുരുവായൂരമ്പലത്തിൽ എത്താതിരിക്കയില്ല. തണുപ്പു നന്നെയുണ്ടെങ്കിലും ഇട്ടിരാരിശ്ശമേനവ

നെ കണ്ടു സംസാരിപ്പാനുള്ള അവസരം വേറെ കിട്ടാൻ തരമില്ല. എല്ലാവരും ജപിച്ചു പ്രദക്ഷിണം വെക്കുമ്പോൾ കുമ്മിണിക്കുട്ടിയും ഇട്ടിരാരിശ്ശമേനവനും തമ്മിൽ എന്തോ ഗൌരവമായി സംസാരിച്ചുകൊണ്ടിരിക്കുന്നതായി കാണാം. താടിയും തലയും വളൎത്തി സന്ന്യാസിയായി നടക്കുന്ന ഇട്ടിരാരിശ്ശമേനോൻ പതിനെട്ടു വയസ്സായ കുമ്മിണിക്കുട്ടിക്കു മുക്തിമാൎഗ്ഗം ഉപദേശിച്ചുകൊടുക്കുകയാണെന്നല്ലാതെ മറിച്ചു വല്ലതും സംശയിപ്പാൻ തരമുണ്ടോ? ഇട്ടിരാരിശ്ശമേനവന്റെ കഥയൊക്കെ കുമ്മിണിക്കുട്ടി അറിഞ്ഞിട്ടുണ്ട്. അയാളുടെ സ്ഥിതി എങ്ങിനെയെന്നും എന്തിനായിട്ടാണ് ജോനക്കാരന്റെ വേഷം കെട്ടിയതെന്നും അവൾക്കറിയാം. കൊച്ചിത്തമ്പുരാനും ലന്തക്കാരുംകൂടി ചാവക്കാടുഖണ്ഡം ഉടനെ പിടിച്ചടക്കുമെന്നും, പിന്നെ സാമൂതിരിപ്പാട്ടിലെയോ ആൾക്കാരെയോ ഭയപ്പെടേണ്ടതില്ലെന്നും, തങ്ങൾക്കു സുഖമായി കൂടാമെന്നും കുമ്മിണിക്കുട്ടിയെ പറഞ്ഞു മനസ്സിലാക്കീട്ടുണ്ട്. പാവം! പെൺകുട്ടിയല്ലേ, എന്തുചെയ്യും?

ഇട്ടിരാരിശ്ശമേനോൻ—വീട്ടിന്റെ പടി കയറീട്ട് കൊല്ലം പതിന്നാലായി. ധൎമ്മോത്ത് പണിക്കരുടെ നെഞ്ഞത്ത് എന്റെ കട്ടാരം എല്ലിക്കലും പാലിയത്തച്ചന്റെ ആവശ്യം നിവൃത്തിക്കലും കഴിഞ്ഞാൽ, കുമ്മിണിക്കുട്ടിയുടെകൂടെ ഇവിടെ സുഖമായി താമസിക്കേണമെന്നേ എനിക്കു മോഹമുള്ളു. ഗുരുവായൂരപ്പൻ അതിന്നു കടാക്ഷിക്കാതിരിക്കുമോ?

കുമ്മിണിക്കുട്ടി—ആവോ, എനിക്കൊന്നും അറിഞ്ഞുകൂടെ ഈശ്വരാ! അച്ഛനും ധൎമ്മോത്ത് പണിക്കരും വല്യ ലോഗ്യത്തിലാണ്. അമ്മാളു ഏട്ടത്തിക്കും പണിക്കരെ വല്യ പത്ഥ്യമാണ്. ഈ കൂട്ടത്തിന്നും കുറിക്കൊന്നാം ഞൊന്നാളല്ലപ്പാ. അച്ഛൻ ഇതൊക്കെ അറിഞ്ഞാൽ എന്നെ കൊന്നുകളയും.

ഇട്ടിരാരിശ്ശമേനോൻ—കുമ്മിണിക്കുട്ടി ഇത്ര ഭീരുവാണെന്നറിഞ്ഞിരുന്നുവെങ്കിൽ —ഉം, പെണ്ണുങ്ങളുടെ കാര്യം അങ്ങിനെയാവാനെ തരമുള്ളു. ഞാൻ കണ്ടരുമേനോവന്റെ മരുമകനാണെന്നും പാലിയത്തച്ഛന്റെ ദൂതനാണെന്നും ഇന്നുതന്നെ അച്ഛനെ അറിയിക്കുകകൂടി വേണം, എന്നാൽപിന്നെ നാളെ രാവിലെ മമ്മിയൂർ പാടത്ത് എന്റെ ശവസംസ്കാരം കാണ്മാൻ കുമ്മിണിക്കുട്ടി വന്നാൽമതി.

ഈ പറഞ്ഞതു കുറെ കടന്നുപോയെന്നു ഇട്ടിരാരിശ്ശമേനവന്നു തോന്നി. കുമ്മിണിക്കുട്ടിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു കഴിഞ്ഞു. തൊണ്ട ഇടറി. ഒന്നും മറുവടി പറയാൻ വയ്യാതെയായി. താൻ എത്രയോ വിശ്വസിച്ച്, അച്ഛനേയും ജ്യേഷ്ഠത്തിയേയും കബളിച്ച് പല ഗോപ്യമായ വർത്തമാനങ്ങളും പറഞ്ഞുകൊടുത്തിട്ടുള്ളതിന്റെ പ്രതിഫലം ഇതാണോ എന്ന പശ്ചാത്താപത്തോടുകൂടി അധോമുഖിയായി നില്ക്കുന്നതിനിടയിൽ ദാസി തീൎത്ഥക്കിണ്ടിയും കൊണ്ട് അടുത്തെത്തിത്തുടങ്ങി. “ദിവസവും ഉറങ്ങാൻ പോകുന്നതിന്നു മുമ്പായി പടിപ്പുരവാതലിന്റെ മേല്പടിയുടെ തെക്കെ വശം വല്ലതും ഉണ്ടോ എന്നു നോക്കണേ” എന്നു മാത്രം പറഞ്ഞ് ക്ഷേത്രവാസി ഇട്ടിരാരിശ്ശമേനോൻ ഒരു ഭാഗത്തേക്കു മാറി ത്തിരിഞ്ഞു. കുമ്മിണിക്കുട്ടി വീട്ടിലേക്കും പോയി.

ഈ സംഭവം കഴിഞ്ഞിട്ട നാലഞ്ചുദിവസം കഴിഞ്ഞതിന്നുശേഷം ഒരു ദിവസം അമ്മാളുവും അനുജത്തി കുമ്മിണിക്കുട്ടിയും വടക്കിനിയിൽ ഉണ്ണാനിരിക്കുന്നു. ഇവരുടെ അമ്മയായ ശ്രീദേവിഅമ്മ കുളിയും ജപവും കഴിഞ്ഞ് ‘ധൎമ്മോത്ത് പണിക്കരുടെ വാല്യക്കാരനു ചോറു കൊടുത്തുവൊ?’ എന്ന ചോദ്യവും ചോദിച്ച് വടക്കിനിയിൽ കടന്നു. ‘ധൎമ്മോത്ത് പണിക്കർ’ എന്ന പേരു കേട്ടപ്പോൾ അമ്മാളുവും കുമ്മിണിക്കുട്ടിയും രണ്ടാളും ഒന്നു ഞെട്ടി. ഇവർ രണ്ടാൾക്കും ഇയ്യാളുടെ പേരു രണ്ടു വിധത്തിലാണ് വികാരമുണ്ടാക്കിയത്. ‘പണി

ക്കര് എവിടെ' എന്നു രണ്ടു മക്കളുംകൂടി ഒപ്പം അമ്മയോടു ചോദിച്ചു. 'അച്ഛൻ ഉണ്ണാൻ വന്നപ്പോൾ ഒന്നും പറഞ്ഞില്ലേ' എന്നും പറഞ്ഞ് ശ്രീദേവിഅമ്മ അടുക്കളയിലേക്കു പോയി.

കമ്മിണിക്കുട്ടി— ധൎമ്മോത്ത് പണിക്കരുടെ ഈ പോക്കുവരവും തലപ്പിള്ളി നായന്മാരുടെ ഒരുക്കവും ഒക്കെക്കാണുമ്പോൾ എന്തൊക്കെയോ കലാപം അടുത്തുവരുന്നതുപോലെതോന്നുന്നു. അങ്ങേലെ രാമൻ നായരല്ലേ ഇന്നലെ അച്ഛൻെറ ലന്തത്തോക്കുകളൊക്കെ തുടച്ചു വൃത്തിയാക്കി കോട്ടയിലേക്കു കൊണ്ടുപോയത്! ഇതൊന്നും എനിക്കു മനസ്സിലാവുന്നില്ല.

അമ്മാളു— ഇതൊന്നും നിനക്കും എനിക്കും മനസ്സിലാകേണ്ടതല്ല. നീ ചിലപ്പോൾ ഓരോന്നു ചോദിക്കുന്നതു കേട്ടാൽ ഞാൻ ഇതൊക്കെ അറിഞ്ഞോളണമെന്നുണ്ടെന്നു തോന്നുന്നു.

കമ്മിണിക്കുട്ടി—ഇന്നാളല്ലേ ഏട്ടത്തി അച്ഛനും പണിക്കരും ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ എന്നെ അടുക്കളയിൽ ആക്കി തെക്കിനിയിൽ പോയി നിന്നത്? ഏട്ടത്തി അറിഞ്ഞുപോലും അറിഞ്ഞില്ല പോലും—എനിക്കെന്താ?

അമ്മാളു—നിന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ല. ലന്തക്കാരുടെ പാണ്ടികശാലയിൽ നിന്ന് നിണക്കും എനിക്കും ഒരു പുതിയതരം വസ്ത്രം വരുത്തുവാൻ പണിക്കരെ അച്ഛൻ പറഞ്ഞേല്പിക്കയും, ആ വസ്ത്രത്തിൻെറ നീളവും വീതിയും പറവാൻ എന്നെ വിളിച്ചിട്ടു ഞാൻ പോകയുമാണുണ്ടായത്.

ഇത്രയും പറഞ്ഞവസാനിക്കുമ്പോഴക്കും ധൎമ്മോത്ത്പണിക്കരുടെ വാല്യക്കാരന് ഇലയുംവെച്ച് ശ്രീദേവി അമ്മതന്നെ ചോറു വിളമ്പാൻ വന്നുതുടങ്ങിയിരിക്കുന്നു. പണി

ക്കർ വൈകുന്നേരം ഉണ്ണാൻ അവിടെ എത്തുമെന്നും, അടിയന്തരമായി ചിലർ കൊഴിക്കോട്ടുനിന്നു വന്നിട്ടുണ്ടെന്നും, അവർ പുന്നത്തൂർ തമ്പുരാനെ കാണ്മാൻ പോയിരിക്കയാണെന്നും അമ്മാളുവും കുമ്മിണിക്കുട്ടിയും വേഗത്തിൽ മനസ്സിലാക്കി. കുമ്മിണിക്കുട്ടിയുടെ നെഞ്ഞ് ഇടിച്ചുതുടങ്ങി. എന്തൊ ചില ആപത്തുകൾ സംഭവിപ്പാൻ പോകുന്നുണ്ടെന്ന് ഒരു സംശയം ഉള്ളിൽ കടന്നുകൂടി.

സന്ധ്യ മയങ്ങിയപ്പോഴെയ്ക്കും ധർമ്മോത്ത് പണിക്കരും രണ്ടകമ്പടിക്കാരും എത്തിക്കഴിഞ്ഞു. ഉളനാട്ട് മൂത്തപണിക്കരും ധർമ്മോത്ത് ചെറിയ പണിക്കരും തെക്കിനി മാളികമേലിരുന്ന് എന്തൊക്കെയൊ സ്വകാര്യം പറകയായിരുന്നു. 'കുട്ടികൾ കുളിച്ചുവന്നാൽ പടിവാതിലടയ്ക്കണം' എന്നു മൂത്തപണിക്കർ മുകളിൽനിന്നു വിളിച്ചുപറകയും ഉണ്ടായിട്ടുണ്ട്. കുളിച്ചുവരുമ്പോൾ പടികടന്നത് ഒന്നാമത് കുമ്മിണിക്കുട്ടിയായിരുന്നു. പിന്നാലെ അമ്മാളുവും കടന്നു. പടിവാതിലടയ്ക്കുമ്പോൾ ഒരു ഓലക്കഷണം താഴെ വീണു. ഉടനെ കുമ്മിണിക്കുട്ടി അതു കയ്യിലെടുത്ത് അകത്തുപോയി ഈറൻ മാറുമ്പോൾ വെട്ടിപ്പുറത്തുവെച്ചു. ഇതിലിടയ്ക്കു ശ്രീദേവി അമ്മ അകത്തു കടന്ന് ഒരു തൂക്കുവിളക്കു കത്തിച്ച് കുമ്മിണിക്കുട്ടിയുടെ കയ്യിൽകൊടുത്തു തെക്കിനി മാളികയുടെ മുകളിൽ കൊണ്ടുവെക്കുവാൻ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഈ ഓലക്കഷണം കുമ്മിണിക്കുട്ടി എടുക്കുന്നതും വെട്ടിപ്പുറത്തു വെക്കുന്നതും കൂടെയുണ്ടായിരുന്ന അമ്മാളു കണ്ടിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലൊ. ഈറൻ മാറിയതിന്നു ശേഷം കുമ്മിണിക്കുട്ടി മടങ്ങിവരുന്നതുവരെ തനിക്കു പ്രത്യേകം ജോലിയൊന്നും ഇല്ലാത്തതുകൊണ്ടു, ഈ ഓലക്കഷണം എന്താണെന്നു വിളക്കിന്നരികെ കൊണ്ടുവന്നു വായിച്ചു നോക്കി.

'ശത്രു ഇന്നു രാത്രി അവിടെയാണ് കിടപ്പ്. കയ്യിലുള്ള റിക്കാർട്ടു കിട്ടിയാൽ ഞാൻ കൃതാർത്ഥനായി. പടിവാതി

ലും തെക്കിനിയുടെ വാതിലും തുറന്നു വെക്കണെ. രാത്രി പതിനഞ്ചു നാഴിക— എന്ന് ഇ.'

ഇത്രമാത്രമാണ് എഴുത്ത്. ഈ എഴുത്തു വേഗം പെട്ടിപ്പുറത്തുവെച്ചു അടുത്തുള്ള കട്ടിലിന്മേൽ കമിഴ്ന്നു കിടന്ന് അമ്മാളു ആലോചനയായി. കമ്മിണിക്കുട്ടി അകത്തു കടന്ന ഉടനെ പെട്ടിപ്പുറത്തേക്കു നോക്കുന്നതും അവിടെ കിടന്നിരുന്ന കത്തെടുത്തു മടിയിൽ വെക്കുന്നതും അമ്മാളു കണ്ടിരിക്കുന്നു. 'എന്താ ഏട്ടത്തി കിടക്കണ്?' എന്നു ചോദ്യവും, 'ഏ! ഒരു തല വേദന, സാരമില്ല' എന്നു മറുവടിയും കഴിഞ്ഞു വേഗം ഈ എഴുത്തു വായിക്കേണ്ടും ധൃതഗതിയോടുകൂടി കമ്മിണിക്കുട്ടി മറ്റൊരകത്തേക്കു പോകയും ചെയ്തു.

ഈ എഴുത്തിലെ വാചകം ആലോചിക്കുംതോറും അമ്മാളുവിന്നു വ്യസനം വർദ്ധിച്ചു തുടങ്ങി. 'ഈ എഴുത്ത് ആരെഴുതി, ആർക്കെഴുതി, ഈ എഴുത്തു പടിവാതിലിന്മേൽനിന്നു വീണപ്പോൾത്തന്നെ അമ്മുക്കുട്ടി എടുപ്പാനും പിന്നെ പെട്ടിപ്പുറത്തുവെച്ച ദിക്കിൽനിന്ന് എടുത്തുകൊണ്ടു പോകുവാനും എന്താണ് കാരണം, ഇവളുടെ കൂട്ടുകെട്ടു ആരറിഞ്ഞു, ധമ്മോത്ത് പണിക്കരെ സംബന്ധിച്ചാണ് ഈ എഴുത്ത് എഴുതീട്ടുള്ളതെന്നതിന്നു യാതൊരു സംശയവുമില്ല, അച്ഛന്റെ മിത്രവും സാമൂതിരിപ്പാട്ടിലെ ആളും, മങ്ങാട്ടച്ഛന്റെ മകനും തന്റെ— ധമ്മോത്ത് ചെറിയ പണിക്കരാണെങ്കിൽ കണ്ടാൽ കോമളൻ, 35 വയസ്സിൽ അധികം പ്രായം ചെന്നിട്ടുമില്ല. അമ്മാളുവോടു ഒന്നു രണ്ടു തവണ സംസാരിപ്പാൻ അവസരമായപ്പോൾ അസാധാരണമായ ഔദാര്യം കാണിച്ചിട്ടുമുണ്ട്. ഏതെങ്കിലുമാവട്ടെ കമ്മിക്കുട്ടി ഇതിനെപ്പററി വല്ലതും സംസാരിക്കുമൊ എന്നു നോക്കുകതന്നെ, എന്നുവെച്ച് സമാധാനിച്ചു. അച്ഛന്റേയും പണിക്കരുടേയും ഉണ കഴിഞ്ഞു. ധമ്മോത്ത് പണിക്കർ തെക്കിനി മാളികയിലേക്കും മൂത്ത പണിക്കർ കിഴക്കിനിമാളികയിലേക്കും കിട

പ്പാൻ പോയി. അമ്മാളുവും കമ്മിണിക്കുട്ടിയും ശ്രീദേവിഅമ്മയൊപ്പം ഉണ്ണാനിരുന്നു. കമ്മിണിക്കുട്ടിയുടെ മുഖം അല്പം വിളറിയതായും ഭക്ഷണം സാധാരണപോലെ കഴിക്കുന്നില്ലെന്നും എന്തോ കലശലായ വിചാരം അവളുടെ മനസ്സിൽ കിടന്നുകളിക്കുന്നുണ്ടെന്നും അമ്മാളുവിന്നു മനസ്സിലായി. രാത്രി നടപ്പാൻ പോകുന്ന നാടകത്തിൽ കമ്മിണിക്കുട്ടി എന്തോ ഒരു ഭാഗം എടുപ്പാൻ തീച്ച്യയാക്കീട്ടുണ്ടെന്നാപോലെ അമ്മാളുവിന്നു തോന്നി. ഇതിന്നു എന്താണ് ഒരു പ്രതിക്രിയ ചെയ്യേണ്ടത്? എങ്ങിനെയാണ് ധമ്മോത്ത് പണിക്കരെ വിവരം അറിയിക്കേണ്ടത്? പണിക്കരുടെ ശത്രുവും കമ്മിണിക്കുട്ടിയെ വശീകരിച്ച വിദ്വാനും ആരാണ്? കമ്മിണിക്കുട്ടിയെ ഇപ്രകാരം സംശയിക്കുന്നത് ഒടുവിൽ തെററാണെന്നു ദൃഷ്ടാന്തപ്പെട്ടാൽ എത്ര കഷ്ടമായി? ഇപ്രകാരമുള്ള വിചാരത്തിൽ മുങ്ങി അമ്മാളു വല്ലാതെ കുഴങ്ങി. കമ്മിണിക്കുട്ടി ഊണു കഴിഞ്ഞ ഉടനെ വാലിയക്കാക്കും ദാസികൾക്കും ധമ്മോത്ത് പണിക്കരുടെ അകമ്പടിക്കാൎക്കും ഭക്ഷണം കൊടുക്കുന്ന ജോലിയിൽ ഉത്സാഹിച്ചു. ഇതിലിടക്ക്, അമ്മാളു അച്ഛന്നു കുടിപ്പാൻ കാച്ചിത്തെയ്യാറാക്കിയ പാലുംകൊണ്ടു കിഴക്കിനി മാളികയിലേക്കു പോയി. തെക്കിനിമാളികമേൽ എങ്ങിനെ കയറിച്ചെല്ലും? അതു വയ്യ. എന്തെങ്കിലുമാകട്ടെ. അവിടെ ഉണ്ടായിരുന്ന ഒരു വാൾ ഉപായത്തിൽ എടുത്ത് താൻ കിടക്കുന്ന മുറിയിൽ കൊണ്ടുവെച്ചു. പടിവാതിൽ അടക്കുന്ന കാൎയ്യത്തിലും വാതിലുകൾ അടക്കുന്ന കാൎയ്യത്തിലും താൻ പ്രത്യേകം ശ്രദ്ധാന്തിവെച്ചാൽ ഒരു സമയം കമ്മിണിക്കുട്ടിക്കു സംശയം തോന്നി കാൎയ്യം ഒക്കെ അവതാളത്തിലാകുമോ എന്ന ഭയം നിമിത്തം അമ്മാളു ഉറങ്ങാനുള്ള അകത്തേക്കാണ് പോയത്. കമ്മിണിക്കുട്ടി സാധാരണയിലധികം താമസിച്ചാണ് കിടപ്പാൻ അകത്തേക്കു പോയതെന്ന് അമ്മാളുവിന്നു മനസ്സിലായി. വീട്ടിൽ എല്ലാം ഒക്കെ ഒതുങ്ങി

എന്നു കണ്ടപ്പോൾ അമ്മാളു മെല്ലെ എഴുനേററു. അച്ഛന്റെ മുറിയിൽ നിന്നെടുത്തു കൊണ്ടുവന്ന വാൾ കയ്യിലെടുത്തു! മെല്ലെ നാലുകെട്ടിൽ കടന്നു. തെക്കിനിയിൽനിന്നു പുറത്തേക്കുള്ള വാതിൽ നോക്കിയപ്പോൾ അതു സാക്ഷയിട്ടിട്ടില്ലെന്നു കണ്ടു കുമ്മിണിക്കുട്ടി കാൎയ്യം പററിച്ചുവെന്നു തീൎച്ചയാക്കി; മെല്ലെ കോണി കയറി, ധൎമ്മോത്ത് പണിക്കർ കിടക്കുന്ന മുറിയുടെ മുൻവശത്തു തളത്തിൽ ഒരു മൂലയിൽ ചെന്നു നിന്നു. അൎദ്ധരാത്രി. ധൎമ്മോത്ത് പണിക്കർ വാതൽ തഴുതിട്ടിരുന്നു. അകത്തു വിളക്കു കത്തുന്നുണ്ട്. പണിക്കർ കിടക്കുന്ന മുറിയുടെ മറേറ വശം വേറെ ഒരു മുറിയിൽ അകമ്പടിക്കാരും വാല്യക്കാരനും കിടക്കുന്നുണ്ടായിരുന്നു. ആരോ ഒരാൾ കോണി കയറിവരുന്നുണ്ടെന്ന് അമ്മാളുവിന്നു തോന്നി. വാൾ നല്ലവണ്ണം മുറുകെ പിടിച്ചു. കോണി കയറി ചെല്ലുന്നത് ഒരു തളത്തിലേക്കാണ്. ആ തളത്തിൽനിന്നാണ് പണിക്കർ കിടക്കുന്ന മുറിയിലേക്കു കടക്കേണ്ടത്. ആ മുറിയിൽ ഒരു മൂലയ്ക്കാണ് അമ്മാളു നില്ക്കുന്നതും. ഈ വന്ന ആൾ വാതിലിന്നു മുട്ടിവിളിച്ചു. ധൎമ്മോത്ത് ചെറിയ പണിക്കർ ഉണൎന്നു വാതിൽ തുറന്നതും, പുറത്തു നിന്നാൾ കട്ടാരംകൊണ്ട് ഒരു കുത്തു കുത്തിയതും, 'അയ്യോ ചതിച്ചുവല്ലോ' എന്നു പറഞ്ഞ് അമ്മാളു വാൾകൊണ്ട് കട്ടാരം പിടിച്ച കൈക്ക് ഒരു വെട്ടുവെട്ടിയതും ഒക്കെ ഒരു നിമിഷം കൊണ്ടു കഴിഞ്ഞു. ഭാഗ്യവശാൽ കട്ടാരത്തിന്റെ കുത്ത് പണിക്കരുടെ കയ്യാണ് കൊണ്ടത്, അമ്മാളുവിന്റെ വെട്ട് കട്ടാരം പിടിച്ച കൈ ഏതാണ്ട് രണ്ടു കഷ്ണമാക്കിയിരിക്കുന്നു. ഇട്ടിരാരിശ്ശമേനവൻ തിരിയുന്നതിന്നു മുമ്പായി വേറെ ഒരു വെട്ടും അമ്മാളു കൊടുത്തിരിക്കുന്നു. ഇട്ടിരാരിശ്ശമേനവൻ ബോധം കേട്ട് തളത്തിൽ വീഴലും, കോണിപ്പടിയിൽ നിന്നു ദീൎഘശ്വാസത്തോടുകൂടി വേറെ ഒരു ദേഹം ഉരുണ്ടുരുണ്ടു താഴെ വീഴലും ഒപ്പം കഴിഞ്ഞു. വീട്ടിൽ എല്ലാവരും ഉണ

ന്നു. വിളക്കും ഓട്ടവും ഒക്കെയായി. കുമ്പിണികുട്ടി കോണിപ്പടിക്കു താഴെ മരിച്ചുകിടക്കുന്നു. ഇട്ടിരാരിശ്ശമേനവൻ മരണവേദനയോടെ കിടക്കുന്നു. അമ്മാളു സർവ്വാംഗം തരിച്ചു നില്ക്കുന്നു. ധർമ്മോത്ത് ചെറിയ പണിക്കരുടെ കാര്യമൊക്കെ മനസ്സിലായി. പോരാത്ത വിവരം ഒരു ദിവസം അമ്മാളു രഹസ്യമായൊരവസരത്തിൽ പറഞ്ഞുംകൊടുത്തു. ചന്ദ്രാട്ടിൽ ഇട്ടിരാരിശ്ശമേനവന്റെ "കുടിപ്പക"യും ഇങ്ങിനെ അവസാനിച്ചു. *

## മണിമഞ്ചത്തിലെ

# നിക്ഷേപം.

---

ആറു മാസത്തിന്നുള്ളിൽ ആറായിരം പ്രാവശ്യം ഈ ഓലക്കണ്ണം ഞാൻ വായിച്ചിട്ടുണ്ട്. തിരിച്ചും, മരിച്ചും, മറിച്ചും, തിരിച്ചും വായിച്ചു നോക്കീട്ടും ഒരന്തവും കുന്തവും തിരിയാതെ മനോരാജ്യത്തിൽ മുങ്ങിപ്പൊങ്ങി കാലം കഴിച്ചുകൂട്ടി. 'മണിഞ്ചത്തിടുക്ക മലളയിൽ നിതികോൽ അടമ്പണിക്കാഭരയിൽ നിഷ്പ്പധണിക്ഷിറാം— മൂരണ്ടാറുക്ക് മൂന്ന്—' ഈ വാചകം തെക്കുവടക്കും, വടക്കുതെക്കുമായി അങ്ങോട്ടും ഇങ്ങോട്ടും വായിച്ചാലുണ്ടോ അർത്ഥം കിട്ടുന്നു? 'മൂരണ്ടാറുക്ക് മൂന്ന്—' ഇതിന്റെ അർത്ഥമെന്താണ്. സാമാന്യം അർത്ഥവ്യക്തിയുള്ള ഈ വാചകവും അതിനടുത്തുള്ള മററു വാചകവുമായുള്ള സംബ

---

* സാമൂതിരിപ്പാട്ടിലെ ആൾക്കാർ കൂലിപ്രവൃത്തിക്കാരുടെ വേഷമെടുത്ത് ലന്തക്കോട്ടയിൽ കടന്നുകൂടിയതും, പട്ടാളക്കാർ ഒരുക്കമില്ലാത്ത അവസരം നോക്കി സാമൂതിരിപ്പാട്ടിലെ പട്ടാളക്കാരെ കോട്ടയിൽ കടത്തി ലന്തക്കാരെയൊക്കെ പിടിച്ച് കോട്ട അധീനമാക്കിയതും, ഈ അവസരത്തിൽ ധർമ്മോത്ത് പണിക്കർ കാണിച്ച ബുദ്ധിസാമർത്ഥ്യവും, മററും ചരിത്രപ്രസിദ്ധമായതുകൊണ്ട് ഇവിടെ പ്രസ്താവിക്കേണ്ടതില്ലല്ലോ.

ന്ധം എന്താണ്? ഞാൻ വല്ലാതെ കുഴങ്ങിയെന്നു പറഞ്ഞാൽ മതിയല്ലൊ.

കഴിഞ്ഞ കൊല്ലത്തെ സരസ്വതീപൂജക്കു ഗ്രന്ഥക്കെട്ടുകൾ അട്ടത്തുനിന്നു പുറത്തെടുത്തപ്പോൾ ആ കെട്ടിൽ ഒരു വാളൊറ കണ്ടെത്തി. എൻെറ മുത്തശ്ശിയുടെ പഴമക്കഥകളിൽ പ്രധാനമായൊന്ന് ഈ വാളൊറയുടെ ചരിത്രമാണെന്നു കേട്ടിട്ടുണ്ട്. ഒരു നൂററാണ്ടിലധികം കാലത്തെ പഴക്കം ചെന്ന ഈ വാളൊറ മുത്തശ്ശിയുടെ അച്ഛനും ഒരു പ്രസിദ്ധി നേടിയ പ്രഭുകുടുംബത്തിലെ ഒരംഗവുമായ മണിമഞ്ചെത്തു കുഞ്ചുപ്പണിക്കരുടേതാണെന്നും എൻെറ തറവാടും മണിമഞ്ചെത്തു തറവാടും തമ്മിലുള്ള ബന്ധത്തിൻെറ ഒരു സ്മാരകം ഈ ഒരു വാളൊറമാത്രമാണെന്നും വീട്ടിലുള്ളവർ പറയുന്നു. ഇത്ര വിലപിടിച്ച ഒരു സ്മാരകത്തെ നശിപ്പിക്കുവാൻ എനിക്കു ധൈര്യമുണ്ടായില്ല. സരസ്വതീപൂജക്കുള്ള ഗ്രന്ഥക്കെട്ടിൽ തന്നെ വാളൊറയും പൂജക്കു വെച്ചു.

മാസം ഒന്നു കഴിഞ്ഞു. ഇതിലിടക്കാണ് ഏതൊ ഒരു പത്രത്തിൽ ഇന്ത്യാഗവമ്മെണ്ടിൻെറ ആക്കിയോളജിക്കൽ (പുരാണവസ്തു അന്വേഷണം) ഡിപ്പാർട്ടുമെണ്ടു ഭരണറിപ്പോർട്ടിൻെറ ഒരു നിരൂപണം കണ്ടത്. ഈ നിരൂപണത്തിൽ പുതിയ ബി. എ. ക്കാരായ ഇന്ത്യക്കാരെ ഒരുപടി ശകാരിച്ചിട്ടുണ്ടായിരുന്നു. ഞാനും ഒരു പുതിയ ബി. എ. ആണ്. ബി. എ. പാസ്സായാൽ ഗവമ്മെണ്ട് ഉദ്യോഗത്തിന്നു തെണ്ടുന്നവരേയും വക്കീൽപരീക്ഷക്കു പഠിക്കുന്നവരേയും ആക്ഷേപിച്ച കൂട്ടത്തിൽ ചരിത്രാന്വേഷണത്തിന്നു ആരേയും പഠിപ്പുള്ള ചെറുപ്പക്കാരുടെ ഇടയിൽ കാണുന്നില്ലെന്നും താമ്രലിഖിതങ്ങളായും താളിയോലഗ്രന്ഥങ്ങളായും മററും വളരെ പ്രാചീനങ്ങളായ എഴുത്തുകൾ വായിച്ചാൽ ചരിത്രശകലങ്ങൾ ശേഖരിപ്പാനുണ്ടാകുമെന്നും മററും വിസ്തരിച്ചു പ്രസ്താവിച്ചിരിക്കുന്നു. പടവെട്ടുകാലത്തു കേരളത്തിലെ ചില വലിയ ധനികന്മാർ ഉള്ള മു

തലൊക്കെ നിക്ഷേപിച്ച് 'ഇങ്ങിനി വരാത്തവണ്ണം' പലരാജ്യങ്ങളിലേക്കും ഓടിപ്പോയി അഭയം പ്രാപിച്ചിട്ടുണ്ടെന്നും ഈ വക നിക്ഷേപങ്ങൾ ആരാഞ്ഞറിഞ്ഞ് കണ്ടെടുപ്പാൻ ആളില്ലെന്നും മററൊരു പത്രത്തിലും വായിക്കയുണ്ടായി. ഇതൊക്കെ വായിച്ചു മുതൽക്കുതന്നെ ഒരു പുരാണവസ്തപരോഷണക്കാരനായി പുറപ്പെട്ടാലോ എന്ന വിചാരം എന്റെ മനസ്സിൽ കടന്നു സ്ഥലം പിടിച്ചിരിക്കുന്നു. ഇതിലേയ്ക്ക് വേഷം കെട്ടി പുറപ്പെട്ടാൽ ചോറു തരാനാരാണ് എന്നു സംശയവും ഉണ്ടാവാതിരുന്നില്ല. ബിലാത്തിയിലൊക്കെ 'റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്' എന്ന് പറയുന്ന ഏപ്പാടുകളുണ്ട്. അവിടെ ഉത്സാഹമുള്ള ചെറുപ്പക്കാൎക്ക് നല്ല മാസ്പടി കൊടുത്ത് അന്വേഷണം നടത്തിക്കുന്ന പതിവുമുണ്ട്. ഈ ദിക്കിലെ ഗവമ്മേണ്ടും മഹാരാജാവന്മാരുമുണ്ടോ ഇപ്രകാരം വല്ല ഏപ്പാടും ചെയ്യുന്നു? ഈ വക ആലോചനകളുടെ ഇടയിലാണ് കഞ്ചപ്പണിക്കരജോരുടെ വാളൊറയുടെ ഓൎമ്മ വന്നത്. ഇത്ര സ്വാധീനത്തിൽ കിടന്നിരുന്ന പുരാണവസ്തുവെത്തന്നെ ഒന്നാമത്തെ അന്വേഷണവിഷയമാക്കാമെന്ന് നിശ്ചയമാക്കി. ലാകോളേജിൽ ചേരണമൊ, ചേരണ്ടയൊ എന്ന കാൎയ്യം തീച്ചപ്പെടുത്തുമ്പോഴെയ്ക്കും ഈ ചരിത്രാന്വേഷണം നടത്തിക്കളയാമെന്നുവെച്ചു ഗ്രന്ഥക്കെട്ടഴിച്ചു വാളൊറ കല്ലൂലാക്കി തിരിച്ചും മറിച്ചും നോക്കിത്തുടങ്ങി. ഒരു ചരിത്രശകലവും വാളൊറയിൽ കണ്ടില്ല. പൂപ്പു പിടിച്ചു ഏതാണ്ട് ഉണങ്ങിയ പുണ്ണാക്കു പോലെ കിടക്കുന്ന ഉറയ്ക്കുള്ളിൽ വല്ലതും കിടപ്പുണ്ടൊ എന്നു നോക്കുവാൻ ഒരു തടിച്ച ഈൎക്കിൽ ഉള്ളിൽ കടത്തി ചില വിദ്യകളൊക്കെ പ്രയോഗിച്ചു. അപ്പോഴെയ്ക്കും വാളൊറയുടെ ഒരു ഭാഗം അടൎന്നു താഴത്തു വീണു. ഈ പുരാണവസ്തു നശിപ്പിച്ചുവെന്ന ആക്ഷേപം കൂടാതെ കഴിപ്പാൻ പശപ്രയോഗം വേണമെന്നു കരുതി വാളൊറ നടുവെ പിളൎന്നു രണ്ടാക്കുവാനുള്ള ശ്രമമാണ് പിന്നെയുണ്ടായത്. അപ്പോഴല്ലെ എ

ന്റെ വലിയ കണ്ടുപിടിത്തമുണ്ടായത്! വാളെറ്റയിൽ ഒര റ്റത്ത്, അതാ, ഒരോലക്കഷ്ണം പൃപ്പോടുകൂടി ഒട്ടിപ്പിടിച്ചു കിടക്കുന്നു! ഈ ഓലക്കഷ്ണത്തിൽ എഴുതിക്കണ്ട വാചകമാണ് മേൽ ഉദ്ധരിച്ചിട്ടുള്ളത്.

ചരിത്രാന്വേഷണത്തിന്നു പുറപ്പെട്ട മാത്രയിൽ തന്നെ ഇങ്ങിനെ ഒരു പുരാതനസാധനം കണ്ടുകിട്ടിയതിൽ അല്പം ചാരിതാൎത്ഥ്യം തോന്നിയെങ്കിലും ആ്യതു വായിച്ചപ്പോൾ ഒരു വാലും തലയും മനസ്സിലാവാതെ കുഴങ്ങേണ്ടിവന്നതിൽ വലുതായ ഇച്ഛാഭംഗവുമുണ്ടായി. മണിമഞ്ചേത്തു കാരണവരുടെ വാളെറ്റയ്ക്കുള്ളിൽനിന്നു കിട്ടിയ ഓലക്കഷ്ണത്തിൽ എഴുതിയിരിക്കുന്ന ഈ വാചകം മണിമഞ്ചേത്തു വിടിനെപ്പറ്റി എന്തോ ആണെന്ന് ആ വാചകത്തിന്റെ ആരംഭംകൊണ്ട് ആൎക്കും മനസ്സിലാക്കാം; എന്നെപ്പോലുള്ള ചരിത്രാന്വേഷകന്മാരുടെ ബുദ്ധിശക്തിയൊന്നും പ്രയോഗിക്കാതെ തന്നെ ഇതു മനസ്സിലാക്കാം. അതുകൊണ്ടായൊ, ഈ വാചകത്തിലുള്ള അക്ഷരങ്ങൾ ക്രമപ്പെടുത്തിയാൽ അൎത്ഥമുള്ള ഒരു വാചകം ഉണ്ടാവുമെന്നും അതുണ്ടാക്കുവാനുള്ള താക്കോലാണ് 'മൂരണ്ടാറുക്ക് മൂന്ന്' എന്നും കല്പിച്ചു മനസ്സിലായി. പക്ഷെ, ഇതുകൊണ്ടു മാത്രമായില്ല; വാചകത്തിന്റെ ആകെയുള്ള അൎത്ഥം മനസ്സിലാക്കുവാനാണ് പിന്നത്തെ എന്റെ ശ്രമം. ഈ ശ്രമമാണ് ഫലവത്താവാതെ വന്നത്. ഒരു ദിവസം വൈകുന്നേരം ഉണ്ണാനിരുന്നപ്പോൾ അമ്മയും ഞാനുമായി താഴെ പറയുന്ന സംഭാഷണം ഉണ്ടായി.

ഞാൻ— അമ്മേ! മണിമഞ്ചേത്തു വണിക്കന്മാരുടെ കുടുംബക്കാർ എവിടെയാണ് താമസിക്കുന്നത്?

അമ്മ— കുട്ടനെന്താ മണിമഞ്ചേത്തുകാരുടെ ഓൎമ്മ ഇപ്പോൾ വന്നത്? ആ തറവാട് അന്യം വന്നുപോയിരിക്കുന്നു എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. മുത്തച്ഛൻ പടയിൽ പെട്ടതിന്നുശേഷം മണിമഞ്ചേത്തു വീട്ടുകാരുടെ വിവരം ആരും ക

നും കേട്ടിട്ടില്ല. മുത്തച്ഛന്റെ ഒരു മരുമകളും സഹോദരനും പടവെട്ടു കലാപത്തിൽ നശിച്ചുപോയിട്ടുണ്ടത്രെ. നല്ല വിവരം ആൎക്കും ഇല്ല.

ഞാൻ— മണിമഞ്ചത്തു തറവാട് ഏതു് പ്രദേശത്താണ്? മുത്തച്ഛൻ മരിച്ചിട്ട് എത്ര കൊല്ലമായി?

അമ്മ— ഇതിന്റെയൊന്നും ശരിയായ വിവരം എനിക്കില്ല. ഇവരുടെ തറവാടു മാക്കൂട്ടം ദേശത്തായിരുന്നുവെന്നു കേട്ടിട്ടുണ്ട്. ആ തറവാടും സ്ഥലവും ഒക്കെ എവിടെയാണെന്ന് എനിക്കു വിവരമില്ല. ൫൦ കൊല്ലമായിരിക്കണം അദ്ദേഹം മരിച്ചിട്ട്.

ഞാൻ— മാക്കൂട്ടം ദേശത്തേക്ക് ഇവിടുന്ന് ഇരുപതു നാഴികയിൽ അധികമുണ്ടല്ലോ. അവിടെ ഈ വീട്ടുകാരെപ്പററി നല്ല വിവരമുള്ളതാരൊക്കെയാണുള്ളതാവൊ?

അമ്മ— എന്താ കുട്ടന് ഇപ്പോൾ മണിമഞ്ചത്തു തറവാട്ടുകാരെപ്പററി ഇത്ര അന്വേഷണം? മുത്തച്ഛൻ ഇവിടുന്നാണത്രെ പടക്കു പുറപ്പെട്ടുപോയതെന്നു കേട്ടിട്ടുണ്ട്. നവരാത്രികാലത്തു കുട്ടൻ എടുത്തുകാട്ടിയ വാളൊററ മാത്രമാണ് ഗർഭപാത്രത്തിൽ കിടക്കുന്ന എന്റെ അമ്മക്കു ഒരു പിതൃസ്വത്തായി കിട്ടീട്ടുള്ളതെന്നു പണ്ടു മുത്തശ്ശി പറഞ്ഞു പലപ്പോഴും കരയുന്നതു കണ്ടിട്ടുണ്ട്.

ഈ സംഭാഷണം കഴിഞ്ഞ അന്നു രാത്രി ഞാൻ ചിന്താമഗ്നനായി കിടക്കുകയായിരുന്നു. കുഞ്ചുപ്പണിക്കർ മുത്തച്ഛൻ മുത്തശ്ശിക്കു കൊടുത്ത ആകെ മുതൽ വാളൊററയാണെന്നും, ആ വാളൊററയിൽ ആകെക്കൂടി എന്റെ തലയെ പുകക്കുന്ന ഒരോലക്കഷ്ണം മാത്രമാണെന്നും കൂടി അറിഞ്ഞപ്പോൾ ഈ ഓലക്കഷ്ണത്തിൽ എന്താണ് എഴുതീട്ടുള്ളതെന്ന് അറിവാനുള്ള ഔൽസുക്യം അധികമായിത്തുടങ്ങി. ഇംഗ്ലീഷിൽ 'പേർമുട്ടേഷൻ കോമ്പിനേഷൻ' എന്നു പറയുന്ന ക്രമത്തെ അനുസരിച്ചു അക്ഷരങ്ങളെ പലപ്രകാരേണയും സ്ഥാനം ഇ

ളക്കിച്ചേൎത്തു ശരിയായ ഒരൎത്ഥം കിട്ടത്തക്കവണ്ണമുള്ള ഒരു വാചകം ഉണ്ടാക്കുവാനുള്ള എൻെറ ശ്രമം അതുമുതൽ ഒന്നു ദ്വിഗുണീഭവിച്ചു. ഈ വിഷയം തലയിൽ കിടക്കുന്നേടത്തോളം ഉറക്കിൻെറ കാൎയ്യം പൊങ്ങൽതന്നെ. ചരിത്രാന്വേഷകന്മാൎക്ക് തലച്ചോറു പുകയ്ക്കത്തക്കവണ്ണമുള്ള ഇത്തരം പണിയാണെങ്കിൽ പുരാണവസ്തു പരിശോധനയും ചരിത്രാന്വേഷണവും വേണ്ടെന്നു വെക്കുകയാണ് നല്ലതെന്നുകൂടി എനിയ്ക്കു തോന്നി. ഇടയ്ക്കു 'മൂരണ്ടാറുക്ക മൂന്നു' എന്ന താക്കോലിനെപ്പററി ഒന്നുകൂടി ആലോചിച്ചു. രണ്ടക്ഷരംവീതം മൂന്നു ഭാഗത്തിന്നു അടുത്ത മൂന്നക്ഷരം ഒരോന്നു വീതിച്ച് ക്രമപ്രകാരം ഭാഗിച്ചുനോക്കുവാൻ തീൎച്ചയാക്കി. ഈ വിദ്യ പ്രയോഗിച്ചപ്പോൾ അതുവരെ അസാദ്ധ്യമായിത്തോന്നിയ കാൎയ്യം വളരെ സുസാദ്ധ്യമായിത്തീൎന്നു. നിരൎത്ഥകമായിത്തോന്നിയ വാചകം അൎത്ഥസംപൂൎണ്ണമായി, 'മണിമഞ്ചത്തിലടുക്കളയിൽ നിരൂതികോണിൽ അടക്കാഭരണിയിൽ നിക്ഷിപ്തധനം' എന്നായിത്തീൎന്നു. മുത്തശ്ശിക്കു ആകെ കൊടുത്ത സമ്പത്തു ഈ വാളൊറയാണ്. ഇതിൽ ഇപ്രകാരം ഒരു രഹസ്യത്തുണ്ടം കണ്ടുകിട്ടുകയും ചെയ്തപ്പോൾ മണിമഞ്ചത്തിലെ അടുക്കളയും അടക്കാഭരണിയും കാണ്മാനുള്ള ആഗ്രഹം വൎദ്ധിച്ചു. എന്തിനു പറയുന്നു? പിറേറദിവസം രാവിലെ മാക്കൂട്ടത്തിലേയ്ക്കു പുറപ്പെടുകയും ചെയ്തു

* * *

മാക്കൂട്ടം എന്ന പ്രദേശത്തു മണിമഞ്ചത്തു വീട്ടുകാർ ഒരു കാലം ശ്രുതിപ്പെട്ട പ്രഭുക്കന്മാരും യോദ്ധാക്കളുമായിരുന്നു. കലാപകാലത്തു മൈസൂർ അക്രമികളുടെ നിൎദ്ദാക്ഷിണ്യമായ പ്രവൃത്തികളാൽ ഈ പ്രദേശം സാമാന്യം ഒരു വിജനസ്ഥലമായിത്തീൎന്നിരിക്കുന്നു. വീടുകളും ക്ഷേത്രങ്ങളും ഒക്കെ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. ആ പ്രദേശങ്ങളിലുള്ള കുളം കിണറുകളൊക്കെ പരിശോധിച്ചാൽ മനുഷ്യരുടെ ശവശരീരത്തിൻെറ അവശിഷ്ടങ്ങളാണ് കണ്ടെത്തുന്നത്. അതിനിഷ്ഠുരന്മാരായ

മുഹമ്മദീയർ എന്തൊക്കെ ഭയങ്കരകൃത്യങ്ങളാണ് ഈ പ്രദേശത്തിൽ നടത്തീട്ടുള്ളതെന്നതിന്നു ഒരു കയ്യും കണക്കുമില്ല. കുറച്ചു കാലമായി ആ പ്രദേശത്ത് അവിടവിടെ കൃഷിപ്രവൃത്തിക്കാരായ ചില മുഹമ്മദീയർ കുടികെട്ടി പാൎത്തുവരുന്നുണ്ട്. ഇവൎക്കാണെങ്കിൽ ഈ പ്രദേശത്തിന്റെ യാതൊരു പൂൎവ്വചരിത്രവും നിശ്ചയമില്ല. ഇങ്ങിനെയുള്ള പ്രദേശത്താണ് എതാണ്ട് വൈകുന്നേരം നാലുമണിക്ക് ഞാൻ എത്തിച്ചേൎന്നത്. അവിടെനിന്നു രണ്ടൊ മൂന്നൊ നാഴിക അകലെച്ചെന്നല്ലാതെ ഹിന്തുക്കളായവർ താമസിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തുവാനുണ്ടായിരുന്നില്ല. എതെങ്കിലും ചരിത്രാന്വേഷണത്തിന്നു പുറപ്പെട്ട ഞാൻ മണിമഞ്ചത്തു വീടു കണ്ടല്ലാതെ പിന്മാറുകയില്ലെന്നു തീൎച്ചയാക്കി. ഈ വീടിനെപ്പററി പലരോടും അന്വേഷിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. ഒടുവിൽ നിരാശനായി മടങ്ങിപ്പോകേണമെന്നു തീൎച്ചയാക്കിയിരിക്കുന്നതിൻമദ്ധ്യേ ഒരു വഴിയാത്രക്കാരനായ വയസ്സനെ കണ്ടെത്തുകയും ആ വയസ്സന്റെ ഉപദേശമനുസരിച്ച് ശരിയായ വിവരങ്ങൾ സമ്പാദിപ്പാൻ മറെറാരു പ്രദേശത്തേക്ക് പോകാമെന്നു തീൎച്ചയാക്കുകയും ചെയ്തു. മേൽപ്രകാരം കുറച്ചു ദിവസത്തെ അന്വേഷണത്തിന്റെ ഫലമായി ചില ചില്ലറ വിവരങ്ങൾ കിട്ടിയില്ലെന്നില്ല. ഒന്നാമത് മണിമഞ്ചത്തു തറവാടു എന്നൊരു വീട് ഇപ്പോൾ തീരെ ഇല്ലെന്നും മണിമഞ്ചത്തു വീട്ടിൽ കടന്നു മുഹമ്മദീയർ ധനമൊന്നും കിട്ടായ്കയാൽ വീട്ടിലുള്ളവരെ തടവുകാരാക്കിപ്പിടിച്ച് വീട്ടിന്നു കൊള്ളിവെക്കുക കാരണമായി ഇപ്പോൾ ആ വീട് ഇടിഞ്ഞുപൊളിഞ്ഞു വീണുകിടക്കയാണെന്നും മണിമഞ്ചത്തു തറവാട്ടിൽ ഉണ്ടായിരുന്ന കുടുംബങ്ങൾ പടയോട്ടത്തിൽ തീരെ നശിച്ചുപോയിരിക്കുന്നുവെന്നും, ആ വീട്ടുകാരുടെ ആശ്രിതനായിരുന്ന ഒരാൾ കുറച്ചുകാലം മുമ്പ് ഈ പാഴായിക്കിടക്കുന്ന പറമ്പും അതോടു തൊട്ടുകിടക്കുന്ന മററുള്ള സ്വത്തുക്കളും എറനാട്ടുകാരൻ ഒരു മാപ്പിളക്കു മു

ന്ത വിററ വഴിക്ക് മണിമഞ്ചെത്തു വീട്ടു പറമ്പ് ആ മുഹമ്മദീയൻെറ അവകാശികൾ കയ്യശംവെച്ചു വരികയാണെന്നും മററും ഞാൻ ഗ്രഹിച്ചു. ഇത്രത്തോളം കാൎയ്യങ്ങൾ മനസ്സിലായ സ്ഥിതിക്ക് ഈ പറമ്പും വീടു നിന്നിരുന്ന സ്ഥലവും കണ്ടല്ലാതെ മടങ്ങുന്നതു നന്നല്ലെന്ന് ഒരഭിപ്രായം എനിക്കുണ്ടായി. കൂടാതെ ഇപ്പോൾ ആ സ്ഥലത്തിൻെറ ഉടമസ്ഥനായ ഏറനാട്ടുകാരൻ മാപ്പിളയെക്കണ്ടു് മണിമഞ്ചെത്ത് വീട്ടുകാരുടെ ആശ്രിതനായ ആ ആളെപ്പററി വല്ല വിവരവും കിട്ടുവാനുണ്ടോയെന്ന് അന്വേഷിച്ചറിവാനും തീച്ചയാക്കി.

മണിമഞ്ചെത്തു തറവാടു നിന്നിരുന്ന പറമ്പ് കണ്ടുപിടിപ്പാൻ പ്രയാസമുണ്ടായില്ല. പ്രായം ചെന്ന കുറെ മാവും പ്ലാവും കുററിക്കാടുകളും നിറഞ്ഞ് പശുക്കൾ മേയുന്ന ഒരു പറമ്പാണ് എൻെറ ദൃഷ്ടിയിൽ പെട്ടത്. ഈ പറമ്പിൻെറ ഏതാണ്ട് മദ്ധ്യത്തിൽ മുമ്പു ഒരു വലിയ വീടുണ്ടായിരുന്നുവെന്നു തോന്നത്തക്ക വിധത്തിൽ എതാൻകല്ലുകളൊക്കെ പുഴക്കി എടുത്ത സ്ഥിതിയിൽ വളരെക്കാലത്തെ വെയിലിനോടും മഴയോടും എതിൎത്തുനിന്നിട്ടുള്ള ഒരു വീടിൻെറ തറയും, കാടുപിടിച്ചു മൂടിയ ഒരു കിണറും ഉണ്ടായിരുന്നു. ഞാനും എൻെറ കൂടെയുണ്ടായിരുന്ന ഒരു ചെക്കനും ഈ പറമ്പൊക്കെ നല്ലവണ്ണം ചുററി നടന്നുനോക്കി. കാടുപിടിച്ചുകിടക്കുന്ന തറയിൽ കയറുവാൻ വളരെ ഞെരുങ്ങി. ഒരു നാലുകെട്ടിൻെറ മാതൃകയിലുള്ള വീട്ടിൽ കിണററിനെ അടിസ്ഥാനപ്പെടുത്തി അടുക്കളയെ കുറിക്കുവാൻ വളരെ പ്രയാസമുണ്ടായില്ല. നിരൃതികോണും കണ്ടു. പക്ഷെ അടക്കാഭരണിയുടെ സ്ഥാനം എവിടെയാണെന്നു കിളച്ചുനോക്കുവാനൊ, നിക്ഷേപം ഉണ്ടൊ ഇല്ലയൊ എന്ന സംശയം തീൎക്കുവാനൊ ഈ യാത്രയിൽ തരമായില്ല.

ഏറനാട്ടുകാരൻ അസ്സൻകുട്ടി ഹാജിയെ കണ്ടതും, വിവരമൊന്നും മനസ്സിലാക്കാതെ മണിമഞ്ചെത്തു പറമ്പു ഒരു കൊല്ലത്തേക്കു നല്ല മുമ്പാട്ടം കൊടുത്ത് പാട്ടശ്ശീട്ടിന്മേൽ ഏററുവാ

ങ്ങിയതും, ഈ പറമ്പു മാപ്പിളക്കു വിററ മണിമഞ്ചത്തുകാരു ടെ ആശ്രിതനായ ഉണ്ണിക്കുമരൻ നായരുടെ ഇപ്പോഴത്തെ അവകാശിയായ കുമാരൻനായരെ മഞ്ചേരിയിൽവെച്ചു കണ്ടുപിടിച്ചതും ഒക്കെ ഒരു മാസത്തിലകം കഴിഞ്ഞു. കുമാരൻനായര് ഇപ്പോഠം ഒരു അംശം കോൽക്കാരനാണ്. തെക്കേപ്പുറത്തു നായർ തറവാട്ടിലെ ഒരംഗമാണ് ഞാൻ എന്നു മനസ്സിലായപ്പോഠം കുമാരൻനായര് ഒന്നു ഞെട്ടിയതായി എനിക്കു തോന്നി. എങ്കിലും എന്റെ ചോദ്യങ്ങഠംക്കെല്ലാം ശരിയായ മറുവടി കിട്ടുവാൻ പ്രയാസമുണ്ടായില്ല. മണിമഞ്ചത്തു പണിക്കന്മാരുടെ വംശപരമ്പരയിൽപെട്ട ഒരു പെൺകിടാവും ഒരു ആൺകുട്ടിയും ഇപ്പോഠം ജീവനോടെ ഇരിക്കുന്നുണ്ടെന്നും, ഇവർ രണ്ടുപേരും പൊന്മേണിയോട്ടു മനയ്ക്കൽ ദാസീദാസന്മാരായി കൂടിയിരിക്കയാണെന്നും പടവെട്ടുകാലത്തു മണിമഞ്ചത്തു തറവാട്ടിൽ ഉണ്ടായിരുന്ന ഏകസന്താനമായ കുമാരൻനായരുടെ അമ്മാമൻ ഏറനാട്ടു കാട്ടിൽക്കൂടി കൊണ്ടുവന്നു രക്ഷിച്ചുവെന്നും, പക്ഷെ ഈ അമ്മാമൻതന്നെ ദാരിദ്ര്യംനിമിത്തം മണിമഞ്ചത്തു തറവാട്ടിലേക്കുണ്ടായിരുന്ന ഭൂസ്വത്തുക്കഠം വിററു നശിപ്പിച്ചുവെന്നും മററും കുമാരൻനായർ മുഖേന മനസ്സിലായി.

പുതുതായി പാട്ടത്തിനെടുത്ത മണിമഞ്ചത്തുവളപ്പിൽ പ്രവേശിച്ച് അടക്കാഭരണിയുടെ സ്ഥാനം കണ്ടുപിടിപ്പാൻ ഒട്ടധികം വിഷമിച്ചു. രാജ്യസമ്പ്രദായത്തിന്നനുസരിച്ച് അടക്കാഭരണി ഭൂമിയിൽ സ്ഥാപിച്ചതായിരിപ്പാനെ തരമുള്ളു. ഇത് അന്യന്മാരെ അറിയിക്കാതെ കിളച്ചെട്ടത്ത് പരിശോധിപ്പാനും ഞരുക്കം. അഥവാ വല്ലതും കിട്ടിക്കഴിഞ്ഞാൽതന്നെ അവകാശം പറഞ്ഞുവരുവാൻ ഗവമ്മേണ്ടും ഉണ്ടാവും: എന്റെ പക്കലാണെങ്കിൽ ഇനി അധികം പണവുമില്ല. ഇത്രത്തോളം ഓരോ ചിലവുകഠം ചെയ്തതുതന്നെ കാരണവരുടെ അറിവോടുകൂടിയല്ലതാനും. ഏതെങ്കിലും പുരാണവസ്തു പരി

ശോധനകൾ പുറപ്പെട്ട ഞാൻ രണ്ടിലൊന്ന് അറിഞ്ഞല്ലാതെ പിൻമടങ്ങുകയില്ലെന്നു പിന്നേയും തീർച്ചയാക്കി. പുരത്തറമേലുള്ള കാട് വെട്ടിത്തെളിയിച്ച് പുതിയ ഒരു പുരകെട്ടുവാനെന്ന വ്യാജേന ഒരു നെടുമ്പുര കെട്ടിയിട്ടു. ഊണ് ഒരിടത്തും, കിടപ്പ് നെടുമ്പുരയിലുമാക്കി. വാലിയക്കാരൻ രാമനും ഞാനും രാത്രിയിൽ അടുക്കളയിലെ നിരൃതികോണിൽ കിളച്ചു താഴ്ത്തിനോക്കും. ചുമരൊക്കെ വീണ് തറക്കുമീതെ ഒന്നുരണ്ടു കോലിലധികം മണ്ണുണ്ടായിരുന്നു. ശബ്ദമുണ്ടാക്കാതെ ഒന്നുരണ്ടു രാത്രികൊണ്ടു അടുക്കളനിലം കണ്ടുവെന്നു മാത്രമല്ല അടക്കം ഭരണിയാണെന്നുസംശയിക്കത്തക്കവിധം മണ്ണുകിളക്കുമ്പോൾ ചില ശബ്ദംകേട്ടു തുടങ്ങി. പിറേറന്നു രാത്രി രാമനോട് ഉറങ്ങിക്കൊള്ളുവാൻ പറഞ്ഞു ഞാൻ തനിച്ച് പ്രയത്നിച്ചു. പ്രയത്നത്തിന്നു ഫലവും കിട്ടി. ഭരണിക്കുള്ളിൽ കഷ്ടിച്ച് ഒരാൾക്കു ഇറങ്ങിനിൽക്കാം. നല്ല ചീനഭരണി. അതിന്നുള്ളിൽ നാലു ചെമ്പുമേനത്ത നിറയെ വിശ്ലൊശ്ശും പൊൻപണവും കിടക്കുന്നു. ഒരു ചെല്ലത്തിൽ പലതരമായ വിലപിടിച്ച സ്വർണ്ണാഭരണങ്ങളും പലതരം വിലപിടിച്ച രത്നങ്ങളും കിടക്കുന്നു. ഒരു ഭഗവൽഗീതയും രാമായണം ഗ്രന്ഥവും ഇതിന്നു പുറമേയും ഉണ്ടായിരുന്നു. ഇതൊക്കെ കണ്ടപ്പോൾ എനിക്കു ഒരു മോഹാലസ്യം വരുന്നതുപോലെ തോന്നി. എന്നുതന്നെയല്ല സ്വപ്നത്തിലാണ് ഞാൻ ഈ കാണുന്നതെന്നും തോന്നി. ചില ഭൂതപ്രേതങ്ങൾ പല്ലിളിച്ചുകാണിക്കുന്നുണ്ടെന്നും തോന്നി. പാമ്പുകൾ ഫണമുയർത്തി കടിക്കുവാൻ വരുന്നുണ്ടോയെന്നും തോന്നി. ഈവക തോന്നലുകൾ അധികനേരത്തേക്കു ഉണ്ടായില്ല. ഇതൊക്കെ താല്ക്കാലികമായ ഭ്രമം മാത്രമായിരുന്നു. കിടക്കുവാൻ വിരിച്ചിട്ടുള്ളേടത്തുപോയി എന്റെ വലിയപോർട്ടുമാണ്ടോ എടുത്തുകൊണ്ടുവരുവാൻതന്നെ എനിക്കു വിശ്വാസമുണ്ടായില്ല. അതിലിടക്ക് ഇക്കണ്ട നാലഞ്ചുലക്ഷം ഉറുപ്പികയുടെ മുതൽ ആരെങ്കിലും തട്ടിക്കൊണ്ടു പോയാലൊ എന്ന

ദയം. ഏതെങ്കിലും പോർട്ടുമാണ്ടോവിലുള്ള മുണ്ടും കുപ്പായ വുമൊക്കെ പുറത്തെക്കാക്കി എല്ലാം കൂടി ഒരു ഭാണ്ഡമാക്കി യിട്ടു, നിക്ഷേപങ്ങളൊക്കെ പോർട്ടുമാണ്ടോവിൽ ഒതുക്കിവെ ച്ചു പൂട്ടി. കഴിച്ചു കുഴി തൂത്തു. ആൎക്കും സംശയത്തിന്നവകാശ മുണ്ടാവാതിരിപ്പാൻ കുറെ ഓലയും വിറകും ഒക്കെ ഈ കിള ച്ച മണ്ണിൻെറ മുകളിൽ ഇട്ടു കത്തിച്ചു വെണ്ണീറാക്കി. അന്ന് ഉറങ്ങിയില്ല. കാലത്തു വീട്ടിലേക്കു യാത്രയും ആയി. കാളവ ണ്ടിയിലും തീവണ്ടിയിലുമായി താമസിയാതെ വീട്ടിലെത്തി. എന്നെ കാണുന്നവരൊക്കെ 'എന്താ മുഖം വല്ലാതിരിക്കുന്ന ത്. സക്കീട്ടു അത്ര നന്നായില്ലെന്നുണ്ടോ,' എന്നൊക്കെ ചോ ദിക്കുന്നുണ്ട്. ഇതൊന്നും എൻെറ തലയിൽ കയറുന്നില്ല. ഇ വരോടൊക്കെ എൻെറ പോർട്ടുമാണ്ടൊ ഒന്നു പരിശോധി പ്പാൻ പറകയാണ് വേണ്ടത്. അത്രക്കായിട്ടില്ല. ഒരാഴ്ച ക ഴിഞ്ഞു നാലു ദിവസത്തെ തേച്ചുകുളിയും, സുഖമായ ഉറക്ക വും, ദിനചൎയ്യയും ഒക്കെ കഴിഞ്ഞപ്പോൾ എൻെറ സക്കീററി നെപ്പററിയും അതിൻെറ ഫലത്തെപ്പററിയും ആരോടെങ്കി ലും സംസാരിച്ചാൽ കൊള്ളാമെന്നായി. അടുത്ത ദിവസം വൈകുന്നേരം ഊണു കഴിഞ്ഞ് ഉറങ്ങുന്നതിന്നു മുമ്പായി എ നിക്കു കിട്ടിയ നിക്ഷേപത്തിൽനിന്നു സ്വൎണ്ണനൂലിന്മേൽ കോ ൎത്തിട്ടുള്ള ഒരു വില്ലുമാലമാല എടുത്ത് അമ്മേച്ചു തിരുമുൽക്കാഴ്ച യായി വെച്ചു. ഒന്നുരണ്ടായിരം വില പിടിച്ച ഈ തിരുമുൽ ക്കാഴ്ച കണ്ടപ്പോൾ അമ്മേച്ചു വല്ലാത്ത ഭ്രമമായി. 'എന്താ കു ട്ടാ! കുട്ടൻ ഇയ്യിടെ ചുമരു തുരക്കാനൊന്നും പോകാറില്ലല്ലോ. അമ്മേച്ചു സമ്മാനിക്കത്തക്കവണ്ണം ഇത്ര വിലപിടിച്ച ഒരു പ ണ്ടം എവിടെനിന്നു കിട്ടി?'

എൻെറ ഒരു മാസത്തെ സക്കീട്ടുചരിത്രം മുഴുവനും അമ്മ യോടു പറയാതെ ഈ ചോദ്യത്തിന്നു സമാധാനം പറവാൻ തരമില്ലല്ലോ. എല്ലാം വളരെ ശ്രദ്ധയോടെ അമ്മ കേട്ടു. ഈ വൎത്തമാനമൊക്കെ ആരേയും അറിയിക്കാതെ കഴിക്കേണമെ

ന്ന് എനിക്കു വിചാരം ഉണ്ടായിരുന്നു. ഗവമ്മേണ്ടും, മണിമഞ്ചത്തു പറമ്പിന്റെ ഉടമസ്ഥൻ മാപ്പിളയും തീരെ അറിയാതെ കഴിക്കണം വാസ്തവത്തിൽ ഈ കിട്ടിയ മുതലിന്റെ അവകാശി ഞാനാണ്. ഇതിൽ യാതൊരു വ്യാജവുമില്ല. ഇതു മുത്തശ്ശൻ മുത്തശ്ശിക്കു കൊടുപ്പാൻ തിച്ചപ്പെടുത്തിയിട്ടുണ്ടെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. പക്ഷെ മുത്തശ്ശന്റെ അവകാശികളായി രണ്ടു പേർ ജീവനോടെ ഉണ്ടെന്നല്ലെ എന്റെ അറിവ്. അതുകൊണ്ട് അമ്മയോടു പിന്നെ ഞാൻ ഇങ്ങിനെ പറഞ്ഞു.

ഞാൻ— അമ്മെ! പൊന്മണിയോട്ടു മനസ്സൽനിന്ന് ആ രണ്ടു കുട്ടികളേയും അമ്മ ഇങ്ങോട്ടു ക്ഷണിച്ചുവരുത്തുമൊ? പുരാതനബന്ധം ഓത്ത് ഒന്നു കാണുവാൻ മാത്രമാണെന്നു പറഞ്ഞയച്ചാൽ മതി. വഴിച്ചിലവും കൊടുത്തു നാളെത്തന്നെ ഒരാളെ അയക്കരുതൊ? ആ ചെറുപ്പക്കാരനെ വിദ്യാഭ്യാസം ചെയ്യിച്ചും ആ പെൺകിടാവിന്നു ദാസ്യവേല കൂടാതെ കഴിപ്പാൻ മുതലുകൊടുത്തും അവരെ സഹായിക്കേണ്ട ഭാരം നമുക്കുണ്ട്.

അമ്മ— കുട്ടന്റെ ഈ ആലോചന വളരെ നന്നായിട്ടുണ്ട്. ഈശ്വരാധീനംകൊണ്ട് ഈ നിക്ഷേപം കിട്ടിയില്ലെങ്കിൽ തന്നെ നമുക്കു പട്ടിണിയില്ല. ദാസ്യവേല ചെയ്യുന്ന കുട്ടികളുടെ കാര്യം ഒരിക്കലും, ഇപ്പോൾ പ്രത്യേകിച്ചും, നമുക്കു മറക്കുവാൻ പാടുള്ളതല്ല.

* * *

'എന്താ കുട്ടാ! ശങ്കരനെ സ്കൂളിൽ ചേത്തു. ശ്രീദേവിയെ എന്താ വേണ്ടത്. ഇവിടെ യാതൊരു വേലയും കൂടാതെ തിന്നു കൂടുന്നതിന്നു അവൾക്കു മനസ്സില്ല. ആഭിജാത്യംനിമിത്തം ഇവിടെ ദാസ്യപ്രവൃത്തിയിൽ അവൾ ഇരിക്കുന്നതുമല്ല. നമുക്കത് ആവശ്യവുമില്ല. മനസ്സുലേയ്ക്കുതന്നെ മടങ്ങിപ്പോവാൻ അവൾ ധൃതി കൂട്ടുന്നു. കുട്ടൻ കോളേജ് തുറന്നാൽ മദിരാശി

ക്കു പോകുന്നുണ്ടോ?" അമ്മയുടെ ഈ ചോദ്യങ്ങൾക്കു പെട്ടെന്ന് ഒരു മറുവടിയും പറവാനില്ലാതെ ഞാൻ കുഴങ്ങി. ശ്രീദേവി ഇപ്പോൾ ഒരു കുട്ടിയല്ല. പത്തുപതിനെട്ടു വയസ്സു പ്രായം ചെന്ന ഒരു സ്ത്രീയായിരിക്കുന്നു. എനിക്ക് വിദ്യാൎത്ഥിയുടെ നില വിട്ട് ഒരു ഗൃഹസ്ഥനായി എന്റെ ചരിത്രാന്വേഷണം തന്നെ ഒരു ജോലിയാക്കിയാൽ കൊള്ളാമെന്നുമുണ്ട്. മണിമഞ്ചത്തു പറമ്പിലുള്ള വീട്ടിന്റെ ജീൎണ്ണോദ്ധാരണം കഴിച്ച് അവിടെ കുറെ വസ്തുക്കൾ സമ്പാദിച്ച് ശ്രീദേവിയും ഞാനും അമ്മയോടുകൂടി അവിടെ താമസമാക്കിയാൽ കാരണവൎക്കു എത്രത്തോളം രസിക്കുമെന്നു വിവരമില്ല. ശ്രീദേവിക്ക് രസിക്കുമോ അതും അറിഞ്ഞിട്ടില്ല. ഒരു ശ്രീദേവി എന്നെ വരിച്ച് ഒരു വലിയ ധനികനാക്കി. ഈ ശ്രീദേവി എന്നെ വരിച്ച് ധന്യനാക്കുകയില്ലേ?

ഞാൻ—അമ്മേ! എനിക്കിനി പഠിക്കാൻ കഴികയില്ല. ഉള്ള പഠിപ്പുകൊണ്ട് ഉപയോഗമെന്താണെന്നു നോക്കുവാനാണ് ഞാൻ തീൎച്ചയാക്കീട്ടുള്ളത്. ഇതിലേക്കു എനിക്ക് ഒരു സഹായിയായി ശ്രീദേവിയെ കൂട്ടുവാനാണ് ഞാൻ വിചാരിക്കുന്നത്. ഇനിയൊക്കെ അമ്മയുടെ ഇഷ്ടംപോലെയാകാം.

അമ്മ—അങ്ങിനെ വരട്ടെ! ഇതു ഞാൻ രണ്ടുദിവസമായി ശങ്കിക്കുന്നു. നിന്റെ കണ്ണും നോട്ടവുമൊന്നും എനിക്കത്ര പിടിച്ചിട്ടില്ല. ശ്രീദേവി കണ്ടാലും നന്ന്, തറവാട്ടുകാരിയുമാണ്. പക്ഷെ ഈ സംബന്ധം നടന്നാൽ ആളുകൾ ഇതിന്റെയൊക്കെ കാരണം മനസ്സിലാകാതെ ഓരോന്നു ഊഹിച്ചു പറഞ്ഞ് അപഖ്യാതിയുണ്ടാക്കും.

ഞാൻ—ജനങ്ങൾ പറയുന്നതിനെല്ലാം നാം സമാധാനം പറയാൻ പുറപ്പെട്ടാൽ അവസാനമില്ല. ശ്രീദേവിയെ ക്രമത്തിൽ ഞാൻ പറഞ്ഞു മനസ്സിലാക്കിക്കൊള്ളാം.

* * * *

കൊല്ലം ഒന്നര കഴിഞ്ഞു. ഞാനിപ്പോൾ മാക്കുട്ടത്തിലെ ഒരു വലിയ ജന്മിയും കൃഷിക്കാരനുമാണ്. മണിമഞ്ചുത്തു പറമ്പിലെ നാലുകെട്ടിൻെറ പണി തകൃതിയായി നടക്കുന്നുണ്ട്. ഞാൻ ഇവിടെ കെട്ടിച്ചുണ്ടാക്കിയ ഒരു ചെറിയ ബംഗ്ലാവിലാണ് ഞാനും അമ്മയും എൻെറ ഭാൎയ്യയായ ശ്രീദേവിയും താമസിക്കുന്നത്. ശങ്കരൻ—ശങ്കരപ്പണിക്കർ (ശ്രീദേവിയുടെ അനുജൻ) ഇടക്കിടെ വരും. അവനെ ബി. എ. ക്ലാസ്സുവരെ പഠിപ്പിക്കാൻ ഞാൻ തീച്ച്യയാക്കിട്ടുണ്ട്. മണിമഞ്ചുത്തു പറമ്പും വീടും അതോടു തൊട്ടുകിടക്കുന്ന ഭൂസ്വത്തുക്കളും എല്ലാം എൻെറ ഭാൎയ്യക്കും മക്കൾക്കും എൻെറ കാലാനന്തരം ലയിക്കുന്നതിന്നുള്ള റിക്കാട്ടും ഉണ്ടാക്കിവെച്ചിട്ടുണ്ട്. യഥാൎത്ഥത്തിൽ ഈ മുതലൊക്കെ അവൎക്കു ചേരേണ്ടതുതന്നെയല്ലെ.

മാളികമുകളേറിയമന്നൻെറ
തോളിൽമാറാപ്പുണ്ടാക്കുന്നതുംഭവാൻ
രണ്ടുനാലുദിനംകൊണ്ടൊരുത്തനെ
തണ്ടിലേററിനടത്തുന്നതുംഭവാൻ.

എന്ന് എല്ലാ ദിവസവും ശ്രീദേവി അവളുടെ മധുരസ്വരത്തിൽ ഈശ്വരസ്തുതി പാടുന്നതു ഞാൻ കേൾക്കാറുണ്ട്. പക്ഷെ എൻെറ പുരാണവസ്തു പരിശോധനയിലുള്ള സാമൎത്ഥ്യം ആരും സമ്മതിക്കുന്നില്ല. ഈ ഇച്ഛാഭംഗം മാത്രമാണ് എൻെറ മനസ്സിൽ ഇപ്പോൾ കിടന്നു കളിക്കുന്നത്.

# മച്ചാട്ടുമലയിലെ ഭൂതം.

അക്കാലം പേരാററുവീഥിയിലെ കാൎയ്യക്കാരന്മാർ, അയ്യഴിപടനായര്, വടക്കംനമ്പിടി, തെക്കംനമ്പിടി, കിണററുങ്കരനായര് എന്നിവരും ഇവരുടെ തലവനായ 'തലച്ചെന്നോരെ'

ന്നു സ്ഥാനപ്പേരുള്ള തോട്ടാശ്ശേരി പിഷാരൊടിയും ആയിരുന്നു. പെരുമ്പടപ്പു മൂപ്പിൽനിന്നു വന്നേരി ചിത്രകൂടത്തിൽ എഴുന്നരുളുന്നു. പെരുമ്പടപ്പു മൂപ്പിലെ കണ്ണിലുണ്ണിയായ തലശ്ശന്നോരുടെ ഗുരുപദേശമനുസരിച്ച്, അയിരൂരു നാട്ടിലെ നാടുവാഴിയായ മനക്കോട്ട നായരെ രാജദ്രോഹകുററം ചുമത്തി കഴുവിന്മേൽ കയററി അദ്ദേഹത്തിൻെറ മുള്ളൂക്കരക്കോട്ടയും നാടുവാഴിസ്ഥാനവും പാലിയത്തച്ഛൻ കയ്യേററിട്ട് അധികമായിട്ടില്ല. വൃശ്ചികം ധനുമാസം കാലം. സൂൎയ്യാസ്തമയം അടുത്തുതുടങ്ങിയിരിക്കുന്നു. പേരാററുവീഥിയിലേക്കു ചേൎന്ന മച്ചാട്ടുമലയുടെ കിഴക്കെ അടിവാരത്തിൽ, ഇരുപുറവും വലുതായ വൃക്ഷങ്ങളാൽ നിറയപ്പെട്ട കാട്ടിന്നുള്ളിൽ തെക്കുകിഴക്കോട്ടു പോകുന്ന ഊടുവഴിയിൽക്കൂടി ഒരു യുവാവ് കുതിരപ്പുറമേറി തനിയെ ചേലക്കരയ്ക്കു പോകുന്നു. ഈ യുവായിൻെറ വലത്തുവശം പൊക്കമുള്ള വൃക്ഷങ്ങളും, അതിനെ തുടൎന്ന് ആകാശത്തിലേക്കു പടിപടിയായി കെട്ടിക്കയററിയതോ എന്നു തോന്നുമാറ് പച്ചിലകളാൽ മൂടപ്പെട്ട പൊക്കമുള്ള മലയും ആയതുകൊണ്ട് ഈ താഴ്വരയിൽ എത്താണ്ട് സന്ധ്യാസമയത്തിലെന്നപോലെ കഷ്ടിച്ചേ പകൽ വെളിച്ചം ഉണ്ടായിരുന്നുള്ളു.

മച്ചാട്ടുമലയിൽ അടുത്ത കാലത്തിന്നുള്ളിൽ ഒരു ഭൂതസഞ്ചാരം തുടങ്ങീട്ടുണ്ടെന്നു പേരാററുവീഥിക്കാരും, അയൽപ്രദേശക്കാരായ അയിരൂരു നാട്ടുകാരും പറഞ്ഞുവരുന്നുണ്ടായിരുന്നു. ഈ ഊടുവഴിയിൽക്കൂടി മുള്ളൂക്കരയ്ക്കും ചേലക്കരയ്ക്കും സഞ്ചരിച്ചിട്ടുള്ളവരിൽ ചിലരൊക്കെ മരങ്ങളുടെ ഇടയിൽക്കൂടി നിശ്ശബ്ദമായി പച്ചപ്പകൽക്കൂടി ഒരു ഭൂതം സഞ്ചരിക്കുന്നതായി കണ്ടിട്ടുണ്ടത്രെ. ഈ ഭൂതസഞ്ചാരത്തെ ഭയന്നു തനിയെ ആരും ഈ ഊടുവഴിയിൽക്കൂടി പോകാറില്ല. ഈ വിവരമൊക്കെ വഴിയാത്രക്കാരനായ നമ്മുടെ യുവാവിന്നു നല്ലപോലെ വിവരമുണ്ട്. ഭൂതത്തിൻെറ വൎത്തമാനം ആലോചിച്ചുംകൊണ്ടു യാത്ര ചെയ്യുന്ന നമ്മുടെ യുവാവിന്ന് അല്പം അകലെ

കാട്ടിൽ മരങ്ങളുടെ ഇടയിൽക്കൂടി ഒരു നിഴൽപ്പെരുമാററം കണ്ടപോലെ തോന്നി. കുതിരയെ പെട്ടെന്നു നിൎത്തി. വീണ്ടും സൂക്ഷിച്ചുനോക്കി. അതാ! കറുത്തിരുണ്ട ഒരു ഭൂതം വൃക്ഷങ്ങളുടെ ഇടയിൽക്കൂടി മല കയറുന്നു! ഈ യുവാവു് തല്ക്കാലം ഒന്നു ഭയന്നുവെങ്കിലും വാൾ കയ്യിൽ ഊരിപ്പിടിച്ചു്, ഈ ഭൂതത്തെ കുറച്ചു പിന്തുടൎന്നാലോ എന്നാലോചിച്ചു കുതിരയെ തിരിച്ചു ഭൂതത്തെ പിന്തുടൎന്നു കാട്ടിലേക്കു കടന്നു. ഭൂതം അതിൻെറ ഗതിവേഗം ഒന്നു മുറുക്കി. യുവാവും ഗതി വേഗത്തിലാക്കി. കുറച്ചുനേരം ഇങ്ങിനെ കഴിഞ്ഞപ്പോൾ വലുതായ ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ വെച്ചു ഭൂതം അപ്രത്യക്ഷമായി. അപ്പോഴാണു് യുവാവിന്നു് അല്പം ഭയം തോന്നിയതു്. ഏതെങ്കിലും ഈ വലിയ വൃക്ഷത്തിൻെറ ചുവട്ടിൽ കുതിരയെ നിൎത്തി താഴത്തിറങ്ങി ആ വൃക്ഷത്തെ പരിശോധിച്ചുതുടങ്ങി. അതിലിടയ്ക്കു് ആ വൃക്ഷത്തിൻെറ ഒരുവശത്തുനിന്നു് ആ ഭൂതം പുറത്തേക്കു ചാടി കയ്യിലുണ്ടായിരുന്ന വില്ലിന്മേൽ ശരംതൊടുത്തുപിടിച്ചു്

'നോക്കിക്കൊൾവിൻ! ഇനി ഒരടി
മുമ്പോട്ടുവെച്ചാൽ ഈ ശരം വിടും'

എന്നു പറഞ്ഞു. ഈ സംഭവം ഒരു നിമിഷത്തിലകം കഴിഞ്ഞു. കരിമ്പടംകൊണ്ടു ദേഹമാസകലം മൂടത്തക്കവിധത്തിൽ ഒരു പുതപ്പുണ്ടാക്കി, കണ്ണുകൾ മാത്രം മൂടാത്തവിധത്തിൽ കരിമ്പടംകൊണ്ടുതന്നെ ഒരു മൂടുപടം ഇട്ടു് നില്ക്കുന്ന ഈ ഭൂതം സംസാരിക്കുന്ന ഭൂതമായതുകൊണ്ടു നമ്മുടെ യുവാവിന്നു കുറെക്കൂടി ധൈൎയ്യം ഉണ്ടായി.

യുവാവ്—നീ ആരാണു്? ഈ കാട്ടിൽ ഇപ്രകാരം ഒരു ഭയങ്കരവേഷവും കെട്ടി ജനങ്ങളെ ഭയപ്പെടുത്തി നടക്കുന്നതിൻെറ അൎത്ഥമെന്താണു്?

ഭൂതം—നിങ്ങൾ അയ്യഴി പടനായരല്ലേ? അതെ, ഒരു നാടുവാഴി. തൻേറടമുള്ള ഒരു പുരുഷൻ. കണ്ണും മുഖഭാവവും

കണ്ടാൽ അകാരണമായി ആരേയും ഉപദ്രവിക്കുന്ന ഒരാ ളല്ലെന്നു തോന്നും. വിശ്വസിക്കുന്നവരെ ചതിക്കയുമില്ല. അല്ലെ? ഞാൻ ഒരഗതി, ഈ വൃക്ഷത്തിന്റെ പൊത്തിൽ താമസിക്കുന്നു. ആൎക്കും എന്നെക്കൊണ്ട് ഉപദ്രവവുമില്ല. നിങ്ങൾ എനിക്കു വല്ല ഉപകാരവും ചെയ്യാമെന്നു വിചാ രിക്കുന്നുണ്ടെങ്കിൽ ഈ നടന്ന സംഭവം ആരോടും പറയാ തിരിക്കുകയാണു വേണ്ടത്. നേരം ഇപ്പോൾ ഇരുട്ടാവും; വേഗം മടങ്ങിപ്പൊയ്ക്കോളൂ.

ഇത്രയും പറഞ്ഞതിന്നുശേഷം ആ ഭൂതം വീണ്ടും അയ്യ ഴി പടനായരുടെ— നമ്മുടെ യുവാവിന്റെ— ദൃഷ്ടിക്ക് അ ഗോചരമായിത്തീൎന്നു. അയ്യഴി പടനായൎക്ക് ഈ സംഭവങ്ങ ളെല്ലാം ഭയത്തെക്കാൾ ആശ്ചൎയ്യത്തെയാണ് ഉണ്ടാക്കിത്തീ ൎത്തത്. ഈ സംസാരിക്കുന്ന ഭൂതത്തെപ്പററി മുഴുവൻ വിവരം കിട്ടുവാൻ അടുത്ത അവസരത്തിൽ ശ്രമിക്കാമെന്നും വെച്ച് അപ്പോൾതന്നെ സ്വഗൃഹത്തിലേക്കു മടങ്ങി. എതായാലും ഈ ഭൂതത്തെ സംബന്ധിച്ചുള്ള അധികവിവരം സമ്പാദിച്ചു കഴിയുന്നതുവരെ അന്നു നടന്ന സംഭവങ്ങൾ ആരോടും പറ യാതെ കഴിച്ചുകൂട്ടുകതന്നെയെന്ന് പടനായർ തീൎച്ചയാക്കി.

പേരാററുവീഥിയിലെ നാട്ടുവാഴികളായ കാൎയ്യക്കാരന്മാ രായി അയ്യഴിപടനായർ ഉൾപ്പടെ നാലഞ്ചുപേരുണ്ടെങ്കിലും പെരുമ്പടപ്പുമൂപ്പിലെ പ്രത്യേകസേവകന്റെ നിലയിൽ കാ ൎയ്യക്കാരന്മാരുടെ തലവനായ തോട്ടാശ്ശേരി തലച്ചന്നോർ രാ ജ്യഭരണകാൎയ്യങ്ങളിൽ അനാവശ്യമായ സ്വാതന്ത്ര്യം ഉപയോ ഗിച്ചു വന്നിരുന്നുവെന്നു മാത്രമല്ല മററുള്ള കാൎയ്യക്കാരന്മാരെ ഒതുക്കി പേരാററുവീഥിയും, അടുത്ത അയിരൂർനാട്ടും തന്റെ ഏകശാസനയിൽ വരുത്തി, വേണ്ടിവരുന്നപക്ഷം പെരുമ്പ ടപ്പുമൂപ്പിലോടുതന്നെ മത്സരിക്കുവാനുള്ള ഒരുക്കങ്ങൾകൂടി ചെ യ്തും വന്നിരുന്നു. നിൎദ്ദയനും, ദുഷ്ടനും, അധൎമ്മിയുമായ തലച്ച ന്നോർ ഈ അത്യാഗ്രഹം കാരണമായി ജനങ്ങളുടെ അപ്രീ

തി വളരെ സമ്പാദിച്ചിട്ടുണ്ട്. സ്ത്രീജിതനാകയാൽ ദുർമ്മാൎഗ്ഗി യായ തലച്ചന്നോർ ആ വിഷയത്തിലും ശത്രുക്കളെ ഉണ്ടാ ക്കിത്തീൎത്തിട്ടില്ലെന്നില്ല. ജനസ്വാധീനം തനിക്കു കുറഞ്ഞുവ രുന്നുണ്ടെന്നു കണ്ടപ്പോൾ ജനങ്ങളെ ഒന്നു ഭയപ്പെടുത്തി കീ ഴടക്കുവാനും, വിശേഷിച്ചു മകളെ തനിക്കു ഭാൎയ്യയായി കിട്ടാ ത്തതിനാലുണ്ടായ പക വീട്ടുവാനും വേണ്ടി നിർദ്ദോഷിയായ അ യിരൂർ നാടുവാഴിയായിരുന്ന മനക്കോട്ടുനായരുടെ മേൽ രാ ജദ്രോഹകുററം ചുമത്തി, പെരുമ്പടപ്പുമൂപ്പിലെ തെററിദ്ധരി പ്പിച്ച് ആ യോഗ്യനെ കഴുവിന്മേൽ കയററിച്ചു. തലച്ചന്നോ രുടെ ശക്തിയോൎത്തു ജനങ്ങൾ ഭയന്ന്, ഈ ബകാസുരൻെറ അധീനത്തിൽനിന്ന് ഏതുപ്രകാരമാണ് രക്ഷ പ്രാപിക്കേണ്ട തെന്നറിയാതെ വ്യസനിക്കുന്നു. ഈ വിവരമൊക്കെ ബുദ്ധിമാ നും, രണതന്ത്രനിപുണനുമായ അയ്യഴി പടനായൎക്ക് നല്ല- പോലെ അറിയാമായിരുന്നു. നയംകൊണ്ടും, വിവേകംകൊ ണ്ടും എന്നുവേണ്ട സഹജീവികളുടെ നേരെ ഇദ്ദേഹം കാണി ച്ചിരുന്ന സ്നേഹംകൊണ്ടും അയ്യഴി പടനായർ, പേരാററുവീ ഥിയിൽ എന്നല്ല അയൽനാടുകളിലുംകൂടി ജനങ്ങളുടെ ഇട യിൽ വളരെ സമ്മതനായ ഒരാളായിരുന്നു. മനക്കോട്ടുനായ രുടെ മേൽ തലച്ചന്നോൻ ചെയ്ത ദോഷാരോപണം കേവലം കളവാണെന്നു പടനായൎക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു. ആ യോഗ്യപുരുഷനെ കഴുവിന്മേൽ കയററിയതുമുതൽ മനസ്സിന്ന് അശേഷം സുഖമില്ലാതെ, കാൎയ്യത്തിൻെറ യഥാൎത്ഥസ്ഥിതി പെരുമ്പടപ്പുമൂപ്പിലെ എങ്ങനെയാണ് അറിയിക്കേണ്ടതെന്നു വിചാരത്തോടെ അതിന്നുള്ള വഴികൾ ആലോചിച്ചു വരിക യാണ് പടനായർ ചെയ്തിരുന്നത്. മുക്കുരയിലേക്കു രണ്ടു തവണ ഈ അവസരത്തിൽ പോയതുതന്നെ ഈ സംഗതി യെപ്പററി പാലിയത്തച്ചനുമായി സംസാരിപ്പാനായിരുന്നു.

പടനായരുടെ മനസ്സിന്ന് അസ്വാസ്ഥ്യം കൊടുപ്പാൻ ഇപ്രകാരം പല സംഗതികളും ഉണ്ടായിരുന്നുവെങ്കിലും മച്ചാ

ട്ടുമലയിലെ ഭൂതത്തിന്റെ സൂക്ഷ്മവിവരം അറിവാനുള്ള ഉല്ക്കണ്ഠ പിറ്റേദിവസംകൂടി വൎദ്ധിച്ചതേയുള്ളു. അന്നു രാവിലെ തന്നെ മലയിലേയ്ക്കു പോകേണമെന്നുറച്ചു. വേണ്ടപ്പെട്ട ആയുധങ്ങളും കയ്യിൽകരുതി മലയിലേക്കു പുറപ്പെട്ടു. ഭൂതത്തിന്റെ വാസസ്ഥലമായ വൃക്ഷം മനസ്സിലാക്കീട്ടുള്ളതുകൊണ്ടു വഴി പിഴക്കാതെ അവിടെ എത്തിച്ചേൎന്നു. അവിടെ ഭൂതമുണ്ടോ ഇല്ലയോ എന്നറിവാനുള്ള യാതൊരുലക്ഷണവും കാണ്മാനുണ്ടായിരുന്നില്ല. ചിലശബ്ദങ്ങൾ പുറപ്പെടുവിച്ചുനോക്കി. ഒരു ഫലവുമില്ല. കുതിരയെ മേയുവാൻ പുല്ലുള്ള ഒരു ദിക്കിൽ കെട്ടി. ഇനി ഭൂതം മടങ്ങിവരുമോ എന്നു പരീക്ഷിപ്പാൻ തീൎച്ചയാക്കി. ഭൂതം മലയുടെ മറുഭാഗങ്ങളിലേക്കു സഞ്ചാരത്തിന്നു പോയിട്ടുണ്ടെങ്കിലോ എന്നു സംശയിച്ചു കാൽപ്പെരുമാററം കാണാത്ത ദിക്കിൽകൂടി പടനായർ മല കയറിത്തുടങ്ങി. ഈ വഴി രണ്ടു കുന്നുകളുടെ ഇടയിലുള്ള ഒരു താഴ്‌വരയിലേക്കാണ് പടനായരെ എത്തിച്ചത്. അവിടെനിന്നു നോക്കിയാൽ താഴ്‌വരയിൽ കാണുന്ന കാഴ്ച വളരെ മനോഹരമായിരുന്നു. കുറച്ചുകൂടി കടന്നുചെന്നപ്പോൾ പടനായർ പെട്ടെന്നു സ്തംഭിച്ചുനിന്നുപോയി. ഉറവുവെള്ളത്താൽ ഉണ്ടാക്കപ്പെട്ട ഒരു ചെറുപൊയ്കയുടെ ഒരു ഭാഗത്തു യൌവനയുക്തയും അതിസുന്ദരിയുമായ ഒരു സ്ത്രീ കാലിന്റെ ഞെരിയാണിയോളം എത്തുന്ന തന്റെ തലമുടി അഴിച്ചുകെട്ടി ആ സരസ്സിലെ നിൎമ്മലജലത്തെ കണ്ണാടിയാക്കി തന്റെ സൌന്ദൎയ്യത്തെ പ്രതിബിംബത്തിൽ വീക്ഷിക്കുന്നു. പലതരമായ വൃക്ഷങ്ങളാലും പുല്ലുകളാലും പുഷ്പലതാദികളാലും അലങ്കരിക്കപ്പെട്ട ഒരു പ്രശാന്തരമണീയമായ താഴ്‌വരയിൽ ഒരു സരസ്സിന്റെ അരികിൽ അതിസുന്ദരിയായ ഒരു സ്ത്രീ ആരെങ്കിലും തന്നെ കാണുന്നുണ്ടോ എന്ന സംശയംകൂടാതെ സ്വച്ഛന്ദമായി പെരുമാറുന്നതു കാണുമ്പോൾ ആൎക്കാണ് ആശ്ചൎയ്യവും ആനന്ദവും ഒരേസമയത്തുതന്നെ ഉണ്ടാവാത്തത്? നമ്മുടെ പടനായൎക്ക് ആശ്ചൎയ്യം

ഈ കാഴ്ച ഒരു സ്വപ്നമായിട്ടാണ് തോന്നിയത്. അതല്ല— ഈ താഴ്വര ദേവലോകത്തിന്റെ ഒരു ഭാഗവും ഈ തരുണി ഒരു ദേവാംഗനയും ആയിരിക്കുമോ? എതെങ്കിലും കുറേ കൂടി അടുത്തുചെന്ന് ഒരിടത്തിൽ ഒളിച്ചിരുന്ന് ഈ യുവതിയുടെ ചേഷ്ടകളെ കാണുകതന്നെ എന്നു തീർച്ചയാക്കി.

ആ യുവതിയാകട്ടേ തല കെട്ടി, പുടവ മുറുക്കിയുടുത്ത്, കാലും മുഖവും കഴുകി തോർത്തി, അടുത്തുണ്ടായിരുന്ന ഒരു കല്ലിന്മേൽ ചെന്നിരുന്ന് അവിടെ വെച്ചിരുന്ന വില്ലും ശരവും കയ്യിലെടുത്തു കുറെ അകലെ നിന്നിരുന്ന ഒരു വൃക്ഷത്തെ ലാക്കാക്കി അസ്ത്രം തൊടുത്തുവിട്ടു. ആ അസ്ത്രം ഉദ്ദേശിച്ച ദിക്കിൽതന്നെയാണോ കൊണ്ടിട്ടുള്ളതെന്നു ചെന്നുനോക്കി വീണ്ടും വീണ്ടും സ്വസ്ഥാനമായ കല്ലിന്മേൽ ഇരുന്ന് അസ്ത്രം തൊടുത്തു വിടും. ഇങ്ങിനെ അഞ്ചുപത്താവൃത്തി പരിക്ഷിച്ചതിന്നുശേഷം വില്ലും ശരവും താഴെ വെച്ച് എന്തോ കറുത്ത ഒരു വസ്ത്രം കുനിഞ്ഞെടുത്തു കുടയുവാൻ ഭാവിയ്ക്കുമ്പോഴയ്ക്കും, പടനായർ അക്ഷമനായി എതാണ്ട് അടുത്തെത്തിയിരിക്കുന്നു. ഈ വരുന്നാൾ ആരാണെന്നു നല്ലവണ്ണം നോക്കാതെ തല്ക്കാലമുണ്ടായ പരിഭ്രമംകൊണ്ടും ഭയംകൊണ്ടും ഈ യുവതി വില്ലും ശരവും പെട്ടെന്നു കയ്യിലാക്കി, 'അവിടെ നില്ക്കു, എങ്ങട്ടാണ് വരുന്നത്, അടുത്തുവരണ്ടാ' എന്നു പറഞ്ഞ് അസ്ത്രം തൊടുത്തുപിടിച്ചു പടനായരുടെ മുഖത്തുനോക്കി നില്പായി. രണ്ടുപേരും നിന്നേടത്തുനിന്ന് അന്യോന്യം മുഖത്തോടുമുഖം നോക്കി നാലഞ്ചുനിമിഷം കഴിച്ചുകൂട്ടി. വില്ലിന്മേൽ തൊടുത്തുപിടിച്ചിരുന്ന അസ്ത്രത്തേക്കാൾ മൂർച്ചയായി പടനായക്ക് തോന്നിയത്, ആ തരുണിരത്നത്തിന്റെ കറുത്തു നീണ്ട കണ്ണുകളിൽനിന്നു പുറപ്പെടുന്ന കടാക്ഷവീക്ഷണമായിരുന്നു. ആളെ അറിഞ്ഞപ്പോൾ അവളുടെ രൌദ്രഭാവം ക്രമേണ കുറഞ്ഞു. സൌമ്യഭാവത്തിലേക്കു വരുന്നുണ്ടെന്നു കണ്ടപ്പോൾ—

പടനായർ—നിന്നെ ഞാൻ മുമ്പ് എവിടെയോ വെച്ചു കണ്ടിട്ടുണ്ടല്ലോ. ഈ കറുത്ത കവചത്താൽ മൂടപ്പെട്ട നിലയിലല്ലതാനും. ഇതിന്റെയൊക്കെ അത്ഥം മനസ്സിലാകുന്നില്ല.

യുവതി—നാട്ടുകളുടെ ഇടയിലെന്നപോലെ മനുഷ്യരുടെ ഇടയിലും വിശ്വസിക്കത്തക്കവരായി ചിലരുണ്ടാവാം.

എന്നു പറഞ്ഞു ലജ്ജിച്ചു തലയൊന്നു ചെരിച്ച് അവൾ ഒരു പുഞ്ചിരിയിട്ടു.

പടനായർ—എന്റെ ചോദ്യത്തിന്നല്ല നീ സമാധാനം പറയുന്നത്. ഞാൻ നിന്നെ ചെറുപ്പത്തിൽ എവിടെയോ വെച്ചു കണ്ടതായി ഓർമ്മിക്കുന്നു. തനിയേ ഈ കാട്ടിൽ ഈ വേഷത്തോടെ നടക്കുന്നതിന്റെ ഉദ്ദേശം എന്താണ്? ഞാൻ ഈ പേരാററുവീഥിയിലെ കാര്യക്കാരന്മാരിൽ ഒരാളാണെന്നു നീ മനസ്സിലാക്കിട്ടുണ്ട്. ഞങ്ങളുടെ ഈ കാട്ടിൽ ഒരു ഭൂതത്തെപ്പോലെ സഞ്ചരിച്ചു ജനങ്ങളെ ഭയപ്പെടുത്തുന്നതു നിത്തൽചെയ്യേണ്ട ഭാരം ഞങ്ങൾക്കില്ലേ?

യുവതി—അയ്യഴി പടനായർ ഒരു കോപിയല്ലെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. നാംതമ്മിൽ മുമ്പു കണ്ടിട്ടില്ലെന്നു വാദിപ്പാൻ ഞാൻ ഒരുങ്ങുന്നില്ല. നിങ്ങൾ ഇവിടുത്തെ നാടുവാഴികളിൽ ഒരാളാണെന്നും എന്നെ ഈ കാട്ടിൽനിന്ന് ആട്ടി ഓടിക്കുവാൻ നിങ്ങൾക്കധികാരമുണ്ടെന്നും എനിക്കറിയാം. ഞാൻ ഒരു അനാഥയാണ്. എനിക്ക് അച്ഛനും അമ്മയുമില്ല, ഭത്താവും സഹോദരനുമില്ല, ബന്ധുക്കളും സ്നേഹിതന്മാരുമില്ല. ഞാൻ ഈ പ്രദേശക്കാരിയുമല്ല. ഞാനൊരു ഭൂതമാണെന്നു പറഞ്ഞോ, നടിച്ചോ, നിങ്ങളുടെ നാട്ടുകാരെ ഭയപ്പെടുത്താറില്ല. നിങ്ങളുടെ മലയിൽനിന്ന് യാതൊരാദായവും ഞാൻ എടുക്കുന്നുമില്ല. പിന്നെ എന്നെ എന്തിന്ന് ആട്ടി ഓടിക്കുന്നു?

പടനായർ—ഛേ! നിന്നെ ആട്ടി ഓടിക്കുകയോ? കഷ്ടം! അ

ത്തു ഞാൻ മനസ്സിൽ വിചാരിച്ചിട്ടുകൂടിയില്ല. നീ ആരാ ണെന്നു സൂക്ഷ്മം പറയു. എന്റെ ചരിത്രം നിണക്കു് അറി യാമെന്നു വരുന്നു. ഞാൻ നിന്റെ ചരിത്രം മറന്നുപോയി. ഇപ്രകാരം തനിയേ ഈ കാട്ടിൽ കഴിച്ചുകൂട്ടുന്നതെങ്ങിനെ? ഭക്ഷണം ആർ തരും? എവിടെ കിടന്നുറങ്ങും?

യുവതി—നിങ്ങൾ ജനസമ്മതനായ ഒരാളാണ്. അഗതിയാ യ ഒരു സ്ത്രീയെ നിങ്ങൾ ഉപദ്രവിക്കയില്ലെന്നു ഞാൻ വി ശ്വസിച്ചതിൽ തെററില്ല. നിങ്ങൾ ഒരു വാഗ്ദാനം ചെ യ്യുമെങ്കിൽ മാത്രം ഞാൻ നിങ്ങളുടെ ചില ചോദ്യങ്ങൾക്കു ഉത്തരം പറയാം.

പടനായർ—ഈ അപകടത്തിൽനിന്നു നിന്നെ രക്ഷിക്കുവാൻ ഞാൻ ശ്രമിക്കരുതെന്നാണ് വാഗ്ദാനം വേണ്ടതെങ്കിൽ അതിന്നു ഞാൻ ഒരുക്കമില്ല.

യുവതി—എനിക്കുപറയാനുള്ളതൊക്കെ ഞാൻ പറഞ്ഞേക്കാം. പിന്നെ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളുക. എ നിക്കു എത്രയും പ്രിയപ്പെട്ട മരിച്ചുപോയ ഒരാളെ സംബ ന്ധിച്ചുള്ള ഒരു വ്രതമാണ് ഞാൻ ഈ കാട്ടിൽ കഴിച്ചുകൂട്ടു ന്നത്. നിങ്ങൾ ഇന്നലെ കണ്ട ആ വൃക്ഷത്തിന്മേൽ പ്രകൃ തി ഉണ്ടാക്കിത്തന്നിട്ടുള്ള ഒരു പൊത്താണ് എന്റെ വീട്. ഈ മലയുടെ പടിഞ്ഞാറുവശം താഴ്‌വരയിലുള്ള ഒരു വീട്ടു കാരാണ് എനിക്കാവശ്യമായ ഭക്ഷണസാധനങ്ങൾ ഉണ്ടാ ക്കിത്തരുന്നത്. ഞാൻ അനാഥയാണെങ്കിലും നിർധനയ ല്ല. എന്റെ ഈ വ്രതത്തെ മുടക്കുവാൻ ശ്രമിക്കുന്നവൎക്കു ത ക്കതായ ദൈവശിക്ഷ ഉണ്ടാകാതിരിക്കയില്ല.

ഇത്രയും പറഞ്ഞ് ആ യുവതി കറുത്ത കവചവും മൂടുപ ടവും ധരിച്ചു, വില്ലും ശരവും കയ്യിലെടുത്ത്, കാട്ടിൽ ഒരു ഭാഗ ത്തേക്ക് അതിവേഗത്തിൽ പോയി മറഞ്ഞുകളഞ്ഞു. 'എന്റെ ഈ വ്രതത്തെ മുടക്കുവാൻ ശ്രമിക്കുന്നവൎക്കു തക്കതായ ദൈവ ശിക്ഷ ഉണ്ടാകാതിരിക്കയില്ല' എന്നു ഹൃദയത്തിൽ തട്ടി ദീനം

സ്വരത്തിലാണ് അവൾ പറഞ്ഞത്. ആയതു പടനായരുടെ ഹൃദയത്തേയും വല്ലാതെ വേദനിപ്പിച്ചു.

'ഈ യുവതിയെ മുമ്പ് എവിടെവെച്ചാണ് ഈശ്വരാ! ഞാൻ കണ്ടത്. എൻെറ ഓമ്മ എന്താണ് എന്നെ വഞ്ചിക്കുന്നത്' എന്നുള്ള വിചാരത്തോടെ ചിന്താമഗ്നനായി പടനായർ സാവധാനത്തിൽ സ്വഗൃഹത്തിലേക്കു മടങ്ങി. പടനായക്ക് ആകപ്പാടെ മനസ്സിന്നു സുഖമില്ലാതെ ഏതാണ്ട് ഒരു ഭ്രാന്തൻെറ നിലയിലാണ് കുറച്ചുദിവസം കഴിച്ചുകൂട്ടിയത്.

തലശ്ശന്നോരെപ്പററിയുള്ള ആക്ഷേപങ്ങൾ യഥാവസരം പെരുമ്പടപ്പു മൂപ്പിലേക്കു അറിവായി. നിർദ്ദോഷിയായ മനക്കോട്ടു നായരെ തലശ്ശന്നോരുടെ ഏഷണി വിശ്വസിച്ചു കഴുവിന്മേലേററിയതിനെപ്പററി പെരുമ്പടപ്പു മൂപ്പിലേക്കു കലശലായ പശ്ചാത്താപമായി. തലശ്ശന്നോരുടെ മേലുള്ള ആക്ഷേപങ്ങളെ അവിടുന്നു ഗൂഢമായി അന്വേഷണം ചെയ്തുവരുന്നുണ്ടെന്നു പടനായക്കു ബോദ്ധ്യപ്പെട്ടിരിക്കയാൽ ആ വിഷയത്തിൽ നായർ കുറച്ചുദിവസമായി മനസ്സു പുണ്ണാക്കാറില്ല. സാധാരണ നേരം പുലന്നാൽ മലയിലേക്കു വെറുതെയെങ്കിലും ഒന്നു പോകേണമെന്നു തോന്നും. ചില ദിവസങ്ങളിൽ ഭൂതത്തെ കണ്ടുവെന്നു വരും. ചിലപ്പോൾ തീരെ കാണാറില്ല. ചിലപ്പോൾ ഒന്നോ രണ്ടോ വാക്കു വല്ലതും സംസാരിച്ചുവെന്നു വരും. ചിലപ്പോൾ ഭൂതം ഒന്നും മിണ്ടാതെ വൃക്ഷത്തിൻെറ പൊത്തിൽ പോയിരിക്കും. ഒരു ദിവസം പടനായർ ഈ ഭൂതത്തെ കണ്ടപ്പോൾ താഴെ പറയുംപ്രകാരം ഒരു സംഭാഷണം നടന്നു.

പടനായർ—നീ എവിടേക്കാണ് ഒന്നും മിണ്ടാതെ ഓടുന്നത്. നാളെ തലശ്ശന്നോർ ഈ കാട്ടിൽ നായാട്ടിന്നു വരവുണ്ടത്രെ. നിന്നെ ഒരസ്ത്രത്തിന്ന് ഇരയാക്കിയാലോ?

ഭൂതം—നിങ്ങളുടെ നായാട്ടുകാരെയൊന്നും എനിക്കു ഭയമില്ല. എൻെറവീട് അവരെയൊക്കെ കബളിക്കുവാൻ തക്കവണ്ണം അത്ര ഉറപ്പുള്ളതാണ്. നിങ്ങളോടു പൊരുതുനില്ക്കുവാനാ

ണ് എന്റെ കോട്ടക്കു ശക്തിയില്ലാതെ വന്നിട്ടുള്ളത്. നരകത്തിലും എന്നെ ഉപദ്രവിക്കുവാൻ നിങ്ങൾ വരുന്നുവല്ലൊ. അതോ എന്നെരക്ഷിക്കുവാനാണോ? ദയവുചെയ്തു മേലിൽ കാട്ടിലേക്കുള്ള വരവ് ഒന്നു നിർത്തണം. ഞാൻ അതിലേക്കു നിങ്ങൾക്ക് ഒരു കയ്ക്കൂലി തരുവാൻ നിശ്ചയിച്ചിട്ടുണ്ട്.

എന്നും പറഞ്ഞ് ഈ ഭൂതം മരത്തിന്റെ പൊത്തിനുള്ളിൽ പോയി പെട്ടെന്നു പുറത്തേക്കു വന്ന് ഒരു വാൾ പടനായക്കു സമ്മാനിച്ചു. 'ശൂരന്മാരും മാനികളും ആയവർ വളരെ കാര്യമായി വിചാരിച്ചുവന്ന ഒരു വാളാണ് ഇതെന്നു മനസ്സിലാക്കണേ!' എന്നും പറഞ്ഞ് ആ ഭൂതം അവിടെനിന്നു പോയി. ഈ വാൾ തനിക്കു എത്രയും പ്രിയപ്പെട്ട ആ ഭൂതത്തിന്റെ കയ്യിൽനിന്നു കിട്ടിയതുകൊണ്ടു ആയത് ഒരു നിധിയായിട്ടാണ് പടനായർ വിചാരിച്ചത്. ഈ വാൾ തന്റെ അനുരാഗത്തിന്റെ ഒരു സ്മാരകമായി വിചാരിച്ചു. സ്വഗൃഹത്തിൽ വന്നതിനുശേഷം രാത്രി സ്വസ്ഥനായിരിക്കുമ്പോളാണ് പടനായർ വാൾ നല്ലപോലെ പരിശോധിച്ചു നോക്കിയത്. വാളിന്റെ പിടിയിന്മേൽ 'മനക്കോട്ട നായർ' എന്നു വളരെ വെളിവായി എഴുതിയിരിക്കുന്നു. ഇതു കണ്ടപ്പോൾ പടനായർ ഒന്നു ഞെട്ടി. 'ഹാ! ആ കുട്ടിയോ......ജീവനോടെയിരിപ്പുണ്ടോ—അതിന്നു തരമില്ല' എന്നൊക്കെ തന്നെത്താനെ ഓരോന്നു പറഞ്ഞു ഒരു ഭ്രാന്തന്റെ മാതിരി താനിരിക്കുന്ന മുറിയിൽ അങ്ങട്ടും ഇങ്ങട്ടും നടന്നു വളരെ നേരം കഴിച്ചുകൂട്ടി. ഏതെങ്കിലും നേരം പുലരട്ടെ, തന്റെ സംശയങ്ങളെല്ലാം തീർത്തുകളയാമെന്നു തീർച്ചപ്പെടുത്തി.

പിറേറദിവസം 10 മണി സമയമായപ്പോഴേക്കും തലശ്ശേരിക്കാരും, നായാട്ടുകാരും, നായ്ക്കളും കാടേറുവാൻ ഒരുങ്ങി പുറപ്പെട്ടിരിക്കുന്നു. പടനായക്കാണെങ്കിൽ ഭൂതത്തെ കണ്ടു ചില സംശയങ്ങളെല്ലാം തീർപ്പാനുണ്ട്. നായാട്ടുദിവസമായതു

കൊണ്ടു ഈ കൂടിക്കാഴ്ച ഭൂതത്തിന്നു ദോഷകരമായിത്തീരുമോ എന്നു ഭയവും ഉണ്ട്. ഏതെങ്കിലും തന്റെ സംശയത്തിന്നു കാരണമായിത്തീൎന്ന വാളും കയ്യിലെടുത്ത് അയ്യഴി പടനായരും മലയേറി, ഭൂതത്തിന്റെ വസതിയുടെ അരികെ ഒരു ദിക്കിൽ പതുങ്ങി ഒളിച്ചുകൂടി. നായാട്ടുകാരിൽനിന്നു യാതൊരു ഉപദ്രവവും തട്ടാതെ ഭൂതത്തെ രക്ഷിക്കേണമെന്നും അവസരം കിട്ടിയാൽ ഭൂതവുമായി സംസാരിച്ചു തന്റെ സംശയങ്ങൾ തീൎക്കണമെന്നും വെച്ചാണ് പടനായർ കാത്തിരിക്കുന്നത്. ഭൂതം വസതിയിൽ ഉള്ളതായ ലക്ഷണങ്ങൾ ഒന്നും പുറമേ കാണ്മാനില്ലെങ്കിലും രക്ഷക്കായി ഭൂതം അവിടെ എത്താതിരിക്കയില്ലെന്നു പരിചയംകൊണ്ടു പടനായൎക്ക് മനസ്സിലായിട്ടുണ്ട്. വളരെ നേരം ഇങ്ങിനെ കഴിഞ്ഞു. എങ്ങും നായാട്ടുകാരുടെ ശബ്ദവും അനക്കവുമില്ല. പടനായന്മാർ അക്ഷമനായിത്തുടങ്ങി. അപ്പോഴെക്കും അല്പം ദൂരെവെച്ചു ചില നായ്ക്കളുടെ ശബ്ദം കേട്ടുതുടങ്ങി. കുറുക്കൻ, മുയൽ മുതലായ ചില ചെറുമൃഗങ്ങൾ ഇടക്കിടെ ഓരോ ഭാഗത്തേക്ക് ഓടിത്തുടങ്ങി. ശബ്ദം അടുത്തടുത്തു എത്തിത്തുടങ്ങി. നായാട്ടുകാർ പല ഭാഗത്തിൽ നിന്നുമായിട്ടാണ് മലയിലേക്ക് കയറീട്ടുള്ളത്. അതിൽ ഒരു ഭാഗക്കാരാണ് അടുത്തുവരുന്നതെന്നു തീൎച്ചയായി. അൾക്കാർ അടുത്തെത്തിത്തുടങ്ങി. പടനായർ തന്റെ ഇരിപ്പിടം നല്ലവണ്ണം ഉറപ്പിച്ച് ഒളിച്ചിരിക്കുന്നു. പെട്ടെന്നു വില്ലും ശരവും കയ്യിലെടുത്തു ഭൂതം അവിടെ പ്രത്യക്ഷമാകുന്നു; നായാട്ടുകാർ വരുന്ന വഴിക്കരികെ ചെന്നു ഒരു വൃക്ഷം മറഞ്ഞു ഈ ഭൂതം നില്ക്കുന്നു. ഇതിന്റെ തത്വം മനസ്സിലാവാതെ പടനായർ ഈ ഭൂതത്തിന്റെ പ്രവൃത്തികൾ എന്താണെന്നറിവാൻ കുറെക്കൂടി അടുത്തുകൂടുന്നു. അല്പം ദൂരെ അതാ തലശ്ശന്നോരുടേയും മറ്റും തലകൾ കാണുന്നു. തലശ്ശന്നോർ കുറെക്കൂടി അടുത്തെത്തി. ഭൂതം വില്ലുതൊടുത്ത് അസ്ത്രം ഒന്നു വിട്ടു. അതു തലശ്ശന്നോരുടെ വലത്തെ കൈക്കുകൊണ്ടു വലുതായ ഒരു മുറി

യുണ്ടാക്കി രക്തം പ്രവഹിപ്പിച്ചുതുടങ്ങി. 'അയ്യോ! ഭൂതം' എന്നുപറഞ്ഞു തലശ്ശന്നോരുടേ കൂടെയുണ്ടായിരുന്ന രണ്ടു പേർ ജീവരക്ഷക്കായി ഓടുന്നു. അമ്പേററ വ്യാഘ്രത്തെപ്പോലെ കോപതാമ്രാക്ഷനായി അസ്ത്രം വന്ന വഴിനോക്കി ഭൂതത്തിന്റെ നേരെ വാളും ഓങ്ങി തലശ്ശന്നോർ കുതിച്ചുചാടുന്നു. അതിലിടക്കു ഭൂതം വീണ്ടും ഒരു അസ്ത്രംകൂടി വിടുന്നു.അസ്ത്രംലാക്കുതെററുന്നു. ഭൂതം പിന്മാറിഓടുവാൻശ്രമിക്കുന്നു.തലശ്ശന്നോർ പിന്നാലെ ഓടിയെത്തുന്നു. മൂടുപടം വലിച്ചെറിഞ്ഞു തലമുടി കടന്നു പിടിക്കുന്നു.

'എടീദുഷ്ടേ,എന്ത്?നിയൊ? എന്റെ ഏമൂർ ഭഗവതീ! ഇവൾ ചത്തില്ലേ? കിണററുങ്കര മാധവിയുടെ അസ്ത്രത്തിന്നു ഞാൻ ഇരയാവുകയൊ? നിന്റെ നയനാസ്ത്രത്തിന്നു പക്ഷെ മുമ്പു ഞാൻ അടിമപ്പെട്ടിട്ടുണ്ടായിരിക്കാം. അന്നു നീ കാട്ടിയ ഗർവ്വിന്റെ ഫലം നിന്റെ അച്ഛൻ മനക്കോട്ടു നായർ അനുഭവിച്ചു. ഇതാ! നിന്റെ അച്ഛനെ ഇപ്പോഴെങ്കിലും അനുഗമിക്കു.' എന്നും പറഞ്ഞു മാധവിയെ വെട്ടുവാൻ ഓങ്ങിയ വാളിതാ അവളുടെ കഴുത്തിൽ വീഴാൻ ഭാവിക്കുന്നു. പെട്ടന്നു ഒരാൾ തലശ്ശന്നോരുടെ വെട്ടുവാൻ ഓങ്ങിയ കരം തടഞ്ഞൽ ചെയ്യുന്നു.

'പാപീ! നിന്റെ വിടത്വം പരമയോഗ്യനായ ഒരാളെ കഴുവിന്മേലേററി. ഇപ്പോൾ നീ ആ മഹാന്റെ മകളെ വധിക്കാനും തുടങ്ങുന്നു. ഈ വാൾ മനക്കോട്ടു നായരുടേതാണ്. ഇതു പ്രതിശാന്തിക്കായി നിന്റെ രക്തം കുറെ കുടിക്കട്ടെ'

എന്നുംപറഞ്ഞ് പടനായർ തലശ്ശന്നോരെ വെട്ടുന്നു. തലശ്ശന്നോർ താഴെ വീണു മരിക്കുന്നു. ഈ സംഭവങ്ങളൊക്കെ ഇത്രയും പറവാനുണ്ടായ സമയത്തിന്നു മുമ്പെ കഴിഞ്ഞു. ഈ സംഭവത്തിന്നു ശേഷം മാധവിയും അയ്യഴി പടനായരും മുഖത്തോടുമുഖംനോക്കി നില്ക്കുകയാണ്. ഇവർ രണ്ടുപേരുടേയുംമുഖത്തിൽ അപ്പോൾ ഇവരുടെ ഹൃദയം നല്ലവണ്ണം പ്രതിബിം

ബിച്ചിട്ടുണ്ടായിരുന്നു. ആശ്ചൎയ്യം, ഭയം, അനുരാഗം, ബഹുമാനം ഈവക സ്തോഭങ്ങളുടെ സമ്മേളനമായിരുന്നു ഇവർ രണ്ടു പേരുടേയും മുഖത്ത് വിളയാടിയിരുന്നത്. ഈ അന്യോന്യമുള്ള വീക്ഷണം അധികനേരത്തേക്കു നിലനിന്നില്ല.

മാധവി—നിങ്ങൾ എന്താണ് കാട്ടിയത്. പരലോകത്തേക്കുള്ള എന്റെ ഗതിയെ തടഞ്ഞതിന്നു നിങ്ങൾക്ക് ശിക്ഷയൊന്നും ഇല്ലെന്നൊ? നിങ്ങൾ ഈ കാട്ടിയ ക്രിയക്കുള്ള ശിക്ഷ എന്താണെന്നു നിങ്ങൾ ലേശം ചിന്തിച്ചിട്ടുണ്ടൊ? ഈ ദുഷ്ടൻ പെരുമ്പടപ്പുമൂപ്പിലെ ഉററ മിത്രമാണെന്നും, ഇവനെ കൊന്നതിന്നു അവിടുന്നു ചെയ്യുന്ന പ്രതിക്രിയ എന്തായിരിക്കുമെന്നും നിങ്ങൾക്കറിഞ്ഞുകൂടെ? ഓ! ശരിതന്നെ, ആ വാൾ ഇങ്ങോട്ടു തരു. നിങ്ങൾ നിർദ്ദോഷി, ഞാനാണ് തലശ്ശന്നോരെ വെട്ടിക്കൊന്നത്. എന്റെ അച്ഛനെ ചതിച്ചുകൊല്ലിച്ച ഈ പാപിയോട് പ്രതിക്രിയ ചെയ്യുകൊള്ളാമെന്ന പ്രതിജ്ഞയോടെയാണല്ലൊ ഞാൻ ഈ കാട്ടിൽ തരംനോക്കി പാൎക്കുന്നത്. നിങ്ങൾ നിൎദ്ദോഷി, ഞാൻ തന്നെയാണ് കൊലക്കുററം ചെയ്തത്. അതിന്നുള്ള ശിക്ഷ ഞാൻതന്നെ അനുഭവിക്കണം. വാളിങ്ങോട്ടു തരു.

പടനായർ—ഭത്താപഹാരം സ്ത്രീകൾക്കായാലും ഭൂഷണമല്ല. തലശ്ശന്നോരെ കൊന്നത് ഞാൻതന്നെയാണ്. ഈ കയ്യുകൊണ്ടാണ് കൊന്നത്. ഈ വാളിന്നും ഈ കയ്യിന്നും നല്ല കൃതാൎത്ഥതയുമായി. ഇതുകൊണ്ടു വന്നുചേരുന്ന ദോഷമൊക്കെ ഞാൻ അനുഭവിക്കുവാൻ ഒരുക്കമാണ്.

എന്നുംപറഞ്ഞു പടനായർ തലശ്ശന്നോരുടെ മൃതശരീരമെടുത്തു കുറച്ചകലെ കാടുകൊണ്ടുമൂടിയ ഒരു കുഴിയിൽ കൊണ്ടിട്ടു; മാധവിയുടെ അരികെ വീണ്ടും വന്നു.

പടനായർ—നായാട്ടുകർ ഓരോരുത്തരായി ഇവിടെ ഇപ്പോൾ എത്തും;അതിലിടക്ക് നാം ചിലതൊക്കെ തീച്ചപ്പെ

ടുത്തുവാനുണ്ട്. മാധവി എന്റെ കൂടെ ഇപ്പോൾതന്നെ വീട്ടിലേക്കു വരിക. അല്ലെങ്കിൽ വേഗം ആ മരത്തിന്റെ പൊത്തിൽ ചെന്നു ഒളിക്കുക. ഞാൻ തലശ്ശന്നവരെ കൊന്ന ഘാതകനാണെന്നു എല്ലാവരേയും അറിയിച്ച് അതിനുള്ള ശിക്ഷ നാടവടിപ്രകാരം അനുഭവിക്കുക. ഇതിൽ ഏതു മാർഗ്ഗമാണ് നല്ലത്.

മാധവി—നിങ്ങളുടെ ഈ വാക്കുകൾ ആരെങ്കിലും വിശ്വസിക്കുമോ? ഞാനാണ് കൊന്നതെന്നു സകാരണം ഞാൻ പോയി എല്ലാവരേയും പറഞ്ഞുമനസ്സിലാക്കും. ഇതിനുള്ള ശിക്ഷ ഞാൻ ധൈര്യത്തോടെ അനുഭവിക്കുകയും ചെയ്യും.

ഇപ്പറഞ്ഞതൊന്നും കേട്ടുവെന്നു നടിക്കാതെ പടനായർ മാധവിയുടെ കൈ കടന്നുപിടിച്ച് "എന്റെകൂടെ ഇപ്പോൾവരൂ. ശിക്ഷ നമുക്കു രണ്ടാൾക്കുംകൂടി കൂടിച്ച അനുഭവിക്കാം. എന്നാൽ സമാധാനമായില്ലേ" എന്നുപറഞ്ഞു ഊടുവഴിയിലേക്കു തിരിച്ചുതുടങ്ങി. എന്നാൽ പടനായരുടെ കാസ്സശ്ശ് തടങ്ങൽ ചെയ്യാൻ മാധവി ഈ അവസരത്തിൽ ശ്രമിച്ചതേയില്ല.

മാ—നിങ്ങൾ എന്നെ എവിടേക്കാണ് കൂട്ടിക്കൊണ്ടുപോകുന്നത്?

പ—എന്റെ ഭവനത്തിലേക്ക്.

മാ—നിങ്ങളുടെ ഭവനത്തിലേക്കോ?

പ—അതേ എന്താ സംശയം?

മാ—ഈ കാര്യത്തിൽ എനിക്കു യാതൊരു അഭിപ്രായവും പറയാനില്ലന്നോ? ഞാൻ പോകുന്ന ദിക്കിലൊക്കെ അനാഥം എന്ന ദേവത എന്നെ പിന്തുടരും.

പ—ആ ദേവതയെ ഒഴിപ്പാനുള്ള ശക്തി എനിക്കുണ്ടോ എന്നു നോക്കട്ടെ. ദയവുചെയ്തു ആരെങ്കിലും കാണുന്നതിനുമുമ്പായി ഈ കരിമ്പടക്കവചം ദൂരെക്കളയുമോ?

മാ—വേണമെങ്കിൽ അതു കളഞ്ഞേക്കാം. ഏതെങ്കിലും എ

ന്റെ ജീവനെ നിങ്ങളാണ് പിടിച്ചുനിൎത്തിയത്. തന്നിമിത്തം ആ ജീവൻ നിങ്ങളുടെ അടിമയുമായി. ആ ജീവനെപ്പററി എനിക്കു യാതൊന്നും പറവാൻ അധികാരമില്ല. എന്റെ വീട്ടിൽപോയി രണ്ടുനിമിഷം വിശ്രമിച്ചു പോകുന്നതായാൽ എത്രത്തോളം ദോഷമുണ്ട്?

പ—നായാട്ടുകാർ ഇപ്പോൾ ഇവിടെ എത്താതിരിക്കയില്ല. അതുകൊണ്ടു വിശ്രമം വേണ്ട. വേണ്ടതു വേഗം പ്രവൃത്തിക്കുക.

മാധവിയെ കുറച്ചുകാലം കാത്തുരക്ഷിച്ച ആ വൃക്ഷത്തിന്റെ പൊത്തിൽപോയി വസ്ത്രങ്ങൾ മാററി ഉള്ള കൈമുതലൊക്കെ എടുത്തു വൃക്ഷത്തോടു യാത്രപറഞ്ഞുപുറപ്പെട്ടു. അയ്യഴിപടനായരും മാധവിയും സന്ധ്യക്കുമുമ്പ് ചേലക്കരയിൽ എത്തി. മാധവിയെ പടനായർ തന്റെ അമ്മയുടെ സംരക്ഷണയിലാക്കി. അമ്മയെ നടന്ന സംഭവങ്ങളൊക്കെ ചുരുക്കത്തിൽ പറഞ്ഞു മനസ്സിലാക്കി. വന്നേരിക്കും, മുളക്കരക്കും ഓരോ എഴുത്തു വിശ്വസ്തന്മാരായവരെ ഏല്പിച്ചു അടിയന്തരമായി അവരെ അന്നുരാത്രിതന്നെ അയച്ചു. ഈ എഴുത്തിൽ അന്നു നടന്ന സംഭവങ്ങളൊക്കെ വളരെ വിവരമായി എഴുതിയിരുന്നു.

പിറേറദിവസം നേരം പുലൎന്നപ്പോഴേക്കും നായാട്ടിന്നു പോയ തലശ്ശന്നോരെ കാണ്മാനില്ലെന്ന വൎത്തമാനം പേരാററു വീഥിയിലെങ്ങും പരന്നു. ഭൂതം പിടിച്ചിട്ടുണ്ടെന്നു ചിലർ പറയുന്നു. ജനങ്ങൾ പല ദിക്കിൽനിന്നും ചേലക്കരയിൽ സഞ്ചരിച്ചുതുടങ്ങി. കാട്ടിൽ വല്ല അപകടവുംപററി കിടക്കുന്നുണ്ടോ എന്നു പരിശോധിപ്പാൻ പലരും പുറപ്പെട്ടുപോയിരിക്കുന്നു. നേരം എതാണ്ടു പന്ത്രണ്ടുമണി കഴിഞ്ഞു. നാട്ടാരൊക്കെ വന്നു നിറഞ്ഞിരിക്കുന്നു. മററുള്ള കാൎയ്യക്കാരന്മാരൊക്കെ എന്താണ് ചെയ്യേണ്ടതെന്നറിയാതെ അമ്പരന്നു നില്ക്കുന്നു. ക്ഷു

രെനിന്ന് ഒരു മഞ്ചലിന്റെ മുഴക്കവും, ഭടന്മാരുടെ ആർപ്പുവിളിയും കേൾക്കുന്നു. പാലിയത്തു വലിയച്ഛൻ വരുന്നുണ്ടെന്ന വൎത്തമാനം നാട്ടാർ കൂട്ടത്തിൽ പരക്കുന്നു. അയ്യഴിപ്പടനായരെ പേരാററു വീഥിയിലേയും അയിരൂർ നാട്ടിലേയും നാടുവാഴിയായി പെരുമ്പടപ്പു മൂപ്പിൽ നിന്ന് നിശ്ചയിച്ചതും, മരിച്ച തലച്ചെന്നോരുടെ സ്വത്തുക്കൾ പിഴയായി മാധവിക്കു ചേരേണ്ടതാണെന്നു തിരുമേനി തീരുമാനിച്ചതും ആയ വിവരങ്ങൾ അധികം പ്രയാസം കൂടാതെ നാട്ടാർക്കൂട്ടത്തെ വലിയച്ഛൻ പറഞ്ഞു മനസ്സിലാക്കി.

സൎവ്വജനസമ്മതനായ പടനായരുടെ സ്ഥാനാരോഹണം എത്രത്തോളം ആഘോഷത്തോടുകൂടിയാണോ കഴിഞ്ഞത് അത്രതന്നെ ആഘോഷം നായരും മാധവിയുമായുണ്ടായ സംബന്ധത്തിന്നുമുണ്ടായിരുന്നു. ഈ വക ശുഭകൎമ്മങ്ങളൊക്കെ കഴിയുന്നതുവരെ വലിയച്ഛൻ ചേലക്കരെത്തന്നെ താമസിക്കുകയും ചെയ്തു.

# ചങ്കരൻകോത കയ്മളുടെ ഡയറി

(981-ാമാണ്ട് ധനു 21-ം 22-ം നു-)

മൂരിയനാട്ടുനമ്പ്യാർ കാഴ്ചയിൽ ഒരു മൂകനാണെന്നു തോന്നും. ഒരു നായാട്ടിൽ നമ്പ്യാരുടെ ഒരു കണ്ണു പോയിട്ടുണ്ടെങ്കിലും, മറെറ കണ്ണ് അയാളുടെ പടൎന്നുപിടിച്ച കുടുമയുടെ ഇടയിൽക്കൂടി ലോകത്തിൽ നടക്കുന്നതൊക്കെ കാണുവാൻ മതിയായിരുന്നു. അദ്ദേഹം അണിനിരത്തിയിരിക്കുന്ന ഒരു

നായർ പടയുടെ മുമ്പിൽനിന്നു ഒന്നു നോക്കിയാൽ ആ പടയുടെ നടുവിൽ അംഗഭംഗം വന്നവരേയും, പടയ്ക്കു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യാത്തവരേയും ഒരു നിമിഷംകൊണ്ടു കണ്ടുപിടിക്കും. പടയാളികൾക്കെന്നല്ല പടനായകന്മാൎക്കുതന്നെയും ഇദ്ദേഹത്തെ വളരെ സ്നേഹമില്ല. അതിന്നു കാരണം നമ്പ്യാൎക്കു സഹജമായി പണത്തിന്മേലുള്ള പിടുത്തമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ, പോരാട്ടത്തിന്നു പുറപ്പെടുമ്പോൾ നമ്പ്യാരെ അനുഗമിക്കുവാൻ എല്ലാവൎക്കും വലിയ ഉത്സാഹമാണ്. അദ്ദേഹത്തിന്നു പണത്തിലെന്നപോലെ പടയിലും ചില പിടുത്തവും വാശിയും ഉണ്ട്. ഈ രണ്ടു പിടുത്തത്തിൽനിന്നും അദ്ദേഹത്തെ വിടുവിക്കുവാൻ, സാമാന്യക്കാരെക്കൊണ്ടൊന്നും സാധിക്കുന്നതുമല്ല. ഇങ്ങിനെയൊക്കെയാണെങ്കിലും എനിക്കു നമ്പ്യാരേയും നമ്പ്യാൎക്കു് എന്നെയും വലിയ കാൎയ്യമാണ്. അടിയന്തരമായി എന്നെ ഒന്നു കാണണമെന്നു നമ്പ്യാരുടെ ആൾ വന്നറിയിച്ചപ്പോൾ, എന്തെങ്കിലും, നല്ല ഒരു പോരാട്ടത്തിന്നു വകയുണ്ടാകുമെന്നു കരുതി ബഹു ഉത്സാഹത്തോടുകൂടിയാണ് ഞാൻ പുറപ്പെട്ടു ചെന്നത്. ഉള്ളംകയ്യിൽ മുഖവുംവെച്ചു നമ്പ്യാരിരിക്കുന്നതു കണ്ടപ്പോൾ, വല്ലവരും വല്ല സംഭാവനയും തരണമെന്നു ചോദിക്കുമ്പോൾ ഉണ്ടാവുന്ന ഭാവമാണു, നമ്പ്യാരുടെ മുഖത്തു സ്ഫുരിച്ചിരുന്നത്. എങ്കിലും എന്നെക്കണ്ടപ്പോൾ ഒന്നു പുഞ്ചിരിക്കൊണ്ടു നമ്പ്യാർ ചോദിച്ചു:—

'എന്താ കമ്മളെ! സുഖംതന്നെയല്ലെ?'

ഞാൻ— ദുഃഖമൊന്നുമില്ല.

നമ്പ്യാർ— നിങ്ങളുടെ പടമുഖത്തു നായന്മാരെങ്ങിനെ?

ഞാൻ— അവർ എഴുനൂറു പേരും എഴുനൂറു പേൎതന്നെ.

നമ്പ്യാർ— നിങ്ങൾക്കു പറ്റിയ പരുക്കോ? അതുണങ്ങിയോ?

ഞാൻ— അത് ഒരിക്കലും ഉണങ്ങുന്നതല്ല.

നമ്പ്യാർ— കാരണം?

ഞാൻ— എനിക്ക് എപ്പോഴും പുതിയ പരുക്കുകൾ ഉണ്ടായിക്കൊണ്ടേ ഇരിക്കുന്നുണ്ട്.

നമ്പ്യാർ— പഴയങ്ങേരിനായക്ക് ശത്രുക്കളിൽനിന്ന് ഇരുപത്തൊന്നു മുറികൾ പററിട്ടുണ്ടെന്നു കേട്ടു. നിങ്ങൾക്കും മുറിയേററിട്ടുണ്ടെന്നറികയാലാണ് കുറച്ചു ദിവസമായി ഞാൻ ബുദ്ധിമുട്ടിക്കാഞ്ഞത്.

ഞാൻ— അതാണല്ലോ എനിക്കു വലിയ പരുക്കേല്പിക്കുന്നത്.

നമ്പ്യാർ— അതു പോട്ടെ, ലന്തപ്പട്ടാളക്കാരെത്തിയതുമില്ല. സാമൂതിരിയുടെ പട കുന്നംകുളം കടക്കുകയും ചെയ്തു. നാം മുളളൂക്കരയിൽ തടവുകാരെപ്പോലെ ഇരുന്നിട്ടു കാര്യമില്ല. എന്തെങ്കിലും ചിലത് ഉടനെ പ്രവൎത്തിക്കണം.

ഞാൻ— പടയേല്ക്കുകതന്നെയല്ലെ?

നമ്പ്യാർ— അല്ല. പിൻവലിക്കാനാണ് ഭാവം.

ഇതു കേട്ടപ്പോൾ എനിക്കുണ്ടായ ആശാഭംഗം മുഖത്തു നോക്കിത്തന്നെ അറിയേണ്ടതായിരുന്നു. എന്ത്! ഈ ധൎമ്മോത്തു പണിക്കരുടെ പടയാളികളോടെതിൎത്തു പിൻവലിക്കയോ! ഞാൻ കരഞ്ഞില്ലെന്നു മാത്രമേയുള്ളു.

നമ്പ്യാർ— എന്താ നിങ്ങളുടെ ആലോചന? ഇരുഭാഗത്തു നിന്നും ശത്രുക്കൾ എതിൎത്ത് അപജയത്തിനു വഴി കാണുമ്പോൾ ആൾനഷ്ടം കൂടാതെ കഴിക്കുകയല്ലെ ഉത്തമം?

ഞാൻ— അല്ല. മുമ്പോട്ടു കടന്നു ശത്രുക്കളുടെ അണിമുറിക്കുകയാണ് വേണ്ടത്.

ഇതു കേട്ടപ്പോൾ നമ്പ്യാർ തലയൊന്നു കുലുക്കിക്കൊണ്ടു പറഞ്ഞു. 'കയ്മളേ! ധൎമ്മോത്തു പണിക്കരുടെ അണി മുറിപ്പാൻ നമ്മളാൽ ഇപ്പോൾ സാദ്ധ്യമല്ല. അതിനുള്ള ഒരുക്കങ്ങളും നമുക്കു പോരാ. മനക്കോട്ടച്ചനോ മരിച്ചു. നാം ഇവിടെ മുള്ളൂക്കരയിൽ ആറു മാസമായി എതിൎത്തു നില്ക്കുന്നു. ഭക്ഷണസാധനങ്ങളോ ഇഷ്ടംപോലെ കിട്ടുവാനുമില്ല. പിന്നെയെന്താണ് ഭേദം പിൻവലിക്കുകയല്ലെ?

ഞാൻ—കടവല്ലൂരിൽ ധാരാളം ഭക്ഷണസാധനങ്ങഠം കിട്ടും.

നമ്പ്യാർ— ഛീ! കുന്നംകുളങ്ങരെ ശത്രുക്കഠം സ്വത്രുപിച്ചിരിക്കമ്പോഠം അതു സാദ്ധ്യമല്ല. അതൊക്കെപ്പോട്ടെ. അതൊന്നും ആലോചിപ്പാനല്ല ഞാൻ നിങ്ങളെ വിളിച്ചത്. ഭാരമേറിയ ഒരു കാൎയ്യം നിങ്ങളാൽ സാധിക്കേണ്ടതുണ്ട്. അതിന്നു മററാരേയും കണ്ടില്ല.

ഇതു കേട്ടപ്പോഠം ഞാൻ ചെവി കൂൎപ്പിച്ചുകൊണ്ടിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

നമ്പ്യാർ— മാരീചൻനായരെ നിങ്ങഠം അറിയുമോ?

ഞാൻ— ഞാനറിയാത്ത സ്ഥാനിനായന്മാർ കൊച്ചിയിലും കോഴിക്കോട്ടും ഇല്ല. ഒന്നുകിൽ എണ്ണങ്ങിട്ട്, അല്ലെങ്കിൽ പിണങ്ങിട്ട്.

നമ്പ്യാർ— മാരീചൻനായരെന്ന പേർ അയാഠംക്ക പടയാളികഠം കൊടുത്തതാണ്. വാസ്തവത്തിൽ അയാഠം സാമൂതിരിയുടെ പടനായകന്മാരിലൊരാളായ പനങ്ങാട്ടു പണിക്കരാണ്. സ്ഥാനിയും തറവാട്ടുകാരനുമാണ്. അയാളുടെ ദുൎന്നടവടികളെക്കൊണ്ട് ഇങ്ങിനെയൊരു പേരു കിട്ടിയെന്നേ ഉള്ളൂ. കൂണ്ടൽക്കുന്നിനാടുക്കെ അയാളിപ്പോഠം ഉണ്ട്. അയാളെ ഒന്നു കണ്ടുവരണം.

ഞാൻ— ഒരു വിരോധവുമില്ല.

നമ്പ്യാർ— അയാളെക്കണ്ടാൽ പിന്നെ കാണുന്ന മരത്തിന്മേൽ അയാളെ തൂക്കുകയും വേണം.

ഞാൻ— വളരെ സന്തോഷം.

ഇങ്ങിനെ പറഞ്ഞു ഞാൻ എഴുനീററു പുറപ്പാടായി.

നമ്പ്യാർ— അത്ര ധൃതിപ്പെടേണ്ട. കാൎയ്യം മുഴുവൻ മനസ്സിലാക്കീട്ടു പുറപ്പെട്ടാൽ മതി. ഈ മാരീചൻനായർ എന്നു പറയുന്ന പണിക്കർ ചില്ലറക്കാരനൊന്നുമല്ല. അദ്ദേഹം സാമൂതിരിയുടെ സൈന്യത്തിൽ ഒരു ശ്രുതിപ്പെട്ട പടനായകനായിരുന്നു. യുദ്ധധൎമ്മത്തിന്നു വിരോധമായി എന്തോ

പ്രവൃത്തിക്കയാൽ പടയിൽനിന്നു ഭ്രഷ്ടനാക്കിവിട്ടു. ഇപ്പോൾ അയാൾ കട്ടവളരെ പിൻഗാമികളോടുകൂടി കാട്ടിൽക്കടന്നുകൂടിയിരിക്കയാണ്. കൊച്ചിക്കാരും കോഴിക്കോട്ടുകാരും കൊളമ്പുകാരും ലന്തക്കാരും മററുമായി എല്ലാ സൈന്യങ്ങളിൽനിന്നും പോക്കിളും വിട്ടോടിപ്പോകുന്നവരൊക്കെ ഇയ്യാളുടെ കൂട്ടത്തിൽ കൂടുകയാണ് പതിവ്. അവർ അഞ്ഞൂറോളം പേർ ഉണ്ടെന്നാണ് കേൾവി. കൊലയും കൊള്ളയുംകൊണ്ടാണിവർ അഷ്ഠവൃത്തി കഴിക്കുന്നത്. ചൂണ്ടൽക്കുന്നിന്റെ അടുത്തുള്ള ആലത്തൂർ നമ്പിയുടെ ഇല്ലം കൈവശപ്പെടുത്തി ഇവരവിടെ സങ്കേതം ഉറപ്പിച്ചിരിക്കയാണ്.

'അയാളെ തൂക്കിക്കൊല്ലുന്നതിന്ന് ഇതിലധികം കുററം ചെയ്യേണ്ടതില്ല' എന്നു പറഞ്ഞു വീണ്ടും ഞാനെഴുനീററു.

നമ്പ്യാർ— നില്ക്കട്ടെ ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഇയ്യാൾ ചെയ്ത വലിയ ഒരു കുററംകൂടി പറയാനുണ്ട്. കോടനാട്ടുനമ്പൂതിരിപ്പാട്ടിലെ ഭാര്യയും ഒരു നല്ല പണക്കാരത്തിയും ആയ ആലുങ്കൽ കുഞ്ഞുക്കുട്ടിയമ്മ വെള്ളറക്കാട്ടുനിന്നു കണ്ണൻകുളത്തേയ്ക്കു പോകുമ്പോൾ വഴിക്കുവെച്ചു പണിക്കരുടെ ആൾക്കാർ പിടിച്ചു തടവുകാരത്തിയാക്കീട്ടുണ്ടത്രേ. നമ്പിയുടേയും നമ്പൂതിരിപ്പാട്ടിലേയും സങ്കടങ്ങൾ തിരുമുമ്പാകെ എത്തീട്ടുണ്ട്. ആ സ്ത്രീക്ക് അവിടെ ബന്ധനത്തിൽ വല്ല രക്ഷയുമുണ്ടെങ്കിൽ—

ഞാൻ— ആയമ്മയുടെ പ്രായാധിക്യംതന്നെ ആയിരിക്കാം.

നമ്പ്യാർ— അല്ലാ, നമ്പൂതിരിപ്പാട്ടിലേയും ആയമ്മയുടേയും പണത്തിന്റെ ശക്തിതന്നെയാണ്. അതിരിക്കട്ടെ. മൂന്നു കാര്യമാണ് ഇപ്പോൾ നിവൃത്തിക്കാനുള്ളത്. ഒന്നാമത് ആ നിർഭാഗ്യയായ സ്ത്രീയെ രക്ഷിക്കണം. രണ്ടാമത് കൊള്ളക്കാരനെ ശിക്ഷിക്കണം. മൂന്നാമത് കൂട്ടാളികളെ ആട്ടിയകററണം. എന്നിട്ടു നാളെ വൈകുന്നേരം കയ്യിലും ആൾ

ക്കാരും വടക്കാഞ്ചേരി എത്തുകയും വേണം. ഇതിലേക്കായി പടമുഖത്തു നായന്മാരിൽ അയ്മ്പതാളെ കൂടെ അയസ്സാനേ ഇപ്പോൾ സാധിക്കയുള്ളു.

ഇതു കേട്ടപ്പോൾ ഞാനൊന്നു ഞെട്ടി. അഞ്ഞൂറാളുടെ നേരെ അയ്മ്പതാളെക്കൊണ്ട് എന്തു സാധിക്കുവാനാണ്? ചുരുങ്ങിയത് എന്റെ പടമുഖത്തു നായന്മാരിൽ പത്തന്നൂറു പേരെ എങ്കിലും കൂട്ടാമെന്നാണ് ഞാൻ കരുതിയത്.

നമ്പ്യാർ— കൂടെ അധികം ആളെ അയസ്സാമായിരുന്നു. പക്ഷേ നമ്മുടെ സൈന്യങ്ങളെ ഇന്നുതന്നെ വടക്കാഞ്ചേരിക്കു പിൻവലിക്കണം. ധർമ്മോത്തു പണിക്കരുടെ മുഷ്ക്കുള്ളപ്പോൾ ഉള്ളേടത്തോളം ആളുകൾ എന്റെ കൂടെത്തന്നെ വേണം. എന്നാലിനി നാളെ വൈകുന്നേരം വടക്കാഞ്ചേരി കാണാം.

ഈ സംസാരം അവസാനിച്ചു പുറത്തിറങ്ങിയപ്പോഴാണ് ഞാൻ നിവൃത്തിക്കേണ്ട കയ്മത്തിലുള്ള വൈഷമ്യങ്ങളെപ്പററി എനിക്കാലോചിപ്പാനിടയായത്. വലിയ തമ്പുരാൻ തിരുമനസ്സിൽനിന്നു സ്ഥാനമാനങ്ങൾ കിട്ടേണമെന്നു വളരെക്കാലമായി എനിക്കുണ്ടായിരുന്ന മോഹം സാധിക്കാനുള്ള സമയമായി എന്നെനിക്കു തോന്നിത്തുടങ്ങി. എന്റെ നായകത്വത്തിൻകിഴിൽ പുറപ്പെടാനുള്ള ഭടന്മാരുടെ മുഖത്തു നോക്കിയപ്പോൾ എനിക്കുണ്ടായ ഈ വിശ്വാസം ഒന്നുകൂടി ബലപ്പെട്ടതേയുള്ളു. ഞങ്ങൾക്കു പോവാനുള്ള വഴി കുന്നുകളുടെ കൂടിയിരിക്കുന്ന സാമൂതിരി സൈന്യങ്ങളുടെ അരികേ കൂടിയായതുകൊണ്ടും, അവരുടെ ഒററുകാർ നാട്ടിലെങ്ങും സഞ്ചരിച്ചിരുന്നതുകൊണ്ടും ഗൂഢമായ വഴികളിൽകൂടി പോവാനാണ് ഞങ്ങളുറച്ചത്. നേരം പതിററടിയായതോടുകൂടി ഞങ്ങൾ പെരുമലക്കുന്നിന്മേൽ എത്തി. ആ കുന്നിന്റെ മുകളിൽനിന്നു ദേശസ്ഥിതികൾ നോക്കിയറിവാനും ശത്രുക്കളുടെ സങ്കേതങ്ങൾ വല്ല ദിക്കിലുമുണ്ടോ എന്നു പരിശോധിപ്പാ

നമായി ഞാൻ ചില ഭടന്മാരോട് ആജ്ഞാപിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ഒരു ഭടൻ വന്നു തലപ്പള്ളി മേൽവട്ടത്തുനിന്നു സാമൂതിരിയുടെ പടയാളികൾ വരുന്നുണ്ടെന്നുള്ള വിവരം അറിവുതന്നു. വിശ്വാസമാംകാസ്ഥയാൽ ഞാൻതന്നെ ഒന്നു ചെന്നു നോക്കിയപ്പോൾ കാൎയ്യം വാസ്തവമാണെന്നു കണ്ടു. പെരുമലക്കുന്നിന്റെ താഴ്വരയിലെത്തിയപ്പോഴേയ്ക്കും തലപ്പള്ളി മേൽവട്ടത്തുനിന്നു വരുന്ന പടയാളികൾ അടുത്തെത്തി ക്കഴിഞ്ഞു. കൊച്ചിയും കോഴിക്കോടും സൈന്യങ്ങൾ കണ്ടുമുട്ടിയാൽ വെറുതെ പിരിയുന്നതു സമ്പ്രദായവിരോധമാണ്. എന്നാൽ, ഇതിലും ഗൌരവമേറിയ കാൎയ്യങ്ങൾ സാധിക്കാനുള്ളതുകൊണ്ടു തൽക്കാലം അതിനുള്ള സമയവുമല്ല. ഈ ധൎമ്മസങ്കടത്തിൽ എന്താ ചെയ്യേണ്ടതെന്ന് എനിക്കു വിചാരമായി. ഈ വിചാരത്തോടുകൂടി അധികനേരം നില്ക്കേണ്ടിവന്നില്ല. അപ്പോഴേയ്ക്കും ശത്രുസൈന്യങ്ങൾ വാളൂമൂരി അടുത്തെത്തിക്കഴിഞ്ഞു. ഇതു കണ്ടുകൊണ്ടു നില്ക്കുകയല്ലെന്നു വെച്ചു ഞങ്ങളും ഒരുങ്ങി. നല്ല യൌവനയുക്തനും ഒരു യോദ്ധാവിന്നനുരൂപമായ വേഷത്തോടും ഏതു കാൎയ്യത്തിലും ഒരു നിസ്സാരഭാവത്തോടും കൂടിയവനുമായ ആ പട്ടാളക്കാരുടെ എജമാനൻ വരുന്നതു കണ്ടപ്പോൾ എനിക്കു വാസ്തവത്തിൽ ആശ്ചൎയ്യവും ബഹുമാനവുമുണ്ടായി. അല്പനേരം ഞാൻ ആ വരവു നോക്കിക്കൊണ്ടു നിന്നുപോയി. വാളും ഉയൎത്തിക്കൊണ്ടു ഞാനും ആയാളോടെതിൎക്കുവാൻ ചെന്നു. അപ്പോൾ 'ഇയ്യാളെ ഞാൻ എവിടെവെച്ചാണ് കണ്ടിട്ടുള്ളത്?' എന്നുള്ള വിചാരം എന്റെ മനസ്സിൽ ഉദിച്ചു. ശരി; ആളെ മനസ്സിലായി.

ഇതിനിടയ്ക്ക് അയാൾ തന്റെ വാൾ എന്നെ വെട്ടുവാനായി ഓങ്ങിക്കഴിഞ്ഞു. അതു തടുത്തുവെട്ടുവാൻ ഞാനും നോക്കിയിരുന്നു. ഈ സന്ദൎഭത്തിൽ കുറച്ചു നേരം ഞങ്ങൾ മുഖത്തോടുമുഖം നോക്കി നില്ക്കുകയുണ്ടായി.

ഞാൻ — എന്ത്! ഉള്ളനാട്ടു പണിക്കരോ? എന്തൊരു പുതുമ!

പണിക്കർ — അല്ലാ, ചങ്കരക്കോതകയ്മളോ? ഇതു വിചാരിക്കാത്ത സംഭവമാണ്. ഞാൻ വിചാരിച്ചു എന്തോ ചതിയുണ്ടെന്ന്.

ഇതു പറഞ്ഞപ്പോൾ പണിക്കരുടെ മുഖത്തുണ്ടായ സ്തോഭം നോക്കിയാൽ, ഒരു സ്നേഹിതനെ കണ്ടതിലുണ്ടായ സന്തോഷത്തിനുപകരം ശത്രുവിനെ കണ്ടുമുട്ടാത്തതിലുള്ള ഇച്ഛാഭംഗമാണ് കാണ്മാനുണ്ടായിരുന്നത്.

ഞാൻ — നിങ്ങളുടെ ഈ പോരാട്ടത്തിൽ ചേൎന്ന് ഇച്ഛാഭംഗം കൂടാതെ കഴിച്ചാൽ കൊള്ളാമെന്ന് എനിക്കും നന്നേ മോഹമുണ്ട്. പക്ഷേ, എന്നെ ഒരിക്കൽ അപകടത്തിൽ നിന്നു രക്ഷിച്ച സ്നേഹിതൻെറ നേരെ വാളുയൎത്തുവാൻ എനിക്കു മനസ്സുവരുന്നില്ല.

പണിക്കർ — ഛേ, അതു സാരമില്ല.

ഞാൻ — അല്ലാ, സാരമുണ്ട്. എനിക്കതിന്ന് ഒരിക്കലും സമാധാനമില്ല.

പണിക്കർ — നിങ്ങൾ നിസ്സാരമായ ഒരു കാൎയ്യം വളരെ സാരമാക്കിത്തീൎക്കുന്നു.

ഞാൻ — എൻെറ അമ്മ നിങ്ങളെ കണ്ടിട്ടുണ്ടെങ്കിൽ എനിക്കു ചെയ്ത ഉപകാരത്തിന് എന്തെന്നില്ലാത്ത കൃതജ്ഞത പറയാതിരിക്കയില്ല. നിങ്ങൾ ഞങ്ങളുടെ പ്രദേശത്ത് എപ്പോഴെങ്കിലും വരുമെങ്കിൽ—

പണിക്കർ — ഓഹോ! അതുടനെ ഉണ്ടാവും. സാമൂതിരിപ്പാടും അയ്മ്പതിനായിരവും താമസിയാതെ അവിടെ എത്തും.

ഞാൻ — എന്നാൽ അതിലൊരാളെങ്കിലും ജീവിക്കാതിരിക്കയില്ല. അതു പോട്ടെ; നിങ്ങളുടെ വാൾ ഉറയിലിടുക തന്നെ.

ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ പണിക്കർ അടുത്തുവന്ന്

എൻെറ ചുമലിൽ കൈവെച്ചുകൊണ്ടുപറഞ്ഞു— 'നിങ്ങൾ ഒരു നല്ലാളാണെന്നെനിക്കു മുമ്പുതന്നെ അറിയാം. നമ്മളുടെ ഈ കളി കണ്ടാൽ ധർമ്മോത്തു പണിക്കർ തല വെച്ചേക്കില്ല. കളിക്കാനല്ലാ ഞങ്ങളെ ഇങ്ങോട്ടയച്ചിട്ടുള്ളത്.'

ഞാൻ—പിന്നെ ഞാനെന്തു ചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്?

പണിക്കർ—കൊച്ചിയിലെ പടമുഖത്തു നായന്മാരും കോഴിക്കോട്ടെ പടമുഖത്തു നായന്മാരും തമ്മിൽ ചില കണക്കൊക്കെ പറയാനുണ്ട്. ഞങ്ങളും അയ്മ്പതു പേരുണ്ട്, നിങ്ങളും അയ്മ്പതു പേരുണ്ട്. വഴിയിൽനിന്നല്ലും വിട്ടുനിന്നു നാം തമ്മിൽ ഒരു കയ്യു നോക്കുകതന്നെ. ഈ ശീതകാലത്തു ദേഹത്തിൽനിന്നു കുറേശ്ശ രക്തം പുറപ്പെട്ടുന്നതു നല്ലതാണ്.

ഈ പറഞ്ഞതു വാസ്തവമാണെന്നെനിക്കും തോന്നി. ചുണ്ടൽക്കുന്നിന്മേൽ ചെന്ന് മാധിചൻനായരെ തൂക്കിക്കൊന്ന് കുഞ്ഞുകുട്ടിയമ്മയെ ബന്ധനത്തിൽനിന്നു വിടുവിച്ചു കൊള്ളക്കാരെ ആട്ടിയോടിച്ചതിനു ശേഷമാണെങ്കിൽ ഒരു കയ്യു നോക്കിക്കളയാമെന്ന് എനിക്കും ഉണ്ടായിരുന്നു.

ഞാൻ—തരക്കേടില്ല പണിക്കരേ! നിങ്ങളുടെ മുൻഭാഗമല്ലേ ഇപ്പോൾ കണ്ടുള്ളു. പിൻഭാഗംകൂടി ഉടനെ കാണാൻ സംഗതി വരുമല്ലോ.

പണിക്കർ—പന്തയം വെക്കുന്നുവോ?

ഞാൻ—കൊച്ചിയിലെ പടമുഖത്തു നായന്മാരുടെ പ്രശസ്തി തന്നെയാണ് ഞങ്ങളുടെ പന്തയം.

പണിക്കർ—ശരി; എന്നാലൊന്നു നോക്കുകതന്നെ. ഞങ്ങൾ നിങ്ങളെ തോല്പിച്ചാലോ ഞങ്ങൾക്കു നന്നായി; അല്ലാ നിങ്ങൾ ഞങ്ങളെ തോല്പിച്ചാൽ മാധിചൻനായക്കും നന്നായി...

ഇതു പറഞ്ഞപ്പോൾ ഞാൻ വളരെ ആശ്ചര്യത്തോടെ 'എന്താ മാരിചൻനായക്ക്' എന്നു ചോദിച്ചു.

പണിക്കർ — മാരിചൻനായർ എന്നു പറയുന്നത് ഇപ്രദേശത്തെവിടെയോ താമസിക്കുന്ന ഒരു കൊള്ളക്കാരന്റെ പേരാണ്. അയാളെ പിടിച്ചു തൂക്കിക്കൊല്ലുവാനായി ധർമ്മോത്തു പണിക്കർ എന്നെ അയച്ചിരിക്കയാണ്.

ഞാൻ — എന്റെ തായംകാവിൽ ഭഗവതി! എന്നേയും ഈ ഉദ്ദേശത്തോടുകൂടിത്തന്നെയാണല്ലൊ മുരിയനാട്ടു നമ്പ്യാർ അയച്ചിട്ടുള്ളത്.

ഞങ്ങൾ രണ്ടുപേർക്കും വളരെ സന്തോഷമായി. പൊക്കിയിരുന്ന വാൾ ഉറയിലിട്ടു. ഇതു കണ്ട് ഞങ്ങളുടെ പിൻഗാമികളും ആയുധങ്ങൾ സ്വസ്ഥാനത്തു വെച്ചു.

പണിക്കർ — നാമിപ്പോൾ സഖാക്കളാണ്.

ഞാൻ — ഒരു ദിവസത്തേക്കു മാത്രം.

പണിക്കർ — നാം യോജിച്ചു പ്രവർത്തിക്കണം

ഞാൻ — അതിനെന്താ സംശയം?

ഞങ്ങൾ രണ്ടുപേരും ഞങ്ങളുടെ പടയാളികളുംകൂടി സന്ധ്യയോടുകൂടി തായങ്കാവ് ക്ഷേത്രത്തിനടുത്തെത്തി. ആലത്തൂർ നമ്പിയുടെ ഇല്ലവും കൊള്ളക്കാർ സങ്കേതം കൂടീട്ടുള്ള ചൂണ്ടൽക്കുന്നു കോട്ടയും ദൂരത്തുനിന്നു തന്നെ ഞങ്ങൾക്കു നല്ലവണ്ണം കാണാമായിരുന്നു. ഈ സങ്കേതങ്ങൾ കണ്ടപ്പോൾ ഞങ്ങളുടെ പരിശ്രമം ഫലിക്കുവാൻ കുറെ പ്രയാസമാണെന്നു തോന്നിത്തുടങ്ങി. കൊള്ളക്കാരുടെ കൈവശം അത്യാവശ്യം ലന്തത്തോക്കുകളും കൂടിയുണ്ടെന്നു കേട്ടപ്പോൾ ഞങ്ങളുടെ കൂടെ കുറെ തോക്കുകാരെക്കൂടി കൊണ്ടുവരാഞ്ഞതു തെററിപ്പോയി എന്നു ഞാനഭിപ്രായപ്പെട്ടു.

പണിക്കർ — അതൊന്നും നമ്മൾക്കിപ്പോൾ ആലോചിച്ചിട്ടു ഫലമില്ല. തോക്കുകാരെ അയയ്ക്കാതിരുന്നതിലുള്ള ന്യാ

യം ധമ്മോത്തു പണിക്കരും മൂരിയ നാട്ടുനമ്പ്യാരും തമ്മിൽ പറഞ്ഞുകൊള്ളട്ടെ.

ഞാൻ— അധൈര്യം വേണ്ടാ നിശ്ചയം. എൻെറ ഈ ചങ്ങാതി കണ്ടുണ്ണിനായർ അമ്പതു ലന്തത്തോക്കുകാരെ ഒരു തവണ പിടിച്ചു കെട്ടിയിട്ട ആളാണ്.

പണിക്കർ— ഓഹോ! നിങ്ങളുടെ ചങ്ങാതിക്കു നൂറു കുതിരപ്പട്ടാളക്കാർകൂടി സഹായത്തിനുണ്ടെങ്കിൽ അയാൾ കോഴിക്കോട്ടു പട്ടണം തന്നെ പിടിക്കില്ലേ? അതിരിക്കട്ടെ, ഞങ്ങളുടെ കൂട്ടത്തിൽ പോക്കുളത്തിലുള്ള പരിചയംകൊണ്ടു നിങ്ങൾക്കാണ് പ്രായം അധികം. അതുകൊണ്ട് ഇനി എന്തു പ്രവൎത്തിക്കേണമെന്നുപദേശിക്കേണ്ടതു നിങ്ങളാണ്.

ഞാൻ— ശരി, നാമെന്തു ചെയ്യുന്നതായാലും വേഗം ചെയ്യണം. എനിക്കു നാളെ വൈകുന്നേരം വടക്കാഞ്ചേരി ഹാജർ കൊടുക്കാതെ യാതൊരു നിവൃത്തിയുമില്ല. അതാ അവിടെ ആരോ രണ്ടു പേർ നില്ക്കുന്നു. സ്വഭാവം ചോദിച്ചറിയുക.

തായങ്കാവമ്പലത്തിൻെറ നടയിൽ ഒരു ഭാഗത്തുള്ള ഒരു മഠത്തിൻെറ മുററത്ത് രണ്ടു പേർ സംസാരിച്ചു നില്ക്കുന്നുണ്ടായിരുന്നു. പൂമുഖത്ത് ഒരു മാടമ്പിവിളക്ക് കത്തിക്കൊണ്ടിരുന്നു. ഞങ്ങൾ അടുത്തു ചെന്നപ്പോൾ, സംസാരിക്കുന്നതിൽ പൂണുൽക്കാരനല്ലാത്ത ഒരാൾ ഓടുവാൻ ഭാവിച്ചു. ഭടന്മാരിലൊരാൾ അയാളെക്കടന്നു പിടിച്ചു നിൎത്തി. "അയ്യോ എന്നെ വിടണേ, എന്നെ രക്ഷിക്കണേ, കൊല്ലരുതേ! കൊച്ചിക്കാരും കോഴിക്കോട്ടുകാരുമായ ഭടന്മാർ എൻെറ മുതലെല്ലാം നശിപ്പിച്ചു. കൊള്ളക്കാർ എൻെറ കാലും ചുട്ടു പൊള്ളിച്ചിരിക്കുന്നു. തായങ്കാവിൽ ഭഗവതിതന്നെയാണ്. ഇതിൽ ഒരു കാക്കാശുപോലുമില്ല. ഇതാ നില്ക്കുന്ന തിരുമേനി ആലത്തൂർ നമ്പിയാണ്. അവിടത്തോടു ചോദിച്ചാല

റിയാം. അവിടുന്നുതന്നെ ഇന്നു ജലപാനം കഴിച്ചിട്ടില്ല" എന്നയാൾ നിലവിളിച്ചു.

നമ്പി — ഈ വാരിയർ പറഞ്ഞതു യഥാൎത്ഥമാണ്. ഈ അനൎത്ഥമായ യുദ്ധങ്ങൾക്കുവേണ്ടി വളരെ ബലി കഴിക്കേണ്ടി വന്നവനാണ് ഇയ്യാൾ. എന്റെ നഷ്ടം ആലോചിച്ചാൽ ഇയ്യാൾക്കു വന്നതു ചെറുതാണ്. അയാൾ പൊയ്ക്കൊള്ളട്ടെ. പാവം! അയാൾക്ക് ഓടണമെന്നു വിചാരമുണ്ടായാൽതന്നെ അതിന്നു ശേഷിയില്ല.

ഞാനെന്റെ കയ്യിലുണ്ടായിരുന്ന പന്തം നമ്പിയുടെ മുഖത്തേക്കു കാട്ടി അദ്ദേഹത്തെ ആപാദചൂഡം ഒന്നു നോക്കി. കറുത്ത് തടിച്ച് നല്ല ആജാനുബാഹുവും ദീൎഘകായനുമായ അദ്ദേഹത്തെ കാണുകയും സംസാരം കേൾക്കുകയും ചെയ്തപ്പോൾ ഒരു രാജാവാണോ എന്നു തോന്നിപ്പോയി.

ഞാൻ — വാരിയരെ! ഒട്ടും ഭയപ്പെടേണ്ട. തിരുമേനിയുടെ ഇല്ലമല്ലേ കൊള്ളക്കാർ കയ്യേറിയത്. ഇവിടുന്നു വിചാരിച്ചാൽ ഞങ്ങൾക്കുവേണ്ട വിവരം തരാൻ കഴിയുമല്ലൊ.

നമ്പി — എന്റെ സൎവ്വസ്വവും നിങ്ങളുടെ ഇഷ്ടംപോലെ ഉപയോഗിക്കാം. പക്ഷെ, ഞാനിന്നു പട്ടിണിയാണ്. നിങ്ങൾക്കു ഭക്ഷണം തരാൻ മാത്രം എനിക്കു സാധിക്കയില്ല.

ഞങ്ങളുടെ കൈവശം ഒന്നുരണ്ടു ദിവസത്തേക്കുള്ള ഭക്ഷണസാധനം കരുതിട്ടുണ്ടായിരുന്നു. ഭക്ഷണത്തിന്നേൎപ്പാടു ചെയ്വാൻ അമ്പലപ്പറമ്പിന്റെ ഒരു ഭാഗത്തേക്കു ഞങ്ങൾ കുറെ പട്ടാളക്കാരെ വിടുകയും ചെയ്തിരുന്നു. കുളിച്ചുവെച്ചുണ്ണുവാൻ ഉത്സാഹമുണ്ടെങ്കിൽ സാധനത്തിന്നു കുറവൊന്നുമില്ലെന്നു നമ്പിയേയും അറിയിച്ചു. നമ്പി ഒന്നും വേണ്ടെന്നു പറഞ്ഞു.

ഞാൻ — സമയം അധികമായി. കൊള്ളക്കാരുടെ സ്വഭാ

വവും അവരോടെതിൎപ്പാനുള്ള വഴികളും അറിവാൻ ഇനി താമസിച്ചുകൂട.

നമ്പി— തായങ്കാവിൽ ഭഗവതിയെ ഭജിച്ചാൽ അതിൻെറ ഫലം അപ്പോൾത്തന്നെ കാണാതിരിക്കയില്ല. അല്ലെങ്കിൽ നിങ്ങളൊക്കെ ഇപ്പോൾ വരേണമെന്നുണ്ടോ? എൻെറ ഭഗവതി! ഈ കൊള്ളക്കാർ എന്നെ എത്ര നഷ്ടപ്പെടുത്തി!

ഇതു പറഞ്ഞപ്പോൾ ആ ധീരപുരുഷൻെറ കണ്ണിൽ വെള്ളം നിറഞ്ഞതായി എനിക്കു തോന്നി.

ഞാൻ— ഛേ! തിരുമേനി അശേഷം വ്യസനിക്കേണ്ട. നാളെ സന്ധ്യയ്ക്കുമുമ്പായി അവിടത്തെ സ്വസ്ഥാനത്തിലാക്കിക്കളയാം.

നമ്പി— ഞാനെൻെറ സ്വന്തം ഗുണത്തേയൊ സ്വദേശികളുടെ ഗുണത്തേയൊ മാത്രം ചിന്തിച്ചല്ലാ വ്യസനിക്കുന്നത്. എത്രയോ വിലപിടിച്ച പല ഗ്രന്ഥങ്ങളും ഇവർ നശിപ്പിക്കുന്നതിലുള്ള ഭയംകൊണ്ടാണ്.

പണിക്കർ— വേണ്ടാത്തതു സംസാരിച്ചു സമയം കളഞ്ഞിട്ടു ഫലമില്ല. തിരുമേനിക്കു കഴിയുമെങ്കിൽ കൊള്ളക്കാരുടെ സങ്കേതത്തിൽ കടപ്പാനുള്ള വഴി പറഞ്ഞുതരിക. ഇല്ലത്തു നിന്നിവരുടെ ബാധ വേഗം ഒഴിച്ചുകളയാം.

നമ്പി തന്ന വിവരംകൊണ്ടു ചൂണ്ടൽക്കോട്ട ഒരു വലിയ ഗുഹയുടെ മേലാണ് കെട്ടീട്ടുള്ളതെന്നും, കൊള്ളക്കാർ കോട്ടയുടെ മതിലുകളിൽ ദ്വാരമുണ്ടാക്കി വിരോധികളായ വല്ലവരും വരുന്നതു കണ്ടാൽ വെടി വെക്കുകയാണ് പതിവെന്നും, കൊള്ളചെയ്ത മുതലൊക്കെ ഗുഹയിലാണ് സൂക്ഷിക്കാറെന്നും, നമ്പിയുടെ ഇല്ലം ഏതാനും കൊള്ളക്കാരു വെച്ചുണ്ടു കിടക്കുവാനുള്ള ഒരു സ്ഥലം മാത്രമാണെന്നും മനസ്സിലായി. പത്തുനൂറാളെക്കൊണ്ടൊന്നും ഈ കോട്ട പിടിപ്പാൻ അത്ര എളു

പ്പത്തിൽ സാധിക്കയില്ലെന്നു കണ്ടപ്പോൾ എനിക്കു വല്യതായ ഇച്ഛാഭംഗം വന്നു.

പണിക്കർ— നിങ്ങളെന്താ ഭരസ്ഥനെപ്പോലെ നില്ക്കുന്നത്? ഒന്നു പരീക്ഷിക്കാതെ പിൻവലിക്കുന്നതു നന്നല്ല.

ഞാൻ— കൊള്ളക്കാർക്കു നമ്മുടെ വരവിനെപ്പററി ഒരു വിവരവുമുണ്ടെന്നു തോന്നുന്നില്ല. അവരുടെ ഒററുകാരേയും നാം കണ്ടില്ലല്ലോ. നമ്മൾ കോട്ടയുടെ ചുററും ഉപായത്തിൽ ഒളിച്ചുകൂടി പടിവാതിൽ തുറക്കുമ്പോൾ തുരുതുരെ കോട്ടയ്ക്കുള്ളിൽ കടക്കുകയാണുത്തമം.

എന്റെ അഭിപ്രായം പണിക്കർക്കും ബോധിച്ചു. പക്ഷേ നമ്പിക്ക് അത്ര പിടിച്ചില്ല.

നമ്പി— കോട്ട കുന്നിന്മേലായതുകൊണ്ടും ചുററും വൃക്ഷങ്ങൾ കുറവായതുകൊണ്ടും ഒരു പ്രാണിയെങ്കിലും കോട്ടയുടെ അടുത്തു പ്രവേശിച്ചാൽ അവരുടെ നോട്ടക്കാർ കാണാതിരിക്കയില്ല.

ഞാൻ— എന്നാലും ഇതല്ലാതെ മറെറന്തു വഴിയാണുള്ളത്? പത്തഞ്ഞൂററാൾ സങ്കേതം ഉറപ്പിച്ചിട്ടുള്ള ഒരു കോട്ട കീഴടക്കുവാൻ നൂറു പേരെക്കൊണ്ടെങ്ങിനെ സാധിക്കും?

നമ്പി— എനിക്ക് ഈ കൊള്ളക്കാരെപ്പററി നല്ല വിവരമുണ്ട്. നിങ്ങളുടെ സ്ഥാനത്തു ഞാനായിരുന്നുവെങ്കിൽ എന്താണ് പ്രവൎത്തിക്കുക എന്നു പക്ഷേ വേണമെങ്കിൽ പറയാം.

ഞാൻ— തിരുമേനിയുടെ അഭിപ്രായം വേഗം കേട്ടാൽ കൊള്ളാം.

നമ്പി— കൊച്ചിക്കാരും കോഴിക്കോട്ടകാരുമായ ഭടന്മാർ കൂട്ടംവിട്ട് ആയുധങ്ങളോടുകൂടി ഓടി എപ്പോഴും ഇവരുടെ സംഘത്തിൽ വന്നു ചേൎന്നുകൊണ്ടേ ഇരിക്കുന്നുണ്ട്. നിങ്ങൾക്കും അങ്ങിനെയുള്ളവരാണെന്നു നടിച്ചു കോട്ടയിൽ കടന്നു കൂടുന്നതിനെന്താ വിരോധം?

നമ്പി ഈ പറഞ്ഞ അഭിപ്രായം വളരെ നല്ലതാണെ

ന്ന് എനിക്കു തോന്നി. അദ്ദേഹത്തെപ്പററി എന്തെന്നില്ലാത്തൊരു ബഹുമാനവും എനിക്കുണ്ടായി. പക്ഷേ, പണിക്കർക്ക് അതത്ര പിടിച്ചില്ല.

പണിക്കർ— നിങ്ങളുടെ വിദ്യയൊന്നും തരക്കേടില്ല. എന്നാൽ ഈ കൊള്ളക്കാർ അത്ര ബുദ്ധിയില്ലാത്തവരല്ലെന്നാണ് എൻെറ അറിവ്. ആയുധപാണികളും പരിചയമില്ലാത്തവരുമായ നൂറുപേരെ അവരത്ര വേഗത്തിൽ കോട്ടയിൽ കടത്തിവിടുമോ?

ഞാൻ— ശരി; എന്നാലൊരു കാര്യം ചെയ്യുക. അയ്മ്പതാൾ ഉള്ളിൽ കടക്കട്ടെ. അവർ നാളെ രാവിലെ മററെ അയ്മ്പതു പേർക്കും കടപ്പാൻ കോട്ടവാതിൽ തുറന്നു തരട്ടെ.

ഈ കാര്യത്തെപ്പററി ഞങ്ങൾ രണ്ടു പേരും വളരെ ഗാഢമായാലോചിച്ചു. ഒടുവിൽ പണിക്കരോ ഞാനോ ആരെങ്കിലും ഒരാൾ അയ്മ്പതാളോടുകൂടി കോട്ടയ്ക്കുള്ളിൽ ചെല്ലേണ്ടതാണെന്നും രാവിലെ കോട്ടവാതിൽ തുറന്നു തരേണ്ടതാണെന്നും തീർച്ചയാക്കി. നമ്പിയുടെ അഭിപ്രായം ഞങ്ങളുടെ സൈന്യത്തെ ഭാഗിക്കാൻ പാടില്ലെന്നും നൂറുപേരും ഒന്നായിക്കൊള്ളണമെന്നും ആയിരുന്നു. പക്ഷേ ഞങ്ങൾ രണ്ടുപേരും ഒരഭിപ്രായക്കാരായതുകൊണ്ട് അതു മാററുവാൻ നമ്പിക്കു കഴിഞ്ഞില്ല.

നമ്പി— എനിക്കൊരു കാര്യം പറയാനുണ്ട്. ആ ദുഷ്ടനായ മാരീചൻനായരെപ്പിടിച്ചാൽ നിങ്ങളെന്താണു കാട്ടുക?

ഞാൻ— തൂക്കിക്കൊല്ലുകതന്നെ.

നമ്പി— ഹാ! അതെളുപ്പമായ മരണം. എനിക്കധികാരമുണ്ടെങ്കിൽ—

ഇതും പറഞ്ഞ് നമ്പി അവിടെനിന്നു ബദ്ധപ്പെട്ടുപോയി. കോട്ടയ്ക്കുള്ളിൽ ആദ്യം പോകേണ്ട അയ്മ്പത് പേർ ആരാണെന്നുള്ള തർക്കം ഇനിയും തീർന്നിട്ടില്ല. ഞാനാ വേ

ണ്ടതെന്നു ഞാനും, താനാവാമെന്നു പണിക്കരും തക്കിച്ചു. ഒടുവിൽ പണിക്കർ വളരെ കാര്യമായി അപേക്ഷിച്ചതുകൊണ്ടു പണിക്കരാവട്ടെ എന്നു നിശ്ചയിച്ചു. ഞങ്ങൾ ഇങ്ങിനെ തീച്ചപ്പെടുത്തുന്നതിനിടയ്ക്ക് അമ്പലപ്പറമ്പിൽനിന്ന് ഒരു ലഹള കേട്ടു. ഞങ്ങളവിടെ ഓടിയെത്തിയപ്പോൾ ഞങ്ങളുടെ കൂട്ടാളികൾ രണ്ടു പക്ഷമായി പോരാട്ടം ചെയ്കയായിരുന്നു. 'കോഴിക്കോടൻ ഭടന്മാർ കൊച്ചി ഭടന്മാരേക്കാൾ കണ്ടാൽ വേണ്ടില്ല' എന്നു നമ്പി ഒരഭിപ്രായം പറഞ്ഞതായിരുന്നുവത്രെ ഈ ലഹളക്കു കാരണം. എതെങ്കിലും ഞങ്ങൾ ചെന്നപ്പോൾ ലഹളയൊന്നൊതുങ്ങി. ഭക്ഷണം കഴിഞ്ഞു പണിക്കരും അയ്മ്പതു പേരും കോട്ടയിലേക്കു പോയി. അവക്ക് അകത്തു പ്രവേശം കിട്ടിയെന്നും ഞങ്ങൾക്കു മനസ്സിലായി. എന്റെ കൂട്ടർ രാവിലെ കോട്ടയിൽ കടക്കാനുള്ള ഒരുക്കത്തോടുകൂടി അമ്പലപ്പറമ്പിൽ കാത്തുനില്പായി. ഞാൻ വാരിയരുടെ ക്ഷണമനുസരിച്ചു മഠത്തിൽ ഒരു കട്ടിലിന്മേലും കിടന്നു.

ഞാൻ ഒരു മാതൃകാഭടനാണെന്നു കൊച്ചിത്തമ്പുരാന്റെ പടയാളികളുടെ ഇടയിൽ ധാരാളം സംസാരമുണ്ടെങ്കിലും എനിക്കും ചില കുറവുകളുണ്ടെന്നു ഞാൻ തന്നെ സമ്മതിക്കേണ്ടി വന്നിരിക്കുന്നു. ഒരു പട്ടാളക്കാരനു ധൈര്യം തുടങ്ങിയ ഗുണങ്ങൾക്കു പുറമേ 'ശ്വാസനിദ്ര' കൂടി വേണ്ടതാണ്. ആ ഒരു ഗുണം എനിക്കു ചെറുപ്പം മുതല്ക്കേ ഉണ്ടായിരുന്നില്ല. ഈ ഒരു ദോഷമാണ് എനിക്കന്നു രാത്രി ചില അനത്ഥങ്ങളൊക്കെ ഉണ്ടാക്കിത്തീത്തത്.

രാത്രി ഏകദേശം പാതിര കഴിഞ്ഞു കുറച്ചായിരിക്കുന്നു. എനിക്കു ശ്വാസം മുട്ടുന്നുണ്ടോ എന്നൊരു സംശയം തോന്നി. എന്തോ വിളിച്ചുപറയാൻ ഭാവിച്ചു. പക്ഷേ, ശബ്ദം പുറത്തുവരുന്നില്ല. എഴുനില്ക്കാൻ നോക്കി. അതിന്നും വയ്യ. കണ്ണുമിഴിപ്പാൻ മാത്രം വിരോധമുണ്ടായിരുന്നില്ല കണ്ണുമിഴിച്ചു നോ

ക്കിയപ്പോൾ കണ്ടകാഴ്ച്ചയല്ലേ പറയേണ്ടത്! എന്റെ ദേഹം കട്ടിലിൽപ്പിടിച്ചുകെട്ടി വായിൽ തുണിയും നിറച്ചു വാരിയരും നമ്പിയുമുണ്ട് കട്ടിലിന്നടുത്തു നില്ക്കുന്നു! ഒരു മാടമ്പിവിളക്ക് അവിടെ കത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഞാനവരുടെ മുഖത്തൊന്നു നോക്കി. നമ്പിയുടെ പൂണൂൽ കാണ്മാനില്ല. സാധുപ്രകൃതത്തോടുകൂടിയ വാരിയരുടെ മുഖം ഒരു ഘാതകന്റെ മുഖംപോലെ എനിക്കു തോന്നി. നമ്പിയുടെ മുഖത്തു സ്വത:സ്സിദ്ധമായ ഗൌരവം അപ്പോഴും കാണ്മാനുണ്ടായിരുന്നു.

നമ്പി— അല്ലാ കയ്മളേ! നിങ്ങളുടെ മുഖത്തു ചൂണ്ടൽക്കോട്ട പിടിപ്പാനുള്ള യുക്തികൾ ആലോചിച്ചു കഴിഞ്ഞപ്പോളുണ്ടായ സ്തോഭമല്ലല്ലോ ഇപ്പോൾ കാണുന്നത്. നിങ്ങൾ നല്ലൊരു പടയാളിതന്നെയാണ്, സംശയമില്ല. പക്ഷേ, മാരിചൻനായരെന്ന പറങ്ങോട്ടു പണിക്കരായ എന്നോടു മത്സരിപ്പാൻ നിങ്ങൾ പോര. ഞാൻ തീരെ ബുദ്ധിയില്ലാത്ത ഒരുവനാണെന്നു പക്ഷേ നിങ്ങൾ ധരിച്ചിരിക്കാം. നിങ്ങൾ വന്ന കാര്യം സാധിപ്പാൻ ശ്രമിക്കുന്നതിന്നുതന്നെ കോഴിക്കോടൻ പടനായകന്മാരിൽ രണ്ടോ മൂന്നോ പേര് കഴിച്ചാൽ നിങ്ങൾ മാത്രമേ ഉണ്ടാകയുള്ളു.

പറങ്ങോട്ടു പണിക്കരുടെ, ഈ പ്രസംഗം കഴിഞ്ഞപ്പോൾ എനിക്കുണ്ടായ ആശ്ചര്യവും കോപവും ഊഹിക്കുകയാണ് നല്ലത്.

മാരിചൻ—ചേന്നൻനായരേ! (വാരിയരോട്) നിങ്ങൾ ഭ്രമിക്കേണ്ട. കയ്മളെ ജീവനോടെ സൂക്ഷിക്കയാണ് നമുക്കാവശ്യം. കയ്മളേ! നിങ്ങൾ ഒരു കുംഭകർണ്ണനായത് എന്തെങ്കിലും നല്ലതുതന്നെ. സാമൂതിരിപ്പാട്ടിലെ പടമുഖത്തു നായന്മാരിൽ ഒരു പ്രമാണിയായിരുന്ന ഈ ചേന്നൻനായർ കുറച്ചധികം വികൃതിയും കോപിയുമാണ്. അയാളോടു നല്ലപോലെ പെരുമാറുകയാണ് നല്ലത്. പണിക്കരുടേയും നിങ്ങളുടെയും വരവ് ഞങ്ങൾക്കു മുന്നുതന്നെ മന

സ്സിലായിട്ടുണ്ട്. ഞാനും ചേന്നൻനായരുംകൂടി ഇന്നാടിയ നാടകം നന്നായെന്നു നിങ്ങളും സമ്മതിക്കാതിരിക്കയില്ല. നിങ്ങൾ ഒരുപക്ഷേ കോട്ടസ്സുള്ളിൽ സ്വാഗതത്തിന്നു ഞങ്ങൾ ഏർപ്പാട ചെയ്തിരുന്നു. കോട്ടയിൽക്കടന്ന അയ്മ്പതു പേർ ഇപ്പോൾ മര്യാദക്കാരായിട്ടുണ്ടാവണം. നിങ്ങളുടെ മുമ്പത്തേക്കാളധികം ഇപ്പോൾ പണിക്കരുടെ മുഖവും വിളറീട്ടുണ്ടാവുമെന്നാണെനിക്കു തോന്നുന്നത്.

എന്നു പറഞ്ഞ് മാരിചൻ നായരും ചേന്നൻനായരും തമ്മിൽ എന്തോ കശ കശെ സംസാരിച്ചതിന്നുശേഷം 'അമ്പലപ്പുറമ്പിൽ ബന്തോവസ്തിച്ചുവരട്ടെ' എന്നുംപറഞ്ഞു മാരിചൻ നായർ പുറത്തേക്കിറങ്ങി. എന്റെ കട്ടിലിന്റെ കാക്കൽ വാളൂരിപ്പിടിച്ചുകൊണ്ടു ചേന്നൻനായരും ഇരുന്നു. എന്റെ കൊള്ളരുതായ്മയെ ശപിച്ചും അതു കഴിഞ്ഞ സംഭവങ്ങളോർത്തും എനിക്കു ഭ്രാന്തുപിടിക്കാതിരുന്നതിലാണ് ആശ്ചര്യം. എന്നെ രണ്ടുമൂന്നു തവണ തടവുകാരനായി പിടിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ കൊള്ളക്കാരുടെ നാട്ടുവിലേക്ക് എന്നെ ബന്ധനസ്ഥനായിക്കൊണ്ടു പോവുമല്ലോ എന്ന വിചാരമാണ് എന്റെ അടുത്തിരിക്കുന്ന ഘാതകന്റെ വാളിനേക്കാൾ മൂർച്ചയുള്ളതായിത്തോന്നിയത്.

ഇങ്ങിനെ ഞാൻ പല മനോരാജ്യങ്ങളോടും കൂടിയിരിക്കെ വാതിൽ കടന്നൊരാൾ പ്രവേശിച്ചു. ഇത് എന്റെ ചങ്ങാതി കണ്ടുണ്ണിനായരല്ലാതെ മററാരുമല്ലായിരുന്നു. എന്റെ കിടപ്പും ആയുധപാണിയായ ചേന്നൻനായരുടെ ഇരിപ്പും കണ്ടപ്പോൾ 'എട ചണ്ഡാളാ!' എന്നു പറഞ്ഞ് വാളൂരി ഒരു ചാട്ടം ചാടുന്നതു കണ്ടു. ചേന്നൻനായരും കണ്ടുണ്ണിനായരും തമ്മിലുള്ള പോരാട്ടത്തെ വർണ്ണിച്ചിട്ടു ഫലമില്ല. വാളുകൊണ്ടുള്ള പ്രയോഗത്തിൽ കണ്ടുണ്ണിനായരെ ജയിപ്പാൻ ദുർലഭം ചിലരെ കാണുകയുള്ളു. ചേന്നൻനായരെ കൊല്ലുവാനും എന്നെ ബന്ധനത്തിൽനിന്നു വിടുവാനും അധികം

താമസം വേണ്ടിവന്നില്ല. മേലിൽ പ്രവൃത്തിക്കേണ്ടത് ആലോചിക്കുന്നതിനിടയിൽ മരിചൻനായർ അകത്തേക്കു കടന്നു. ഞങ്ങൾ രണ്ടുപേരും ഒരേസമയം തന്നെ അയാളെ കടന്നുപിടിച്ചു. കുറച്ചുനേരം പോരാട്ടം വേണ്ടിവന്നുവെങ്കിലും ഒടുവിൽ ഞങ്ങൾക്കു മരിചൻനായരെ പിടിച്ചുകെട്ടുവാൻ സാധിച്ചു. എന്നെകെട്ടിയ കയറുകൊണ്ടു ഞാൻ കുറെ പ്രഹരവും കൊടുത്തു.

ഞാൻ—എന്താ പണിക്കരെ! ഇതുവരെ പറഞ്ഞ വമ്പൊക്കെ ഇപ്പോളെവിടെ?

പണിക്കർ—ഇക്കാലത്തു ഭീരുക്കൾക്കാണധികം ഭാഗ്യം. ഹാ! നിങ്ങൾ എന്റെ ചേനാൻനായരെ കൊന്നുകളഞ്ഞു അല്ലെ? അവന്നു കിട്ടിയത് ഒരു കീഴൊതുക്കമില്ലാത്ത ദുഷ്ടന്നു വേണ്ട ശിക്ഷയാണ്. നിങ്ങൾ ദയചെയ്ത് എന്നെ ഈ കിടക്കമേൽ എടുത്തു കിടത്തുമൊ? എനിക്കു നിലത്തു കിടന്നു ശീലമില്ല

പണിക്കരുടെ ആ ഗൌരവം കൂടിയ സംസാരം വാസ്തവത്തിൽ എനിക്കദ്ദേഹത്തോടു ബഹുമാനം തോന്നിക്കുകയാണ് ചെയ്തത്. ഭടന്മാരെ കൂട്ടിക്കൊണ്ടു വരുവാൻ ഞാൻ വേഗം കണ്ടുണ്ണിനായരെ അയച്ചു.

പണിക്കർ—കയ്യാളെ, നിങ്ങളുടെ ആൾക്കാരനെന്നെ മര്യാദ പോലെ ശുശ്രൂഷിക്കുമെന്നു വിചാരിക്കുന്നു.

ഞാൻ—നിങ്ങളുടെ മാഹരി നിങ്ങൾക്കു തരാതിരിക്കയില്ല. അതു ചിന്തിച്ചു ഭയപ്പെടേണ്ട.

പണിക്കർ—അതു തന്നായേ എനിക്കും ആവശ്യമുള്ളു. ഞാനൊരു വലിയ തറവാട്ടുകാരനാണ്. എന്റെ അച്ഛനും ഒരു കേൾവിപ്പെട്ട ആളാണ്. രാജകോപംകൊണ്ട് എനിക്കു ചില ദോഷങ്ങൾ വന്നിട്ടുണ്ടെങ്കിലും ഞാനിപ്പോൾ ഒരു രാജാവുതന്നെയാണ്. ഹാ! നിങ്ങളുടെ കെട്ട് വല്ലാതെ മുറുകിയിരിക്കുന്നു. കുറച്ചയച്ചു വിടുവിൻ.

പിന്നെയുണ്ടായ സംഭവങ്ങളൊന്നും വിസ്തരിച്ചിട്ടു ഫലമില്ല. പിറേറന്നു രാവിലെ ബന്ധനസ്ഥനാക്കിയ പനങ്ങാട്ടുപണിക്കരെ മുമ്പിൽ എഴുന്നള്ളിച്ചുകൊണ്ട് ഞങ്ങൾ കോട്ടയിലേക്കു യാത്രയായി. ഞങ്ങളുടെ വരവു കാത്തുകൊണ്ട് കോട്ടയിലുള്ളവർ മതിലിന്മേൽ നിന്നും ദ്വാരങ്ങളിൽക്കൂടിയും എത്തിനോക്കുന്നുണ്ടായിരുന്നു. ഞങ്ങൾ അടുത്തെത്തിയപ്പോൾ വെടിതുടങ്ങി. അപ്പോൾ ഞങ്ങൾ പണിക്കരെ പിടിച്ചു മുമ്പിൽ കാണിച്ചു. അപ്പോഴെ അവക്കു കാൎയ്യം മനസ്സിലായുള്ളൂ. അവക്കുണ്ടായ പരിഭ്രമം ഇന്നപ്രകാരമെന്നു പറയേണ്ടതില്ലല്ലൊ. അടുത്തുണ്ടായിരുന്ന മരത്തിന്റെ കൊമ്പത്തു കയറിട്ടു പിടിച്ച് പനങ്ങാട്ടു പണിക്കരുടെ കഴുത്തിലൊരു കെട്ടുകെട്ടി. കോട്ടയിലുള്ളവക്ക് ഞങ്ങൾ ചെയ്യുന്നതൊക്കെ മനസ്സിലാവുന്നുണ്ട്. ഉടനെ കോട്ടവാതിൽ തുറന്നു മൂന്നുപേർ അടുക്കലേക്കു വന്നു. അതിലൊരാൾ ഇങ്ങിനെ പറഞ്ഞു. "മുപ്പത്തേഴ കോഴിക്കോടൻ ഭടന്മാർ കോട്ടയ്ക്കുള്ളിലുണ്ട്. പനങ്ങാട്ടു പണിക്കരെ തൂക്കിക്കൊല്ലുന്നതായാൽ ഈ മുപ്പത്തേഴ പേരേയും അഞ്ചുനിമിഷത്തിന്നുള്ളിൽ ഞങ്ങൾ തറച്ചുവിടും."

'എന്ത് മുപ്പത്തേഴൊ ? അയ്മ്പതുപേരുണ്ടായിരുന്നുവല്ലൊ.'

'ശേഷംപേരെ കൊന്നതിനു ശേഷം മാത്രമെ മററുള്ളവർ കീഴടങ്ങിയുള്ളു.'

'അവരുടെ എജമാനനോ ?

'അല്പം ചില പരിക്കു പററിയതേയുള്ളു.

കോട്ടയ്ക്കുള്ളിലുള്ള മുപ്പത്തേഴ പേരേയും കുഞ്ഞുകുട്ടിഅമ്മയേയും ഇപ്പോൾ ഇവിടെ കൊണ്ടുവന്നാക്കീട്ടില്ലെങ്കിൽ പണിക്കരെ ഉടനെ തൂക്കിക്കൊല്ലുമെന്നു ഞാൻ പറഞ്ഞു.

പണിക്കർ—കുഞ്ഞുകുട്ടി അമ്മയുടെ കാൎയ്യം അവർതന്നെ തീച്ചപ്പെടുത്തട്ടെ.

അനന്തരം അവർ അകത്തുപോയി പണിക്കരേയും മു

പ്പത്താറു ഭടന്മാരേയും കുഞ്ഞുകുട്ടിഅമ്മയേയും കൂട്ടിപ്പുറത്തേക്കു വന്നു.

പണിക്കർ—ഇവരൊക്കെ വന്നിട്ടുള്ളത് കുഞ്ഞികുട്ടിയെ വീട്ടിൽ കൊണ്ടുപോയാക്കുവാനാണ്. പിന്നെ ഒരിക്കലും നമുക്കു തമ്മിൽ കാണാനും തരമില്ല. എന്താ ഇഷ്ടം?

കുഞ്ഞുകുട്ടിഅമ്മ—നമ്മളെ തമ്മിൽ ഭിന്നിപ്പിച്ചു താമസിപ്പിക്കാൻ ആരാണ് ലോകത്തിൽ ഉള്ളത്?

ഇതു കേട്ടപ്പോൾ ഞാൻ കുറച്ചു നേരം ചിന്താമഗ്നനായി നിന്നു. എന്താണ് കാട്ടേണ്ടതെന്ന് അറിഞ്ഞില്ല. പണിക്കരെ തൂക്കിക്കൊന്നാൽ മുപ്പത്താറുപേരും സ്നേഹിതൻ പണിക്കരും ചാകയും ചെയ്യും, കുഞ്ഞികുട്ടി അമ്മയെ കിട്ടുകയുമില്ല. സത്യവിരോധമായി പ്രവൃത്തിക്കുന്നതു ഭടന്മാൎക്കു യോജിച്ചതുമല്ല. അതുകൊണ്ടു കാൎയ്യം സാധിക്കാതെ മടങ്ങിപ്പോവാൻ തന്നെ തീൎച്ചപ്പെടുത്തി. ഈ അഭിപ്രായത്തോടുതന്നെ ഉള്ളനാട്ടു പണിക്കരും യോജിച്ചു.

പണിക്കർ—കസ്തൂൾ ദീൎഘായുസ്സായിരിക്കട്ടെ. മടങ്ങിച്ചെന്നാൽ മുരിയനാട്ടു നമ്പ്യാരോടു തക്ക സമാധാനം പറയുവാൻ നിങ്ങൾക്കുണ്ടാകയില്ല. പക്ഷെ, കേട്ടതുശരിയാണെങ്കിൽ നിങ്ങളെ നമ്പ്യാർ ഇപ്പോൾ മറന്നിരിക്കണം. ഒന്നു ഞാൻ പറയാം: നിങ്ങളല്ലായിരുന്നുവെങ്കിൽ ഈ കുടക്കിൽ നിന്ന് ഇത്ര സാമൎത്ഥ്യത്തോടെ വിട്ടുപോവാൻ സാധിക്കയില്ലായിരുന്നു. എന്നൊക്കെയൊന്നിനി വല്ലതും വേണ്ടതുണ്ടോ?

ഞാൻ—രണ്ടു സംഗതി മാത്രം നിങ്ങളോടു പറയാനുണ്ട്. ഒന്നാമത് കോട്ടയിൽ മരിച്ചു കിടക്കുന്ന ഞങ്ങളുടെ കൂട്ടാളികളെ ദേശാചാരം പോലെ സംസ്കരിക്കണം. രണ്ടാമത് അഞ്ചു നിമിഷം നേരം ഇവർ കാണെച്ചലെ നമുക്കു രണ്ടുപേൎക്കും ദ്വന്ദ്വയുദ്ധം ചെയ്യണം.

പണിക്കർ—ആദ്യത്തെ അപേക്ഷ വേണ്ടവിധമാവാം. രണ്ടാ

മത്തേതിൽ ചില അപകടങ്ങളുണ്ട്. ഒന്നുകിൽ വളരെ യോഗ്യന്മാരായിരിക്കേണ്ട നിങ്ങളുടെ ജീവിതം നശിക്കണം. അല്ലെങ്കിൽ സംബന്ധം കഴിഞ്ഞ് അധികം ദിവസമാവാത്ത ഈ ഭാര്യയേയും വിട്ടു ഞാൻ മരിക്കണം. ഇതുരണ്ടും ന്യായമായ വഴികളല്ല.

ഞാനും ഉള്ളനാട്ടു പണിക്കരും പിന്നെയൊന്നും കേൾപ്പാൻ നിന്നില്ല. ഭടന്മാരോടെല്ലാം പുറപ്പെട്ടുകൊൾവാൻ ആജ്ഞാപിച്ചു. പണിക്കരോടിങ്ങിനെ വിളിച്ചു പറഞ്ഞു:—

'പനങ്ങാട്ടു പണിക്കരെ! നാം ഇപ്പോൾ പിരിയുന്നു. ഇനിയൊരവസരത്തിൽ നിങ്ങൾ ഇത്ര എളുപ്പത്തിൽ രക്ഷപ്പെടുകയില്ലെന്നു കരുതിക്കൊൾക.'

പണിക്കർ—ചങ്കരക്കോത കയ്മളെ! നിങ്ങൾ കൊച്ചിത്തമ്പുരാന്റെ കീഴിൽ സുഖമല്ലെന്ന് എന്നു തോന്നുന്നുവോ അന്നിങ്ങോട്ടു വന്നുകൊൾക. ഇവിടെ പ്രധാനപ്പെട്ട ഒരുദ്യോഗം നിങ്ങൾക്കായി ഒഴിവാക്കി വെച്ചിട്ടുണ്ട്.

---

## കവളപ്പാറ
# കൊട്ടാരത്തിലെ കല്ലറ.

---

ക്രിസ്താബ്ദം 1700-ാമാണ്ട്. ദുർമ്മോഹികളും സ്വാതന്ത്ര്യപരന്മാരുമായ ലന്തക്കാരുടെ പിരട്ടിൽപ്പെട്ട സാമൂതിരിപ്പാടും കൊച്ചിത്തമ്പുരാനും തമ്മിൽ മത്സരിക്കുന്ന കാലം. കൊച്ചിയും കോഴിക്കോട്ടും സൈന്യങ്ങൾ കണ്ടേടിക്കിലൊക്കെവെച്ചു ശണ്ഠകളും യുദ്ധങ്ങളും നടത്തുന്നു. സാമൂതിരിപ്പാട്ടിലെ ഒരു വമ്പിച്ച സൈന്യം ഭാരതപ്പുഴ കടന്നു കൊച്ചിയെ ആക്രമിപ്പാനുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നു. എടപ്രഭുക്കന്മാരൊക്കെ

തങ്ങളുടെ രാജാക്കന്മാൎക്ക വേണ്ടആൾക്കാരേയും യുദ്ധസാമഗ്രികളേയും ഒരുക്കിക്കൊടുക്കുന്നു. തൃപ്പൂണിത്തുറ കോവിലകത്തു തമ്പുരാക്കന്മാരെ പാരമ്പൎയ്യമായി ആയുധാഭ്യാസം ശീലിപ്പിക്കുന്ന പേരാററുപുറത്തു പണിക്കർ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ തിരുവെഴുത്തുംകൊണ്ടു കവളപ്പാറ നായരെ കാണ്മാൻ ചെന്നിരിക്കുന്നു.

നാട്ടുകാരുടേയും പടയാളികളുടേയും അഭിപ്രായത്തോടു യോജിച്ചു സാമൂതിരിപ്പാട്ടിലെ സഹായിക്കുന്ന ആളാണെങ്കിലും, ഉള്ളുകൊണ്ടു കൊച്ചിത്തമ്പുരാന്റെ പേരിൽ ഒരു ബഹുമാനവും സ്നേഹവും ഉണ്ടായിരുന്ന കവളപ്പാറനായർ വിചാരിച്ചാൽ വടക്കുനിന്നുള്ള സാമൂതിരിപ്പാട്ടിലെ മുഷ്കിന്നു അല്പം ശാന്തതയുണ്ടാവുമെന്നും, അങ്ങിനെയായാൽ പടിഞ്ഞാറു ഭാഗത്തു സാമൂതിരി സമ്പാദിച്ചിട്ടുള്ള സൈന്യങ്ങളോടെതിൎപ്പാൻ മതിയായ ശക്തികൂട്ടുവാൻ സൌകൎയ്യമുണ്ടെന്നും ആയിരുന്നു കൊച്ചിയിലെ തന്ത്രജ്ഞന്മാരുടെ അഭിപ്രായം. സാമൂതിരിയുടെ ആൾക്കാർ എപ്പോഴും ഉപദേശകന്മാരായും പരിചാരകന്മാരായും ഇരിക്കുന്ന കവളപ്പാറനായരെ തനിയേ കണ്ടു തമ്പുരാൻ തിരുമനസ്സിലെ എഴുത്തു കൊടുക്കുകയെന്നതു അത്ര എളുപ്പത്തിൽ സാധിക്കയില്ലെന്നു പേരാററുപുറത്തു പണിക്കൎക്കു നല്ല ബോദ്ധ്യവുമുണ്ട്. എന്നാലും, തന്നെ കവളപ്പാറക്കാർ കണ്ടറികയില്ലെന്നുള്ള ബോധത്തോടും തന്റെ വേഷപ്പകൎച്ച അത്ര വേഗത്തിൽ മനസ്സിലാക്കുവാൻ സാധിക്കയില്ലെന്നുള്ള വിശ്വാസത്തോടുംകൂടി, കവളപ്പാറ എജമാനനെ കാണ്മാൻ വന്നുകൂടീട്ടുള്ള അനേകം ആളുകളുടെ കൂട്ടത്തിൽ പണിക്കരും ഒരു സ്ഥലം പിടിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ നായരുടെ പരിചാരകന്മാരിലൊരാൾ, അവിടെ വന്നിട്ടുള്ളവരാരൊക്കെയാണെന്നും എന്തു കാൎയ്യത്തിന്നാണ് വന്നിട്ടുള്ളതെന്നും അറിവാൻ ശ്രമിക്കുന്ന കൂട്ടത്തിൽ പണിക്കരുടേയും അരികത്തെത്തി.

പണിക്കർ— എനിക്ക് എജമാനനോട് സ്വകാൎയ്യമായി ചിലതു പറയാനുണ്ടായിരുന്നു.

പരിചാരകൻ—എജമാനൻ ആരേയും ഇപ്പോൾ സ്വകാൎയ്യമായി കാണാറില്ല. അദ്ദേഹത്തിന്നു വിശ്വസ്തന്മാരായ ചിലർ എപ്പോഴും കൂടെയുണ്ടായിരിക്കും.

പണി— എന്നാൽ എനിക്കു പറയാനുള്ളത് അദ്ദേഹത്തിന്റെ ചെവിയിൽ മാത്രം കേൾപ്പിക്കാവുന്ന ഒരു കാൎയ്യമാണല്ലോ.

പരി— എജമാനന്റെ ചെവിയിൽ മാത്രം കേൾക്കത്തക്കതായി ഒരു കാൎയ്യവും ലോകത്തിലില്ലെന്നാണ് അവിടുത്തെ നിശ്ചയം എങ്കിലും മുമ്പിലെത്തിയാൽ പിന്നെയുള്ള കാൎയ്യമൊക്കെ നിങ്ങളുടെ സാമൎത്ഥ്യംപോലെയിരിക്കും.

ഇത്രയും പറഞ്ഞു പരിചാരകൻ അകത്തേക്കു പോയി. പലതരക്കാരും പല ആവശ്യക്കാരുമായ പല ജനങ്ങളും ഓരോരുത്തരായി അകത്തു ചെന്നു നായരെക്കണ്ടു പലമുഖവികാരങ്ങളോടുകൂടി മടങ്ങുന്നുണ്ടായിരുന്നു. അതെല്ലാം കണ്ടുകൊണ്ടിരിക്കുന്ന പണിക്കർ നായർ സാമാന്യം കോപിച്ചിരിക്കുന്ന സമയമാണെന്നു ഗ്രഹിപ്പാൻ വളരെ പ്രയാസം വേണ്ടിവന്നില്ല. ഇങ്ങിനെയുള്ള ഒരു സമയത്തു നായരെ കാണുന്നതും തന്റെ ആവശ്യങ്ങൾ പറഞ്ഞു ധരിപ്പിക്കുന്നതും ഉചിതമല്ലെന്ന ബോദ്ധ്യവും പണിക്കൎക്കു വന്നു. എന്നാൽ ഈയൊരവസരം തെററിയാൽ ഇനിയെപ്പോഴാണ് നായരെ കാണുവാൻ അവസരം കിട്ടുക എന്ന ഭയവും അപ്പോൾ - ത്തന്നെ തോന്നി. ഒരു സമയം നായർ പിറേറ ദിവസം കോഴിക്കോട്ടേക്കു പോകുവാനിടയുണ്ടെന്നുള്ള സംസാരം കേൾക്കാനുണ്ടായിരുന്നു. എന്നാൽ അടുത്ത അവസരത്തിലൊന്നും തനിക്കു കാണ്മാനും കാൎയ്യങ്ങൾ പറയാനും സാധിക്കയില്ലെന്നും തോന്നി. ഇങ്ങിനെ പണിക്കർ ഓരോ ആലോച

നാകളിൽ മുങ്ങിയിരിക്കുന്നതിലിടയ്ക്കു നായരുടെ മുമ്പാകെ ചെല്ലുവാനുള്ള അനുവാദവും കിട്ടി.

ചില പ്രമാണികളും, നമ്പൂതിരിമാരും, കാര്യസ്ഥന്മാരും, ഗുമസ്തന്മാരും മറ്റുമായി പത്തിരുപതാളുകളുടെ മദ്ധ്യത്തിൽ ഇരിക്കുന്ന നായരുടെ മുമ്പിലാണ് പണിക്കർ ചെന്നത്.

നായർ— എന്താ പേര്?

പണിക്കർ— രാമപ്പണിക്കർ.

നായർ— പണിക്കർക്ക് വിശേഷിച്ചു വല്ലതും പറയാനുണ്ടോ?

പണി— എനിയ്ക്കു പറയാനുള്ളത് ഇവിടുന്നു മാത്രമേ കേൾക്കാവൂ എന്നു മോഹമുണ്ട്.

നായർ— ഓഹോ! പണിക്കർക്കാണോ കുറച്ചു സ്വകാര്യം പറയാനുണ്ടെന്നിവിടെ പറഞ്ഞു കേട്ടത്? ശരി. എന്നാലിവരൊക്കെ എന്റെ സ്വന്തം ആൾക്കാരാണ്. ഞാൻ കേൾക്കുന്നതും ഇവർ കേൾക്കുന്നതും ഫലംകൊണ്ട് ഒന്നു തന്നെയാണ്. അതുകൊണ്ടിപ്പോൾ ഞാൻ മാത്രമേ ഇവിടെയുള്ളു എന്നു വിചാരിച്ചാൽ മതി. പരിഭ്രമിക്കാതെ കണ്ടു പണിക്കർക്കു പറയാനുള്ളതു വേഗം പറയു.

പണിക്കരും നായരുമായിട്ടുള്ള ഈ സംവാദം ആ മുറിയിൽ മുക്കിലും മൂലയിലുമായി സ്വകാര്യം പറയുന്നവരെക്കൂടി ഇങ്ങോട്ടാകർഷിച്ചു. പണിക്കർക്കു പരിഭ്രമമായി. തൻ കൊണ്ടു വന്നിട്ടുള്ള എഴുത്തു കൊടുക്കുന്നത് എത്ര ഗോപ്യമായി ചെയ്യാൻ കഴിയുമോ അത്രത്തോളം ഗോപ്യമായിരിക്കേണമെന്നുള്ള മോഹമുണ്ടായിരിക്കുകയും അതിന്നിസ്സഭ തീരെ യോജിക്കാതിരിക്കയും ചെയ്യുമ്പോൾ പണിക്കർക്കു പരിഭ്രമമുണ്ടായതിൽ ആശ്ചര്യമില്ലല്ലോ.

പണിക്കർ ചോദ്യത്തിന്നു മറുവടി പറയുവാൻ താമസിച്ചതു കണ്ടപ്പോൾ നായർക്കു കോപം ജ്വലിച്ചു എന്നുള്ളതു വ്യക്തമായി. അതുകൊണ്ടു പണിക്കർ താൻ മടിയിൽ വെച്ചി

രുന്ന എഴുത്തെടുത്തു നായരുടെ കയ്യിൽ കൊടുക്കുവാൻ അധികം താമസിച്ചില്ല. കത്തു കിട്ടിയ ഉടനെ നായർ ഒന്നാമതു നോക്കിയത് അതാരയച്ച കത്താണെന്നാണ്. സാമൂതിരിപ്പാട്ടിലേയ്ക്കു സഹായമായി നില്ക്കുന്ന ഒരു പ്രഭുവിൻെറ ഭവനത്തിൽ, സാമൂതിരിപ്പാട്ടിലെ ആൾക്കാർ നിറഞ്ഞ ഒരു സദസ്സിൽ, കൊച്ചിത്തമ്പുരാൻെറ കത്തുംകൊണ്ട് ഒരാൾ വരുമെന്നു സ്വപ്നത്തിൽപ്പോലും വിചാരിപ്പാൻ നായർക്കവകാശമുണ്ടായിരുന്നില്ല. അതുകൊണ്ട്, ഇന്നാളാണ് കത്തയച്ചതെന്ന് മനസ്സിലായപ്പോൾ നായർക്കുണ്ടായ പരിഭ്രമവും മനോവികാരങ്ങളും കുറച്ചൊന്നുമായിരുന്നില്ല. ആ കത്ത് ഒളിച്ചു വെക്കുവാൻ നായർ അല്പനേരം ശ്രമിച്ചുവെങ്കിലും ഇല്ലെങ്കിലും, ഒടുവിൽ ആ കത്തു കയ്യിൽ പിടിച്ചു ദീർഘമായി കുറച്ചുനേരം ആലോചിക്കുകയാണുണ്ടായത്. എന്നിട്ടു കത്തു വീണ്ടും ഒന്നു വായിച്ചു അടുക്കെ നില്ക്കുന്നവരോടു പറഞ്ഞു:—

'ഈ സ്വകാര്യക്കത്ത് ആരുടെയാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? മററാരുടേതുമല്ല. കൊച്ചിത്തമ്പുരാൻേറതാണ്. ഞാൻ സാമൂതിരിപ്പാട്ടിലെ ഭാഗം വിട്ടു അവിടുത്തെ സഹായിക്കണം. എന്നാൽ അവിടുത്തെ രക്ഷയും സഹായങ്ങളും എനിക്കുണ്ടാവും. അല്ലെങ്കിൽ അവസരം കിട്ടുമ്പോൾ അവിടുന്ന് എന്നെ നശിപ്പിക്കുകയും ചെയ്യും. കവളപ്പാറ സ്വരൂപക്കാരെ ഭീഷണിപ്പെടുത്തി പാട്ടിലാക്കാമെന്നായിരിക്കാം കൊച്ചിത്തമ്പുരാൻ വിചാരിക്കുന്നത്.'

ഇങ്ങിനെ പറഞ്ഞു നായർ കുറച്ചുനേരം മിണ്ടാതെയിരുന്നു. നായരുടെ ഈ വാക്ക് ആ സദസ്സിലുണ്ടാക്കിത്തീർത്ത ക്ഷോഭത്തിന് ഒരു കയ്യും കണക്കുമില്ല. നായർ വീണ്ടും പറഞ്ഞു:—

'ഇങ്ങിനെ ഒരാഗ്രഹം കൊച്ചിത്തമ്പുരാനുണ്ടാവാനെന്താ കാരണം? എന്നെപ്പോലെയുള്ള ഒരു സ്വരൂപിക്ക് ഇപ്രകാരം ഒരു കത്തയയ്ക്കാൻ ധൈര്യപ്പെട്ടതെങ്ങിനെ? കൊ

ച്ചിയിലുള്ള സ്വാമിദ്രോഹികളായ ചില പ്രഭുക്കന്മാരെപ്പോലെയാണ് ഞാനുമെന്നാണോ തമ്പുരാൻ വിചാരിച്ചത്? ഈ കത്തിനേയും കത്തുകൊണ്ടുവന്ന ആളേയും ഞാൻ ഏതു പ്രകാരമാണ് സ്വീകരിക്കുന്നതെന്നു കാണ്മാനുള്ള സാക്ഷികൾ നിങ്ങളുണ്ടല്ലോ.'

സദസ്യരിൽ ഒരു വൃദ്ധൻ— എജമാനനു വന്നുചേരുന്ന ഇത്തരം അപവാദങ്ങളെ പരിഹരിക്കുവാൻ ഞങ്ങൾ തെയ്യാറുണ്ട്.

ഈ അഭിപ്രായത്തെ സദസ്യരെല്ലാവരും അംഗീകരിച്ചു. കോപാന്ധനായ നായർ വളരെ ഉച്ചസ്വരത്തിൽ പണിക്കരോടായി ഇപ്രകാരം പറഞ്ഞു:—

'ഇങ്ങിനെ ഒരു കത്തുംകൊണ്ടു കവളപ്പാറെ വരുവാൻ ധൈര്യപ്പെട്ട താനാരാണ്? ഇതിന്നു പുറപ്പെടുന്നതിന്നു മുമ്പായി താനും തന്റെ ബുദ്ധിയും തമ്മിൽ വേർപിരിഞ്ഞിട്ടുണ്ടാവേണം.'

പണിക്കർ— ഞാനിവിടെയല്ല എവിടെയും ഈശ്വരന്റെ രക്ഷയിലാണിരിക്കുന്നത്. വാശത്താം ചെയ്ത പ്രകാരം ഞാൻ പ്രവൃത്തിച്ചുവെന്നേയുള്ളു. മറെറാന്നും ഞാനിപ്പോൾ ആലോചിക്കുന്നില്ല.

നായർ— ഇനി തനിക്ക് ഈ ജീവദശയിൽ ഒന്നും ആലോചിക്കേണ്ടിവരില്ല. ആലോചനകളൊക്കെ ഇപ്പോൾത്തന്നെ കഴിച്ചുകളയാം— എടോ ആരവിടെ? നാലു നായന്മാരെ വിളിക്കുക— തനിക്കിനി വല്ലതും പറയാനുണ്ടോ?

പണിക്കർ— എനിക്കൊന്നും പറയാനില്ല.

നായർ— എന്നാൽ ചിലതു ചെയ്യാനുണ്ട്— ഇയ്യാളുടെ കൈ പിടിച്ചു കെട്ടുക.

ഇതു പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും നാലു നായന്മാർ പണിക്കരെ കടന്നുപിടിച്ചു കഴിഞ്ഞു. അവർ അവരുടെ കത്തവ്യകർമ്മം ചെയ്തുകൊണ്ട് അവരോടെതിർപ്പാൻ പണി

ക്കർ ഉത്സാഹിച്ചില്ല. യഥാൎത്ഥത്തിൽ പോരാട്ടത്തിനല്ല ല്ലോ വന്നിട്ടുള്ളതും. അതുകൊണ്ടു പണിക്കർ നായന്മാർ കാട്ടുന്നതിന്നു പകരം ഒന്നും പ്രവൎത്തിക്കാതെ നായരുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടുനിന്നു.

നായർ— എടോ പണിക്കരെ! 'കൊല്ലും കൊലയും' അധികാരമുള്ള ഒരു സ്വരൂപിയാണ് ഞാനെന്നു താൻ മനസ്സിലാക്കീട്ടുണ്ടായിരിക്കയില്ല. രാജദ്രോഹികളെ കൊല്ലുവാൻ യാതൊരു വിചാരണയും നടത്തേണ്ടതില്ലെന്നും മനസ്സിലാക്കണം. താൻ കൊച്ചിത്തമ്പുരാന്റെ പടയാളികളിലൊരുവനാണെന്ന് എനിക്കു തോന്നുന്നു. തന്റെ കഴുത്തു പോകവേണ്ടെങ്കിൽ സത്യം പറഞ്ഞോളൂ.

പണിക്കർ— ഞാൻ എന്റെ കഴുത്തിനെ ഭയപ്പെട്ടിട്ടല്ലാ സത്യം പറയാറുള്ളത്; അതിലും വലുതായ ധൎമ്മമാണ് എന്റെ സത്യത്തിന്നടിസ്ഥാനം. നിങ്ങൾ വിചാരിച്ചതു തെറ്റല്ല. കൊച്ചിത്തമ്പുരാന്റെ യോദ്ധാക്കളുടെ കൂട്ടത്തിൽ എനിക്കും ഒരു സ്ഥാനം കിട്ടീട്ടുണ്ട്.

നായർ— തന്റെ ആ സ്ഥാനം ആരുടെ കീഴിലാണ്?

പണിക്കർ— എന്നെസ്സംബന്ധിച്ചിട്ടുള്ള ചോദ്യങ്ങൾക്കല്ലാതെ ഉത്തരം പറവാൻ ഞാനിപ്പോൾ ഒരുക്കമില്ല.

നായർ— ഓഹോ! സാമൂതിരിപ്പാട്ടിലെ ഒരു വിരോധി അവിടത്തെ രാജ്യത്തു കടന്നു ധൎമ്മത്തേയും മൎയ്യാദയേയുംപറ്റി പ്രസംഗിക്കുന്നത് ഒരു പുതുമതന്നെ. എടോ! തന്റെ മൎയ്യാദയും ധൎമ്മവുമൊക്കെ ഇപ്പോൾ വളരെ അപകടമായ സ്ഥിതിയിലാണ് കിടക്കുന്നത്. ആത്മരക്ഷയെയാണ് താൻ പ്രധാനമായി നോക്കേണ്ടത്. സൂൎയ്യൻ അസ്തമിക്കാറായിത്തുടങ്ങി. അതോടുകൂടി തന്റെ ജീവനും അസ്തമിക്കാതിരിക്കയാണ് നല്ലത്.

പണിക്കർ— എന്റെ മൎയ്യാദയെ സൂക്ഷിക്കേണ്ടവൻ ഞാനാണ്. എന്റെ ജീവനെ എനിക്കു വളരെ കാൎയ്യമായിരുന്നു

വെങ്കിൽ ഞാനിവിടെ നിങ്ങളുടെ മുമ്പിൽ നില്ക്കാൻ വരി ല്ലായിരുന്നു. നിങ്ങളുടേയൊ ഈ നാട്ടുകാരുടേയൊ ക യ്യാൽ എനിക്കു വല്ല ദോഷങ്ങളും വരുന്നതായാൽ അതി ന്നു പകരം ചോദിപ്പാൻ ആളു വേറെയുണ്ട്. ഞാൻ പറ യുന്നത് ഒരു മുന്നറിയിപ്പു മാത്രമാണ്; ഭീഷണിപ്പെടുത്തു കയല്ല. എന്നെ പറഞ്ഞയച്ചാളുടെ വാക്കും പ്രവൃത്തിയും ഒന്നാണെന്നെനിക്കറിയാം.

നായർ— തന്നെ അയച്ചാൾ ആരായാലും വേണ്ടതില്ല, അ യാളുടെ ജീവരക്ഷയ്ക്കുതന്നെ അയാൾ ബുദ്ധിമുട്ടുമെന്നാ ണെനിക്കു തോന്നുന്നത്. എടോ, തന്റെ കൊച്ചിത്തമ്പു രാനു വടക്കോട്ടു യുദ്ധത്തിന്നു വരാൻ എത്ര ആളുകളുണ്ട്?

പണിക്കർ ഇതിന്ന് ഒരുത്തരവും പറയാതെ ഒരു പുഞ്ചി രിയോടുകൂടി തലയൊന്നിളക്കുകയാണുണ്ടായത്. 'ഈ രാജ ദ്രോഹിയെക്കൊണ്ടു സത്യം പറയിക്കുവാൻ ആരെക്കൊണ്ടും കഴിയില്ലേ' എന്നു വളരെ കോപത്തോടെ നായർ വിളിച്ചു ചോദിച്ചു. 'കാലിന്റെ മുട്ടിന്മേൽ ചില പ്രയോഗങ്ങൾ ചെ യ്താൽ സത്യം പറയിക്കാം' എന്ന് ഒരു നായർ അഭിപ്രായ പ്പെട്ടു. 'രണ്ടു വിരലിന്റെ ഇടയിൽകൂടി ഒരു തീക്കൊള്ളി വെ ച്ചാലും മതി' എന്നു വേറൊരാളും അഭിപ്രായപ്പെട്ടു. അതിലിട യ്ക്കു ഇത്തരക്കാരോടു മുമ്പു പ്രയോഗിച്ചു ചില വിദ്യകളെപ്പ റ്റി ഓരോരുത്തർ ഓരോ കഥകൾ പറഞ്ഞു തുടങ്ങി. ആക പ്പാടെ എല്ലാവരും സംസാരിക്കുന്ന മട്ടിലായി.

നായര— മതി മതി, അതൊക്കെ നമുക്കു സമയംപോലെ ആലോചിക്കാം. ആദ്യം അവിടെ ഇവനെ തടവുമുറിയിൽ കൊണ്ടിടുക.

ഒരു നായർ— എജമാനനെ! ഏതു തടവു മുറിയിലാണിടേ ണ്ടത്?

നായർ— കല്ലറയിൽത്തന്നെയാവട്ടെ.

ഇതിന്നു ശേഷം പണിക്കരെ രണ്ടു നാലു പേർ പിടിച്ചു

കൊണ്ടുപോയി. കൊട്ടാരത്തിന്റെ ഒരു ഭാഗത്തു വിസ്താരവും ഉയരവുമുള്ള ഒരു കല്ലറയിലേക്കാണ് പണിക്കരെ കൊണ്ടാക്കിയത്. ഈ കല്ലറയെപ്പററി പല കഥകളും കവളപ്പാറക്കാർക്ക് അക്കാലത്തു പറവാനുണ്ടായിരുന്നു. കൊലക്കുററത്തിന്നു ശിക്ഷിക്കപ്പെട്ടവരെയാണ് ഈ കല്ലറയിൽ സാധാരണ കൊണ്ടാക്കാറു പതിവ്. അതിനുള്ളിൽ കടപ്പാൻ യോഗമുണ്ടായിട്ടുള്ളവരാരും പിന്നെ പുറത്തേയ്ക്കു പോയതായി കേട്ടിട്ടില്ല. രക്ഷ പ്രാപിപ്പാൻ യാതൊരു മാർഗ്ഗവും ഇല്ലാത്തതായ ആ ജയിൽമുറിയുടെ പ്രവേശമാർഗ്ഗം ഇരുമ്പഴികളെക്കൊണ്ടു തടുത്ത് ഭടന്മാരെപ്പോഴും കാവൽ നില്പാറുണ്ട്. ഇതിന്നുള്ളിലകപ്പെട്ടപ്പോൾ മാത്രമാണ് പണിക്കരുടെ പ്രകൃതത്തിൽ അല്പം ഒരു മാററം വന്നത്. മരിക്കുന്നതുവരെ മരണത്തെപ്പററിയുള്ള വിചാരത്തോടുകൂടി ഭയങ്കരമായ ഒരിരുട്ടറയിൽ തനിയേ ഇരിക്കുക എന്നതും, ആ ഇരുട്ടറയിൽ മുമ്പു പല പ്രാവശ്യവും കടക്കേണ്ടിവന്നിട്ടുള്ള മററോരുത്തരുടെ ചരിത്രങ്ങൾ ഇരുമ്പഴിയുടെ പഴുതിൽക്കൂടി കാവല്ക്കാർ പറഞ്ഞു കേൾക്കുന്നതും എത്ര ധൈര്യമുള്ളവരുടേയും മനസ്സിനെ ഇളക്കാതിരിക്കയില്ല. കുറച്ചു കാലമായി ചില തടവുകാരുടെ ദേഹംതന്നെ കാണാറില്ലെന്നും, മുമ്പു മരിച്ച ചിലരുടെ പ്രേതങ്ങൾ തിന്നാറാണെന്നും മററും പറഞ്ഞു കേൾക്കുമ്പോൾ എത്ര ധൈര്യമുള്ളവനും ഒരു രോമാഞ്ചം ഉണ്ടാകാതിരിക്കുമോ?

പണിക്കർ പലപ്രകാരത്തിലുള്ള ചിന്തകളിൽ നിമഗ്നനായി മരണത്തെ പ്രതീക്ഷിച്ചുംകൊണ്ട് ഇരുന്നതിനാൽ നേരം പാതിരയാവാറായതറിഞ്ഞില്ല. അപ്പോൾ താനിരിക്കുന്നതിന്നു നേരെ മേൽഭാഗത്തുനിന്ന് ഒരു ശബ്ദം കേൾക്കുകയും പെട്ടെന്നു ഞെട്ടി മേല്പോട്ടു നോക്കുകയും ചെയ്തു. അപ്പോൾ അന്ധകാരമയമായ ആ മുറിയുടെ മുകളിൽക്കൂടി ഒരു പഴുതുണ്ടെന്നും, അതിൽക്കൂടെ ആരോ ഒരാൾ തന്റെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടെന്നും പണിക്കർക്കു തോന്നി. പെട്ടെന്നു പണി

ക്കർ ഒരു ഭ്രാന്തനെപ്പോലെ എഴുനീറ്റുനിന്നു. നോക്കിയപ്പോൾ ആ ദ്വാരത്തിൽക്കൂടെ ഒരാൾ മുഖം താഴെ കാണിച്ചു കയ്യിലൊരു വെളിച്ചവും പിടിച്ചു നോക്കുന്നതും 'ശബ്ദിക്കരുത്' എന്നു കൈകൊണ്ട് ആംഗ്യം കാണിക്കുന്നതും 'ഞാൻ വല്ല സഹായവും ചെയ്യണമോ' എന്നു സാവധാനത്തിൽ ചോദിക്കുന്നതുമായി പണിക്കർക്കു തോന്നി. സംസാരംകൊണ്ടും കണ്ടേടത്തോളമുള്ള മുഖത്തിന്റെ പ്രകൃതംകൊണ്ടും തനിക്കു കവളപ്പാറയിലേക്കു വഴി കാട്ടിത്തന്ന ഒരു കൃഷിക്കാരനാണതെന്നു പണിക്കർ ശങ്കിച്ചു. 'ഞാൻ ഇതിനുള്ളിലുണ്ടെന്നു നിങ്ങൾക്കെങ്ങിനെ മനസ്സിലായി' എന്നു പണിക്കർ ചോദിച്ചു.

ആ ആൾ— അതൊക്കെ പോട്ടെ. കവളപ്പാറ എജമാനന്മാരേക്കാൾ ഈ സ്ഥലത്തെപ്പറ്റിയ വിവരം എനിക്കാണധികം നിശ്ചയമുള്ളത്. ഈ കോട്ടാരം പണിയുന്ന കാലത്തുതന്നെ ഞാനിവിടെ പെരുമാറി വരുന്നവനാണ്. ഈ മുറിയിലേക്കുള്ള ഈ മാർഗ്ഗം ഞാനീയുപയോഗിക്കുന്നത് ഒന്നാമതായിട്ടല്ല. സമയം പോകുന്നു. നിങ്ങൾക്കു ഞാൻ വല്ല സഹായവും ചെയ്യേണ്ടതുണ്ടോ?

പണിക്കർ— നിങ്ങളെന്നോടു കാട്ടിയ ദയയ്ക്കായി ഞാൻ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. പക്ഷേ, നിങ്ങളെക്കൊണ്ടു എനിക്കിപ്പോൾ വലിയ സഹായമൊന്നും ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ എനിക്കു നേരിട്ടിട്ടുള്ള ഈ അപകടം കൊച്ചിത്തമ്പുരാനെ വല്ലവിധത്തിലും അറിയിക്കുന്നതായാൽ അതൊരു സഹായമാവുന്നതാണ്.

ആ ആൾ— അതിനെന്താണു പ്രയാസം? ഞാൻ നിങ്ങളോടു സ്വകാര്യം ഒന്നു പറയട്ടയോ? വാസ്തവത്തിൽ എനിക്കു കൊച്ചിത്തമ്പുരാന്റെ നേരെ ഭക്തിയും ബഹുമാനവും തോന്നാറുണ്ട്.

പണിക്കർ— കൊച്ചിത്തമ്പുരാന്റെ പ്രധാനമന്ത്രിയും സൈന്യാധിപനുമായ പാലിയത്തച്ചന്റെ മരുമക്കളിലൊരാൾ ഇവിടെ അടുത്തു പേരാററുവീഥിയിലുണ്ട്. എനിക്കു വല്ല ദോഷവും വന്നാൽ വിവരം അദ്ദേഹത്തെ അറിയിക്കുക മാത്രമാണ് നിങ്ങളൊരു സഹായമായി ചെയ്യേണ്ടത്.

ആ ആൾ— ഛെഃ! അതിനെന്താ പ്രയാസം? നേരം പുലരുന്നതിന്നു മുമ്പേ കഴിക്കാം. അതിരിക്കട്ടെ, നിങ്ങൾക്കു ഈ ദ്വാരത്തിൽക്കൂടെ പുറത്തേക്കു കടന്നാൽക്കൊള്ളാമെന്നുണ്ടോ?

പണിക്കർ— എനിക്കങ്ങോട്ടു കയറാൻ ഒരു വഴിയും ഇല്ല. വെറുതെ സംസാരിച്ചു സമയം കളയണ്ട. ഇനിയും താമസിച്ചാൽ എനിക്കുവേണ്ടി നിങ്ങളും അപകടത്തിൽപെടും.

ആ ആൾ— എന്നാലങ്ങിനെയാവട്ടെ. പരിഭ്രമിക്കേണ്ട.

എന്നു പറഞ്ഞ് ആ ആൾ പോയി. പണിക്കർ പിന്നെയും ചിന്താമഗ്നനായിത്തന്നെ ഇരിപ്പായി. പിന്നേയും കുറച്ചു കഴിഞ്ഞപ്പോൾ ആ ദ്വാരത്തിൽക്കൂടെത്തന്നെ ഒരു തടിച്ചുനീണ്ട കയർ, എറങ്ങിവരുന്നതു കണ്ടു. പണിക്കർ ആ കയറുപിടിച്ചു വലിച്ചു നോക്കിയപ്പോൾ മുകളിൽ ബലമായി ബന്ധിച്ചിട്ടുണ്ടെന്നും, ആരോ ഒരാൾ തന്നെ രക്ഷിപ്പാൻ ചെയ്ത വിദ്യയാണെന്നും മനസ്സിലായി. ആ കയറു പിടിച്ചു പണിക്കർ മുകളിലേക്കു കയറിയതും കയർ മേല്പോട്ടെടുത്ത് ആ ദ്വാരം മൂടുകല്ലുകൊണ്ടടച്ചതും വേഗം കഴിഞ്ഞു. പണിക്കർ മുകളിലെത്തിച്ചേർന്നു താനിരുന്നിരുന്ന കല്ലറയോളം വലിപ്പമുള്ള വേറെ ഒരു മുറിയിലാണെന്നും തന്നോടു സംസാരിച്ച ആ കൃഷിക്കാരൻ മാത്രമെ ആ മുറിയിൽ ഉള്ളുവെന്നും മനസ്സിലായി.

ആ ആൾ— ഒന്നും സംസാരിക്കരുത്. നിങ്ങൾ ഇന്നപ്രകാരം രക്ഷപ്രാപിച്ചു എന്ന് ആരും അറിയരുത്.

പണിക്കർ— വാസ്തവത്തിൽ ഇതൊക്കെ ഒരു സ്വപ്നമാണെ

ന്നാണ് എനിക്കു തോന്നുന്നത്. ഇത്ര ഉറപ്പോടുകൂടിയ ഒരു കാരാഗൃഹം ഇത്ര എളുപ്പത്തിൽ ഭേദിക്കാമെന്നും എന്നെ രക്ഷിപ്പാൻ ഒരാൾ ഇത്രയൊക്കെ ബുദ്ധിമുട്ടുമെന്നും ഞാൻ വിചാരിക്കാത്തതാണ്.

ആ ആൾ— ഈ കല്ലറയിലേക്കുള്ള ഈ പ്രവേശമാർഗ്ഗം ആ കല്ലറയോളംതന്നെ പഴക്കമുള്ളതാണെന്നു നിങ്ങൾക്കു നോക്കിയാൽ മനസ്സിലാവും. മുൻ കാലങ്ങളിൽ ആ കല്ലറയിലേക്കുള്ള ഏകപ്രവേശമാർഗ്ഗംതന്നെ ഇതായിരുന്നു. ഇപ്പോൾ ആ മാർഗ്ഗം നിങ്ങൾക്കു ഒരു രക്ഷാമാർഗ്ഗമായി. ഒരുകാലത്തു രക്ഷപാടില്ലെന്നു വിചാരിച്ചുണ്ടാക്കിയ മാർഗ്ഗം ഇപ്പോൾ നിങ്ങൾക്കു സ്വാതന്ത്ര്യം തന്നിരിക്കുന്നു.

പണിക്കർ— നായർ എന്നോടു കാണിച്ച ഔദാര്യത്തിന്നും ധൈര്യത്തിന്നും ഞാൻ വളരെ കടപ്പെട്ടിട്ടുണ്ട്.

നായർ—ഓഹോ! എൻെറ വേഷംമാറൽകൊണ്ടും പററിയില്ല. നിങ്ങൾക്കെങ്ങിനെ എന്നെ മനസ്സിലായി? നിങ്ങൾ ആരാണ്? ഏതു ദിക്കുകാരനാണ്? എന്താണ് പേർ?

പണിക്കർ—നായരുടെ വാക്കു ഒരിക്കൽ കേട്ടാൽ പിന്നെ തിരിച്ചറിയാത്തവർ ദുർലഭമാണെന്നാണെനിക്കു തോന്നുന്നത് ഞാൻ പേരാററു പുറത്തു നമ്പൂതിരിയാണ്.

നായർ— ഓ ശരിതന്നെ. പേരാററു പുറത്തു പണിക്കർ അല്ലെ? കേട്ടിട്ടുണ്ട്. ഇവിടുത്തെ തടവിലിട്ടു തല്ക്കാലം കുറെ ഉപദ്രവിച്ചുവെങ്കിലും ഇപ്പോൾ രക്ഷചെയ്യുതുകൊണ്ട് ആ പാപം നീങ്ങിയെന്നു വിശ്വസിക്കുന്നു. ആ സദസ്സിൽ ഇങ്ങിനെ ഒരെഴുത്തുകൊണ്ടു വന്നു തന്നതു നന്നായോ? ഒരു നമ്പൂതിരിയാണെന്നു ആദ്യം പറയാഞ്ഞതെന്തുകൊണ്ടാണ്?

പണിക്കർ—നായരോടു സ്വകാര്യമായി പറയുവാൻ ഞാൻ വളരെ ശ്രമിച്ചു. വിവരം പറഞ്ഞയ്ക്കുകയും ചെയ്യുവല്ലെ.

വേഷം മാറിയാൽ കാൎയ്യം എളുപ്പത്തിൽ സാധിക്കുമെന്നു വിചാരിച്ചു

നായർ—അതു ശരിയാണ്. പക്ഷെ സ്വകാൎയ്യമായി കാണവാനുള്ള അപേക്ഷകൾ പലതും വരാറുള്ളതുകൊണ്ട് അത്ര സാരമായി കരുതിയില്ല എന്നേ ഉള്ളു.

പണിക്കർ—നായർ നാളെ രാവിലെ എങ്ങോട്ടോ പോകുന്നുവെന്നു കേട്ടു. പിന്നെ എന്നു മടങ്ങുമെന്നു ആൎക്കും വിവരവുമില്ല. അതുകൊണ്ട് അല്പം ധൃതിപ്പെട്ടില്ലെന്നില്ല.

നായർ—ഇവിടുത്തെ പേരിൽ ഒരു കുററവും കാണുന്നില്ല. അഥവാ ആ എഴുത്ത് ഒളിച്ചുവെച്ചുവെങ്കിൽത്തന്നെ ഒരിക്കലതൊക്കെ പുറത്തായേയ്ക്കും ഞങ്ങൾ സ്വതന്ത്രന്മാരായ പ്രഭുക്കന്മാരാണെങ്കിലും സാമൂതിരിപ്പാട്ടിലേക്കു തെററിദ്ധാരണ കൂടാതെ കഴിക്കേണ്ടതു ഞങ്ങളുടെ കടമയാണ്. അതുകൊണ്ട് ആ പ്രവൎത്തിച്ചതൊക്കെ ശരിയായെന്ന് ഇവിടുന്നും സമ്മതിക്കാതിരിക്കയില്ല. ഇവിടുന്ന് കൊണ്ടുവന്ന കത്തിന്നു മറുവടി എഴുതിത്തരുന്നില്ല. പറയുന്നതൊക്കെ ഇവിടുന്ന് ഓൎമ്മയിൽ വെച്ച് അവിടെ അറിയിച്ചാൽമതി. കവളപ്പാറ സ്വരൂപത്തിന്റെ മഹിമയെ കാത്തുരക്ഷിക്കേണ്ട ഭാരം ഇവിടേക്കുണ്ട്. സാമൂതിരിപ്പാട്ടും കൊച്ചിത്തമ്പുരാനുമായുള്ള കലഹത്തിൽ അവിടുത്തേക്കു ജയം കിട്ടുന്ന പക്ഷം അവിടുത്തെ ഭക്തന്മാരായ പ്രഭുക്കന്മാരിൽ ഒരാളായിരിപ്പാൻ ഇവിടെ അശേഷം മടിയില്ല. ഇവിടുത്തെക്കൂടെ കുറച്ചു ദൂരത്തേക്കു വിശ്വസ്തനായ ഒരാളെ സഹായത്തിന്നു ഇതാ അയയ്ക്കുന്നു.

ഇത്രയും പറഞ്ഞ് നായർ ഒരു ഭൃത്യനെ പണിക്കരുടെ കൂടെയാക്കി അവിടെനിന്നുപോയി. നായരുടെ നയവിശേഷവും സാമൎത്ഥ്യവുമോൎത്ത് ആശ്ചൎയ്യപ്പെട്ടുകൊണ്ടു പേരാററുപുറത്തു പണിക്കർ മടങ്ങിപ്പോന്നുകഴിഞ്ഞും, സകല വിവരവും യ

ഥാവസരം ഉണ്ടാക്കുകയും ചെയ്തു. അന്നത്തെ കവളപ്പാറ യജമാനൻെറ നയവിശേഷം കൊണ്ടു ലന്തക്കാർ തുടങ്ങിയ പാശ്ചാത്യന്മാർ കേരളത്തിൽ ഗൃഹച്ഛിദ്രം ഉണ്ടാക്കുവാൻ ചെയ്ത ശ്രമങ്ങൾ പലപ്പോഴും ഫലിക്കാതെ വന്നിട്ടുണ്ടെന്നു സുപ്രസിദ്ധമായ സംഗതിയാണ്.

---

# ഓമനയുടെ ഗൃഹപ്പിഴ.

(അല്ലെങ്കിൽ ഒരു സന്താനാന്വേഷണം.)

## I

'പ്രായേണ ഗച്ഛതി യത്ര ദൈവഹതകസ്തത്രൈവയാന്ത്യാപദഃ' എന്ന പ്രമാണവും ചൊല്ലി ഒരു ദീൎഘശ്വാസവും വിട്ടുകൊണ്ടാണ് കാവിൽ കുഞ്ചുപ്പണിക്കർ വടക്കുന്നാഥക്ഷേത്രത്തിൻെറ പടിഞ്ഞാറെ ഗോപുരത്തിൽനിന്ന് ഉണൎന്നെഴുന്നേറ്റത്. നേരം പുലരാണ്ടു കോഴികൂകുന്ന സമയമേ ആയിട്ടുള്ളു. പള്ളിയുണൎത്തൽ കഴിഞ്ഞിരിക്കുന്നു. കാലം വൃശ്ചികമാസമാണ്. തണുപ്പും മഞ്ഞും സാമാന്യം ഉണ്ടുതാനും. കക്കാട്ട കാരണമല്ലാട്ടിലെ ആശ്രിതനായി കൂടി രണ്ടു വ്യാഴവട്ടകാലം കഴിഞ്ഞിട്ടും തൻെറ ബുദ്ധികൂൎമ്മതയ്ക്കും സാമൎത്ഥ്യത്തിനും അനുസരിച്ച യാതൊരു സ്ഥാനമാനങ്ങളും കിട്ടായ്കയാലുള്ള മനസ്താപവും, കൊതുകും തണുപ്പും നിമിത്തം രാത്രി ഉറക്കം അശേഷം കിട്ടായ്കയാലുണ്ടായ ക്ഷീണവും, തൃശ്ശിവപേരൂർ വന്ന കാൎയ്യം സാധിക്കായ്കയാലുണ്ടായ ഇച്ഛാഭംഗവും കൂടി കുഞ്ചുപ്പണിക്കർ പ്രഭാതകീൎത്തനം ചൊല്ലുവാൻതന്നെ മറന്നുപോയി. ഒടുവിൽ 'ഹരിനാരായണ' 'ഹരിനാരായണ' എന്നു കുറെ ഉരുവിട്ടുംകൊണ്ടു വിരിപ്പും മറവും ഭാണ്ഡമാക്കി 'കണികാണുംനേരം കമലാനേത്രൻെറ' എന്നും ചൊല്ലി ക്ഷേത്രനടയിലേക്ക് ഇറങ്ങിയപ്പോൾ 'നിറമേറും' കൌപീ

നം മാത്രം ചാർത്തിയ രാമമാരാരുടെ ആസനമാണ് കണികണ്ടത്. സ്വദേശമായ വന്നേരിക്കു മടങ്ങുകയാണെങ്കിലും ശകുനം പററിയില്ലെന്നു നിശ്ചയിച്ചു മാരാരെ ശപിച്ചു. 'ദുശ്ശകുനദോഷമപഹരിച്ചു ഹരശംഭോ!' എന്നും ചൊല്ലി ക്ഷേത്രത്തിൽനിന്നു വടക്കോട്ട് ഇറങ്ങി. വടക്കെച്ചിറയുടെ തെക്കുവശത്തുനിന്നു വടക്കുപടിഞ്ഞാറായിപ്പോകുന്ന ഊടുവഴിയിൽക്കൂടി യാത്രയായി. ഏകദേശം ഒരു വിളിപ്പാടു നടന്നപ്പോൾ വഴിക്കരികെ ഒരു കൽമതിലിന്റെ ഇടയിൽക്കൂടി 'അയ്യൊ എന്റെ ഈശ്വരാ! നല്ല മുഹൂർത്തത്തിന്നുതന്നെ എത്തിയല്ലോ' എന്ന് ഒരു ശബ്ദം കേട്ടതും കുഞ്ചുപ്പണിക്കർ തിരിഞ്ഞുനോക്കിയതും പശുക്കളെ പറമ്പിലേക്കാക്കാൻ കെട്ടിയുണ്ടാക്കിയ ഒരു ചെറുവാതിലിൽക്കൂടി ഒരു സ്ത്രീ, ഒരു ഭാണ്ഡത്തെ 'ഇതാ പിടിക്കു' എന്നും പറഞ്ഞു നീട്ടിക്കാണിച്ചതും ആലോചിപ്പാനൊന്നും ഇട കിട്ടാതെ പരിഭ്രമിച്ചു നില്ക്കുന്ന കുഞ്ചുപ്പണിക്കർ ഈ ഭാണ്ഡം സ്വപ്നത്തിലെന്നപോലെ താനറിയാതെ വാങ്ങിയതും ഉടനെ വാതിലും അടച്ച് ആ സ്ത്രീ ഓടിപ്പോയതും ഒക്കെ ഒരു നിമിഷത്തിലിടയ്ക്കു കഴിഞ്ഞു. കുഞ്ചുപ്പണിക്കർ സ്തംഭനാസ്ത്യത്തിൽനിന്നു വിമുക്തനാവാൻ അധികം നേരം വേണ്ടിവന്നില്ല. കയ്യിൽകിട്ടിയ ഭാണ്ഡത്തിന്റെ ഘനം കൊണ്ടും, അതിന്നുള്ളിൽനിന്ന് ഒരു ജീവി കൈകാൽ കുടഞ്ഞ് ഇളകിക്കളിക്കുകകൊണ്ടും പണിക്കർക്കു സ്വബുദ്ധി താനേ ഉണ്ടായി. പ്രഭാതമായെങ്കിലും പ്രത്യേകിച്ച് ആ ഇടവഴിയിൽ മരത്തണലിൽ ആളുകളെ കണ്ടാൽ മനസ്സിലാകത്തക്കവിധം വെളിച്ചം ഉണ്ടായിരുന്നില്ല. കയ്യിൽ കിട്ടിയ വസ്തു എതാണ്ട് ഒരു വയസ്സു പ്രായമുള്ള ഒരു കുട്ടിയാണെന്നും, ഇന്ന പ്രദേശത്താണെന്നും പണിക്കർക്കു തീർച്ചപ്പെടുത്തുവാൻ അധികം ആലോചിക്കേണ്ടതായി വന്നില്ല. ഈ സ്ഥലം ഇന്നാളുടെ വീടാണെന്നുംകൂടി ക്ഷണത്തിൽ ഓർമ്മയായപ്പോൾ 'എന്റെ പരദേവതേ' എന്നു മാത്രം പറഞ്ഞു കുഞ്ചുപ്പണിക്കർ

ഭാണ്ഡത്തോടുംകൂടി ഓട്ടം തുടങ്ങി. പതിററടിക്കു മുമ്പായി വന്നേരിയിൽ സ്വഗൃഹത്തിൽ ചെന്നുചേൎന്നു കുട്ടിയെ നല്ലവണ്ണം ഒന്നു നോക്കി. വളരെ കൌതുകമുള്ള ആ പെൺകുട്ടി സൎവ്വാഭരണഭൂഷിതതന്നെയാണ്. ഉടപ്പിറന്നവളായ കുഞ്ഞിക്കുട്ടിഅമ്മയെ വിളിച്ചു വഴിയിൽനിന്നു അഗതിയായ ഒരു കുട്ടിയെ കിട്ടിയ വിവരം പറഞ്ഞു് ഏല്പിച്ചുകൊടുത്തു.

II

തിരുമ്പാടിയും തിരുവോണത്തും കയ്മൾമാർ കൊച്ചിത്തമ്പുരാന്റെ പടത്തലവന്മാരിൽ പേർകേട്ടവരാണ്. ഇവർ രണ്ടു പേരും മേൽ വിവരിച്ച സംഭവം നടന്ന കാലത്തു വലിയതമ്പുരാനൊന്നിച്ചു മട്ടാഞ്ചേരികോവിലകത്തുവെച്ചു് ഓരോ യുദ്ധാലോചനകൾ നടത്തിവരികയായിരുന്നു. ഈ രണ്ടു കുടുംബക്കാരും വലിയ സ്വത്തുകാരും സ്ഥാനികളുമാണ്. ഇവർ തമ്മിൽ 'അററാലടക്കം' അവകാശവുമുണ്ട്. തിരുമ്പാടിക്കയ്മൾ തിരുമുമ്പിൽ പ്രത്യേക സേവകനും ഒരു ജനഹിതനും ആയിരുന്നു. തനിക്കു കുടുംബമായി ഒരു സഹോദരി മാത്രമേ ഉണ്ടായിരുന്നുള്ളു. കീരാങ്ങാട്ടുനമ്പൂതിരിപ്പാടുമായി സംബന്ധമുള്ള ഈ സഹോദരി പ്രസവിച്ചു സന്താനമുണ്ടാവാതെ കുറച്ചുകാലം വ്യസനിച്ചു വെങ്കിലും ഈ കഥ തുടങ്ങുന്നതിന്നു പത്തുമാസം മുമ്പ് ഒരു പെൺകുട്ടിയെ പ്രസവിച്ചു. സമ്പത്തോടുകൂടിയ കയ്മളുടെ തറവാട്ടിലെ ഈ സന്താനം എല്ലാവരുടേയും കണ്ണിലുണ്ണിയായിരുന്നു. തൃശ്ശിവപേരൂർ സ്വഗൃഹത്തിൽനിന്നു തമ്പുരാനൊപ്പം പടമുഖത്തേക്കു പോകുമ്പോൾ തിരുമ്പാടിക്കയ്മൾ ഈ കുട്ടിയുടെ ശുശ്രൂഷയ്ക്കുംസംരക്ഷണയ്ക്കുമായി വേണ്ടപ്പെട്ട എല്ലാഏൎപ്പാടുകളും ചെയ്തിട്ടുള്ളതിന്നു പുറമെ തന്റെ കുടുംബവൎദ്ധനയ്ക്കുള്ള ഒരസ്തിവാരക്കല്ലായ ഈ കുട്ടിയുടെ സുഖസ്ഥിതിയെപ്പററി അപ്പോഴപ്പോൾതനിക്കു വിവരം എത്തിപ്പാൻ പ്രത്യേകം ആൾക്കാരെയും നിയമിച്ചിട്ടുണ്ടായിരുന്നു. തിരുവോണത്തു കയ്മളുടെ സ്ഥിതി ഇങ്ങിനെയൊന്നുമല്ല

അദ്ദേഹത്തിന്റെ കുടുംബത്തിൽ സന്തതി ദിനംപ്രതി വർദ്ധിച്ചു വരുന്നുണ്ടെങ്കിലും അതിനൊത്ത ഐശ്വര്യം വർദ്ധിക്കാതെ കുണ്ഠിതപ്പെട്ടിരിക്കയായിരുന്നു. ഈ കയ്മളുടെ പ്രകൃതംതന്നെ പരുഷം രസിക്കായ്കയാൽ തന്റെ ദായാദന്മാരായ സാമാന്യം എല്ലാവരും വിരോധികളായിത്തീരുകയാണ് ഉണ്ടായിട്ടുള്ളത്.

"അകരുണത്വമകാരവിഗ്രഹഃ
സ്വജനബന്ധുജനേഷ്വസഹിഷ്ണുതാ
പരധനേ പരയോഷിതിച സ്പൃഹാ"

തുടങ്ങിയുള്ള ദുരാത്മാക്കളുടെ എല്ലാം ദുർഗ്ഗുണങ്ങളും ഇദ്ദേഹത്തെ ബാധിച്ചിട്ടുണ്ട്. കൂട്ടത്തിൽ തിരുമ്പാടിക്കയ്മൾക്ക് ഒരു സന്തതിയുണ്ടായ വിവരം അറിഞ്ഞതുമുതൽ അസൂയയും ഇച്ഛാഭംഗവും മുഴുത്ത് ഉറക്കംകുറഞ്ഞ് അല്പം ചിത്തഭ്രമത്തിന്റെ ലക്ഷണംതന്നെ കണ്ടുതുടങ്ങിയിരിക്കുന്നു. തിരുമ്പാടിയും തിരുവോണത്തും കയ്മൾമാരുടെ തറവാടുകൾ ഒരു കാലം ഒന്നാവണമെന്നും അതിന് എവിടെയെങ്കിലും ഒരു 'അന്ത്യം' വരേണമെന്നും തിരുവോണത്തുകയ്മൾ തീർച്ചപ്പെടുത്തിട്ടുണ്ട്. അതിനുള്ള വഴികൾ പലതും ആലോചിച്ചിട്ട് ഒരു വഴിയും കാണാതെ കുഴങ്ങുക മാത്രമായിരുന്നു.

മുൻപറഞ്ഞ സംഭവം നടന്നതിന്റെ പിറ്റേ ദിവസം 'വൈപ്പി'നരികെ വെച്ചു തിരുമ്പാടിക്കയ്മൾ കയറിയ തോണി മറിഞ്ഞു മുങ്ങിച്ചാവുകയും തോണിക്കാരൻ മാത്രം രക്ഷപ്രാപിക്കയും ഉണ്ടായി. ഈ സംഭവവും തിരുമ്പാടിക്കയ്മളുടെ സഹോദരിയുടെ സന്താനമോഷണവൃത്താന്തവും ഒരുമിച്ചാണ് തിരുവോണത്തുകയ്മൾ വലിയതമ്പുരാൻ തിരുമനസ്സുണർത്തിച്ചത്. ഉത്തമമിത്രമായ കയ്മൾ മരിച്ചതിലും അദ്ദേഹത്തിന്റെ സഹോദരിക്കു നേരിട്ട അത്യാപത്തിലും തിരുമനസ്സുകൊണ്ടു വളരെ വ്യസനിച്ചു. 'ഈ രണ്ടു സംഭവം ഉടനടി കഴിഞ്ഞതോർക്കുമ്പോൾ എന്തൊ ചില ശങ്കകൾക്ക് അവകാശ

മായിരിക്കുന്നു' എന്നു മാത്രം അവിടുന്നു കല്പിച്ചു. കളവുപോയ കുട്ടിയെ കണ്ടുപിടിപ്പാൻ അന്വേഷണം നടത്താതിരുന്നില്ല. പക്ഷെ ഒരു തുമ്പും ഉണ്ടായില്ലെന്നേ പറയേണ്ടു. തിരുവോണത്തു കയ്മളും തന്റെ ദായാദിയുടെ സങ്കടാവസ്ഥയിൽ ഒട്ടധികം സന്താപിക്കുന്നുണ്ടെന്നു വരുത്തിക്കൂട്ടുവാൻ പല വിദ്യകളും പ്രയോഗിച്ചു.

III

കൊല്ലം പിന്നെയും പത്തുപന്ത്രണ്ടു കഴിഞ്ഞു. ഇതിലിടയ്ക്കു കൊച്ചിരാജ്യത്തു പല കലാപങ്ങളും കഴിഞ്ഞു തിരുമ്പാടികയ്മളുടെ ആത്മമിത്രമായിരുന്ന വലിയ തമ്പുരാൻ തീപ്പെട്ടു. പുതുതായി സ്ഥാനാരോഹണം കഴിഞ്ഞ തമ്പുരാൻ തിരുവോണത്തുകയ്മളുടെ ഇഷ്ടംപോലെ കാൎയ്യങ്ങൾ എല്ലാം നിൎവ്വഹിച്ചുകൊടുത്തു. തിരുമ്പാടിയിൽ ആകെ ശേഷിച്ച സ്ത്രീക്കും ദാസിക്കും കഷ്ടിച്ചു ചിലവിന്നുള്ള വക നീക്കിവെച്ചു, ശേഷം മുതലും സ്ഥാനമാനാവകാശങ്ങളും തിരുവോണത്തുകയ്മൾക്കധീനമാക്കി. കിരാങ്ങാട്ടുനമ്പൂതിരിപ്പാട് അവിടത്തെ ഭാൎയ്യയെ ഈ ദ്രോഹിയായ കയ്മളുടെ അധീനത്തിൽനിന്നു വേർപെടുത്തി കൂട്ടിക്കൊണ്ടുപോയി പാൎപ്പിച്ചു. കുഞ്ചുപ്പണിക്കൎക്കു തിരുമ്പാടികയ്മളുടെ പടിക്കൽവെച്ച് ഒരു കുട്ടിയെ കയ്യിൽ കിട്ടുന്നതിന്നുമുമ്പുതന്നെ ഈ കയ്മൾമാർതമ്മിലുള്ള പിണക്കവും അവരുടെ ചരിത്രവും ഒക്കെ മനസ്സിലായിരുന്നു. തന്റെ കയ്യിൽ അകപ്പെട്ട കുട്ടി തിരുമ്പാടികയ്മളുടെ കുടുംബം നിലനിൎത്തുവാൻ എത്രമാത്രം ആവശ്യമുള്ള ഒരു ആയുധമാണെന്നു പണിക്കൎക്കറിയാമായിരുന്നു. കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ ഉത്തമവിശ്വസ്തനായ കയ്മൾ വിചാരിച്ചാൽ തനിക്കു പല കാൎയ്യങ്ങളും നേടാനുണ്ടാകുമെന്നും അതിന്ന് ഈ കുട്ടിയെ ഒരു ആയുധമാക്കിത്തീൎക്കാമെന്നും കരുതിയാണ് പണിക്കർ കുട്ടിയേയുംകൊണ്ട് ഓടിയത്. ഈ കുട്ടിയെ കാട്ടുകൊണ്ടുപോയി നശിപ്പിപ്പാൻ ചെയ്ത ഏൎപ്പാടുപ്രകാരം ദാ

സി കുട്ടിയേയും കട്ടു പുറത്തുവന്നപ്പോൾ വാങ്ങിക്കൊണ്ടുപോവാൻ ഏററിരുന്ന വിദ്വാൻ എത്തുന്നതിന്ന് അഞ്ചുമിനുട്ടു താമസിച്ചുപോയതുകൊണ്ടാണ് പണിക്കരുടെ കയ്യിൽ കുട്ടി അകപ്പെട്ടുവാൻ കാരണമായത്. കുട്ടി കളവുപോയെന്ന വർത്തമാനം വാസ്തവമാണെന്ന ദൃഷ്ടാന്തമായെങ്കിലും ഈ കുട്ടി ആരുടെ കയ്യിൽ അകപ്പെട്ടുവെന്നും ഇപ്പോൾ എവിടെ ഉണ്ടെന്നുമുള്ള വിവരം പ്രേരകനായ തിരുവോണത്തുകയ്മൾ തന്നെ അറിയാതെ വളരെ കഴിഞ്ഞു. ഈ കുട്ടി എപ്പോഴെങ്കിലും പുറത്തുവരുന്നതായാൽ മനോരാജ്യത്തിൽ താൻ കെട്ടിയുണ്ടാക്കീട്ടുള്ള രാജധാനി പൊളിഞ്ഞുപോകുമല്ലൊ എന്ന ഭയം നിമിത്തം കുട്ടിയെ കണ്ടുപിടിപ്പാൻ കയ്മൾ ആവുന്നതും ശ്രമിച്ചുനോക്കീട്ടുണ്ട്. അതുകൊണ്ടൊന്നും ഫലമുണ്ടായില്ലെന്നേയുള്ളൂ. ഒടുവിൽ തന്റെ ഇഷ്ടത്തിന്നനുകൂലിയായ ഒരു തമ്പുരാൻ സ്ഥാനാരോഹണംചെയ്തു മുതൽ ആ വക ഭയമൊക്കെ കയ്മൾക്കില്ലാതെയായി. പോരെങ്കിൽ മേൽസംഭവങ്ങൾ കഴിഞ്ഞിട്ടു പത്തുപന്ത്രണ്ടുകൊല്ലം ചെന്നിരിക്കയാൽ ഇനി കുട്ടി പുറത്തു വന്നാൽ തന്നെ അവകാശിയാണെന്നു തെളിയിപ്പാനുള്ള ദൃഷ്ടാന്തങ്ങളും തെളിവും എവിടെനിന്നു കിട്ടുവാനാണ് എന്ന സമാധാനവും ഉണ്ടായിരുന്നു.

## IV

കുഞ്ചുപ്പണിക്കർ സ്വഗൃഹത്തിൽ എത്തി കുട്ടിയെ തന്റെ ഉടപ്പിറന്നവളെ ഏല്പിച്ചു കൊടുത്തതിന്നു പിറേറദിവസംതന്നെ വഴിയാത്രകൊണ്ടും മററും പിടിപെട്ട ഒരു പനിനിമിത്തം അഞ്ചുപത്തു ദിവസം കിടപ്പിലായിപ്പോയി. രോഗം മാറി പുറത്തു സഞ്ചരിക്കാറായ ഉടനെ തിരുമ്പാടിക്കയ്മളെ കാണ്മാനായി പുറപ്പെട്ടു. പകുതിവഴിക്കുവെച്ചു കയ്മൾ മരിച്ചുവെന്ന വിവരം അറിവാനിടയായതിനാൽ പിന്നെ എന്താണ് പ്രവൃത്തിക്കേണ്ടതെന്നു തീർച്ചയാക്കാതെ വന്നേടത്തു തന്നെ മടങ്ങുകയാണ് ചെയ്തത്.

ഓമനയെന്ന പേർ ചൊല്ലി വിളിച്ചുവരാറുള്ള ആ പെൺ കുട്ടിയെ എപ്പോഴും കണ്ടുകൊണ്ടിരിപ്പാൻ ഒരു ആഗ്രഹ മാണ് പണിക്കർക്കുണ്ടായത്. തനിക്കും തന്റെ ഉടപ്പിറന്ന വൾക്കും സന്താനമുണ്ടായിട്ടില്ല. തനിക്കടുത്തവരായി ത ന്റെ ഗോത്രത്തിൽ ആരുംതന്നെ ഇല്ലതാനും. ഓമനയെ ഓമനിച്ചു കാലംകഴിക്കുന്നതിൽ പ്രത്യേകം ഒരു സുഖം തോ ന്നിത്തുടങ്ങുകയും ചെയ്തിരിക്കുന്നു. ഭർത്താവു മരിച്ചതിൽപി ന്നെ സഹോദരനെ ശുശ്രൂഷിച്ചു കഴിച്ചുകൂട്ടാമെന്നേ കുഞ്ഞി ക്കുട്ടിഅമ്മക്കും ഉള്ളു. പ്രായം നാല്പത്തഞ്ചു കഴിഞ്ഞിട്ടും ഉണ്ട്. "സുതപതിധനഹീനമംഗനാഹൃദയം" എന്നു പറഞ്ഞ ലക്ഷ ണങ്ങൾ ഒക്കെ ഏതാണ്ടു തികഞ്ഞ ഒരു സ്ത്രീയാണെങ്കിലും ഓ മനക്കുട്ടിയെ ലാളിപ്പാൻ കിട്ടിയതുമുതൽ "ക്രൂരാൽക്രൂരതരമാ യ" ഹൃദയവും കൂടെ സാമാന്യത്തിലധികം അലിഞ്ഞുപോയി രിക്കുന്നു. പണിക്കർക്കു കാരണമുല്ലാട്ടിലെ കോവിലകത്തുനി ന്നു ചെല്ലും ചിലവും കിട്ടുന്നുണ്ട്. അല്പവൃത്തി പുരാതനസ്വ ത്തും ഉണ്ട്. അതുകൊണ്ട് ഓമനയെ സംരക്ഷിക്കുന്നത് ഒരു ഭാരമായി പണിക്കർ ഗണിച്ചതുമില്ല. ഓമനയുടെ ആ ഭരണങ്ങൾ ഒക്കെക്കൂടി നോക്കിയാൽ അതുതന്നെ സാമാന്യം നല്ല ഒരു മുതലായിരുന്നു. പലതരത്തിലുള്ള സ്വർണ്ണനാണ്യ ങ്ങൾ തൊത്തുവെച്ചു സ്വർണ്ണനൂലിന്മേൽ കോർത്ത ഒരു മാല യും, ആഭിചാരങ്ങൾ ഫലിക്കാതിരിപ്പാൻ കിഴങ്ങോട്ടു നമ്പൂ തിരിപ്പാട്ടു സ്വർണ്ണത്തകിടിന്മേൽ യന്ത്രമന്ത്രങ്ങൾ വരച്ചെഴു തി കെട്ടിച്ച ഒരു ഏലസ്സും, വേറെ ചില ആഭരണങ്ങളും ഓ മനയ്ക്കുണ്ടായിരുന്നു. ഇതിൽ ചിലതു പ്രായത്തിനനുസരിച്ചു ചില മാററങ്ങൾവരുത്തി ഓമനയ്ക്കുതന്നെ ഉപയോഗിപ്പാൻ കൊടുക്കുകയാണ് പണിക്കർ ചെയ്തത്. പണിക്കർക്ക് എ ങ്ങാണ്ടോ ഉണ്ടായിരുന്ന ഒരു ഭാര്യയിൽ ജനിച്ച കുട്ടിയാണെ ന്നും മററും ഓരോ കഥകൾ അയൽവക്കക്കാർ ഓമനയെ പ്പററി പറയാറുണ്ട്. വഴിയിൽനിന്നു കിട്ടിയതാണെന്നും

ആ പ്രദേശത്തുകാർ ചിലർ കുഞ്ഞിക്കുട്ടിഅമ്മ മുഖേന അറിഞ്ഞിട്ടുണ്ട്. ഇങ്ങിനെ പന്ത്രണ്ടു കൊല്ലം കഴിഞ്ഞുവെന്നു പറഞ്ഞുവല്ലൊ.

'ബാലികയാമൊരു പെണ്ണിനുമുടനെ ബാലതപോയ് താരുണ്യമുദിച്ചു' എന്നു പറഞ്ഞ മട്ടിൽ ഓമനക്കുട്ടിക്കു പന്ത്രണ്ടു വയസ്സു കഴിഞ്ഞു. പണിക്കരെ അച്ഛനെന്നും, കുഞ്ഞിക്കുട്ടിഅമ്മയെ അമ്മയെന്നും ഓമന വിളിച്ചുശീലിച്ചിട്ടുണ്ടെങ്കിലും വിശേഷബുദ്ധിവെച്ചു മുതൽ ഇവർ രണ്ടു പേരുമല്ല തന്റെ മാതാപിതാക്കന്മാരെന്ന് ഓമന മനസ്സിലാക്കീട്ടുണ്ട്. കുളങ്ങരെവെച്ചും, മറ്റും ഓമനയുടെ ബുദ്ധിശക്തിയും സൌന്ദര്യവും കണ്ട് അസൂയ തോന്നാറുള്ള വികൃതികളായ ചില പെൺകിടാങ്ങൾ 'കുമാരി! നിനക്കച്ഛനാരമ്മയാര്?' എന്നൊക്കെ പരിഹസിക്കാറുണ്ടായിരുന്നു. ഈവക പരിഹാസങ്ങൾ കേട്ട ദിവസങ്ങളിൽ ഓമന ഊണു കഴിക്കാതെ ചിന്താതുരയായി ഇരിക്കുന്നതു പണിക്കർതന്നെ കണ്ടിട്ടുണ്ട്. പണിക്കരോടുതന്നെ ഒന്നുരണ്ടു തവണ പൂർവ്വചരിത്രം പറഞ്ഞുകൊടുപ്പാൻ ഓമന ആവശ്യപ്പെടാതിരുന്നിട്ടില്ല. അപ്പോഴൊക്കയും പണിക്കർ

'അമ്പാടിതന്നിലൊരോമനപ്പൈതലാ-
യമ്പോടെയെൻപൈതൽ വാഴും കാലം'

എന്ന പാട്ടും പാടി ഓമനയുടെ പുറത്തു തട്ടിപ്പിടിച്ച് ആലിംഗനം ചെയ്തു ചുംബിക്കാറാണ് പതിവ്. ഇതുകൊണ്ടൊന്നും ഓമന തൃപ്തിപ്പെട്ടില്ല. ഒരു ദിവസം കുഞ്ചുപ്പണിക്കർ രാത്രി ഊണു കഴിഞ്ഞു കിടക്കാൻ പോകുന്നതിന്നു മുമ്പായി പതിവുപ്രകാരം ഓമനയെ അന്വേഷിച്ചപ്പോൾ അവൾ ഒരു മുറിയിൽ തനിയേ ഇരുന്ന് എന്തോ ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. കണ്ണിൽ വെള്ളം നിറഞ്ഞു ഗണ്ഡസ്ഥലങ്ങളിൽകൂടി ഒഴുകിക്കൊണ്ടിരുന്നത് ഓമനതന്നെ അറിയുന്നുണ്ടൊ എന്നു ക

ത്തും സംശയമായിരുന്നു. ഈ ആലോചനയുടെ ഇടയിൽ കുഞ്ചുപ്പണിക്കർ അകത്തു കടന്നു തന്റെ അരികെ എത്തിയതും പറഞ്ഞതുമൊന്നും ഓമന അറിഞ്ഞില്ല. ഓമനയുടെ തൽക്കാലാവസ്ഥ കണ്ടു കുഞ്ചുപ്പണിക്കർക്കുതന്നെ വലുതായ വ്യസനവും ശങ്കയും തോന്നിത്തുടങ്ങി.

കു. പ. ഇതെന്തൊരു കഥയാണ്? ഓമന സ്വപ്നം കാണുകയാണോ? നേരം എത്രയായി? ഊണു കഴിഞ്ഞു കിടന്നുറങ്ങാതെ ഇങ്ങിനെ ഇരിക്കുന്നതിന്റെ അൎത്ഥമെന്താണ്?

കുഞ്ചുപ്പണിക്കർ ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ മാത്രമാണ് ഓമനയ്ക്കു സുബോധം വന്നത്.

കു. പ. ചോദിച്ചാൽ ഉത്തരം പറകതന്നെ വേണ്ടെ? ഇങ്ങിനെ ഇരിക്കുന്നതിന്റെ അൎത്ഥമെന്താണ്?

ഓ. അച്ഛാ! എനിക്ക നല്ല സുഖമില്ല. ഊണിന്നു രുചിയും ഇല്ല. ഉറക്കം വരുന്നുമില്ല.

കു. പ. ഇതു വല്ലാത്ത ഒരു സുഖക്കേടാണല്ലൊ. അങ്ങോട്ടെ പാറുക്കുട്ടി വല്ല തോന്ന്യാസവും പറഞ്ഞു തലയിളക്കിയൊ? അതല്ല ചേട്ടത്തി വല്ല കുറുമ്പും പറഞ്ഞുവോ?

ഓ. അച്ഛൻ ഓരോന്നു വെറുതെ ഊഹിച്ചു പറകയാണ്? ഞാൻ അച്ഛന്റെ മകളല്ലെങ്കിൽ എന്നെ ഇങ്ങിനെ തീറ്റിപ്പോററുന്നതിന്റെ അൎത്ഥം എന്താണ്? ഇതിന്നു പ്രത്യുപകാരം ചെയ്യാൻ എപ്പോഴാണ് എന്നാൽ സാധിക്കുക?

കു. പ. ഓമനയ്ക്കു ഇങ്ങിനെയുള്ള വിചാരം തോന്നുന്നതുതന്നെ വലിയ പ്രത്യുപകാരമായി. പന്ത്രണ്ടു കൊല്ലം മുമ്പ് ഓമനയെ ഞാൻ ഇരുപത്തഞ്ചു നാഴിക അപ്പുറത്തുനിന്ന് ഇവിടേക്ക് എടുത്തുകൊണ്ടുവന്നപ്പോൾ ഇങ്ങിനെയെല്ലാം വന്നുചേരുമെന്നു ഞാൻ വിചാരിച്ചിട്ടില്ല.

ഓ. പന്ത്രണ്ടു കൊല്ലം മുമ്പ് എവിടെ നിന്നാണ് എന്നെ കൊണ്ടുവന്നത്? ഈ ചോദ്യം ഞാൻ എത്ര കാലമായി

ചോദിക്കുന്നു? അതിന്നു ശരിയായ മറുപടി പറഞ്ഞാൽ എനിക്കു പിന്നെ ഒരു വ്യസനത്തിന്നും വഴിയില്ലല്ലൊ.

കു. പ. ആറ്യ. ആ ചോദ്യത്തിന്നു ഞാൻ മറുപടി പറഞ്ഞാൽ എന്റെ ഓാമന എന്നേയും വിട്ടു പറന്നുകളയുമല്ലൊ.

ഓ. യഥാൎത്ഥമായി എന്റെ മാതാപിതാക്കന്മാർ ജീവനോടെ ഉണ്ടെങ്കിൽതന്നെ ഞാനൊ അവർ തീരെ ഉപേക്ഷിച്ചത് ആലോചിക്കുമ്പോൾ അവരെ സ്നേഹിച്ച് അവരെ തിരഞ്ഞ് ഓടിപ്പോവാൻ എനിക്ക് എങ്ങിനെ മനസ്സുവരും?

കു. പ. ഓാമനയുടെ മാതാപിതാക്കന്മാർ ജീവനോടെ ഇരിപ്പുണ്ട്. അവർ നിൎദ്ദോഷികളാണ്. ഞാനും ഒരു വിധം നിൎദ്ദോഷിയാണ്. ഓാമന ഇന്നു പോയി ഊണു കഴിച്ചു കിടന്നുകൊ. ഞാൻ നാളെ തൃശ്ശിവപേരൂൎക്കു പോകുന്നുണ്ട്. മടങ്ങി നാലു ദിവസത്തിലകം തീൎച്ചയായും വരും. അപ്പോൾ എല്ലാ കാൎയ്യവും ഓാമനയ്ക്കു അറിയാറാവും.

എന്നും പറഞ്ഞു കുഞ്ചുപ്പുണിക്കർ ഓാമനയെ പിടിച്ചെഴുനീല്പിച്ച് അടുക്കളയിലേക്കയച്ചു താൻ കിടപ്പാനും പോയി. കുഞ്ചുപ്പുണിക്കൎക്ക് അശേഷം ഉറക്കം വന്നില്ല. ഓാമനയെ ഇനി ഇപ്രകാരം തന്റെ അധീനത്തിൽ വെച്ചുകൊണ്ടിരിക്കുന്നത് ആ കുട്ടിയുടെ ശ്രേയസ്സിന്നു വിരുദ്ധമാണെന്നു കുഞ്ചുപ്പുണിക്കൎക്കു തോന്നി തുടങ്ങീട്ടു കുറച്ചു കാലമായി. എന്നാൽ ഓാമനയെ വിട്ടുപിരിയേണ്ടിവരുമോ എന്ന വ്യസനത്താൽ മാത്രം അവളുടെ മാതാപിതാക്കന്മാരെ അന്വേഷണം ചെയ്യാഞ്ഞതാണ്. ഏതെങ്കിലും പിറെറന്നു രാവിലെ കുഞ്ചുപ്പുണിക്കർ തൃശ്ശിവപേരൂൎക്കു യാത്ര പുറപ്പെട്ടു പോയി. ഓാമനയ്ക്കും അല്പം സമാധാനമായി.

## V.

കൊല്ലം 686_ൽ കന്നിമാസം കാലം. ഒരു ദിവസം തൃശ്ശിവപേരൂര് വടക്കുന്നാഥന്റെ ക്ഷേത്രപ്പറമ്പിൽ (തെക്കു

ങ്കാട്ടിൽ) നാട്ടാർ കൂട്ടംകൂടിത്തുടങ്ങിയിരിക്കുന്നു. വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു തൃശ്ശിവപേരൂർ എഴുന്നെള്ളി പാർക്കുന്നുണ്ട്. മൂത്തതാവഴി, ഇളയതാവഴി, പള്ളുരുത്തിതാവഴി, മുരിങ്ങൂർതാവഴി, ചാഴൂർതാവഴി എന്ന രാജകുടുംബശാഖകളിലെ ഓരോ പ്രതിനിധിമാരും വന്നു ചേർന്നിട്ടുണ്ട്. പ്രധാനമന്ത്രി പാലിയത്തച്ചനും സഹായകന്മാരും, നാടുവാഴികൾ, ദേശവാഴികൾ, പ്രഭുക്കന്മാർ, ഗ്രാമണികൾ, തറയിൽ കാരണവന്മാർ തുടങ്ങിയവരും, കൊരട്ടിക്കയ്മൾ, മുരിയനാട്ട് നമ്പ്യാര് തുടങ്ങിയുള്ള സ്വരൂപികളും, പടയും, പടനായകന്മാരും ഒക്കേക്കൂടി തൃശ്ശിവപേരൂരെത്തി സ്ഥലം പിടിച്ചിട്ടുണ്ട്. ഇങ്ങിനെ ഒരു മഹായോഗം കൂടുവാൻ എന്തായിരുന്നു കാരണം? തിരുമ്പാടിക്കയ്മളെ കൊലപ്പെടുത്തിയ കേസ്സും, ദുഷ്ടവിചാരത്തോടെ കയ്മളുടെ സന്താനത്തെ മോഷണം ചെയ്ത കേസ്സും വിചാരണ ചെയ്തു തീർച്ചപ്പെടുത്തുവാനാണ് ഈ നാട്ടാർക്കൂട്ടം തമ്പുരാൻ തിരുമനസ്സുകൊണ്ടു വിളിച്ചുകൂട്ടീട്ടുള്ളത്. കയ്മളെ 'വയ്ക്കി'ന്നരികെവെച്ചു മുക്കിക്കൊന്ന തോണിക്കാരനേയും ഓമനയെ ആരും അറിയാതെ മോഷ്ടിച്ചു പുറത്തുകൊണ്ടു കൊടുത്ത ദാസി ഇട്ടിച്ചിരിയേയും ബന്തോവസ്ഥ ചെയ്തിരിക്കുന്നു. കുഞ്ചുപ്പണിക്കരും ഓമനയും ഓമനയുടെ അമ്മയും കുഞ്ഞിക്കുട്ടിഅമ്മയും കിരാങ്ങാട്ടുനമ്പൂതിരിപ്പാടും ക്ഷേത്രത്തിൽ ഒരിടത്തു സ്ഥലം പിടിച്ചിരിക്കുന്നു. തിരുവോണത്തു കയ്മളെ പിടിച്ച് ആമംവെച്ചു നാലു ഭടന്മാർ ഒരു ദിക്കിൽ കൊണ്ടു നിർത്തിയിരിക്കുന്നു. ഈ വലിയ പ്രഭുവെ ശിക്ഷിക്കുന്നതിന്നുള്ള ഉത്തരവാദിത്വം നാട്ടാർ യോഗം നിർവ്വഹിക്കേണ്ടതാണെന്നു തമ്പുരാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. തമ്പുരാൻ തൃശ്ശിവപേരൂർ എഴുന്നെള്ളിതാമസിക്കുന്നതുകൊണ്ടായിരുന്നു കയ്മളുടെ പക്ഷക്കാർ ലഹളക്ക് ഒരുമ്പെടാഞ്ഞത്. പന്ത്രണ്ടു കൊല്ലം മുമ്പു നടന്ന ഒരു കുറ്റാരോപണം ചെയ്തു ശിക്ഷിപ്പാനാണ് അന്നു നാട്ടാർ കൂട്ടം കൂടീട്ടുള്ളതെങ്കി

ച്ചും വിശ്രുതനായ തിരുമ്പാടികയ്യളുടെ കാൎയ്യമായതുകൊണ്ടു ദൂരദിക്കിൽനിന്നും ശ്രുതികേട്ട് ജനങ്ങൾ എത്തിച്ചേൎന്നിട്ടുണ്ട്. രാമനയെ ഒരു നോക്കുകണ്ടാൽ കൊള്ളാമെന്ന ഉദ്ദേശത്തോടെ എത്തീട്ടുള്ള യുവാക്കന്മാരും അനവധിയുണ്ട്. കുഞ്ചുപ്പണിക്കർ തൃശ്ശിവപേരൂർ വന്ന കിരാങ്ങാട്ടുനമ്പൂതിരിപ്പാട്ടിലെ കണ്ട് രാമനയുടെ വിവരം പറഞ്ഞു മനസ്സിലാക്കിട്ട് ഇപ്പോൾ കഷ്ടിച്ച് ഒരു മാസമേ ആയിട്ടുള്ളു. അതിലിടക്കു വിവരം പാലിയത്തച്ചനേയും വലിയ തമ്പുരാനേയും അറിയിച്ചതും മരിച്ച കയ്യളുടെ സ്നേഹിതന്മാരുടേയും തിരുവോണത്തു കയ്യളുടെ ഒട്ടൊഴിയാതെയുള്ള ശത്രുക്കളുടേയും നിൎബ്ബന്ധത്താൽ തമ്പുരാൻ തിരുമനസ്സുകൊണ്ട് ഇപ്രകാരം നാട്ടുർ യോഗം വിളിച്ചുകൂട്ടിയതും വേണ്ടപ്പെട്ട തെളിവുകൾ ശേഖരിച്ചതും ഒക്കെ എളുപ്പത്തിൽ സാധിച്ചു. ഉച്ചപ്പൂജ തുറന്നപ്പോൾ ക്ഷേത്രനാടയിലേക്കു വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടെഴുന്നെള്ളി. തിരുവോണത്തു കയ്യൾ ചെയ്ത ദുഷ്ടകൃത്യങ്ങൾ പാലിയത്തച്ചൻ വായിച്ചു. അതിനെ പിന്താങ്ങി പലരും സാക്ഷിയും പറഞ്ഞു. സൎവ്വജനസഹിതത്തോടെ തിരുവോണത്തു കയ്യളെ കഴുവിന്മേലേററി കൊല്ലേണ്ടതാണെന്നും അയാളുടെ സഹായകന്മാരുടെ ശിരച്ഛേദം ചെയ്യേണ്ടതാണെന്നും കല്പനയായി. തിരുമ്പാടിക്കയ്യളുടെ സ്വത്തുക്കൾ മുഴുവനും രാമനയ്ക്കു പലിശയോടുകൂടി മടക്കി ഏല്പിച്ചുകൊടുപ്പാൻ പ്രത്യേകം തീട്ടൂരം കല്പിച്ചെഴുതി. നാട്ടുർകൂട്ടവും പിരിഞ്ഞു. കുഞ്ചുപ്പണിക്കരുടെ കാൎയ്യം വളരെ മെച്ചമായി. രാമരാരെ കുഞ്ചുപ്പണിക്കർ മറന്നുകളഞ്ഞില്ല. രാമനയോടു ശിപാൎശി പറഞ്ഞ് അയാൾക്കു ചാവുന്നതുവരെ ചെല്ലും ചെലവും കൊടുപ്പിച്ചു.

# ആയിസ്സക്കുട്ടി
# ഉമ്മയുടെ ആ[illegible]

---

"അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം."

എന്ന ആപ്തവാക്യത്തെ ചെറുപ്പം മുതൽക്കേ വിശ്വസിച്ചുപോന്ന കുമ്മിണിഅമ്മയ്ക്ക്, ഒരു ശ്രുതിപ്പെട്ട മന്ത്രവാദിയായ ചെമ്പറ എഴുത്തച്ഛൻ എഴുതിക്കൊടുത്തതും "സർവ്വോപദ്രവനാശനമായി ഭൂതപ്രേതപിശാചജംഭകേയധ്വംസിയു"മായ ഒരു തകിട്ട തന്റെ ദേഹത്തിൽ ആഭരണമായി അണിയുന്നുണ്ടല്ലോ എന്ന ബോധം, വിശേഷവിധിയായി യാതൊരു ആശ്വാസവും ഉണ്ടാക്കിയില്ല. ഒരു പാടത്തിന്റെ നടുവിൽ, മണത്തിട്ടമേൽ കാവല്പുരയിൽ, അർദ്ധരാത്രി സമയം, ഒരു ജീവിയും സഹായത്തിനില്ലാതെ കിടന്നു പ്രസവിയ്ക്കേണ്ടിവരുമെന്നു സ്വപ്നത്തിൽപോലും അറിഞ്ഞിരുന്നുവെങ്കിൽ ടിപ്പുസുൽത്താനല്ല അവനിൽ മികച്ച പടയാളിയും സൈന്യങ്ങളും വന്നാൽകൂടി, നമ്പ്ര തറവാട്ടിൽനിന്നു പടിയിറങ്ങി ഓടി രക്ഷ പ്രാപിയ്ക്കുവാൻ കുമ്മിണിഅമ്മക്ക ധൈര്യം വരുന്നതല്ലായിരുന്നു.

'അസിതോരഗഭോഗഭീമമാരാ-
ദ[illegible]മകേനാകരേണനാർത്ഥയന്തി
ഇതരേണ ശവാമിഷഞ്ചവിസ്രം
പ്രദിശന്തി.... .......'

എന്നു പറഞ്ഞപോലെ ടിപ്പുസുൽത്താനും സേനയും വാൾ ഒരു കയ്യിലും മുറിമാംസം മറെറാരു കയ്യിലുമായി, സംഹാരരുദ്രന്റെ ഭൂതഗണങ്ങളുമെന്ന മട്ടിൽ മംഗലാപുരത്തുനിന്നു തെക്കോട്ടു പുറപ്പെട്ടു കോഴിക്കോട്ട് എത്താറായിരിയ്ക്കുന്നു. കോലത്തിരി, കോട്ടയം, കുറുമ്പ്രനാട്ട, കടത്തനാട്ട മുതലായ രാജാ

ക്കന്മാരും, അവരുടെ ഉററബന്ധുക്കളും ഇടപ്രഭുക്കന്മാരും കുടും ബങ്ങളും, ആശ്രിതന്മാരും ഒക്കെ രാജ്യഭാരംവേണ്ടെന്നുവെച്ച് ചൊവ്വക്കാരൻ കേയിയുടേയും, ഈസ്റ്റിന്ത്യാ കമ്പനിക്കാരുടേയും സഹായത്തോടുകൂടി കപ്പലുകളിലും പത്തേമാരികളിലുമായി പൊന്നുതമ്പുരാൻെറ രാജ്യത്തുപോയി ശരണം പ്രാപിച്ചതുടങ്ങിയിരിക്കുന്നു. കൂട്ടത്തിൽ ഒരു കപ്പൽ പരപ്പനാട്ടു രാജാക്കന്മാരേയും അവരുടെ ഉററമിത്രങ്ങളേയും കയററി തിരുവിതാംകൂറിൽ കൊണ്ടിറക്കുവാനായി ബേപ്പൂരഴിമുഖത്ത് എത്തിയിരിക്കുന്നു.

പരപ്പനാട്ടു രാജാക്കന്മാരുടെ കീഴിൽ ഒരു പ്രധാനിയായ ഇടപ്രഭു നന്നമ്പ്രകുറുപ്പാണ്. ഈ സംഭവകാലത്തു 1784_ൽ, പരപ്പനാട്ടു മൂപ്പിന്നു വീരവമ്മനെന്ന ഒരു തമ്പുരാനായിരുന്നു. ഇദ്ദേഹത്തിൻെറ പ്രധാനമന്ത്രി നന്നമ്പ്രക്കുറുപ്പുമായിരുന്നു.

കോഴിക്കോട്ടും, ഏറനാട്ടും, പൊന്നാനിയിലും ഉള്ള മുഹമ്മദീയർ സാമൂതിരിപ്പാട്ടിലേക്കു കീഴടങ്ങി ഒതുങ്ങിക്കൂടിയവരായിരുന്നുവെങ്കിലും, ടിപ്പുസുൽത്താൻെറ മതഭ്രാന്തോടുകൂടിയ ഈ ആക്രമണത്തിൽ, ഈ മുഹമ്മദീയരൊക്കെ മൈസൂർ സൈന്യങ്ങളുടെ ഒററുകാരായിരുന്നു. ടിപ്പുസുൽത്താൻെറ ഈ ആക്രമണത്തിൽ പ്രധാനമായി രണ്ടുദ്ദേശമാണ് സാധിക്കാനുണ്ടായിരുന്നത്. (1) കേരളീയരെ മുഴവനും മുഹമ്മതുമതം വിശ്വസിപ്പിക്കുക. (2) കൊള്ളചെയ്തും തട്ടിപ്പറിച്ചും കിട്ടാൻ കഴിവുള്ളേടത്തോളം ധനം സമ്പാദിക്കുക. ഈ രണ്ടു കാര്യമല്ലാതെ രാജ്യം കീഴടക്കി സാവ്വഭൌമനായിരുന്നു വാഴേണമെന്ന മോഹമേ സുൽത്താനുണ്ടായിരുന്നില്ല.

വൃദ്ധബാലാദിയാംമത്ത്യവൃന്ദത്തിൻെറ
മൂത്തിപിടിച്ചങ്ങടിച്ചുപിളക്കയും
പാത്തലംനീളവേപാഞ്ഞുനാടക്കയും
താത്തേന്മൊഴികളെത്തേടിപ്പിടിക്കയും
തീത്ഥസ്ഥലങ്ങളിൽമൂത്രംപൊഴിക്കയും

പാൎത്ഥിവന്മാരുടെപത്തനാംകുത്തിത്ത-
കത്തുതിമത്തുടൻതീവെച്ചൈശ്വൎയ്യം
സത്രങ്ങളിൽചെന്നുസത്രംവിരോധിച്ചു
ശാസ്ത്രജനത്തെയുംശാസ്ത്രികളായുള്ള
ധാത്രീസുരേശ്വരന്മാരെയുംനിഗ്രഹി-
ച്ചാൎത്തുവിളിച്ചുകളിച്ചുപുളച്ചുകൊ-
ണ്ടാത്തകോലാഹലംസഞ്ചരിച്ചീടുന്നു.

സുൽത്താൻെറ നയം മേൽപ്രകാരം കൊള്ളയിടലും പിടിച്ചുപറിയുമാണെന്നു വന്നപ്പോൾ മംഗലാപുരത്തുനിന്നു തുടങ്ങി കോഴിക്കോട്ടു എത്തുമ്പോഴെയ്ക്കും സൈന്യത്തിൻെറ സംഖ്യ ഒന്നിരട്ടിച്ചു. സ്വാമിദ്രോഹികളും രാജദ്രോഹികളുമായ മലയാളികളിൽ ചിലർ തന്നെ സുൽത്താൻെറ ഒററുകാരും, സഹായികളുമായിത്തീൎന്നു. ഇങ്ങിനെയുള്ള അവസരത്തിൽ സ്വരാജ്യം വിട്ട് അന്യരാജ്യങ്ങളിലേയ്ക്കു ജനങ്ങൾ ശരണം പ്രാപിച്ചതിൽ ആശ്ചൎയ്യപ്പെടുവാനില്ല. നന്വമ്പ്ര രാമക്കുറുപ്പും കുടുംബങ്ങളും നിറുക്കൈതകോട്ടയിൽ വന്നു താമസിയ്ക്കേണമെന്നും കപ്പൽ ബേപ്പൂർ തുറയിൽ എത്തിയാൽ അപ്പോൾ എല്ലാവരുംകൂടി നിറുക്കൈതകോട്ടയിൽനിന്നു ബേപ്പൂർ തുറയിലേയ്ക്കു പോകാമെന്നുമായിരുന്നു വീരവൎമ്മതമ്പുരാൻെറ നിശ്ചയം.

രാമക്കുറുപ്പിൻെറ തറവാട്ടിൽ ഐശ്വൎയ്യവും സമ്പത്തും യഥേഷ്ടമുണ്ടെങ്കിലും സന്തതി കുറവാണ്. കുമ്മിണിഅമ്മ പ്രസവിച്ചുണ്ടായിട്ടുവേണം സന്തതി വൎദ്ധിയ്ക്കുവാൻ. മററുള്ള രണ്ടു സ്ത്രീകൾക്കു പ്രസവിയ്ക്കേണ്ടതായ കാലം തെററിയിരിയ്ക്കുന്നു. കുറുപ്പിൻെറ മരുമക്കളായ രണ്ടു പേർ വീരവൎമ്മതമ്പുരാൻെറ പടമുഖത്തു പാൎക്കാരുമാണ്. മുതലുള്ളതെല്ലാം കുഴിച്ചിട്ടും, നിക്ഷേപിയ്ക്കുവാൻ സാധിയ്ക്കാത്തതൊക്കെ വിശ്വസ്തന്മാരായ ചില മുഹമ്മദീയരെ ഏല്പിച്ചും, എടുപ്പാൻ കഴിയുന്നതൊക്കെ കയ്യിലെടുത്തും, കുറുപ്പും കുടുംബങ്ങളും ഉച്ച

യോടുകൂടി നിറുക്കൈതകോട്ടയിലെത്തി. അവിടെ അപ്പോഴെയ്ക്കും തമ്പുരാനും അവിടുത്തെ അനന്തിരവന്മാരും കോവിലകത്തുള്ളവരും അകമ്പടിക്കാരും ഒക്കെ എത്തിക്കഴിഞ്ഞിരിക്കുന്നു.

നിറുക്കൈതക്കോട്ടയ്ക്കു കേരളത്തിലെ മററു കോട്ടകളേക്കാൾ ഒരു വിശേഷം പ്രകൃതിതന്നെ കൊടുത്തിട്ടുണ്ട്. ഒരു ഉയൎന്ന കുന്ന്, അതിന്റെ മുകളിലും താഴ്വരയിലും ക്ഷേത്രം. ഈ കുന്നിനെ ചുററി മൂന്നു ഭാഗവും വളരെ ആഴമുള്ള പുഴ. കുന്നിന്മേൽനിന്നു നോക്കിയാൽ രണ്ടുനാലു നാഴിക സമചതുരം രാജ്യം മുഴുവൻ കാണാം. ശത്രുക്കളിൽനിന്നു രക്ഷ പ്രാപിക്കുവാൻ ഇത്ര നല്ലതായ ഒരു സങ്കേതം കേരളത്തിൽ എവിടേയും ഇല്ല. ഈ കോട്ടയിലാണ് പരപ്പനാട്ടു തമ്പുരാനും, കുടുംബക്കാരും, ആശ്രിതന്മാരും അകമ്പടിക്കാരും ഇപ്പോൾ സങ്കേതം ഉറപ്പിച്ചിട്ടുള്ളത്. ദീപാരാധന പൂജകഴിഞ്ഞു തൊഴുത് എല്ലാവരും തോണികയറി കടൽവണ്ടിപ്പുഴയിൽ കൂടി ബേപ്പൂർ പുഴയിൽ ചെന്നു ചേരാമെന്നാണ് തീർച്ചയാക്കീട്ടുണ്ടായിരുന്നത്.

പൂൎണ്ണഗൎഭിണികൾക്കു ക്ഷേത്രത്തിൽ കയറുവാൻ പാടില്ലെന്നുള്ള നിശ്ചയം നിമിത്തം കുമ്മിണിഅമ്മയെ കോട്ടയ്ക്കരികെ ഒരു ഭവനത്തിൽ നിൎത്തിയിരിക്കയായിരുന്നു. സമയം അഞ്ചു മണിയായപ്പോഴെയ്ക്കും വടക്കുനിന്നും തെക്കുനിന്നും വെടിയുടെ ശബ്ദം കേട്ടു തുടങ്ങി. ടിപ്പുസുൽത്താന്റെ ഒരു വലിയ സൈന്യം നിറുക്കൈതക്കോട്ട ആക്രമിപ്പാൻ വരുന്നുണ്ടെന്ന കാൎയ്യം തീർച്ചയായി. ഈ സൈന്യത്തെ ജയിച്ച് ഏതൊരുപ്രകാരേണയാണ് കപ്പലിലേയ്ക്ക് എത്തിച്ചേരേണ്ടത് എന്ന ആലോചന മാത്രമായിരുന്നു കോട്ടയിൽകൂടിയവൎക്ക് ഉണ്ടായിരുന്നത്. യോദ്ധാക്കളായ തമ്പുരാക്കന്മാരും മററുള്ളവരും ഒക്കെ ശത്രുക്കളെ എതിൎത്തു സ്ത്രീകളേയും വൃദ്ധന്മാരേയും രക്ഷിക്കുവാനുള്ള ആലോചനയായി. നിൎബ്ബന്ധിച്ച്

വീരവർമ്മ വലിയ തമ്പുരാനും തമ്പുരാട്ടിമാരും കുറപ്പം കുടുംബങ്ങളും ഉള്ളേടത്തോളം തോണികളിൽ കയറി വേഗം ബേപ്പൂർ പുഴയിലേയ്ക്കു കടക്കേണ്ടതാണെന്നു തീർച്ചയാക്കി. അതിന്നുള്ള ഒരുക്കങ്ങളും തുടങ്ങി. നേരം സന്ധ്യയായി. മുഹമ്മദീയ സൈന്യങ്ങൾ പുഴയ്ക്കക്കരെ കോട്ടവന്നു വളഞ്ഞു കഴിഞ്ഞു. കാര്യം ഒക്കെ വലിയ പരുങ്ങലിലായി.

നാലു ചെറിയ തോണികൾ നിറയെ ആൾക്കാർ കയറി കടൽവണ്ടി പുഴമദ്ധ്യത്തിൽ ആയിരിയ്ക്കുന്നു. ശേഷം രണ്ടു തോണികളിൽ ആൾക്കാരെ കയററുവാനുള്ള ഉത്സാഹം തുടങ്ങിയിരിക്കുന്നു. അപ്പോഴെയ്ക്കും മറുകരയിൽനിന്നു മുഹമ്മദീയസൈന്യങ്ങൾ തോണിയിലുള്ളവരെ വെടിവെച്ചു തുടങ്ങി. തോണി തുഴയുന്നവരുടെ സാമർത്ഥ്യംകൊണ്ടോ ഭഗവതിയുടെ കടാക്ഷംകൊണ്ടോ എന്നറിഞ്ഞില്ല, ആദ്യത്തെ മൂന്നു തോണിയും വെടിപ്പാടു കടന്നു അപ്പുറം കടന്നിരിയ്ക്കുന്നു. ഈ മൂന്നു തോണിയും അതിജാഗ്രതയോടെ ബേപ്പൂരേയ്ക്കു തുഴഞ്ഞു പോയി. ശേഷം പുഴ നടുവിലുണ്ടായിരുന്ന തോണിയും ആൾക്കാരും വെള്ളത്തിൽ ആണ്ടുപോയി. ചിലർ നീന്തി മറുകരയിൽ രക്ഷ പ്രാപിച്ചു. ശേഷമുള്ളവർ മുങ്ങിച്ചത്തു.

ബേപ്പൂർ തുറയിൽ കപ്പൽ വന്നിട്ടുണ്ടെന്നും, നിറുകെത്തക്കോട്ടയിലുള്ളവരൊക്കെ കപ്പൽ കയറാനുള്ളവരാണെന്നും ഒററുകാർ മുഖേന അറിഞ്ഞാണ മുഹമ്മദീയസൈന്യങ്ങൾ കോട്ടയ്ക്കു നേരെ വന്നത്. തോണിയിലുള്ളവർ എങ്ങോട്ടേയ്ക്കാണ് പോകുന്നതെന്നു മുഹമ്മദീയർക്കു മനസ്സിലാവാഞ്ഞതിനാൽ അവയെ തൽക്കാലം പിന്തുടന്നില്ല. കോട്ടയ്ക്കുള്ളിൽ സങ്കേതം പ്രാപിച്ചവരെ പിടികൂടി, അവരെക്കെ കപ്പലിൽ കയററിക്കൊണ്ടുപോവാൻ ഒരുക്കിവെച്ച ദ്രവ്യം കയ്ക്കലാക്കുവാനുള്ള ആഗ്രഹമാണ മുഹമ്മദീയസൈന്യങ്ങൾക്കു മുൻകടന്നു നിന്നിരുന്നത്. ആഴമുള്ള പുഴകടപ്പാൻ സൌകര്യമില്ലാത്തയാൽ നിഷ്ഫലന്മാരായി മുഹമ്മദസൈന്യവും കൂട്ടിലെ കി

ളികളെപ്പോലെ പരപ്പനാട്ടുകാരും നില്പായി. പരപ്പനാട്ടു നായന്മാരും തമ്പുരാക്കന്മാരും എല്ലാവരേയും കോട്ടയ്ക്കുള്ളിലാക്കി ജീവൻ പോകുന്നതുവരെ മുഹമ്മദീയസൈന്യങ്ങളോട് എതിൎപ്പാൻ തീൎച്ചയാക്കി. മുഹമ്മദീയർ ഏതു ഭാഗത്തിൽകൂടിയാണു പുഴ കടക്കുന്നതെന്നു തിട്ടമില്ലായ്കയാൽ അവിടെയും ഇവിടെയും കാവൽക്കാരെ നിൎത്തി. സമയം രാത്രി പന്ത്രണ്ടു മണിയായപ്പോഴെയ്ക്കും മുഹമ്മദീയസൈന്യങ്ങൾ പുഴ കടന്നു കഴിഞ്ഞു. വളരെ മുഹമ്മദീയരെ നായന്മാർ കൊല്ലാതിരുന്നില്ല. എങ്കിലും കപ്പൽയാത്രയ്ക്കു പുറപ്പെടുന്നവർ ആയുധം കയ്യിലെടുക്കായ്കയാൽ മുഹമ്മദീയരുടെ തോക്കോടു നേരിടുവാൻ ഒരു നിവൃത്തിയും ഇല്ലാതെ വന്നു. മുഹമ്മദീയർ കോട്ടയിൽ കടന്നപ്പോഴുണ്ടായ ബഹളങ്ങളൊന്നും പറയേണ്ടതില്ല. നിലവിളിയും ആൎപ്പുവിളിയും അട്ടഹാസവും വെടിയുടെ ശബ്ദവും ഒക്കെക്കൂടി സുബോധമുള്ളവർ ഇരുകക്ഷികളുടെ കൂട്ടത്തിലും തീരെ ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. നായന്മാരും തമ്പുരാക്കന്മാരും മുഹമ്മദീയരോടു ദ്വന്ദ്വയുദ്ധം ചെയ്തു വീരസ്വൎഗ്ഗം പ്രാപിച്ചു. അശക്തന്മാരായവർ പലരും മരിച്ചു. ശേഷമുള്ളവരെ മുഹമ്മദീയർ തടവുകാരാക്കി കോഴിക്കോട്ടേയ്ക്കയച്ചു. ക്ഷേത്രവും ഭണ്ഡാരവും അയൽപ്രദേശങ്ങളിലുള്ള ഭവനങ്ങളും മുഹമ്മദീയർ കൊള്ളയിട്ടു ജയഭേരിയോടുകൂടി കോഴിക്കോട്ടേയ്ക്കു മടങ്ങി. നിറുകൈതക്കോട്ടു മുഴുവനും രക്തത്തിൽ മുങ്ങി. പുലരുമ്പോൾ ആകപ്പാടെ കാണ്മാനുണ്ടായിരുന്നത് എത്രയോ ആയിരം ശവശരീരങ്ങളായിരുന്നു. നിറുകൈതക്കോട്ടയിൽ അന്നുച്ചയ്ക്കുണ്ടായിരുന്നതിൽ വീരവൎമ്മ വലിയ തമ്പുരാനും നാന്നൂറുകുറുപ്പും തമ്പുരാട്ടിമാരും അല്പം ചില ആശ്രിതന്മാരും ഒഴികെ ശേഷമുള്ളവരൊക്കെ പടയിൽപെട്ടു. കപ്പലിൽ എത്തിച്ചേൎന്നവർ മറ്റുള്ളവരുടെ ദുൎദ്ദശയോൎത്തു നന്നെ വ്യസനിച്ചു മനസ്സില്ലാ മനസ്സോടെ കപ്പൽമാൎഗ്ഗം തിരുവിതാംകൂറിലേക്കു പോകയും ചെയ്തു.

പൂർണ്ണഗർഭിണിയായ കുമ്മിണിഅമ്മയെ നിറുകൈതക്കോട്ടക്കു സമീപം ഒരു വീട്ടിൽ ആക്കിയാണല്ലൊ നാം 'പട'വത്തമാനം പറഞ്ഞത്. ദീപാരാധനപൂജ കഴിഞ്ഞാൽതന്നെ കൂട്ടുവാൻ ആളെത്തുമെന്ന ധാരണയിൽ ആറു മണിവരെ ക്ഷമിച്ചിരുന്ന കുമ്മിണിഅമ്മ വെടിയുടെ ശബ്ദം കേട്ടപ്പോൾ കലശലായി പരിഭ്രമിച്ചു. എന്തോ ചില അപകടങ്ങൾ സംഭവിപ്പാൻ പോകുന്നുണ്ടെന്നു തീർച്ചയാക്കി. കുറെ കഴിഞ്ഞിട്ടും ആരും വരുന്നതു കണ്ടില്ല. അതിലിടക്കു പുഴയിലേക്കു നോക്കിയപ്പോൾ മറുകരയിൽ ഭയങ്കരരൂപികളും ആയുധപാണികളുമായ മുഹമ്മദീയരെ അണിയണിയായി കണ്ടു. പുഴയിൽ ഒരു തോണി മറിഞ്ഞു ശവങ്ങൾ ഒലിക്കുന്നതും കണ്ടു. ചിലരുടെ മരണക്കളിയും കണ്ടു. ആകപ്പാടെ ഒരു ഭ്രാന്തത്തിയുടെ നിലയിലായി. ആരൊക്കെയാണ് മരിച്ചത്, എന്തൊക്കെയാണ് കോട്ടയിൽ നടന്നത്, എന്നറിവാൻ ഒരു മാർഗ്ഗമില്ല. ഏതെങ്കിലും കൂരിരുട്ടാവുന്നതിന്നു മുമ്പു വീട്ടിൽനിന്നു പുറത്തിറങ്ങുകതന്നെ എന്നു നിശ്ചയിച്ചു വടക്കോട്ടു നടന്നു. രണ്ടു ഫർല്ലോങ്ങു നടന്നപ്പോൾ വിശാലമായ ഒരു പാടം കണ്ടു. അങ്ങും ഇങ്ങും നോക്കിയാൽ ആരേയും കാണ്മാനില്ല.

> 'ടിപ്പുസൈന്യത്തിൻെറദുഷ്ടകർമ്മംകൊണ്ടു
> ധാത്രിതലങ്ങളിൽധർമ്മവുംകർമ്മവും
> നഷ്ടമായെന്നല്ലനല്ലപെണ്ണുങ്ങളും
> ശിഷ്ടജനങ്ങളുംനെല്ലുംധനങ്ങളും
> തുഷ്ടിയുംപുഷ്ടിയുംഅഷ്ടിയുമിഷ്ടിയും
> വൃഷ്ടിയുംകൃഷ്ടിയുംഭ്രഷ്ടമായ്പന്നിതു
> നഷ്ടിപിടിപെട്ടനാനാജനങ്ങളും
> നാട്ടിലുംവീട്ടിലുംനിന്നുപുറപ്പെട്ടു
> കാട്ടിലുംകോട്ടിലുമേറെരൊതരംമല-
> നാട്ടിലുംകൊട്ടിലുംപുക്കൊളിച്ചീടിനാർ.'

എന്നു പറഞ്ഞപോലെ അന്നത്തെ ദിവസം നിറുതെങ്കതക്കോട്ടയിൽ ചെല്ലാത്ത പരപ്പനാട്ടുകാരൊക്കെ പടവരുന്ന വർത്തമാനം കേട്ടപ്പോഴെയ്ക്കും നാടും വീടും ഒക്കെ വേണ്ടെന്നുവെച്ച കിഴക്കൻ മലകളിലേയ്ക്കു രക്ഷയ്ക്കായി ഓടി. കോട്ടയിലല്ലാതെ അയൽപ്രദേശങ്ങളിലൊന്നും ഒരു ജീവിയും ഉണ്ടായിരുന്നില്ല. പലേ ആലോചനകളോടും നടക്കുന്ന കുമ്മിണി അമ്മ ഏതു ഭാഗത്തേയ്ക്കാണ് പോകുന്നതെന്നു വിവരമില്ലാതെ ഏതാണ്ട് ഒരു നാഴികയോളം നടന്നുപോയി. ഇരുൾ കലശലായി തുടങ്ങി. കണ്ണു കാണാതെയായി. ക്ഷീണം കലശലായി തുടങ്ങി. പ്രസവവേദനയുടെ ആരംഭമുണ്ടോ എന്നു ശങ്ക തോന്നിത്തുടങ്ങി. അല്പംദൂരെ പാടത്തിന്നുമദ്ധ്യേ ഒരു മണൽത്തിട്ടിന്മേൽ ഒരു കാവൽപുര നിഴൽപോലെ കാണ്മാനുണ്ടോ എന്നു സംശയംതോന്നി. അവിടെയ്ക്കു നടന്നു. ഭാഗ്യവശാൽ കൃഷിക്കാർ നെല്ലു കാവലിന്നായി കെട്ടിയിട്ട ഒരു ചാളത്തന്നെയായിരുന്നു ആ കണ്ടത്. അവിടെ കയറി ചെന്നു. കയ്യിലുണ്ടായിരുന്ന മുണ്ട് അവിടെ വിരിച്ചുകിടന്നു. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ പ്രസവം കഴിഞ്ഞു. പിന്നെയൊന്നും കുമ്മിണിഅമ്മയ്ക്കു ഓർമ്മയില്ല. നേരം പ്രഭാതമായപ്പോൾ ജീവനിശ്ശേഷമായി കിടക്കുന്ന കുട്ടിയെയും വിട്ട കുമ്മിണിഅമ്മ പരലോകപ്രാപ്തയാകയും ചെയ്തു. ഈ രാത്രിയിൽ തന്നെ ജീവരക്ഷയ്ക്കായി ഈ പാടത്തുകൂടി ഓടിപ്പോകുന്നവരെ പിന്തുടന്നു പിടിപ്പാൻ മുഹമ്മദീയർ നടന്നിരുന്നു. എന്നാൽ ഭാഗ്യശക്തിയാലൊ നിർഭാഗ്യശക്തിയാലൊ കാവൽപുരയിൽ മരിച്ചുകിടക്കുന്ന തള്ളയെയും ഒരു കൊച്ചുകുട്ടിയേയും ആരും കണ്ടില്ല.

നേരം പുലന്നു പത്തുമണിയായിരിക്കുന്നു. നിറുതെങ്കതക്കോട്ടയിലും അടുത്ത പ്രദേശത്തും ഒരു ജീവിയെപോലും കാണ്മാനില്ല. വെടിയുടെ ശബ്ദം കേട്ട പക്ഷിമൃഗങ്ങളും കൂടെ അകലെ പോയിരിക്കുന്നു. കാവൽപ്പുരയിൽ കിടന്ന് ഒരു അഗ

തിയായ കുട്ടി കാലും കയ്യും കുടഞ്ഞു നിലവിളിക്കുന്നുണ്ട്. ഈ നിലവിളി ഈ വിജനപ്രദേശത്ത് ആരാണ് കേൾക്കുന്നത്.

നിറുക്കൈതക്കോട്ടയിൽ എന്തോ ചില സംഭവങ്ങൾ നടന്നതായി പരപ്പനങ്ങാടിക്കാരൻ ചെമ്പൻ ആലിക്കുട്ടി നേരം പ്രഭാതമാകുമ്പോൾതന്നെ അറിഞ്ഞിരിക്കുന്നു. 'ഈ ധുനിയാവിന്റെറാത്ത് എന്തെല്ലാം ഇക്കമത്തപ്പാ പടച്ചോൻ' ഉണ്ടാക്കുന്നത്. 'ഈ ഹറാമ്പറന്ന മക്കൾ ഹലാക്കാക്കുന്നു!' എന്നും പറഞ്ഞ്, ആലിക്കുട്ടി പടവൎത്തമാനം അറിവാൻ നിറുക്കൈതക്കോട്ടയിലേയ്ക്കു യാത്രയായി. അക്കാലത്തു 'ന്യൂസ്പേപ്പർ' ഒന്നും ഇല്ലാത്ത കാലമാണല്ലോ. അതുകൊണ്ടാണ് ആലിക്കുട്ടി പടവൎത്തമാനം നേരിട്ടുചെന്ന് അന്വേഷണം നടത്തിക്കളയാമെന്നു വെച്ചത്. ഏകദേശം പത്തുമണിയായപ്പോൾ പാടത്തിന്റെ നടുവിൽ കാവൽപുരയുടെ ഒരു തിണ്ടൽപ്പാട ദൂരത്തെത്തിയ ആലിക്കുട്ടിക്ക്, ഒരു കുട്ടിയുടെ നിലവിളി നല്ലവണ്ണം കേൾക്കാനുണ്ടായിരുന്നു. ഇതെന്തൊരു 'ഇക്കമത്താ'ണെന്നു മനസ്സിലാവാതെ ആലിക്കുട്ടി വളരെ പരിഭ്രമിച്ചുവെങ്കിലും സ്ഥലത്തുചെന്നു നോക്കുകതന്നെ എന്നു നിശ്ചയിച്ചു. കാവൽപ്പുരയിൽ എത്തിനോക്കിയപ്പോഴാണ് 'പടച്ചോന്റെ' കളിയൊക്കെ ആലിക്കുട്ടിക്കു മനസ്സിലായത്. കാതിലും കഴുത്തിലും കയ്യിലും സ്വൎണ്ണാഭരണങ്ങളണിഞ്ഞു രക്തമണിഞ്ഞ് ഒരു സ്ത്രീ മരിച്ചുകിടക്കുന്ന ഈ ശവശരീരത്തിന്നരികെ ജീവശേഷത്തിൻ പ്രഭാവംകൊണ്ടു അഞ്ചാറു മണിക്കൂർ പ്രായം ചെന്ന ഒരു കുട്ടി കാലും കയ്യും കുടഞ്ഞു നിലവിളിക്കുന്നു. [illegible] പ്രകൃത്യാ തന്നെ ദുഷ്ടനല്ലാത്ത ആലിക്കുട്ടി 'പടച്ചോന്റെ' പ്രഭാവത്താൽ ആൎദ്രചിത്തനായി. അല്പനേരം സ്തംഭിച്ചുനിന്നു. പിന്നെ നാലുഭാഗവും തിരിഞ്ഞു നോക്കി. ഒരു ഭാഗം ദൂരെ കുന്നിന്മേലുള്ള നിറുക്കൈതക്കോട്ട ക്ഷേത്രം കത്തി നശിച്ചതായി കണ്ടു. പാടത്തു കുറെ ദൂരെ തലപോയതും കാലുമുറിഞ്ഞതുമായ ചില ശവശരീരങ്ങൾ കാ

ണമാനംണ്ട്. താൻ എന്താണ് പ്രവൃത്തിക്കേണ്ടതെന്നറിയാതെ വിഷണ്ണനായി കുറെ നേരം കഴിച്ചു. ഒടുവിൽ ആ മണൽത്തിട്ടിന്മേൽ വളൎന്നിരുന്ന ഒരു ചെറിയ തെങ്ങിന്മേൽനിന്നു ഒരു കരിക്കു തള്ളിയിട്ടു താൻ കയ്യിൽ എപ്പോഴും കൊണ്ടു നടക്കാറുള്ള കത്തികൊണ്ട് അതിന്നുള്ളിൽനിന്നു കുറെ വെള്ളം എടുത്തു കുട്ടിക്കു കുടിക്കാൻ കൊടുത്തു. കുട്ടിയുടെ കരച്ചൽ നിന്നു, ഉറങ്ങാൻ തുടങ്ങി. ഈ കുട്ടിയെ രക്ഷിക്കേണ്ടതായ ഭാരം തനിക്കാണെന്നു ആലിക്കുട്ടി തീൎച്ചപ്പെടുത്തി, കുമ്മിണി അമ്മയുടെ ആഭരണങ്ങളൊക്കെ കൈവശപ്പെടുത്തി. മണൽത്തിട്ടിയിൽ കുഴികുഴിച്ചു കുമ്മിണി അമ്മയെ സംസ്കരിച്ചു, കുട്ടിയേയും കൊണ്ട് സ്വദേശത്തേയ്ക്കു പോയി. ഒരു അഗതിയായ 'കാപ്രിനെ' മുഹമ്മത് മതത്തിൽ ചേൎത്തുവെന്ന കൃതാൎത്ഥതയോടെ ഈ കുട്ടിയെ തന്റെ കെട്ടിയവളായ അമീന ഉമ്മയെ ഏല്പിച്ചു. കുട്ടിക്കു ആയിസ്സക്കുട്ടിയെന്ന പേരും കൊടുത്തു.

കൊല്ലം പത്തുപന്ത്രണ്ടു കഴിഞ്ഞു. ടിപ്പുസുൽത്താനും ചത്തു. മലയാളജില്ല ഈസ്റ്റിന്ത്യാ കമ്പനിക്കധീനമായി. രാജ്യം വിട്ടുപോയവരൊക്കെ മടങ്ങി എത്തിത്തുടങ്ങി. പരപ്പനാട്ടു വീരവൎമ്മ വലിയതമ്പുരാനും രാമക്കുറുപ്പും മടങ്ങിയെത്തീട്ടു രണ്ടുനാലു കൊല്ലമായി. നിറുകൈതക്കോട്ടയെ വിചാരിക്കുമ്പോൾ തമ്പുരാനും രാമക്കുറുപ്പിനും കണ്ണിൽ വെള്ളം നിറയും. ശൂരന്മാരായ തന്റെ അനന്തിരവന്മാർ മരിച്ചതിൽ തമ്പുരാനും, തന്റെ കുലത്തെ നിലനിൎത്തേണ്ടവളായ കുമ്മിണിയെ രക്ഷിപ്പാൻ തന്നാൽ സാധിച്ചില്ലല്ലൊ എന്ന പശ്ചാത്താപം രാമക്കുറുപ്പിന്നും നന്നെയുണ്ടായിരുന്നു. കുമ്മിണിഅമ്മ പടയിൽ വെട്ടു മരിക്കാതെ ശേഷിച്ചിട്ടുണ്ടെന്നു സ്വപ്നത്തിൽപോലും വിശ്വസിപ്പാൻ രാമക്കുറുപ്പിന്ന് അവകാശമുണ്ടായിരുന്നില്ല.

ആലിക്കുട്ടി ആക്കപ്പാടെ ഒരു പ്രാരബ്ധക്കാരനായിരുന്നു.

ആയിസ്സക്കുട്ടിക്ക് ഏതാണ്ടു പത്തു വയസ്സു പ്രായമായപ്പോൾ ആലിക്കുട്ടിയുടെ കെട്ടിയവൾ മരിച്ചു. ആയിസ്സക്കുട്ടിയെ വിട്ടുപിരിഞ്ഞു നില്പാൻ അശേഷം നിവൃത്തിയില്ലാത്ത വിധത്തിലായിരിക്കുന്നു ആലിക്കുട്ടിയുടെ സ്ഥിതി. കമ്മിണിഅമ്മയുടെ വക മിക്ക പണ്ടങ്ങളും വിററു മുതലാക്കിക്കഴിഞ്ഞിരിക്കുന്നു ആകപ്പാടെ ശേഷിപ്പുണ്ടായിരുന്നതു ചെമ്പു എഴുത്തച്ഛൻ സ്വന്തത്തകിടിൽ എഴുതിക്കെട്ടിയ ഒരു പൊൻതകിടു മാത്രമാണ്. ആയതു 'ചൈത്താൻെറ' ഉപദ്രവം കൂടാതെകഴിപ്പാൻ ചെറുപ്പം മുതൽക്കെ ആയിസ്സക്കുട്ടി ധരിച്ചുവന്നിരുന്ന ഒരാഭരണമാണ്. ആയിസ്സക്കുട്ടിക്ക് അത്യാവശ്യം വീട്ടുപണികൾ ചെയ്യാൻ പ്രായമായിട്ടുണ്ടെന്നല്ലാതെ ഭക്ഷണത്തിന്നുള്ള വക ഉത്തണ്ടിത്തേടി ഉണ്ടാക്കുവാൻ പ്രായമായിട്ടില്ല. ആലിക്കുട്ടിക്കു പ്രായാധിക്യം ആയിരിക്കുന്നു. ഈ ഘട്ടത്തിൽ ഒരു ദിവസം ആയിസ്സക്കുട്ടിയുടെ തകിടു വില്ക്കാനുള്ള ആലോചനയായി. ഈ പണ്ടം വില്ക്കുന്നതിന്ന് ആലിക്കുട്ടിക്ക് അശേഷം മനസ്സുണ്ടായില്ല. എന്തെങ്കിലും പണയം വെച്ചു തൽക്കാലനിവൃത്തിക്കു വല്ല സംഖ്യയും ഉണ്ടാക്കി കഴിവുവരുമ്പോൾ പണയപ്പാടു വീട്ടി, പണ്ടം വീണ്ടെടുക്കാമെന്നുള്ള നിശ്ചയത്തിന്മേൽ തകിടും കയ്യിലാക്കി ആലിക്കുട്ടി പുറത്തേയ്ക്കിറങ്ങി. പരപ്പനാട്ടു രാജാക്കന്മാരുടെ ബേപ്പൂർ കോവിലകത്തേയ്ക്കു യാത്രയായി.

ബേപ്പൂർ കോവിലകത്തു ചെന്നപ്പോൾ ആലിക്കുട്ടിക്കു തമ്പുരാൻെറ പ്രധാനമന്ത്രി രാമക്കുറുപ്പിനെ കാണ്മാൻ അധികം പ്രയാസമുണ്ടായില്ല. ആലിക്കുട്ടി പരപ്പനാട്ട് സ്വരൂപത്തിലേയ്ക്ക് എപ്പോഴും കീഴടങ്ങിയവനാണെന്നും, പടക്കാലത്തൊന്നും സ്വാമിദ്രോഹമായി യാതൊന്നും പ്രവൃത്തിച്ചിട്ടില്ലെന്നും, നാടുവിട്ട് കാടിൽപ്പോകുമ്പോൾ പലരും തന്നെ ഏല്പിച്ച സാധനങ്ങളൊക്കെ ഒരു തൈപോലും കുറക്കാതെ മടങ്ങിവന്നവർക്ക് മടക്കിക്കൊടുത്തിട്ടുണ്ടെന്നും മററും കുറുപ്പിനെ പ

റഞ്ഞു മനസ്സിലാക്കി. താൻ തല്ക്കാലം ഒരു പരാധീനക്കാരനാണെന്നും, തള്ളയില്ലാത്ത ഒരു കുട്ടിയെ രക്ഷിക്കേണ്ടതായ ഒരു ഭാരം കൂടിയുള്ളതുകൊണ്ട് കുറെ കുഴക്കിലാണെന്നും, തല്ക്കാലം എന്തെങ്കിലും ഒരു സംഖ്യ കടമായി കിട്ടിയാൽ കൊള്ളാമെന്നും അതിന്നു പണയമായി തന്റെ കൈവശമുള്ള ഒരു പൊൻപണ്ടം വെക്കാമെന്നും മററും പറഞ്ഞു തകിടു കുറുപ്പിന്റെ കയ്യിൽ കൊടുത്തു. സ്വർണ്ണത്തകിടു വാങ്ങി ഒന്നു പരിശോധിച്ചപ്പോഴെക്കും കുറുപ്പ് സ്തംഭിച്ചു നിന്നുപോയി. വളരെ നേരം ഒന്നും മിണ്ടാതെ നിന്നതിന്നുശേഷം ക്രോധതാമ്രാക്ഷനായി ആലിക്കുട്ടിയെ ഒന്നു നോക്കി. ഒടുവിൽ അവനോടു ഒന്നും മിണ്ടാതെ കുറുപ്പു അടുക്കെ നിന്നിരുന്ന ഒരു നായരോടു ആലിക്കുട്ടിയെ വിട്ടയക്കരുതെന്നും പറഞ്ഞ് തമ്പുരാന്റെ അടുക്കലേക്കു പോയി.

തകിടിന്റെ മുകളിൽ കുഞ്ഞിണ്ണിഅമ്മയുടെ പേര് കൊത്തിയിരുന്നുവെന്നു മാത്രമല്ല, ഈ തകിട് ഉണ്ടാക്കുന്ന കാര്യത്തിൽ രാമക്കുറുപ്പ് നേരിട്ടുതന്നെ മുമ്പു ശ്രമം ചെയ്താളായതുകൊണ്ട്, ഇതു കണ്ടപ്പോൾ തന്നെ തന്റെ മകളെ കൊന്നു പണ്ടങ്ങൾ കൈവശപ്പെടുത്തിയത് ആലിക്കുട്ടിയാണെന്ന ബോധം വേഗം വന്നുകഴിഞ്ഞു. ഈ വിവരം തമ്പുരാനെ ഉണർത്തിപ്പാനാണ് രാമക്കുറുപ്പ് വേഗം തിരുമുമ്പാകെ ചെന്നത്.

ഈ കഥയെ ഇനി അധികം ദീർഘിപ്പിച്ചിട്ടു കാര്യമില്ല. ആലിക്കുട്ടിയെ വിചാരണ ചെയ്തപ്പോൾ മുൻസംഭവങ്ങളെല്ലാം കുറുപ്പിന്നു മനസ്സിലായി. ആലിക്കുട്ടിയോട് ആദ്യം തനിക്കുണ്ടായിരുന്ന കോപം മാറി കൃതജ്ഞതയാണ് കുറുപ്പിനുണ്ടായത്. എങ്കിലും തന്റെ വംശവർദ്ധനക്ക് കാരണഭൂതയായ ഒരു പെൺകുട്ടി പത്തുപന്ത്രണ്ടു കൊല്ലകാലം ഒരു മുഹമ്മദീയന്റെ അധീനത്തിൽ ഇരിക്കേണ്ടിവന്നതിൽ നന്നെ പശ്ചാത്താപവും ജനിച്ചു.

തമ്പുരാൻ വൈദികന്മാരെ വരുത്തിയതും, ആയിസ്സക്കുട്ടിയെ വരുത്തി ചില ശുദ്ധികർമ്മങ്ങൾ ഒക്കെ കഴിച്ചതും, കുറുപ്പിന്റെ തറവാട് "ചേലാവിൽ ചേർന്ന" നായന്മാരുടെ കൂട്ടത്തിൽ ഒന്നാക്കിയതും ആലിക്കുട്ടിക്കു മരണം വരെ ചിലവിന്നു വക കൊടുത്തതും ഒക്കെ ശേഷം കഴിഞ്ഞു. ഈ ആയിസ്സക്കുട്ടിയുടെ സന്താനങ്ങൾ ഇപ്പോഴും ഏറനാട്ടു താലൂക്കിൽ ഉണ്ട്.

എം. ആർ. കെ. സി. യുടെ

# ചെറുകഥകൾ.

രണ്ടാം ഭാഗം.

## സാമുദായികകഥകൾ.

## ഉക്കണ്ടനുണ്ണിയുടെ

# തറവാട്.

---

തുലാമാസം കാലം. അതികലശലായി മഴ പെയ്ത ഒരു ദിവസം. ലങ്കാദ്വീപിലുള്ള അനിരുദ്ധപുരത്തിന്റെ മേല്പട്ട് അത്യുന്നതമായി നില്ക്കുന്ന മിഹിന്നാളിപർവ്വതനിരകളിൽ നിന്നു പൊട്ടിയൊലിച്ചു കുത്തിച്ചാടി ഇളകിമറിഞ്ഞു വരുന്ന വെള്ളം മഹാബലിഗംഗയിൽ നിറഞ്ഞു വഴിഞ്ഞ് പാലത്തിന്നു മീതെ പൊങ്ങിനിന്നിരുന്നു. ഇരുതലമുട്ടിനില്ക്കുന്ന പുഴയുടെ മറുകരയിൽ ഉക്കണ്ടനുണ്ണി നിന്നിരുന്നത്, ഗോപാലൻനമ്പ്യാരുടെ ഭാഗ്യമായിട്ടാണ് കലാശിച്ചത്. അപായം ശങ്കിച്ച് ഉക്കണ്ടനുണ്ണി കാട്ടിയ ആംഗ്യങ്ങളും, അയാൾ പുറപ്പെടുവിച്ചിരുന്ന ശബ്ദങ്ങളും നമ്പ്യാർ മനസ്സിലാക്കിയതേ ഇല്ല. തന്റെ കൈവശമുള്ള 'സൈക്കിൾ' ഒരു കൈകൊണ്ടു മുറുകെ പിടിച്ച്, മുട്ടോളം വെള്ളമുള്ള പാലത്തിൽക്കൂടി അക്കരെ കടപ്പാൻ ചെയ്ത ശ്രമത്തിൽ, വെള്ളത്തിന്റെ ഒഴുക്കിന്നുള്ള അതിന്യായ ശക്തിയും നമ്പ്യാർ മനസ്സിലാക്കിയില്ല.

നമ്പ്യാർ പാലത്തിന്റെ പകുതിയോളം എത്തിയതും, സൈക്കിൾ കയ്യിൽനിന്നു വിട്ടതും, പാലത്തിന്മേൽനിന്നു ചരിഞ്ഞുവീണതും, ഒലിവിൽ പെട്ടതും, എല്ലാം ഒരു നിമിഷം കൊണ്ടു കഴിഞ്ഞു. ഭാഗ്യവശാൽ, അടുത്തുണ്ടായിരുന്നതും പൊന്തിനില്ക്കുന്നതുമായ പാലത്തിന്റെ തൂണ് ഒരു കൈകൊണ്ട് കെട്ടിപ്പിടിപ്പാനും മറ്റെ കൈകൊണ്ട്, ഉക്കണ്ടനുണ്ണി എറിഞ്ഞുകൊടുത്ത കയറുപിടിപ്പാനും സാധിച്ചു. ഉക്കണ്ടനുണ്ണി നമ്പ്യാരെ വലിച്ചിഴച്ച് ഒരുവിധം കരയ്ക്കു കേറ്റി

യപ്പോൾ അയാൾ പച്ചവെള്ളത്തിൽ വീണ പൂച്ചയെപ്പോലെ വിറയ്ക്കുകയായിരുന്നു.

നമ്പ്യാർ— നിങ്ങൾ തന്നെയാണ് എന്റെ ജീവനെ രക്ഷിച്ചതെന്നു ഞാൻ വിചാരിക്കുന്നു.

ഉക്കണ്ടനുണ്ണി— ഞാനും അങ്ങിനെ തന്നെയാണു വിചാരിക്കുന്നത്. ഞാനിവിടെ ഉണ്ടായതു നിങ്ങളുടെ ഭാഗ്യമാണ്. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന പാലം കടപ്പാൻ നിങ്ങൾ ശ്രമിപ്പാനുണ്ടായ കാരണം എന്താണ്?

നമ്പ്യാർ— ഞാൻ ഈ പാലം മുമ്പൊരിക്കൽ കടന്നിട്ടുണ്ട്— ഒരിക്കൽ മാത്രം. ഇത്ര വൈഷമ്യമുണ്ടെന്നു വിചാരിച്ചിരുന്നില്ല. എന്റെ സൈക്കിൾ തീരെ പോയൊ?

ഉക്കണ്ടനുണ്ണി പുഴയിലേക്കു നോക്കിയപ്പോൾ, വളരെ അകലെയായി മീമ്പിടുത്തക്കാർ കെട്ടിയുണ്ടാക്കിയ ഒരു വലത്തുണിന്നരികെ സൈക്കിൾ തങ്ങിനില്ക്കുന്നതായിക്കണ്ടു. 'വീട്ടിൽപ്പോയി ഒരു വാലിയക്കാരനെ അയച്ചു അതു കൊണ്ടുവരുവിക്കാം' എന്നും പറഞ്ഞ്, ഉക്കണ്ടനുണ്ണി നമ്പ്യാരേയും കൂട്ടി കുന്നിന്മുകളിലുള്ള തന്റെ 'മരവിലാസം' എസ്റ്റേററിൽ പണിചെയ്യിട്ടുള്ള ബങ്കളാവിൽ ചെന്നു ഒരു ചാരുകസേരമേൽ നമ്പ്യാരെ കൊണ്ടിരുത്തി.

നമ്പ്യാർ— അനിരുദ്ധപുരത്തിൽ ഞാനിന്നലെയാണെത്തിയത്. ഞാൻ കോയമ്പത്തൂരുള്ള 'സ്റ്റീൻ ആൻറ് കമ്പനി'ക്കാരുടെ ഏജൻറാണ്. കാപ്പിക്കച്ചവടം തൊഴിൽ. പത്തു കൊല്ലത്തിന്നു മുമ്പാണ് ഈ ദിക്കിൽ വന്നിട്ടുള്ളത്. നിങ്ങൾ ഇവിടെയായിട്ട് വളരെ കാലമായൊ?

ഉക്ക— എട്ടു കൊല്ലത്തോളമായി.

നമ്പ്യാർ— നിങ്ങളുടെ പേർ എന്റെ കയ്യിലുള്ള കാപ്പിത്തോട്ടക്കാരുടെ ലിസ്റ്റിൽ കാണാത്തതു ആശ്ചര്യം തന്നെ. ഈ തോട്ടത്തിലുണ്ടാവുന്ന കാപ്പിക്കുരു ആരാണ് വാങ്ങുന്നത്?

ഉക്ക— ഇവിടെ ഉണ്ടാവുന്നതെല്ലാം ഞാൻ കല്ക്കത്തയിലേ
ക്കു കയററി അയക്കുകയാണ്.

'ശരി' എന്നു പറഞ്ഞു, നമ്പ്യാർ പൊടിക്കുപ്പിയെടുത്തു
വിസ്തരിച്ചൊന്നു പൊടി വലിച്ചു.

നമ്പ്യാർ— നിങ്ങളുടെ പേര് ഞാൻ സാധാരണ കേട്ടുവന്നി
ട്ടുള്ള ഒരു പേരുപോലെ തോന്നുന്നു. അതുതന്നെ മലയാ
ളക്കരയിൽവെച്ചേ കേട്ടിട്ടുമുള്ളു. ആ ദിക്കിൽ സ്ഥാനിനാ
യന്മാരേ ഈ പേർ പറയാറുള്ളു. എന്റെ ദിക്കിൽത്ത
ന്നെ ജന്മിയായ ഒരു സ്ഥാനിനായരുണ്ടായിരുന്നു. നായർ
കോട്ടയിലെ മതിലകത്തു മൂപ്പിൽനായർ. അദ്ദേഹം മരി
ച്ചിട്ടു കുറച്ചുകൊല്ലമായി. കേട്ടിട്ടുണ്ടോ? വല്ല പരിചയവു
മുണ്ടോ?

ഉക്കണ്ടനുണ്ണിനായർ ഒരു ദീർഘശ്വാസം വിട്ടുകൊണ്ടു
പറഞ്ഞു:—'ഉണ്ടെന്നാണ് തോന്നുന്നത്. എന്റെ കാരണ
വരാണ്. അദ്ദേഹത്തെ ഒരിക്കലും ഞാൻ കണ്ടിട്ടില്ല; അതി
ന്നു മോഹിച്ചിട്ടുമില്ല. നായർകോട്ടയിൽത്തന്നെ ഞാനിതേ
വരെ പോയിട്ടില്ല.'

നമ്പ്യാർ—(കസേരമേൽ നിന്നെഴുന്നേററ് അല്പം ആശ്ചര്യ
ത്തോടെ) ആ യോഗ്യനായ മൂപ്പിൽനായർ മരിച്ച വിവ
രം നിങ്ങൾ ഇതേവരെ അറിഞ്ഞിട്ടില്ലെന്നൊ?

ഉക്ക— ഇല്ല. അദ്ദേഹം എനിക്കാരാണ്? ഒന്നുമില്ല. കുടുംബ
ക്കാരം. ഏകസഹോദരിയുടെ മകനാണ് ഞാൻ. ഉക്ക
ണ്ടനുണ്ണി എന്ന പേര് എനിക്കു വേണ്ടതല്ലായിരുന്നു.

നമ്പ്യാർ— ആ കുടുംബത്തിൽ നിങ്ങളുടെ പേരായി മററു വ
ല്ലവരും ഇനിയുണ്ടോ?

ഉക്ക— എന്റെ അറിവിൽ പെട്ടേടത്തോളം ഇല്ല. ഞാൻ
ഒടുക്കത്തേതാണെന്നാണ് വിശ്വസിക്കുന്നതു. ഇനി ഉണ്ടാ
വാനും വഴി തോന്നുന്നില്ല.

നമ്പ്യാർ കുറച്ചുനേരം ഒന്നും മിണ്ടാതെ കസേരമേൽ
മലർന്നുകിടന്നു. എന്നിട്ടു പറഞ്ഞു:— 'മൂപ്പിൽനായരെ നി

ങ്ങൾക്ക വളരെ വിലയില്ലായിരിക്കാം. പക്ഷേ, നിങ്ങളോ നിങ്ങളുടെ പേരുള്ള മറെറാരു നായരൊ അദ്ദേഹത്തിന്ന വളരെ കാൎയ്യമായിരുന്നു. അദ്ദേഹത്തിൻെറ സ്വത്തിന്ന മുഴുവൻ അവകാശിയായിരിക്കുന്നതു ഒരു ഉക്കണ്ടനുണ്ണിനായരാണ്. മരുമകനാണെന്നു തോന്നുന്നു. പ്രിയസഹോദരിയുടെ മകനാണ്. നില്ക്കട്ടെ— എന്താണ് ആ സഹോദരിയുടെ പേര്? ശരി; കുഞ്ഞിക്കാവുനേത്ര്യാര്'.

ഉക്ക—പ്രിയസഹോദരിയൊ? അതു നല്ലൊരു വൎത്തമാനം തന്നെയാണല്ലൊ.

നമ്പ്യാരുടെ ക്ഷമയെല്ലാം പോയി. കസേരമേൽ നിന്നെഴുന്നേററ് നമ്പ്യാർ ചോദിച്ചു:—'നിങ്ങൾതന്നെയാണൊ കുഞ്ഞിക്കാവുനേത്ര്യാരുടെ മകൻ? നിങ്ങളെത്തന്നെയാണൊ വക്കീൽ മിസ്റ്റർ ഗോപാലമേനോൻ പരസ്യമൂലം ആവശ്യപ്പെടുന്നത്?'

ഉക്ക—അതു സാരമില്ല. അടേ ആറുമുഖം! എന്നടാ കാപ്പി ഇന്നും ആഹലേ (എന്നു വാലിയക്കാരനെവിളിച്ചുപറഞ്ഞു.)

നമ്പ്യാർ— അല്ലാ നിങ്ങൾതന്നെയാണോ കുഞ്ഞിക്കാവു നേത്ര്യാരുടെ മകൻ?

ഉക്ക — ഞാൻതന്നെയാണ്? നിങ്ങളെവിടുന്നാണ് ഈ കല്പം യശ്ശില വാങ്ങിയത്.?

'ഈ ഒപ്പായശ്ശില!' എന്നു പറഞ്ഞു നമ്പ്യാർ ഒരു ദീൎഘശ്വാസം വിട്ടു. എന്നിട്ടുപറഞ്ഞു:—'കാപ്പിയുടെ ചൂടു സാരമില്ല. ഇങ്ങോട്ടു നോക്കിൻ. ഞാനും മതിലകത്തുകാരനാണ്. പാലപ്പിള്ളിനമ്പ്യാരാണ്. ഞാൻ നിങ്ങളുടെ കാരണവരെ നല്ലവണ്ണം അറിയും. അദ്ദേഹം മരിച്ചിട്ട് ഏഴുകൊല്ലമേ ആയിട്ടുള്ളൂ. വക്കീൽ മിസ്റ്റർ ഗോപാലമേനോൻ, ആ കാരണവരുടെ മരണപത്രമനുസരിച്ചു നിങ്ങളെ കണ്ടുകിട്ടുവാൻ തിരയാത്ത ദിക്കൊന്നുമില്ല. രാജ്യത്തുള്ള പത്രങ്ങളിലൊക്കെ പരസ്യം ചെയ്കിട്ടും ഉണ്ടായിരുന്നു നിങ്ങൾ അതു കണ്ടില്ലെന്നുള്ള സംഗതിയൽ എനിക്കു വളരെ ആശ്ചൎയ്യം തോന്നുന്നു.'

ഉക്ക—ഞാനാതു കണ്ടിരുന്നുവെങ്കിലാണ് ആശ്ചൎയ്യം തോന്നേണ്ടത്. ഞാൻ ഈ കാപ്പിത്തോട്ടത്തെ ഇങ്ങിനെയാക്കാനുള്ള ശ്രമത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഞാൻ മുന്നൂറേക്രയോളം കാപ്പിയും കൃഷിചെയ്തു് ഇങ്ങിനെ ഒരു സ്ഥലം കെട്ടിയുണ്ടാക്കി. അച്ഛൻ മരിച്ചതിനുശേഷം ഞാനും അമ്മയും രാമേശ്വരത്തേയ്ക്കു വന്നു. അമ്മ രാമേശ്വരത്തുനിന്നു മരിച്ചു. കുട്ടിയായി നിരാധാരനായ ഞാൻ ചിലരുടെയൊക്കെ സഹായംകൊണ്ട് ഈ സിംഹള(ലങ്കാ)ദ്വീപിൽ എത്തിച്ചേൎന്നു. പിന്നെ കഥ കുറെയുണ്ട്. ഞാൻ പത്രംതന്നെ നിശ്ശേഷയായി വായിച്ചിട്ടില്ല. നേരം കുറെയായി. ഇനി കുളിച്ചു ഊണുകഴിപ്പാൻ ശ്രമിക്കുകയാണു വേണ്ടത്.

ഇത്രയും പറഞ്ഞ് ഉക്കണ്ടനുണ്ണി എഴുനീറ്റു. നായരുടെ അനാസ്ഥകണ്ട് നമ്പ്യാൎക്കു സാമാന്യത്തിലധികം ആശ്ചൎയ്യമായി. ഉണ്ണാനിരിക്കുമ്പോഴും ഈ വിഷയത്തെപ്പറ്റി ഒന്നും സംസാരിച്ചില്ല. സംസാരവിഷയമെല്ലാം കാപ്പിക്കുരുക്കച്ചവടമായിക്കഴിഞ്ഞു. നമ്പ്യാരുടെ സാമ്പിൾ കാപ്പിക്കുരുക്കൾ നോക്കിയും, അതിൻെറ വിലയെപ്പററി സംസാരിച്ചും, കയററി അയയ്ക്കുന്നതിനുള്ള സൌകൎയ്യത്തെപ്പററി ആലോചിച്ചും അന്നത്തെ ദിവസം കഴിഞ്ഞു.

നമ്മുടെ 'സ്റ്റീൻ ആൻറ് കമ്പനി' ഏജൻറിന്ന് ആശ്ചൎയ്യം വൎദ്ധിച്ചുവന്നതേയുള്ളു. ഉക്കണ്ടനുണ്ണിനായരെ കാൎത്തുസ്വരാജ്യത്തു നില്ക്കുന്ന വലുതായ ഒരു സ്വത്തിനെപ്പററിയുള്ള സംസാരത്തെ ആവൎത്തിക്കുവാൻ നമ്പ്യാർ കഴിയുന്നതും ശ്രമിച്ചുനോക്കി. പക്ഷെ അതു ഫലിച്ചില്ല. താൻ പറഞ്ഞതിനെ നായർ വിശ്വസിച്ചില്ലയോ എന്നുകൂടി സംശയിക്കേണ്ടിവന്നു. ഒടുക്കം ധൈൎയ്യത്തോടെ ഇപ്രകാരം പറഞ്ഞു:— 'അല്ലേ ഉക്കണ്ടനുണ്ണിനായരെ, നിങ്ങളുടെ കാപ്പിക്കുരുക്കച്ചവടം കൊണ്ടുപോയി ചുട്ടു മതിലകത്തു നായൎക്കു നായർകോട്ടയും

സ്വത്തുക്കളുമായി അഞ്ചുപത്തുലക്ഷത്തിന്നു വകയുണ്ടെന്നു നി ങ്ങൾക്കു വിവരമുണ്ടോ? ഇതിൽ വലിയൊരു ഭാഗം കയ്യിരിപ്പാണപോൽ.'

ഉക്ക—ഉവ്വ്. അമ്മ പറഞ്ഞ സംഗതികളാലോചിച്ചാൽ നിങ്ങൾ പറയുംപോലെ ഒരു വലിയ സ്വത്ത് അവിടെയുണ്ടെന്ന് എനിക്കും തോന്നുന്നുണ്ട്. പക്ഷെ, ഞാൻ ബദ്ധപ്പെട്ടൊന്നും ചെയ്യാൻ വിചാരിക്കുന്നില്ല. ആട്ടെ, നായർകോട്ടയിൽ ആരാണിപ്പോൾ താമസിക്കുന്നത്?

നമ്പ്യാർ—വക്കീൽ മിസ്റ്റർ ഗോപാലമേനോനും അദ്ദേഹത്തിൻെറ രണ്ടു പെണ്മക്കളുമാണ്. കല്ല്യാണിയും കാമാക്ഷിയും, പ്രത്യേകിച്ച കല്ല്യാണി കണ്ടാൽ നല്ല സൌഭാഗ്യമുള്ള കുട്ടത്തിലാണ്. മൂപ്പിൽനായർ മരിക്കുമ്പോൾ സ്വത്തുക്കളെല്ലാം ഗോപാലമേനോനെ ഏല്പിച്ചിരിക്കയാണ്. അദ്ദേഹം തൻെറ സ്വന്ത മുതലുപോലെയാണ് ആ സ്വത്തുക്കൾ നോക്കിബ്ഭരിക്കുന്നത്.

ഉക്ക—അതൊക്കെ പോട്ടെ. കാപ്പി കുറച്ചുംകൂടി ഇരിക്കട്ടെ. ദൂരം പോകേണ്ടതല്ലെ? ഏതെങ്കിലും ഞാൻ ആ പുഴവക്കത്ത് ഇന്നുണ്ടായത് നിങ്ങളുടെ ഭാഗ്യം തന്നെ.

നമ്പ്യാർ—(സ്വഗതം) ഞാനിങ്ങിനെ ഒരു പുള്ളിയെ ഇതുവരെ കണ്ടിട്ടില്ല. ഇയ്യാൾ പുഴവക്കത്തുണ്ടായത് എൻെറ ഭാഗ്യംതന്നെയാണൊ? പക്ഷെ ആയിരിക്കാം. എന്നാൽ ഇതു കേൾക്കുന്നവർ പറയുക എൻെറ ഭാഗ്യമെന്നല്ലാ ഇയ്യാളുടെ ഭാഗ്യമെന്നാണ്.

നമ്പ്യാർ കച്ചവടസംബന്ധമായി ഉക്കണ്ടനുണ്ണിനായരുമായിട്ടുള്ള ഏപ്പാടുകളെല്ലാം കഴിച്ചതിന്നു ശേഷം മടങ്ങിപ്പോവാൻ പുറപ്പെട്ടപ്പോൾ ഉക്കണ്ടനുണ്ണിനായർ പറഞ്ഞു:— 'വാസ്തവം പറകയാണെങ്കിൽ ഞാൻ ആ പുഴവക്കത്ത് അപ്പോളുണ്ടായതു നിങ്ങളുടെ ഭാഗ്യംതന്നെയാണ്. എന്നെപ്പററിയാവട്ടെ ഇവിടെ നടന്ന സംഭവത്തെപ്പററിയാവട്ടെ നി

ങ്ങൾ നാട്ടിലേക്കെഴുതുകയൊ അവിടെ ചെന്നാൽ ആരോടെങ്കിലും സംസാരിക്കുകയൊ ചെയ്കയില്ലെന്ന് ഒരു വാഗ്ദത്തം ചെയ്യണം. കൂടാതെ, ഇവിടെയുള്ള കാപ്പിക്കുരുവെല്ലാം വേഗം കൊണ്ടുപോവാൻ ഏപ്പാടചെയ്കയും വേണം.'

നമ്പ്യാർ കുറച്ചുനേരം ആലോചിച്ച് അങ്ങിനെയാവാമെന്നു സമ്മതിച്ച് മടങ്ങിപ്പോയി.

*     *     *     *     *     *     *

ഉക്കണ്ടനുണ്ണി നായർ എന്നു മലയാളത്തിലും, കണ്ടസ്വാമിപ്പിള്ള എന്നു സിംഹളദ്വീപിലും അറിയപ്പെടുന്ന, മരവിലാസം കാപ്പിത്തോട്ടം ഉടമസ്ഥനായ മിസ്റ്റർ നായർ സാധാരണന്മാരിൽനിന്നു വ്യത്യസ്തമായ രീതിയിലാണു കാൎയ്യങ്ങൾ നടത്തിയിരുന്നത്. ഈ വലുതായ കാപ്പിത്തോട്ടം അനുഭവത്തിലാവുന്നതിനിടയ്ക്കു ധനസംബന്ധമായ പല കുഴപ്പങ്ങളും അദ്ദേഹത്തിന്നു സംഭവിച്ചിട്ടുണ്ട്. തന്റെ വരവു കാത്തിരിക്കുന്ന ആ വമ്പിച്ച മുതലിന്റെ വിവരം അറിഞ്ഞിട്ടുംകൂടി വക്കീൽ ഗോപാലമേനോന്ന് എഴുതുകയാവട്ടെ നാട്ടിൽ ചെന്നു കുറച്ചു പണം കൊണ്ടുവരുവാൻ ശ്രമിക്കുകയാവട്ടെ അദ്ദേഹം ചെയ്തില്ല. കാടുകൾ പുതുതായി വെട്ടിത്തെളിയിച്ചു കാപ്പിത്തോട്ടം വൎദ്ധിപ്പിക്കുന്നതിന്നും, തോട്ടത്തിൽകൂടി വെള്ളച്ചാലുകൾ കഴിപ്പിക്കുന്നതിന്നും, കൂലിവേലക്കാൎക്കു താമസിപ്പാൻ കെട്ടിടങ്ങൾ കെട്ടിക്കുന്നതിന്നും, തോട്ടം മാനേജ്മെൻറിൽ തന്റെ സ്സഹായിപ്പാൻ സമൎത്ഥനായ ഒരു തമിഴനെ നിശ്ചയിക്കുന്നതിന്നും ആയിരുന്നു മിസ്റ്റർ നായർ ശ്രമിച്ചുകൊണ്ടിരുന്നത്. ഇവ ഒരോന്നായി സാധിച്ചതോടുകൂടി സ്റ്റീൻ ആൻറ് കമ്പനിക്കാരുമായുള്ള കരാറും സമ്മതിച്ചു വന്നു.

ഒരു ദിവസം രാവിലെ കൊളമ്പിലേക്കു പുറപ്പെട്ടതും, അവിടുന്നു കപ്പൽകയറി തൂത്തുക്കുടിയിൽ വന്നതും, പിറ്റേന്നു കാലത്തു പെട്ടിയും സാമാനങ്ങളുമായി പാലക്കാട്ടു സ്റ്റേഷനിൽ വണ്ടിയിറങ്ങിയതും ഒക്കെ മിസ്റ്റർ നായരുടെ തൽക്കാലമുണ്ടായ ഒരാലോചനയുടെ ഫലമായിരുന്നു. പാ

ലക്കാട്ട സബ്ക്കോടതിയിൽ ചെന്നു കാരണവരുടെ മരണശാസനത്തിൻെറ ഒരു പകപ്പ് കൈവശപ്പെടുത്തി അതു മുഴുവൻ മനഃപാഠം പഠിക്കുകയായിരുന്നു ഒന്നാമത്തെ പ്രവൃത്തി. 'എൻെറ ഏററവും വിശ്വസ്തനും നിയമോപദേഷ്ടാവും ആയ വക്കീൽ ഗോപാലമേനോൻ' എന്നാണ് ട്രസ്റ്റിയെപ്പററി ലുപ്തനായ കാരണവർ വിവരിച്ചിട്ടുണ്ടായിരുന്നത്. അത്ര വിശ്വസ്തനായ ഗോപാലമേനോൻ ഒരു നല്ല സ്വഭാവക്കാരനായിരിക്കുമെന്ന വിശ്വാസത്തോടെ മിസ്റ്റർ നായർ തീവണ്ടി കയറി, നായർകോട്ടയിൽനിന്ന് അറു നാഴിക അകലമുള്ള മതിലകം സ്റ്റേഷനിൽ വണ്ടിയിറങ്ങി.

തമിഴരുടെ മാതിരിയിലുള്ള ഉടുപ്പും നടപ്പും മേൽമീശയും ഇടയ്ക്കിടെ തമിഴ ചുവക്കുന്ന മലയാളസംസാരവും കാരണം മിസ്റ്റർ നായർ ഒരു മലയാളജില്ലക്കാരനാണെന്നും, ശ്രുതിപ്പെട്ട മതിലകത്തു നായരുടെ വംശജനാണെന്നും മററുള്ളവർ വിശ്വസിക്കുന്നില്ലയോ എന്ന സംശയം നായക്കു തോന്നി.

ഒരു കാളവണ്ടിക്കാരൻ—നിങ്ങൾക്കു നായർകോട്ടയിലേക്കാണോ പോകേണ്ടത്? നായർകോട്ടയിപ്പോൾ 'ഗോപാലവിലാസം' എന്നാണു പേര്. നിങ്ങൾ അര മണിക്കൂറുകൂടി ഇവിടെ താമസിക്കുന്നതായാൽ വക്കീലെജമാനൻെറ മോട്ടോർകാർ പോവുന്നുണ്ടാവും. എജമാനൻ ഉച്ചവണ്ടിക്കു പാലക്കാട്ടുനിന്നു വരുമെന്നാണു കേട്ടത്.

ഉക്ക—അയാൾ വരുന്നതുവരെ താമസിക്കേണമെന്നു ഞാൻ വിചാരിക്കുന്നില്ല.

വണ്ടി—വക്കീലെജമാനനില്ലാതെ അവിടെ പോയിട്ടു നിങ്ങൾക്കെന്താ കാര്യം? വേറെ വല്ല കാര്യവും ഉണ്ടോ?

ഉക്ക—ഞാൻ നായർകോട്ടയുടെ ഉടമസ്ഥനാണ്. അതുതന്നെ കാരണം.

വണ്ടി—ഓ! ഩെന്റെ! പടച്ചോനേ! ആ നാടുനീങ്ങിയ മൂപ്പിലെജമാനൻെറ കാണാതെപോയ മരുമകൻ ഒരാളല്ലെ ഉടമസ്ഥൻ? ആ എജമാനൻ നീങ്ങ—

ഉക്ക—എന്താ ഇത്ര സംശയം? കാണാതെ പോയതായിരുന്നില്ല.

വണ്ടി—ഞങ്ങളൊക്കെ അവിടുത്തെ കുടിയാന്മാരാണ്. വക്കിലെജമാനനല്ലെ അതൊക്കെ തീച്ചപ്പെടുത്താൻ?

ഉക്ക—നീ മതിലകത്തെ കുടിയനാണൊ? ആണെങ്കിൽ സാമാനം വണ്ടിയിലെടുത്തിട്ടു വണ്ടി വേഗം തെളിക്ക്.

അപ്പോഴേയ്ക്കും വണ്ടിക്കാരും മറ്റുള്ളവരുമായി വളരെ ആളുകൾ അവിടെ കൂടിക്കഴിഞ്ഞു ഭ്രാന്തനായ ഒരു കൊങ്ങൻ വന്നു താൻ മതിലകത്തു നായരാണെന്നും മറ്റും പറയുന്ന വിവരം പരിഹാസമായി ആളുകൾ സംസാരിച്ചുതുടങ്ങി. മിസ്റ്റർ നായർ അതൊന്നും ശ്രദ്ധിക്കാതെ സാമാനങ്ങളെല്ലാം സ്റ്റേഷനിൽ ഏല്പിച്ച് നായർകോട്ടയിലേക്ക നടക്കുവാൻ തന്നെ തീച്ചപ്പെടുത്തി: നായർകോട്ടയിലേക്കുള്ള തൻെറ ഈ യാത്ര ഒന്നാമത്തേതായിരുന്നു. അതു കാരണം. സാധാരണ ആളുകൾ പെരുമാറുന്ന വഴി തെറ്റി വടക്കുഭാഗത്തുള്ള ഗൈറ്റു കടന്നാണ് കോട്ടവളപ്പിലേക്ക നായർ പ്രവേശിച്ചത്. ‘അയ്യോ എങ്ങട്ടാ പോണ്’ എന്നു ഒരു സ്ത്രീയുടെ ശബ്ദം കേട്ടു നായർ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു പുല്ലരിഞ്ഞുകൊണ്ടിരിക്കുന്ന വയസ്സായ ഒരു സ്ത്രീയെ ആണ്.

“കോട്ടയിലേക്ക തന്നെ. ഇതല്ലെ വഴി” എന്നു മിസ്റ്റർ നായർ ചോദിച്ചു.

സ്ത്രീ—അതേ. പക്ഷെ എജമാനന്മാക്ക മാത്രം. നിങ്ങൾ പോകേണ്ടതു കിഴക്കെ പടി കടന്നാണ്.

ഉക്ക—ഓഹോ! ആരാ എജമാനന്മാർ?

സ്ത്രീ—വക്കീലെജമാനനും കുടുംബങ്ങളും ബന്ധുക്കളും തന്നെ.

ഉക്ക—ശരി-പിന്നെ- എന്താ നിങ്ങളുടെ പേര്?

സ്ത്രീ—കുഞ്ചി.

ഉക്ക—കേട്ടോ കുഞ്ചിയമ്മേ, ഞാൻ നിങ്ങൾ പറഞ്ഞതിന്നു വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. പക്ഷേ ഞാൻ മതിലകത്ത് ഉക്കണ്ടനുണ്ണിനായരാണ്. എജമാനന്മാരും ബന്ധുക്കളും പോകുന്ന വഴിക്കുതന്നെയാണ് ഞാൻ പോകാൻ ഭാവം.

കുഞ്ചിയമ്മ ഇതൊന്നും കേൾക്കുന്നില്ല. ആ സ്ത്രീ ആശ്ചര്യത്തോടെ നോക്കി നില്ക്കുകയാണ്. കുഞ്ചിയമ്മ ആറേഴുകൊല്ലമായി നായർവീട്ടിൽ ദാസ്യപ്രവൃത്തി തുടങ്ങീട്ട്. ഇതിലിടക്കു ഇങ്ങിനെ ഒരാൾ ഉണ്ടെന്നു കേട്ടിട്ടില്ല.

മിസ്റ്റർ നായർ ആ വഴിയെ പോയപ്പോൾ ചെന്നെത്തിയതു പൂന്തോട്ടത്തിലാണ്. അവിടെ രണ്ടുമൂന്നുപേർ പൂച്ചെടികൾ നനച്ചുകൊണ്ടും തോട്ടം നന്നാക്കിക്കൊണ്ടും ഇരിക്കുന്നുണ്ടായിരുന്നു. വളരെ ലുബ്ധനായിരുന്ന മരിച്ച മൂപ്പിൽ നായർ ഇത്ര വളരെ പണം ചിലവിട്ട് ഇങ്ങിനെ ഒരു തോട്ടമുണ്ടാക്കുമെന്നു വിശ്വസിപ്പാൻ ഉക്കണ്ടനുണ്ണിനായൎക്കു കഴിവുണ്ടായിരുന്നില്ല. ഏററവും നിഷ്കൎഷയോടും മനോധൎമ്മത്തോടും കൂടി ഉണ്ടാക്കിയ ഈ ഉദ്യാനം കണ്ടപ്പോൾ ഈ സ്വത്തിൻെറ ട്രസ്റ്റിയായ വക്കീൽ ഗോപാലമേനോനെപ്പററി എന്തെന്നില്ലാത്ത ഒരു ബഹുമാനമാണ് മിസ്റ്റർ നായൎക്കുണ്ടായത്.

'എടോ, വെന്നീറിങ്ങിനെ അധികമിട്ടാൽ റോജാപ്പൂവിൻെറ നിറത്തിന്നു കുറവും വരും, വാസന പോകയും ചെയ്യും. താനതു മനസ്സിലാക്കിട്ടില്ലേ' എന്നു തോട്ടത്തിൽ പണിയെടുക്കുന്ന ഒരുത്തനോടു നായർ പറഞ്ഞപ്പോൾ, ഒരു കൈക്കോട്ടും കയ്യിലെടുത്ത് ഭീമകായനായ വേറെ ഒരു തോട്ടക്കാരൻ അവിടെ പ്രത്യക്ഷമായി. 'തോട്ടത്തിൽ വരാൻ എജമാനൻെറ കല്പനയുണ്ടോ' എന്ന് ആ വിദ്വാൻ ചോദിച്ചതു കേട്ടതായി നടിക്കാതെ 'വക്കീലിൻെറ പുത്തു കുറച്ചധികമാണെ

ന്നു തോന്നുന്നുവല്ലോ' എന്നു മാത്രം നായർ പറഞ്ഞു. 'നി ങ്ങളാരാണ്? നിങ്ങൾക്കിവിടെ എന്താണ്?' എന്നു വീണ്ടും പരുഷസ്വരത്തിൽ തോട്ടക്കാരൻ ചോദിച്ചു.

ഉക്ക—താൻെറ ഒടുക്കത്തെ ചോദ്യത്തിന്നു ആദ്യം ഉത്തരം പ റയാം. ഞാൻ ഈ പൂന്തോട്ടം കണ്ടു് ആനന്ദിക്കുകയാണ്. വക്കീൽ ഇതിനൊക്കെ വേണ്ടി എന്തു ചിലവിട്ടിട്ടുണ്ടെന്ന് അറിയണമെന്നുമുണ്ട്.

തോട്ടക്കാരൻ—എജമാനൻെറ അറിവോടുകൂടിത്തന്നെയാ ണോ നിങ്ങളിവിടെ വന്നിട്ടുള്ളത്?

ഉക്ക—ഓഹോ! ശരി തന്നെ. വാസ്തവത്തിൽ അങ്ങിനെതന്നെ യാണ്.

തോട്ട—നിങ്ങൾ എജമാനൻെറ കിഴക്കനായ ഒരു സ്നേഹിത നായിരിക്കാം. നിങ്ങളുടെ മുഖം കണ്ടിട്ട് എനിക്കു പരിച യമില്ലല്ലോ. എജമാനൻ കോട്ടയിലില്ലാത്ത കാലത്തു പു റമെ ആരേയും തോട്ടത്തിൽ വരാൻ അനുവദിക്കാറില്ല

ഉക്ക—എടാ കഴുതേ, നീ എങ്ങിനെ ഇവിടെ വന്നു?

തോട്ടക്കാരൻ പെട്ടെന്നൊന്നു ഞെട്ടി. കയ്ക്കോട്ടു താഴെ വീണു. എന്നിട്ടു പറഞ്ഞു:—'ഞാനോ? ഞാൻ തോട്ടക്കാര നല്ലേ?'

ഉക്ക—അതാശ്ചര്യം തന്നെ. ഞാൻ മുമ്പു നിൻെറ മുഖം ക ണ്ടിട്ടില്ലല്ലോ. തോട്ടം വെച്ചുപിടിപ്പിച്ചിട്ടുണ്ടെന്നു ഞാൻ അറിഞ്ഞിട്ടില്ല. ഒരു കുടുംബമുണ്ടെന്നുതന്നെ അറിഞ്ഞിരു ന്നില്ല. ഞാൻ നിനക്കെന്താണു ശമ്പളം തരുന്നത്?

ഇതു കേട്ടപ്പോൾ തോട്ടക്കാരൻെറ പ്രകൃതം ഒന്നു മാറി. വിദ്വാനു കോപം വർദ്ധിച്ചുതുടങ്ങി. നായർ ഒരു ഭ്രാന്തനാ ണെന്നു തന്നെ അവൻ വിചാരിച്ചു. 'എന്താ നിങ്ങളീപ്പറ ഞ്ഞതിൻെറ സാരം' എന്നു ചോദിച്ചു.

ഉക്ക—ഒന്നുമില്ല; നിനക്കു തരുന്ന ശമ്പളം നിമിത്തം എന്തു നഷ്ടം വരുന്നുണ്ടെന്നു കണക്കാക്കുവാനാണ്.

തോട്ട—താനും ഞാനും—തായാരാണെന്നാണു വിചാരിക്കുന്നത്?

ഉക്ക—ഞാൻ മതിലകത്ത് ഉക്കണ്ടനുണ്ണിനായരെന്നുതന്നെയാണ്.

ഇതു കേട്ടപ്പോൾ തോട്ടക്കാരൻ 'ഹേ ശങ്കരൻനായരെ, കോമൻനായരെ, ഒരു രസം കേൾക്കണമെങ്കിൽ വരിൻ' എന്ന് ഉറക്കെ വിളിച്ചുതുടങ്ങി.

ഈ സംഭവങ്ങളെപ്പററി അധികം വിസ്തരിച്ചിട്ടു ഫലമില്ല. മിസ്ററർ നായൎക്ക് ദേഹോപദ്രവം കൂടാതെ കഴിഞ്ഞതു ഭാഗ്യമെന്നേ വിചാരിക്കേണ്ടതുള്ളു. 'കുതിരവട്ട'ത്തേക്കു (കോഴിക്കോട്ടെ ഭ്രാന്താസ്പത്രി)യച്ചേക്കേണ്ട ഒരാളാണിതെന്നു പലരും പരിഹസിച്ചു പറയുന്നതു നായർ കേൾക്കുന്നുണ്ട്. ഒടുവിൽ നായർ പിൻഗാമികളോടുകൂടി കോട്ടവാതില്ക്കൽ എത്തി. അവിടെ വക്കീലിന്റെ കാര്യസ്ഥൻ നില്ക്കുന്നുണ്ടായിരുന്നു. അയാൾ ഈ ലഹളകളെല്ലാം കേട്ട കാര്യം ഏതാണ്ടു മനസ്സിലാക്കീട്ടുണ്ട്. 'നിങ്ങൾ അൎഹതയില്ലാത്ത ദിക്കിൽ കടക്കുകയാണെന്നു മനസ്സിലായിട്ടുണ്ടോ' എന്ന കാര്യസ്ഥൻ ചോദിച്ചു.

ഉക്ക—ഇല്ല. അൎഹതയുള്ള ദിക്കാണെന്നുതന്നെയാണ് ഞാൻ മനസ്സിലാക്കീട്ടുള്ളത്.

കാര്യസ്ഥൻ—എന്നാൽ ആ മനസ്സിലാക്കിയതു തെറ്റാണ്. തീണ്ടികളേയും എരപ്പാളികളേയും ഇവിടെ കടത്താൻ പാടില്ലെന്നാണു മൂപ്പരുടെ കല്പന. അതുകൊണ്ടു നിങ്ങൾ ഇതാ ഈ എളുപ്പവഴിയിൽക്കൂടെ, കോട്ടയ്ക്കു പുറത്തു പോകയാണു നല്ലത്.

ഉക്ക—എന്റെ വഴിനോക്കി നടപ്പാൻ എനിക്കറിയാം.

കാര്യ—അങ്ങിനെയാണെങ്കിൽ നിങ്ങളുടെ പേരും മേൽവിലാസവും പറഞ്ഞുതരിക. എനിക്കു നിങ്ങളെ പൊല്ലീസ്സിൽ ഏല്പിക്കാതെ നിവൃത്തിയില്ല; നിങ്ങൾ നില്ക്കുന്ന ദിക്കിൽ

നിന്നു ഇനിയും മുന്നോട്ടു കടക്കുന്നതായാൽ ഈ നായ പിടിച്ചു കടിക്കും. ഞാൻ വിചാരിച്ചാൽ ഫലമുണ്ടാകയില്ല.

ഉക്ക—ഞാൻ കോട്ടയ്ക്കുള്ളിൽപോയി ചിലരെ കാണ്മാൻതന്നെയാണു ഭാവം. എന്റെ പേരും മേൽവിലാസവും പറഞ്ഞുതരുവാൻ സന്തോഷമാണ്. അതു കുറിച്ചെടുത്തു കൊള്ളൂ. എന്റെ പേര് ഉക്കണ്ടനുണ്ണിനായരെന്നും, മേൽവിലാസം നായർകോട്ട—മതിലകം എന്നുമാണ്.

കാര്യസ്ഥൻ മിസ്റ്റർ നായരുടെ കേശാദിപാദം ഒന്നു നോക്കി, ഈ കളവുപറഞ്ഞതിന്നുതന്നെ ഇയ്യാളെ നായിനെക്കൊണ്ടു കടിപ്പിക്കേണ്ടതാണെന്നു പറഞ്ഞു.

ഉക്ക—ഞാനിപ്പോൾ വരുന്ന ദിക്കിലെ സമ്പ്രദായപ്രകാരം കുപ്പായക്കീശയിൽ എപ്പോഴും ഒരു റിവോൾവർ (കൈത്തോക്കു) ഉണ്ടായിരിക്കും. അതിപ്പോഴും എന്റെ പോക്കററിലുണ്ട്. നിങ്ങളുടെ നായ എന്റെ അടുത്തു വരുന്നതായാൽ ആ നായയുടെ ആയുസ്സ് അവസാനിച്ചുവെന്നു വെച്ചാൽ മതി.

ഇങ്ങിനെ പറഞ്ഞു നായർ കൈത്തോക്കു പുറത്തേക്കെടുത്തു കാട്ടി. 'ഞാൻ കോട്ടയിലേക്കു പോകയാണു ചെയ്യുന്നത്. ഞാൻ അവിടെത്തന്നെ താമസിക്കാനാണു ഭാവം. നിങ്ങൾക്കു വേണമെന്നു തോന്നുമ്പോളൊക്കെ എന്നെ അവിടെ കാണാം. നാളെ എനിക്കു നിങ്ങളെ കാണേണ്ട ആവശ്യവുമുണ്ടാവാം. വേണ്ടിവന്നാൽ ആളെ അയയ്ക്കാം' എന്നും പറഞ്ഞു ഉക്കണ്ടനുണ്ണിനായർ ഗൌരവത്തോടെ കോട്ടയിലേക്കു ചെന്നുകയറി.

എല്ലാററിന്നും ഒരവസാനമുണ്ട്. കാലത്തിന്നു മാത്രമേ അവസാനമില്ലായ്മയുള്ളൂ. കാര്യസ്ഥനുമായിട്ടുള്ള കൂടിക്കാഴ്ചനിമിത്തം മിസ്റ്റർ നായരുടെ ക്ഷമ ഏകദേശം അവസാനിച്ചു ദിക്കായി.

ഉക്കണ്ടനുണ്ണിനായർ കോട്ടയുടെ ഉമ്മറത്തു പ്രവേശി

ച്ചതു സാമാന്യത്തിലധികം ദേഷ്യത്തോടുകൂടിയായിരുന്നു. സ്റ്റേഷനിൽവെച്ച് വണ്ടിക്കാർ അപമാനിക്കുകയാൽ വണ്ടികൂടാതെ നടക്കേണ്ടിവന്നതും, കോട്ടയിലെത്തിയപ്പോൾ തോട്ടക്കാരനും കാര്യസ്ഥനും മര്യാദവിട്ടു പെരുമാറിയതും നായർക്ക് സഹിപ്പാൻ വയ്യാത്തതായ കോപത്തിന്നു കാരണമായി. ആ കോപമൊക്കെ കോട്ടയിലെ അടച്ചിട്ടിരുന്ന ഉമ്മറവാതിലിനോടാണു നായർ കാണിച്ചത്. വാതില്ിന്മേൽ നായർ നാലഞ്ചുതവണ ഉറക്കെ മുട്ടിയ ശബ്ദം മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ ഒരു വാലിയക്കാരൻ വന്നു വാതിൽ തുറന്നു, 'എന്താ വേണ്ടതാവോ' എന്നു വളരെ വിനയത്തോടെ ചോദിച്ചു. വിനയം കണ്ടപ്പോഴുണ്ടായ ആശ്ചര്യത്തോടെ 'ഗോപാലമേനോൻ ഇവിടെയുണ്ടോ' എന്നാണു നായർ ചോദിച്ചത്.

വാലിയക്കാരൻ—എജമാനൻ ഇവിടെ ഇല്ല. പാലക്കാട്ടാണ്. ഇന്നു മടങ്ങിവരുമെന്നാണു വെച്ചിരുന്നത്. നാളെക്കൂടി അവിടെ താമസമുണ്ടെന്നു കമ്പി വന്നിട്ടുണ്ട്. എന്താ, ഇനിവിടെ കാണാമെന്നു വെച്ചിരുന്നുവൊ?

ഉക്ക—ഇല്ല; ഞാൻ വരുമെന്നു അദ്ദേഹം ഊഹിപ്പാൻ സംഗതിയില്ല. മററാരാണിവിടെയുള്ളത്?

വാലി—ചെറിയമ്മ ഇവിടെ ഉണ്ട്.

ഉക്ക—ആട്ടെ, ആ അമ്മയെ ഒന്നു കാണ്മാൻ തരമുണ്ടോ?

വാലി—ഞാൻ ചോദിച്ചുവരാം. എന്താ പേര്?

ഉക്ക—ഉക്കണ്ടനുണ്ണിനായരെന്നാണ്.

ഈ ചോദിച്ച വാലിയക്കാരൻ വളരെ ചെറുപ്പത്തിലേ, മരിച്ച മൂപ്പിൽ നായരുടെ വാലിയക്കാരനായി വന്നുകൂടീട്ടുള്ള ഒരുവനാണ്. ഉക്കണ്ടനുണ്ണിനായർ പേർപറഞ്ഞുകൊടുത്തിട്ടും അയാളുടെ മുഖത്ത് ഒരു സ്തോഭവ്യത്യാസമുണ്ടായില്ല. 'ഇങ്ങോട്ടു കടന്നിരിക്കാം. ഞാൻ വേഗം വരാം' എന്നു പറഞ്ഞു അകായിൽ ഒരു കസാല നീക്കിവെച്ചു വാലിയക്കാരൻ പോയി.

വിനയപൂർവ്വമായ സംഭാഷണം കോപത്തെ ശമിപ്പിക്കുമെന്നു പറയാറുണ്ട്. എന്നാൽ മിസ്റ്റർ നായരുടെ കോപം മുഴുവൻ ഇതുകൊണ്ടു മാറീട്ടില്ല. എന്തെങ്കിലും, തന്റെ പുരാതനമായ തറവാട്ടിൽ ഇരിപ്പാൻ ഒരു കസേര കിട്ടിയപ്പോൾ ഇരിക്കാൻ മടിച്ചില്ല.

കോട്ടയിൽ ഒരിടത്തുനിന്നു പാട്ടും ഫിഡിൽവായനയും കേൾപ്പാനുണ്ടായിരുന്നു. അതിൽ ലയിച്ചിരിപ്പാൻ മിസ്റ്റർ നായൎക്ക് അധികം സാധിച്ചില്ല. വാലിയക്കാരൻ മടങ്ങിവന്ന് ‘മുകളിലേക്കു പോകാം’ എന്നും പറഞ്ഞു മുമ്പോട്ടു നടന്നു. ഉക്കണ്ടനുണ്ണിനായർ അകത്തേക്കു കടന്നപ്പോൾ, ലജ്ജയോടും ഭയത്തോടും കൂടിയ സുന്ദരിയായ ഒരു സ്ത്രീയെയാണു കണ്ടത്.

കാമാക്ഷി — കൃഷ്ണൻ ആളെ തെററിദ്ധരിച്ചു എന്നു തോന്നുന്നു.

ഉക്ക — ഇല്ല. എനിക്കു പാലക്കാട്ടിറങ്ങിയപ്പോൾ ‘വിസിററങ്ങ്കാർഡെ’ന്നും അടിപ്പാൻ സൌകൎയ്യപ്പെട്ടില്ല. ജാതകം എടുപ്പാനും മറന്നുപോയി.

കാമാ — ഞാൻ കുട്ടിയായിരുന്നപ്പോൾ നാടുനീങ്ങിയ മൂപ്പിൽനായരുടെ മരുമകൻ തന്നെയായിരിക്കുമൊ?

ഉക്ക — അതു ഞാൻ ഇതുവരെ പറഞ്ഞിട്ടില്ലല്ലോ. ഇപ്പോൾ ഞാനതു സമ്മതിക്കുന്നു.

കാമാ — നിങ്ങൾ വന്നത് —

ഉക്ക — പൂർവ്വികന്മാരുടെ സ്ഥാനത്ത് ഇരിക്കുവാൻ തന്നെ.

കാമാ — ജ്യേഷ്ഠത്തിയും അച്ഛനും പാലക്കാട്ടേക്കു പോയിരിക്കയാണ്.

ഇങ്ങിനെ പറഞ്ഞു കാമാക്ഷി ‘ലക്ഷ്മിഅമ്മേ, ലക്ഷ്മിഅമ്മേ, ഇങ്ങോട്ടുവരൂ’ എന്നു വിളിച്ചു. അപ്പോൾ വളരെ വൃദ്ധയായ ഒരു സ്ത്രീ അകത്തേക്കു കടന്നുവന്നു. ഈ തള്ള, ലജ്ജിച്ചുനില്ക്കുന്ന കാമാക്ഷിയുടേയും ഉക്കണ്ടനുണ്ണിനായരുടേയും മു

ഖത്തു സൂക്ഷിച്ചുനോക്കി പറഞ്ഞു:—'ഇതെന്തു പൂരാണ്! ഇതു നമ്മുടെ കുഞ്ഞിക്കാവുനേത്ര്യാരുടെ മകനല്ലേ? ഇപ്പോഴെങ്കിലും വരാൻ തോന്നിയല്ലോ. എജമാനൻ നാടുനീങ്ങീട്ടു കുറെ കാലമായി. നേത്ര്യാരു മരിച്ചിട്ട് അതിലും അധികം കാലമായി. എനിക്കു വയസ്സായില്ലേ, ഒക്ക മറവിയല്ലേ?'

ഉക്ക—ഞാൻ കുഞ്ഞിക്കാവു നേത്ര്യാരുടെ മകനാണ്. ലക്ഷ്മി അമ്മയെ ഞാൻ കണ്ടിട്ടുണ്ട്. അമ്മ പറഞ്ഞുകേട്ടിട്ടുമുണ്ട്. അമ്മയ്ക്കു നിങ്ങൾ ഒരു ബന്ധു മാത്രമേ നായർകോട്ടയിലുണ്ടായിരുന്നുള്ളുവെന്നും മനസ്സിലാക്കീട്ടുണ്ട്.

ലക്ഷ്മി—അതു ശരിയാണ്. വരാണ്ടിരിക്കില്ല എന്നു ഞാനെപ്പഴം പറയാറുണ്ട്. വരുമ്പോൾ വണ്ടിയുടെ ഒച്ചയൊന്നും കേട്ടില്ലല്ലോ.

ഉക്ക—ഞാൻ സ്റ്റേഷനിൽനിന്നു നടക്കയാണു ചെയ്തത്.

ലക്ഷ്മി—ആവൂ! എന്നാൽ വല്ലാണ്ട് ക്ഷീണിച്ചിട്ടുണ്ടാവും. ഞാൻ വേഗം കുറെ ചായയുണ്ടാക്കാൻ പറയട്ടെ.

ഉക്ക—ചായവേണ്ട, കാപ്പിമതി. കൊളമ്പിൽ ഞങ്ങൾക്കൊക്കെ കാപ്പികുടിയാണ് പ്രധാനം.

കാമാക്ഷി—കൊളമ്പിലോ! ഗോപാലൻനമ്പ്യാർ ഇതിനിടെ കൊളമ്പിൽ പോയല്ലേ മടങ്ങിവന്നത്?

ഉക്ക—അതു ശരിയാണ്. നമ്പ്യാർ ഒരു പുഴയിൽ വീണു മരിക്കേണ്ടതായിരുന്നു. ഞാനാണ് പിടിച്ചുകേററിയത്. അമ്മാമൻ മരിച്ച വിവരം അയാളാണു പറഞ്ഞതും.

കാമാ—എന്താണിങ്ങിനെ നില്ക്കുന്നത്? ഒരു ദിക്കിൽ ഇരിക്കരുതേ? അച്ഛനില്ലാത്ത സമയവുമായി. അച്ഛനു കമ്പിയോ ആളേയോ അയയ്ക്കാം.

എന്നു പറഞ്ഞു കാമാക്ഷി കാപ്പി കൊണ്ടുവരുവാൻ പോയി. കുറച്ചു കഴിഞ്ഞപ്പോൾ കാമാക്ഷിയും ലക്ഷ്മിയമ്മയും കൂടി കാപ്പിയും പലഹാരവുമായി വന്നു. ഉക്കണ്ടനുണ്ണി നായർ കാപ്പി കുടിച്ചുതുടങ്ങി.

ഉക്ക— ഗോപാലമേനോന് എന്നെ കാണുന്നത് ഇഷ്ടമായിരിക്കുമോ? ഞാനാണവകാശി എന്നു തെളിയിക്കേണ്ടിവരുമോ?

കാമാ— അങ്ങനെയൊക്കെ വേണോ? ജ്യേഷ്ഠത്തിയും ഞാനും വളരെ കാലമായി ഇവിടെയാണ് താമസം.

ലക്ഷ്മി— ഇഷ്ടമുണ്ടെങ്കിലും ശരി, ഇല്ലെങ്കിലും ശരി, കാണാതേയും കാര്യം പറയാതേയും കഴിയുമോ? അതിരിക്കട്ടെ. നിങ്ങളുടെ പെട്ടിയും സാമാനവുമൊക്കെ എവിടെ?

ഉക്ക— സ്റ്റേഷനിൽ ഉണ്ട്. അതിന്റെ രശീതിയാണിത്.

ഉടനെ സ്റ്റേഷനിൽ നിന്നു സാമാനം കൊണ്ടുവരുവാൻ രശീതിയും കൊണ്ട് ആളെ അയച്ചു.

ഉക്ക— അല്ലാ, എന്റെ സാമാനം ഇവിടെ കൊണ്ടുവന്നിട്ടോ? ഞാനെവിടെയാണ് താമസിക്കേണ്ടത്?

കാമാ— എന്താ സംശയം? മററു വല്ലതും ആലോചിച്ചിട്ടുണ്ടോ?

ഉക്ക— അതൊന്നുമില്ല. ഞാൻ ഇവിടെ ഒന്നുരണ്ടു മണിക്കൂറായി എത്തീട്ട്. എന്റെ അനുഭവം നോക്കിയാൽ—

കാമാ— പലതും സംശയിക്കാനുണ്ടാവും. എല്ലായ്പോഴും ഭൂതവും വൎത്തമാനവും ഭാവിയോടു യോജിക്കയില്ല.

ഉക്ക— അതിരിക്കട്ടെ. ലക്ഷ്മിഅമ്മേ! അമ്മയും അമ്മാമനും തമ്മിൽ ഇത്ര വളരെ മത്സരമാവാനെന്താ കാരണം?

ലക്ഷ്മി— അതു വലിയ കഥയാണ്. എല്ലാം അച്ഛൻ നമ്പൂരി കാരണം ഉണ്ടായതാണ്. ആ സാധു നേത്ര്യാര് വളരെ ബുദ്ധിമുട്ടി. നമ്പൂരി മരിച്ചപ്പോൾ രാമേശ്വരത്തേയ്ക്കു പോകയാണ് ചെയ്തത്. ഈശ്വരോ രക്ഷ. അതിരിക്കട്ടെ; സ്റ്റേഷനിൽനിന്നു സാമാനം വരുമ്പോഴയ്ക്കു വേഗം ക്ഷൌരം ചെയ്തു തേച്ചുകുളിച്ചു മലയാളിയാവാൻ ശ്രമിക്കുക.

കാപ്പി കുടിച്ചു കഴിഞ്ഞപ്പോഴക്കു തന്നെ നായരുടെ കോപത്തിന്നു അല്പം ശാന്തി വന്നു. അപ്പോളാണ്, കാമാ

ക്ഷി സാമാന്യം സൌന്ദര്യമുള്ള ഒരു യുവതിയാണെന്നുള്ള ധാരണ നായരുടെ മനസ്സിൽ ഉദിച്ചത്. കാമാക്ഷിയെപ്പററിയ ചില പുതിയ വിചാരങ്ങളിൽ മഗ്നനായിരിക്കുമ്പോഴാണ് കുളിക്കാറായി എന്നു കൃഷ്ണൻ വന്നു പറഞ്ഞത്.

* * * * * * *

മൂന്നാം ദിവസം രാവിലെ, ഉക്കണ്ടനുണ്ണിനായർ ഉണൎന്നെഴുനേററപ്പോൾ രണ്ടു സംഗതികളായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ പ്രധാനമായിരുന്നത്. ഒന്നാമത്, അനിരുദ്ധപുരത്തിലുള്ള തന്റെ മരവിലാസം എസ്റ്റേററിനെ എന്തു കാട്ടണമെന്നും, രണ്ടാമത് അഞ്ചെട്ടുകൊല്ലമായി തന്റെ നായർകോട്ടയിൽ സസുഖം താമസിക്കുന്ന ഗോപാലമേനോനെ മുഖത്തോടുമുഖം കാണുമ്പോൾ ഉള്ള വികാരം എന്തായിരിക്കുമെന്നും ആയിരുന്നു. കാമാക്ഷി അയച്ച കമ്പിക്കു 'ചൊവ്വാഴ്ച. വൈകുന്നേരം മൂന്നരമണിവണ്ടിക്കു മടങ്ങുന്നു.' എന്നൊരു മറുവടിക്കമ്പി മാത്രമാണു കിട്ടിയത്. ഉക്കണ്ടനുണ്ണിനായരെപ്പററി ഒരു വാക്കുപോലും അതിൽ പറഞ്ഞിട്ടില്ല. ഗോപാലമേനോനോടു മുൻകൂട്ടി കാൎയ്യം പറഞ്ഞു മനസ്സിലാക്കാൻ ലക്ഷ്മിഅമ്മ തന്നെ സ്റ്റേഷനിലേക്കു പുറപ്പെട്ടിട്ടുണ്ടായിരുന്നുവെങ്കിലും കാമാക്ഷി അതുകൂടാതെ കഴിച്ചു. ഉക്കണ്ടനുണ്ണിനായർ ഇപ്പോൾ തനിച്ച പരിഷ്കാരിയായ ഒരു മലയാളി തന്നെയായിരുന്നു. ക്രാപ്പുചെയ്ത തലയും, മേൽമീശയില്ലാത്ത മുഖവും, വെളുത്ത മുണ്ടും, ഷർട്ടും, തോൎത്തുമുണ്ടും ഒക്കെ യോജിച്ചതോടുകൂടി നായരുടെ മുമ്പത്തെ ഭാഷയെല്ലാം മാറി.

കാമാക്ഷിയും ഉക്കണ്ടനുണ്ണിനായരുംകൂടി മോട്ടോർകാറിൽ മൂന്നരമണിക്കു സ്റ്റേഷനിൽ എത്തി. സ്റ്റേഷനിൽ ഉണ്ടായിരുന്ന മുമ്പത്തെ വണ്ടിക്കാൎക്ക് ഈ വരവ് കുറെ അത്ഭുതമുണ്ടാക്കിത്തീൎത്തു എന്നു പറയേണ്ടതില്ലല്ലോ. ഒന്നാം ക്ലാസ്സു വണ്ടിയിൽനിന്നു ഗോപാലമേനോനും കല്യാണിയും

പുറത്തേക്കിറങ്ങി. കല്യാണി 'വൈററിങ്ങ്റൂ'മിലേക്കു വന്നപ്പോൾ അവിടെ മിസ്റ്റർ നായരും കാമാക്ഷിയും ഉണ്ടായിരുന്നു. 'കല്യാണിഅമ്മയെ ഇപ്പോൾ കാണുന്നതേ ഉള്ളുവെങ്കിലും കാമാക്ഷിമുഖേന എനിക്കു നല്ല പരിചയമായിക്കഴിഞ്ഞിട്ടുണ്ട്.' എന്നു നായർ പറഞ്ഞു.

കല്യാണി— വന്ന വിവരം ഞാൻ അറിഞ്ഞു. പക്ഷെ, ഞങ്ങളെയൊക്കെ ആട്ടിപ്പുറത്താക്കുവാൻ വന്ന ഒരു ഭയങ്കരമൂൎത്തിയാണെന്നുള്ള ഭയം കണ്ടപ്പോഴേ മാറിയുള്ളു.

ഉക്ക— അതാണ് കേമമായത്. എന്താണാവൊ അങ്ങിനെ തോന്നുവാൻ കാരണം?

കല്യാ— ഒന്നുമില്ല. അച്ഛൻെറ ചാപല്യം. ഏതെങ്കിലും അച്ഛന്നു മനസ്സിന്നു ഇപ്പോഴെ നല്ല സമാധാനമായുള്ളു.

അതിലിടയ്ക്കു ഗോപാലമേനോനും അകത്തേക്കു കടന്നു. ഗോപാലമേനോൻ ഒരു പഴയ വക്കീലാണ്. യാതൊരു സംശയവും കൂടാതെ മിസ്റ്റർ നായരുടെ അടുക്കെ വന്നു മുഖത്തു നോക്കി.

ഗോപാലമേനോൻ— നേത്യാരെ ഞാൻ കണ്ടറിയും. നിങ്ങൾ വേറെ തെളിവൊന്നും ഇനി ഹാജരാക്കേണ്ടതില്ല. റിക്കാട്ടുകളെല്ലാം ക്രമപ്പെടുത്തി വെച്ചിട്ടുണ്ട്. ഞങ്ങൾ എപ്പോളാണ് സ്ഥലം കഴിഞ്ഞുതരേണ്ടത്?

ഉക്ക— പാലക്കാട്ടുനിന്നു വല്ലാത്ത വെയിലത്താണ് പുറപ്പെട്ടതെന്നു തോന്നുന്നു. വിയൎത്തു ക്ഷീണിച്ച പോലെ തോന്നുന്നു. കുറച്ചു വിശ്രമിക്കുകയാണ് നല്ലത്.

ഗോ-മേ— നിങ്ങൾ ഏതു കാട്ടിലാണ് ഇതുവരെ ഒളിച്ചിരുന്നത്? ഇന്ത്യയിലും ബൎമ്മയിലും ലങ്കയിലും ഞാനന്വേഷിക്കാത്ത സ്ഥലമുണ്ടൊ എന്നു സംശയമാണ്. കൊളമ്പിൽ നിന്നാണെന്നു തോന്നുന്നു, സംശയിക്കത്തക്ക ഒരു തെളിവു നിങ്ങളെപ്പററി കിട്ടിയത്. നിങ്ങൾ, അമ്മാമൻ മരിച്ച വിവരം എങ്ങിനെ അറിഞ്ഞു?

ഉക്ക— ഈ ടിക്കുകാരനായ ഗോപാലൻ നമ്പ്യാരാണ് പറഞ്ഞത്.

ഗോ-മേ— നമ്മുടെ പാലപ്പിള്ളി ഗോപാലൻ നമ്പ്യാരോ? അയാളെ കൊളമ്പിൽനിന്നു വന്നതിന്നുശേഷം പലതവണയും ഞാൻ കാണുകയുണ്ടായി. ഒരക്ഷരവും എന്നോടു പറഞ്ഞില്ലല്ലോ! അയാളെ ഇതാ ഇപ്പോൾത്തന്നെ പ്ലാററുഫാറത്തിൽ കണ്ടുവെന്നു തോന്നുന്നുവല്ലോ. അല്ലേ കല്യാണി!

കല്യാണി— ഇപ്പോൾത്തന്നെ ഇവിടെയുണ്ടായിരുന്നു. എങ്ങോട്ടാ ഒളിച്ചുകളഞ്ഞതാവോ?

ഗോ-മേ— അതിരിക്കട്ടെ. നിങ്ങൾ കാര്യം പറയു. എപ്പോളാണു സ്ഥലം ഒഴിഞ്ഞുതരേണ്ടത്?

ഉക്ക— അതു നമുക്കാലോചിക്കാമല്ലോ. എനിക്കു സ്വകാര്യമായി ഒന്നു പറയാനുണ്ട്. (എന്നു പറഞ്ഞു വേറെ ഒരിടത്തേക്കു മാറീട്ട്.) ഞാൻ ഇവിടെ ബന്ധുക്കളും പരിചയക്കാരും ഇല്ലാത്ത ഒരാളാണെന്നറിയാമല്ലോ. പുത്രനിവിശേഷമായ സ്നേഹത്തോടെ എനിക്കു വേണ്ടി എൻെറ സ്വത്തുക്കൾ നിങ്ങൾ ഭരിച്ചിട്ടുണ്ട്. എന്നെ ഒരു യഥാർത്ഥപുത്രനായി സ്വീകരിക്കുകകൂടി ചെയ്യുമെങ്കിൽ ഞാൻ അനുഗൃഹീതനായി. നിങ്ങൾക്കു അതിന്നു മടി തോന്നുന്ന പക്ഷവും കാമാക്ഷിക്കു തീരെ വിമുഖതയില്ലെന്നു വരുന്ന പക്ഷവും സ്വത്തുകൾ ഞാൻ ഏററുവാങ്ങാം. അല്ലെങ്കിൽ ഞാൻ എൻെറ സ്ഥലത്തേക്കു തന്നെ പോകുന്നു. നിങ്ങൾ തന്നെ എനിക്കുവേണ്ടി സ്ഥലവും സ്വത്തുക്കളും സംരക്ഷിച്ചാൽ മതി.

'ആകട്ടെ, നമുക്കു വണ്ടിയിൽ കേറുക. ഇനിയും സംസാരിപ്പാൻ സമയമുണ്ടല്ലോ'. എന്നു പറഞ്ഞു എല്ലാവരും കൂടി സ്റ്റേഷനിൽനിന്നു പുറത്തേക്കിറങ്ങി. അവിടെ ഒരു ടിക്കിൽ നമ്മുടെ ഗോപാലൻ നമ്പ്യാർ നില്ക്കുന്നുണ്ടായിരുന്നു.

ഉക്ക— എന്താ മിസ്റ്റർ നമ്പ്യാർ, നിങ്ങളൊരു കള്ളന്റെ മട്ടിൽ കളിക്കുന്നത്? ഞാൻ അന്ന് ആ പുഴവക്കത്തുണ്ടായതു നിങ്ങളുടെ ഭാഗ്യമല്ലേ?

ഗോ-ന— അതു ഞാനും സമ്മതിക്കുന്നു. എന്റെ വലിയ ഭാഗ്യം അതൊന്നുമല്ല. നിങ്ങൾ ഇവിടെ വന്നപ്പോൾ കല്യാണിക്കുട്ടി കോട്ടയിൽ ഇല്ലാതിരുന്നതാണ് എന്റെ വലിയ ഭാഗ്യം. അങ്ങിനെയായിരുന്നുവെങ്കിൽ—

ഉക്ക— ദിവ്യചക്ഷുസ്സുള്ള നിങ്ങൾക്കെന്താ പറഞ്ഞുകൂടാത്തത്? അനാവശ്യം പറഞ്ഞു സമയം കളയാതെ നിങ്ങൾ ആ 'മരവിലാസ'ത്തിൽ പോയി ആ എസ്റ്റേററു വിററ പണവും കൊണ്ട് വരുവിൻ! കല്യാണിയമ്മക്കു ദേശസഞ്ചാരത്തിന് ഒരവസരവും കിട്ടട്ടെ.

## 138-ാം നമ്പ്ര് ഏകാന്തം.

(ഒരു ചെറിയ കഥ.

കുട്ടപ്പണിക്കർ തിരുവയൽ ദേശത്തു താമസമാക്കീട്ടു കുറച്ചു മാസമായി. ചെമ്പുക്കാവു കളപ്പുരയും കൃഷിയും തിരുത്തിക്കോട്ടു നായരുടെ സഹായംകൊണ്ടാണ് എളുപ്പത്തിൽ ഇദ്ദേഹം വാങ്ങിട്ടുള്ളത്. ഒരു സ്ഥാനിയും ജന്മിയുമായ നായരുടെ സ്നേഹിതന്റെ നിലയിൽ പെരുമാറുമ്പോൾ തിരുവയൽ ദേശത്തുള്ള ഭേദപ്പെട്ട വീടുകളിൽ പ്രവേശം കിട്ടിയതിലും അവിടത്തെ നേതാക്കന്മാരുടെ ഇടയിൽ ഒരു സ്ഥാനം കിട്ടിയതിലും ആശ്ചര്യമില്ല. സിങ്കപ്പൂരിൽ അദ്ധ്യക്കെററു ജനറാളായ ബാരിസ്റ്റർ നമ്പ്യാരുടെ ശിപാർശിക്കത്തും പണിക്കർ കൊണ്ടുവന്നിട്ടുണ്ട്. തറവാട്ടുകാരേയും ബന്ധുക്കളേയും മററും തിരക്കി ചോദിച്ചറിയേണ്ടതായ ആവശ്യം പിന്നെ ആർക്കാണ്? ഞാൻ കുട്ടപ്പണിക്കരെ കണ്ടത് അധികാരി രാമന്മേനോന്റെ വീട്ടിൽ വെച്ചാണ്. അധികാരിയുടെ കുട്ടിയു

ടെ പിറന്നാൾസദ്യ ദിവസമാണ്. നായരും പണിക്കരും മാന്യസ്ഥാനത്തു സ്ഥലം പിടിച്ചിട്ടുണ്ട്. ഊണു തുടങ്ങിയപ്പോഴേ ഞാൽ എത്തിയുള്ളൂ. എനിക്കും വേഗം ഒരു സ്ഥാനവും ചോറും കിട്ടി. 'കുട്ടപ്പണിക്കരെ ഡാക്കടർ അറിയില്ലില്ലേ. ഇപ്പോൾ തിരുവയൽക്കാരനാണ്.' എന്നു നായർ പറഞ്ഞു. 'പരിചയമില്ല; ഏതെങ്കിലും സന്തോഷമായി. നാട്ടുകാർ തെണ്ടിനടന്നാൽ അവിടെ തെണ്ടികൾ വരാതെ കഴിയുമോ?' എന്ന് അധികം ആലോചിക്കാതെ ഞാൻ പറഞ്ഞുപോയി. 'എന്താ ഡാക്കരെ മിസ്റ്റർ പണിക്കർ തെണ്ടിയും മററുമല്ല' എന്നു ഉറക്കെ ചിരിച്ചുംകൊണ്ടു നായർ പറഞ്ഞു. ഉണ്ണാനിരുന്നവരൊക്കെ പൊട്ടിച്ചിരിച്ചു. 'ക്ഷമിക്കണെ ഞാൻ എന്റെ വീടുവിട്ടു പോയിട്ടു കുറെക്കാലമായി. ഇപ്പോൾ മാത്രമെ ദീൎഘകല്പന എടുത്ത് ഇവിടെ വന്നു ബന്ധുക്കളേയും സ്നേഹിതന്മാരേയും ഒക്കെ കാണ്മാൻ സൌകൎയ്യപ്പെട്ടുള്ളൂ.' എന്നു ഞാനും ശക്തിയില്ലാത്ത ഒരു സമാധാനം പറഞ്ഞു എന്റെ ദൃഷ്ടി പണിക്കരുടെ മുഖത്തായിരുന്നു. ഇദ്ദേഹത്തെ എവിടെയോ വെച്ചു ഞാൻ കണ്ടിട്ടുണ്ട്, നിശ്ചയം. ഈ വേഷത്തിലല്ല താനും. എന്റെ ഈ സംശയം ക്രമേണ വൎദ്ധിച്ചതേയുള്ളൂ. ഊണും കഴിഞ്ഞു കയ്യും കഴുകി കൂട്ടരൊക്കെ ഉമ്മറത്തിരുന്നു മുറുക്കുമ്പോൾ ഞാൻ, ദീനംപിടിച്ചുകിടക്കുന്ന അധികാരിയുടെ ഭാൎയ്യ ലക്ഷ്മി അമ്മയുടെ അടുക്കൽ പോയിരുന്ന് ഓരോ കാൎയ്യങ്ങൾ പറകയായിരുന്നു. ലക്ഷ്മി അമ്മയും ഞാനുമായി അകന്ന ഒരു ബന്ധമുണ്ട്. മാത്രമല്ല, ആയമ്മക്ക് എന്നെ കുറെ പത്ഥ്യമാണ്. ഞാൻ ഉദ്യോഗത്തിനായി സ്വദേശം വിട്ടു പോയിട്ടു പതിനഞ്ചോളം കൊല്ലമായി. ഇതിലിടക്ക് രണ്ടോ മൂന്നോ പ്രാവശ്യമേ ലക്ഷ്മി അമ്മയേ കാണ്മാൻ അവസരം കിട്ടീട്ടുള്ളൂ. മൂന്നുമാസത്തെ കല്പനയെടുത്തു സ്വദേശത്തുവന്നു താമസമാക്കീട്ട് അധികം ദിവസമായിട്ടില്ല. ലക്ഷ്മി അമ്മക്ക് ഒരു തലവേദനയും ക്ഷീണവുമാണ് ദീനം ഇ

ടക്കിടെ പനിക്കുകയും ചെയ്യും. അധികവും കിടപ്പിൽതന്നെ യാണ്. എന്റെ ചികിത്സകൊണ്ട് തലവേദനയ്ക്കും പനിയ്ക്കും അല്പാല്പം ആശ്വാസം കിട്ടിവന്നിരുന്നു. ലക്ഷ്മി അമ്മയെ ശുശ്രൂഷിക്കുന്നതു മകൾ മാധവി അമ്മയാണ്. 18 വയസ്സു പ്രായം. ഞാൻ വളരെ ചെറുപ്പത്തിൽ കണ്ടിട്ടുണ്ടോ എന്നു സംശയമാണ്. ഈ ചികിത്സ കാരണമായി ഞാനും മാധവി അമ്മയും ദിവസംപ്രതി അന്യോന്യം കാണാറുമുണ്ട്; സംസാരിക്കാറുമുണ്ട്. മുപ്പത്തിനാലു മുപ്പത്തഞ്ചു വയസ്സായ ഞാൻ ബ്രഹ്മചര്യത്തിൽത്തന്നെ കഴിച്ചുകൂട്ടുകയാണെങ്കിലും ഞങ്ങളുടെ പത്തിരുപതു ദിവസത്തെ സമ്പർക്കംകൊണ്ട് വിശേഷവിധിയായ ഒരു വികാരം എന്നിലൊ മാധവി അമ്മയിലൊ ഉണ്ടാക്കിട്ടുണ്ടെന്നു തോന്നീട്ടില്ല നിശ്ചയം. ലക്ഷ്മി അമ്മക്ക് സുഖമായാൽ കൊള്ളാമെന്നു ഞങ്ങൾ രണ്ടുപേർക്കും ആഗ്രഹമുണ്ടായിരുന്നു. ആ ഒരു അഭിപ്രായത്തിൽ ഞങ്ങൾ യോജിച്ചിരുന്നു. അധികാരിക്കു, സംബന്ധക്കാരനുണ്ടാവേണ്ടതായ ഒരു മകളാണ് മാധവി അമ്മയെന്ന ഒരു വിചാരംതന്നെ എന്റെ മനസ്സിൽ കടന്നിട്ടുണ്ടായിരുന്നില്ല.

'ബാലകൃഷ്ണമേനവനു ഗൃഹസ്ഥാശ്രമത്തോട് ഇത്ര വെറുപ്പവന്നതെങ്ങിനെയാണ്. ഇങ്ങിനെയൊന്നും ആയാൽ പോരാ' എന്നു ലക്ഷ്മി അമ്മ എന്നോടു മുമ്പ് ഒരു ദിവസം പറകയുണ്ടായി. മാധവി അമ്മ അപ്പോൾ അകത്ത് ഇല്ലെന്നായിരുന്നു ലക്ഷ്മി അമ്മ വിചാരിച്ചത്. ഈ സംഭാഷണവും എന്റെയും മാധവി അമ്മയുടെയും ദൃഷ്ടികൾ തമ്മിൽ കൂട്ടിമുട്ടിയതും രണ്ടുപേരും ലജ്ജിച്ച് അധോമുഖമായി നിന്നതും ഒപ്പം കഴിഞ്ഞു. 'സ്ത്രീകൾക്കു യൌവനം എന്നും നില്ക്കില്ലല്ലൊ. പുരുഷന്മാർക്ക് അങ്ങിനെയൊരു പ്രതിബന്ധമില്ല. അല്ലെ?' എന്നായി ലക്ഷ്മി അമ്മ. 'ഹെ! അതൊന്നുമല്ല' എന്നും പറഞ്ഞ് 'മാധവി അമ്മെ! നിങ്ങളാണ് രാത്രി മരുന്നു കൊടുക്കുന്നതെങ്കിൽ രാത്രി പാൽകഞ്ഞി കൊടുക്കുന്നതിന്നു

മുമ്പുതന്നെ ഈ കുപ്പിയിലെ മരുന്ന് അമ്മക്കു കൊടുക്കണെ!, എന്നു ഞാൻ പറഞ്ഞു. 'അല്ല. ഇവളെന്താ ഇതിനകത്തു കാണിക്കുന്നത്' എന്നായി ലക്ഷ്മി അമ്മ. ഞാൻ ഓരോ ഒഴികഴിവും പറഞ്ഞു വേഗം പുറത്തേയ്ക്കു പോന്നു. ഇങ്ങിനെ ഒരാഴ്ച കഴിഞ്ഞപ്പോഴാണ് പിന്നാൾ സംഭവം. ഞാൻ ലക്ഷ്മി അമ്മയുടെ സുഖസ്ഥിതി അന്വേഷിച്ച് പുറത്തുവന്നപ്പോഴേയ്ക്കും മററുള്ളവരൊക്കെ മടങ്ങിപ്പോയിരിക്കുന്നു. ഓരോ ചാരുകസേരമേൽ ഇരുന്നു ഞാനും അധികാരിയും ലക്ഷ്മി അമ്മയുടെ ദീനത്തിന്റെ സ്വഭാവത്തെപ്പററി ഓരോന്നു പറഞ്ഞു കൊണ്ടിരിക്കുന്നതിന്നു മദ്ധ്യേ—

അധികാരി—പണിക്കരുടെ പൂർവ്വചരിത്രവും തറവാട്ടുസ്ഥിതിയും ഒന്നും നിശ്ചയമില്ലെങ്കിലും ആകപ്പാടെ ആൾ തരക്കേടില്ലെന്നു തോന്നുന്നു. പെനാങ്ങിൽ പോയി കുറെക്കാലം താമസിച്ച നല്ല സമ്പാദ്യമുണ്ടായിട്ടുണ്ട്. ബാരിസ്റ്റർ നമ്പ്യാർശിപാർശിചെയ്യേണമെങ്കിൽ—എന്താതോന്നുന്നത്.

ഞാൻ—പണിക്കർ എനിക്കു കേവലം അപരിചിതനല്ല. എവിടെവെച്ചാണ് കണ്ടതെന്നു എത്ര ആലോചിച്ചിട്ടും ഓർമ്മവരുന്നില്ല. എന്താ പണിക്കരെപ്പററി ഇത്രയൊക്കെ അന്വേഷണം.—

അധികാരി—മാധവിയുടെ ഭാവിയെപ്പററി ആലോചിച്ചപ്പോൾ ഇത്രത്തോളം ആലോചിച്ചുവെന്നേയുള്ളൂ.

ഇത്ര പറഞ്ഞാൽപോരെ—ഈ ആലോചന എത്രത്തോളമായിട്ടുണ്ട്? എനിക്ക് ഈ സംഭാഷണം അനാവശ്യമായ ഒരു വേദന മനസ്സിലുണ്ടാക്കി. എന്താണെന്നു നിശ്ചയമില്ല. പണിക്കരും മാധവിയും ഭാര്യാഭർത്താക്കന്മാരായിക്കോട്ടെ അതുകൊണ്ട് എനിക്കെന്താ ചേതം? മാധവിയെ എനിക്കു വേണമെന്നു ഞാൻ ആരോടെങ്കിലും പറഞ്ഞിട്ടുണ്ടൊ—എന്റെ മനസ്സിൽതന്നെ അങ്ങിനെ ഒരു വിചാരം കടന്നുകൂടീട്ടുണ്ടൊ എന്നു എനിക്കുതന്നെ നല്ല നിശ്ചയം പോരാ.

അധികാരി—എന്താ ഡാക്കരെ! ഒന്നും മിണ്ടാത്തത്. കാര്യം മനസ്സിലായില്ലേ. കഴിയുന്നതും വേഗത്തിൽ ഈ കാര്യം നടത്തേണമെന്നാണ് പണിക്കരുടെ മോഹം.

ഞാൻ—കാര്യം തരക്കേടില്ല. ചെമ്പുക്കാവു കളപ്പുര അടക്കെയാണല്ലോ. മാധവി അമ്മയുടെ ഹിതം ഇതിന്നു യോജിച്ചല്ലേ വരാൻ തരമുള്ളു?

അധികാരി—അവരം സാധു. അവൾക്ക് ഇതിൽ എന്താണ് വിശേഷവിധിയായി ഒരു ഹിതമുള്ളത്? അവൾക്കും കാലം അതിക്രമിച്ചു. തരത്തിൽ വന്നാൽ വിടുന്നതും ദോഷമല്ലേ?

ഇതു കേട്ടപ്പോൾ സംസാരവിഷയം ഒന്നു മാററുവാൻ ഞാൻ തന്നെ ശ്രമിച്ചു. 'എന്നെ കോയമ്പത്തൂര ജെയിലിൽ നിന്നു രാജമഹേന്ദ്രിക്ക മാററിയിരിക്കുന്നു. കല്പനയുടെ അവസാനം അവിടെ ഉദ്യോഗത്തിൽ പ്രവേശിക്കേണമെന്നാണ് അറിയിപ്പു കിട്ടീട്ടുള്ളത്.' എന്നൊക്കെ ഓരോന്നു പറഞ്ഞു അധികം താമസിയാതെ യാത്ര പറഞ്ഞു പടിയിറങ്ങി, പലതരമായ ചിന്തകളോടുകൂടെ ഞാൻ സ്വഭവനത്തിലേക്കു മടങ്ങി. പണിക്കരെ മുമ്പ് എവിടെ വെച്ചാണ് ഞാൻ കണ്ടിട്ടുള്ളതെന്നു മനസ്സിരുത്തി ആലോചിച്ചു. എന്റെ ഉദ്യോഗപരിചയം മുഴവനും ജെയിലിലാണ്. കണ്ണൂർ സെൻട്രൽ ജെയിലിലെ ഒരു മുറിയെയാണ് എനിക്കു ഒന്നാമതു ഓൎമ്മയിൽ വന്നത്. 438-ാം നമ്പ്ര് ഏകാന്തം- കൃഷ്ണൻ നായർ— എന്ത്! ആഹ്ലാദകരം! ശിവ! ശിവ! അതു ഒരിക്കലുമല്ല. എന്താ എന്റെ തലച്ചോറിന്നു ചൂടു പിടിച്ചുവോ. എന്തെങ്കിലും കുറെ കഴിഞ്ഞപ്പോൾ സ്വപ്നമല്ല കാണുന്നതെന്നു ഞാൻ തീൎച്ചയാക്കി. ഈ കണ്ടുപിടുത്തം ആരെയൊക്കെയാണ് അറിയിക്കുക. സംശയിപ്പാനുണ്ടോ. അതു ആദ്യം കഴിയട്ടെ എന്നു വെച്ചു.

ശ്രീ

സ്വാത്മവിചാരം മാത്രമല്ല, മാധവി അമ്മയെ ഒരു കൊലപാതകൻെറ അധീനത്തിൽനിന്നു രക്ഷിക്കേണമെന്നു വെച്ചാണ് എഴുതുന്നത്. കുട്ടപ്പണിക്കരും ഞാനുമായുള്ള പരിചയം കണ്ണൂർ സെൻട്രൽ ജെയിലിൽ വെച്ചാണ്. കൊലക്കുററത്തിന്നു ജീവപര്യന്തം കിട്ടിയ തടവിൽനിന്നു ഓടി രക്ഷപ്രാപിച്ച പുള്ളിയാണ്. ഇത്ര പറഞ്ഞാൽ മതിയല്ലോ. കാര്യം തീർച്ചപ്പെടുത്തീട്ടില്ലെങ്കിൽ വേണ്ട വിധം ചെയ്യുമല്ലോ. ഈ കണ്ടുപിടുത്തം ഗോപ്യമായി വെക്കാഞ്ഞാൽ അമ്മയുടെ സുഖക്കേട വർദ്ധിക്കും. അച്ഛനെ സുഖക്കേട് പിടിക്കുകയും ചെയ്യും. ചുരുക്കപരിചയം കൊണ്ടു ഇത്രത്തോളം സ്വാതന്ത്ര്യം എടുത്തതിന്നു കാരണം ആദ്യം പറഞ്ഞിട്ടുണ്ടല്ലോ. സ്വാത്മം സാധിച്ചാൽ ഞാൻ കൃതാത്ഥനുമായി. എന്നു 'ബാലകൃഷ്ണൻ'

ഈ എഴുത്തു വെകുന്നേരം ലക്ഷ്മി അമ്മയുടെ അറയിൽ വെച്ച മാധവി അമ്മക്കു കൊടുപ്പാൻ സൌകര്യം കിട്ടി. പിറെറ ദിവസം താഴെ ചേക്കുന്ന മറുവടിയും കിട്ടി.

ശ്രീ

സ്വാത്മം പരന്മാരെ കുററപ്പെടുത്തിയാണൊ സാധിക്കേണ്ടതു? വഴി അത്ര നന്നായിട്ടില്ല. നോവലിൽ നായകൻെറ സ്ഥാനം കിട്ടേണ്ടതായിരുന്നുവെങ്കിൽ എഴുത്തിലെ വാചകം ഒന്നു മാററേണ്ടി വരില്ലെ. പാമ്പു കടിച്ചാൽ പാമ്പു തന്നെ വിഷത്തെ ഇറക്കുകയാണുത്തമം. അതിന്നു വഴിയുണ്ടെങ്കിൽ സ്വാത്മവും പരാത്മവും ഒക്കെ സാധിക്കാതെ വരുമൊ?

എന്നു മാധവി.

എന്താ—ഈ എഴുത്തിൻെറ അത്ഥം? സ്വാത്മവിചാരത്തോടെ ഞാൻ വല്ലതും പറഞ്ഞാൽ ആരാണു വിശ്വസിക്കുക എന്നല്ലെ. പണിക്കരെക്കൊണ്ടു തന്നെ അയാൾ ചെയ്തിട്ടു

ള്ള കാൎയ്യങ്ങളും സമ്മതിപ്പിക്കണം. എന്നാലെ ഗുണമുള്ളൂ. കാൎയ്യം ശരിയാണെന്നു മനസ്സുകൊണ്ടു ഞാനും സമ്മതിച്ചു.

ഞാൻ വൈകുന്നേരം അഞ്ചരമണിക്കു പണിക്കരുടെ ഭവനത്തിൽ എത്തി. എന്നെ കണ്ടപ്പോൾ പണിക്കൎക്ക് ഒരു പ്രകൃതമാററം വന്നുവെന്നു എനിക്കു തോന്നി.

പണിക്കർ—എന്താ ഡോക്ടർ വളരെ ദിവസമായികണ്ടിട്ട്. ഞാൻ ഒരു ഉപദ്രവിയായിട്ടുണ്ടെങ്കിൽ പറയണെ!

ഞാൻ— അതൊന്നും സാരമില്ല. കതിരൂർ കലക്ടേസ്സും, കണ്ണൂർ സെൻറ്റൽ ജെയിലും, അറിയുന്നാൾക്കു പൊറാക്കിൽ പോയാൽ വിസ്മൃതി വരുമോ? എന്നു നൊഞ്ഞിടറിക്കൊണ്ടു സവധാനത്തിൽ പറഞ്ഞു. പണിക്കർ ഇടിതട്ടിയ മരംപോലെ ഒരു കസേരമേൽ പെട്ടന്നു ചെന്നിരുന്നു ഉറക്കത്തിൽനടക്കുന്നവൻെറമാതിരി എന്നെ നോക്കിക്കൊണ്ടിരുന്നു.

ഞാൻ—കൃഷ്ണൻ നായരെ! ഞാൻനിങ്ങളെ ഭീഷണിപ്പെടുത്തി കാൎയ്യം നേടാൻ വന്നിരിക്കയല്ല. നടന്നേടത്തോളം സംഭവങ്ങളിൽ പങ്കു കൊണ്ടിട്ടുള്ളവൎക്കാൎക്കും ഒരു ദോഷവും തട്ടാത്ത വിധത്തിൽ എന്തെങ്കിലും ഒരു വിദ്യ നിങ്ങൾ തന്നെ കണ്ടുപിടിക്കണം. എനിക്കു നിങ്ങളെ ഉപദ്രവിക്കേണമെന്ന് അശേഷം മോഹമില്ല. ഇത്ര പറഞ്ഞാൽ മതിയല്ലൊ. വളരെ സാധുക്കളായവരുടെ ഹൃദയം പിളൎക്കരുതെ.

എന്നും പറഞ്ഞു ഞാൻ അവിടെ നിന്നു പുറത്തേക്കു പോന്നു. പണിക്കർ എന്നെ പിന്തുടരുമൊ? എന്നായിരുന്നു എൻെറഭയം. അതുണ്ടായില്ല. പിറെറ ദിവസം കാലത്ത് എട്ടുമണിസമയത്തു വാടിവിളൎത്ത മുഖത്തോടു കൂടി അധികാരി എൻെറ വീട്ടിൽ കയറി വന്നു. ഒരു ദീൎഘശ്വാസവും വിട്ട് അവിടെ ഇരുന്ന് ഒരു കത്തു എൻെറ കയ്യിൽ തന്നു. ആ കത്ത് ഇപ്രകാരമായിരുന്നു.

ശ്രീ

ഞാൻ ഒരു മഹാപാപിയാണ്. പണമുണ്ടായാൽ സ

വ്യസുഖവും എനിക്കുണ്ടാകുമെന്നു വെച്ച് കാരണവരെ കൂടി കൊല്ലുവാൻ ഞാൻ മടിച്ചിട്ടില്ല. എനിക്കു ധനവും വേണ്ടേട ത്തോളമുണ്ടായി. അതുകൊണ്ടും എനിക്കു സുഖം കിട്ടുന്നില്ല. ഞാൻ ഹിമവാങ്കൽ പോയി ഈശ്വരാപ്പണമായ കാൎയ്യങ്ങൾ മാത്രം ചെയ്തു ജീവനെ കളയുവാനാണു തീച്ചപ്പെടുത്തിയത്. നമ്മുടെ ഡോക്കടർ ബാലകൃഷ്ണമേനോൻ മാധവി അമ്മ യിൽ അനുരാഗമുള്ളാളാണ്. അദ്ദേഹം സൽസ്വഭാവിയുമാ ണ്. എന്റെ മുതലിന്നൊക്കെ ഡാക്കടരെ അവകാശിയാക്കി ലക്ഷ്യം എഴുതിവെച്ചിട്ടുണ്ട്. തദ്വാരാ മാധവി അമ്മയും സു ഖമായിരിക്കട്ടെ. ഞാൻ സ്വാത്ഥ വിചാരംകൊണ്ട് ചെയ്തു പോയ തെറ്റുകൾ ക്ഷമിപ്പാനാപേക്ഷ. വിവരത്തിന്നു നായ ക്കും എഴുതുന്നുണ്ട്.

എന്നു കുട്ടപ്പണിക്കർ.

ഞാൻ ഈ എഴുത്തു രണ്ടുമൂന്നു പരിവൃത്തി വായിച്ചു. പണിക്കർ ദോഷവാനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ചില നല്ല സ്ഥാനങ്ങൾ ഉണ്ടെന്നു ഈ കത്തു കൊണ്ടു തെളിഞ്ഞു. ഇതിന്റെയൊക്കെ അത്ഥം മനസ്സിലാ കാതെ അധികാരി അങ്ങോർ നന്നെ പരിഭ്രമിച്ചു. എനിക്കും തൽക്കാലം സഹിക്ക വയ്യാത്ത ഒരു വ്യസനമാണുണ്ടായത്. കണ്ണിൽ വെള്ളം നിറഞ്ഞു സ്തംഭിച്ചു നില്പായി.

അധികാരി— എന്താ ബാലകൃഷ്ണമേനോൻ ഒന്നും പറയാത്ത ത്. നിങ്ങൾ പണിക്കരുമായി ഇത്രത്തോളം ബന്ധമുണ്ടെ ന്ന് എന്നോടു മുമ്പു പറഞ്ഞില്ലല്ലൊ. ഇതിന്റെയൊക്കെ അത്ഥമെന്താണ്.?

ഞാൻ — അങ്ങിനെയൊരു ബന്ധമൊന്നുമില്ല. ഇപ്രകാര മൊക്കെ വന്നുചേരുമെന്ന് ഇന്നലെ വൈകുന്നേരം വരെ സംശയിപ്പാനും കൂടി എനിക്കു വഴിയുണ്ടായിരുന്നില്ല. ദൈവത്തിന്റെ അഭിമതം ആക്കു തടുക്കാം.

പണിക്കർ ഉള്ള മുതലെല്ലാം എന്റെ പേരിൽ ഒസ്യത്തെ

ഴുതി തലേന്ന രാത്രിയിൽ തന്നെ തിരുപ്പാണ്ടിയിൽ പോയി കാശിക്കു തീവണ്ടി കയറിയ കഥ തിരുവാലിയിൽ പരന്നു. പണിക്കരുടെ മുതലിൽ നിന്നുള്ള ആദായമൊക്കെ ഓരോ ധർമ്മങ്ങൾക്കായി ഞാൻ നിശ്ചയിച്ചു. മാധവി അമ്മക്കും— ഇപ്പോൾ എൻെറ മാധവിക്കും–ആനിശ്ചയം നന്നെ രസിച്ചു. സ്വാൎത്ഥിയാണു ഞാൻ എന്നു മാധവി ഇടക്കിടെ പറയും. മാധവിക്കുവേണ്ടി സ്വാൎത്ഥിയായാൽ അത്ര ദോഷമില്ലെന്നും അഥവാ അതു ഒരു ദോഷമാണെങ്കിൽത്തന്നെ കൊലപാതകത്തേക്കാൾ ഭേദമാണെന്നും ഞാനും പറയും. പണിക്കരെപ്പററി ഇതുവരെ ഒരു വിവരവുമില്ല. പണിക്കൎക്കു മോക്ഷം കിട്ടാതെ ഇരിക്കുമൊ?

---

# യോഗീശ്വരശാപവും

## അതിൻെറ ഫലവും.

---

### I

വിശാലമായ ഒരു മാവിൻതോട്ടത്തിൻെറ അതിശീതളമായ തണലിലായിരുന്നു ഡിസ്ത്രിക്ട് പോല്ലിസ്സ സൂപ്രേണ്ടു ക്രീട്ടൻസായ്വിൻെറ സക്കീട്ടുക്കൂടാരം കെട്ടിയിരുന്നത്. പടൎന്നു പിടിച്ച വലിയ വൃക്ഷങ്ങൾക്കിടയിൽ കെട്ടിയിരുന്ന ഈ കൂടാരത്തിൽ വെളിച്ചം മങ്ങിക്കൊണ്ടിരുന്നുവെങ്കിലും ഇലകളുടെ ഇടയിലുള്ള ഒഴിവുകളിൽ കൂടി സ്വൎണ്ണപ്രഭയോടുകൂടിയ സൂൎയ്യരശ്മികൾ അവിടവിടെ ഭൂമിയിൽ പതിഞ്ഞു കാണുമാറുണ്ടായിരുന്നതുകൊണ്ട് ആകപ്പാടെ ഒരു നല്ല കാഴ്ചയായിരുന്നു. യാതൊരു ക്രമവുമില്ലാതെ തെക്കുവടക്കായി കെട്ടിവിട്ടിരുന്ന ഈ കൂടാരത്തെ അല്പം ദൂരേ നിന്നു നോക്കിയാൽ നീലനിറത്തോടുകൂടി ഇളക്കമില്ലാത്ത കടലിൽ ചലിയ്ക്കുന്ന പായ

കപ്പലുകളാണെന്നു തോന്നിപ്പോകുമായിരുന്നു. ഈ മാവിൻ തോട്ടത്തിന്ന് അല്പം താണ നിരപ്പിൽ വലത്തുവശത്തായിട്ടാണ് ആ ഗ്രാമക്കാരുടെ ഭവനങ്ങൾ കിടക്കുന്നത്. ഈ ഭവനങ്ങളുടെ മദ്ധ്യത്തിൽ കൂടിത്തന്നെയാണ് സക്കാർ നിരത്തും വെട്ടീട്ടുള്ളത്.

കൂടാരത്തിന്റെ ഒരു വശത്തു ബട്ട്ലരുടെ വെപ്പുമുറിയായി കെട്ടിയ കൂടാരത്തിൽ നിന്നു പുക ധാരാളം മേല്പോട്ടു പൊങ്ങിവരുന്നുണ്ട്. വെപ്പുകാരും മററു ദാസന്മാരുമൊക്കെ അവിടെ വളരെ ജാഗ്രതയോടെ പല പ്രവൃത്തികളും നടത്തിവരുന്നുണ്ട്. രാവിലെ സ്ഥലം പരിശോധനയ്ക്കായി പുറത്തു പോകുമ്പോൾ വേഗം ഭക്ഷണം തെയ്യാറാക്കേണമെന്നു "ദൊര" പ്രത്യേകം പറഞ്ഞിട്ടില്ലേ? പോരെങ്കിൽ ദൊര മടങ്ങിവരുന്നുണ്ടെന്ന് ഊഹിയ്ക്കത്തക്കവണ്ണം അല്പം ദൂരെ വെച്ച ചില ലക്ഷണങ്ങൾ കണ്ടതായി കൺസ്റ്റേബൾ പെരുമാൾ പറഞ്ഞിട്ടില്ലേ? ഇതിന്നും പുറമെ ഭക്ഷണസാധനങ്ങൾ കട്ടുതിന്മാൻ തരംനോക്കിക്കൊണ്ടിരിയ്ക്കുന്ന കുറെ കള്ളക്കാക്കകൾ മരക്കൊമ്പുകളിൽ അവിടെയും ഇവിടെയും പതുങ്ങിക്കൂടീട്ടുള്ളതുകൊണ്ട് എപ്പോഴും ജാഗ്രതയായിത്തന്നെ ഇരിയ്ക്കേണ്ടതല്ലേ? ബട്ട്ലരുടെ ഡിപ്പാർട്ടുമെണ്ടിൽ തിരക്കുണ്ടാക്കിത്തീപ്പാൻ ഇതിലധികം സംഗതികൾ എന്താണ് വേണ്ടത്?

"ദൊര തനിച്ചല്ല വരുന്നത്. ഒരു സ്നേഹിതനും ദൊരയുടെ കൂടെയുണ്ടെന്നു തോന്നുന്നു." എന്നും പറഞ്ഞു ബട്ട്ലർ കൂടാരത്തിലേക്കു ഓടി മേശയും കസേരയും ഒക്കെ ശരിപ്പെടുത്തിത്തുടങ്ങി.

"സ്നേഹിതൻ ഊണുകഴിച്ചേ പോകുന്ന മട്ടുള്ളു." എന്നായിരുന്നു ബട്ട്ലരുടെ പിന്നത്തെ അഭിപ്രായം. വെപ്പുകാരൻ ഇതു കേട്ടു വളരെ ഗൌരവത്തോടെ ശിരഃകമ്പം ചെയ്ത് കറിക്കത്തികൊണ്ടു തവയൊന്നു ചൊറിഞ്ഞു വീണ്ടും മാംസം മുറിച്ചു തുടങ്ങി.

"ഹാ! എന്ത് ചൂട്! കുറെ അയിസ്സ കുടിപ്പാൻ കിട്ടുന്നതായാൽ ഒരു മാസത്തെ മാസ്സപ്പടി മുഴുവൻ പ്രതിഫലം കൊടുക്കുന്നതിൽ എനിയ്ക്കു സങ്കടമില്ല. എടൊ! ആരാണവിടെ! ബോയി! വിസ്ക്കിയും, സോഡയും, അയിസ്സും വേഗം കൊണ്ടുവരു" എന്നു പറഞ്ഞുംകൊണ്ടാണ് സുപ്രഡെണ്ടു ക്രീട്ടൻ ദൊരയും ഇഞ്ചിനിയർ ജോർഡൻ ദൊരയും കൂടാരത്തിനുള്ളിലേയ്ക്കു കടന്നത്. "സാർ" എന്നും പറഞ്ഞ് ബട്ട്ലർ ഒരു ഭാഗത്തേയ്ക്ക് ഓടി. ദൊരമാർ രണ്ടുപേരും ഒരോ കസേരമേൽ ഇരിപ്പായി.

"നിങ്ങൾ പറഞ്ഞതു ശരിയാണ്. ആ കൊലക്കേസ്സിലെ തെളിവിൻെറ പ്രത്യക്ഷഫലം വളരെ ആശ്ചര്യമായിട്ടാണ് തോന്നുന്നത്. ശരിതന്നെ! പ്രത്യക്ഷഫലത്തെപ്പററി പറയുമ്പോഴാണ് വേറെ ഇതുപോലെയുണ്ടായ ഒരു അനുഭവം എനിയ്ക്ക് ഓർമ്മ വരുന്നത്. ഹാ! ആ സംഭവം മൂന്നുകൊല്ലം മുമ്പ് ഇവിടെ വെച്ചുതന്നെയാണ് നടന്നത്. അതെ. ഇവിടെ വെച്ചുതന്നെ. ഇതു വല്ലാത്ത ഒരു പ്രത്യക്ഷഫലം തന്നെയാണ്." ഇത്രയും പറഞ്ഞു പൊല്ലീസ്സ് സൂപ്രഡേണ്ട് വളരെ നേരം കസേരമേൽ നിശ്ചേഷ്ടനായി മലൎന്നു കിടന്നു. കുറച്ചു കഴിഞ്ഞതിന്നു ശേഷം സാമാന്യം വിളറിയ മുഖത്തോടുകൂടി അടുക്കെ മേശപ്പുറത്തുണ്ടായിരുന്ന പെട്ടിയിൽ നിന്നു ഒരു ചുരുട്ടെടുത്ത് "മിസ്റ്റർ ജോർഡൻ, നിങ്ങൾ ആ ചെറുപ്പക്കാരൻ കാർട്ടരെ അറിയില്ലെന്നുണ്ടോ?" എന്നു ചോദിച്ചു.

ജോർഡൻ:— ഏതു കാർട്ടർ? ഒരു കൊല്ലം മുമ്പു കാശ്മീരത്തിൽ നായാട്ടിന്നു പോയ ദിക്കിൽ വെച്ചു മരിച്ച വിഡ്ഢാനേയോ? ഓ! ഹൊ! അറിയും. അയാളുടെ മരണവൎത്തമാനം വളരെ താമസിച്ചാണ് ഞാൻ അറിഞ്ഞതെങ്കിലും വിവരം അറിഞ്ഞപ്പോൾ നന്നെ വ്യസനിച്ചു.

ക്രീട്ടൻ—കഷ്ടം! ആൎക്കാണ് വ്യസനം തോന്നാതിരിയ്ക്കുക.

ജോർഡൻ— പ്രത്യക്ഷഫലം എന്നു പറഞ്ഞത് എന്തിനെ സൂചിപ്പിച്ചാണെന്നറിഞ്ഞില്ല.

ക്രീട്ടൻ:—ഓ എന്റെ മറവി! അതു സാമാന്യം വലുതായ ഒരു കഥയാണ്. ആശ്ചര്യമായ ഒരു സംഭവമാണ്! ഞാൻ ഇന്ന് ഇവിടേക്കു തന്നെ സക്കീറു വന്നതിന്റെ അർത്ഥം നോക്ക! അതൊക്കെ ഇരിക്കട്ടെ. ഞാൻ മുമ്പു കഴിഞ്ഞ ആ സംഭവം പറയാം.

മൂന്നു കൊല്ലം മുമ്പു മരിച്ച കാട്ടനും ഞാനും, കൊച്ചിയിൽ ഒരു കച്ചവടക്കാരനായ ജർവിസ്സ് എന്നാളും കൂടി ഈ ദിക്കിലേക്കു നായാട്ടിനു പുറപ്പെട്ടു. മേല്പറഞ്ഞ രണ്ടുപേരും എന്റെ പരിചയക്കാരായിരുന്നുവെന്ന് അറിയാമല്ലോ. ഞങ്ങളുടെ കൂടാരവും സാമാനങ്ങളും ഒക്കെക്കൂടി ഇങ്ങോട്ട് അയച്ചിരുന്നു. ഈ പ്രദേശത്തു തന്നെയായിരുന്നു ഞങ്ങൾ തമ്പടിച്ചുകൂടിയത്. നാം ഇങ്ങോട്ടു വരുമ്പോൾ വലത്തുവശം ഒരു കുളം കണ്ടില്ലേ? ആ കുളത്തിന്റെ അരികെ ഒരു ഉയൎന്ന വിസ്താരമായ മണൽത്തിട്ട കാണാം. അതിന്മേൽ മുമ്പ് ഒരു ക്ഷേത്രം ഉണ്ടായിരുന്നുവെന്നു തെളിയിപ്പാൻ ചിത്രപ്പണികളോടുകൂടിയ കരിങ്കൽ കഷണങ്ങൾ അവിടവിടെ ഇപ്പോഴും കണ്മാനുണ്ട്.

ജോർഡൻ:—ശരി. ഞാനും അതു കണ്ടു

ക്രീട്ടൻ:—അതെ. ആ ക്ഷേത്രപ്പറമ്പിൽ തന്നെയാണ് കഴിഞ്ഞ തവണ ഞങ്ങൾ തമ്പടിച്ചുകൂടിയിരുന്നത്. ഞങ്ങൾ ഗ്രാമാധികാരിയെ വരുത്തി കൂലിക്കാരേയും കൂട്ടി നായാട്ടിന്നു പുറപ്പെടാറായപ്പോഴാണ് ഞാൻ പറവാൻ പോകുന്ന സംഭവം ഉണ്ടായത്. വളരെ മെലിഞ്ഞു നീണ്ടു വയസ്സായ ഒരു യോഗി കൂലിക്കാരുടെ ഇടയിൽക്കൂടി ഞങ്ങളുടെ. മുമ്പിൽ കടന്നു വന്നു. ഈ യോഗി ശരീരം ആസകലം ഭസ്മം പൂശി കാവിവസ്ത്രം ഉടുത്തിട്ടുണ്ട്. കയ്യിൽ ഒരു ദണ്ഡും ഉണ്ടായിരുന്നു. ഇതിലൊക്കെ വിശേഷം അയാളുടെ ജടയായിരുന്നു. ററാ! കയറുപോലെ പിരിച്ചു, വലു

തായ ഇഴകളാക്കി ഞെരിയാണി വരെ നീണ്ടുകിടക്കുന്ന ആ ജട! ഈ യോഗി വളരെ വിശിഷ്ടനായിരുന്നുവെന്നതിന്നു സംശയമില്ല. ഇദ്ദേഹം ഞങ്ങളുടെ അടുക്കെ വന്നു പുശിയ ഭസ്മത്തിൻെറ ഉള്ളിൽക്കൂടി കോപതാമ്രാക്ഷനായി എൻെറ നേരേ അസ്ത്രം പോലെ ഒരു നോട്ടം വിട്ടു. യോഗിയെ കണ്ട മാത്രയിൽ തന്നെ ഗ്രാമാധികാരിയും കൂലിക്കാരും ഒക്കെ ഒളിച്ചോടിക്കളഞ്ഞു. അവരെയൊന്നും പിന്നെ ഞാൻ അന്നു കണ്ടിട്ടില്ല. യോഗി വളരെ ദേഷ്യത്തോടെ എന്നെ നോക്കിയതിന്നു ശേഷം:

"അങ്ങുന്ന് ഈ സ്ഥലത്തു കൂടാരം കെട്ടി താമസമാക്കിയതു നന്നായില്ല. ആയത് ഇവിടെ നിന്നു പൊളിച്ചു നീക്കം ചെയ്യേണമെന്ന് അപേക്ഷിപ്പാനാണ് ഞാൻ തന്നെ വന്നത്. ഈ സ്ഥലം ഒരു പുണ്യഭൂമിയാണ്. മാംസഭക്ഷകരും മ്ലേച്ഛന്മാരുമായ ഇവിടത്തെ ദാസന്മാര് ഈ സ്ഥലം അശുദ്ധമാക്കിക്കഴിഞ്ഞിരിക്കുന്നു. ഇതു വളരെ പുരാതനമായിത്തന്നെ ഹനുമാൻെറ പുണ്യക്ഷേത്രസ്ഥലമാണ്. ഈ സ്ഥലം മറ്റൊരാളുടെ വാസസ്ഥലമാകേണ്ടതല്ല. മനുഷ്യർക്ക് കണക്കാക്കാൻ കഴിയുന്നതായ കാലങ്ങൾക്ക് എത്രയോ മുമ്പുതന്നെ ഇത് ഒരു പുണ്യക്ഷേത്രമായിരുന്നു. നിങ്ങളുടെ ദാസന്മാരെ ഈ വിവരമൊക്കെ മുമ്പുതന്നെ പറഞ്ഞു മനസ്സിലാക്കിയിരുന്നു. അതിന്നു പകരം അവർ എന്നെ പരിഹസിച്ചു ശകാരിക്കുകയാണ് ചെയ്തത്. ഈ നീചന്മാര്! ഈ ചണ്ഡാളന്മാര്! ഈ രാക്ഷസന്മാര്!"

എന്നൊക്കെ അവിടെ ഒരു ദിക്കിൽ വട്ടം കൂടിയിരുന്ന എൻെറ ദാസന്മാരെ യോഗി അധിക്ഷേപിച്ചുപറഞ്ഞ് അവരുടെ മുഖത്തേക്കു അതിരൂക്ഷമായി നോക്കി.

എത്രതന്നെ ശ്രേഷ്ഠനായ ഒരു യോഗിയാണെങ്കിൽ കൂടി (ഒരു കറുത്ത മനുഷ്യൻ) ഒരു സായ്പിൻെറ മുമ്പിൽ വെച്ചു മനഃപൂർവ്വമായി ഇപ്രകാരം അവമാനിക്കുന്നത് കാണുമ്പോൾ

ക്ഷമയോടെ കണ്ടു നില്ക്കുക എന്നതു അസംഭവമല്ലേ. എ നിക്കു സാമാന്യത്തിലധികം ദ്വേഷ്യമാണ് വന്നത്. ഈ വൃ ദ്ധനായ ഭ്രാന്തൻ യോഗിയെ പിടിച്ചു പുറത്തു തള്ളാനും അ യാളെ ഒരിക്കലും ഞങ്ങളുടെ മമ്പിൽ കടത്തിവിടാതിരിപ്പാ നും ഒരു കൺസ്റ്റേബളോടു ഞാൻ ആജ്ഞാപിച്ചു. കൺ സ്റ്റേബൾ പിടിച്ചു തള്ളാൻ ചെന്നപ്പോൾ ആ വിദ്വാനൊ ദണ്ഡംകൊണ്ടു തട്ടിയകററി ഞങ്ങൾ മൂന്നു പേരുടേയും നേ രെ തിരിഞ്ഞു. ആ യോഗി ഞങ്ങളെ ഒട്ടധികം ശകാരിക്കു യും ഞങ്ങൾ മൂന്നു പേരും മൂന്നു കൊല്ലത്തിനകം മരിക്കുമെ ന്നു ശപിക്കുകയും ചെയ്തു. യോഗിയുടെ ഈ ധിക്കാരം സ്നേഹി തൻ കർട്ടുക്ക് അത്ര പിടിച്ചില്ല. അയാൾ സഹിക്കാൻ കഴി യാത്ത കോപത്തോടെ ആ വൃദ്ധനായ യോഗിയുടെ തലക്കു ഒരു അടി കൊടുക്കയും യോഗി അടി കൊണ്ടു കമിഴ്ന്നു വീ ണ് ഉരുളുകയും ചെയ്തു.

"ആ പ്രദേശക്കാരുടെ ഭയഭക്തിബഹുമാനഭാജനമാ യ യോഗിയെ അടിച്ചതു വളരെ അവിവേകമായിപ്പോയെ ന്നു എനിക്കു അപ്പോൾ തന്നെ തോന്നി. ഇതുകാരണമായി ആ ഗ്രാമക്കാരുടെ ഇടയിൽ എന്തൊക്കെ ക്ഷോഭങ്ങളാണ് ഉണ്ടാക്കിത്തീക്കുക എന്നു ഞാൻ നന്നെ ഭയപ്പെട്ടു. എന്റെ ഈ വക ആലോചനകൾക്കിടയിൽ യോഗി തപ്പിപ്പിടഞ്ഞ് എഴുനീററ് "എന്നാൽ ഒന്നാമത് അന്തകൻ നിന്നെയാണു കൊണ്ടുപോകുക". എന്നു കാട്ടരെ ചൂണ്ടി പറകയും, പി ന്നെയും എന്തൊക്കെയൊ പിറുപിറുത്തുംകൊണ്ടു അവിടെനി ന്നു പോകയും ചെയ്തു.

ക്രീട്ടൻസായ്പ് ഇത്രയും പറഞ്ഞു ചുരുട്ടു കത്തിച്ചു വലി പ്പാനും തുടങ്ങി.

ജോർഡൻ:—ഇതു കൊണ്ടായില്ല. കഥ മുഴുവനും പറഞ്ഞു അവസാനിപ്പിക്കുക തന്നെ.

ക്രീട്ടൻ:—ഇവിടെ വെച്ചു വിശേഷവിധിയൊന്നും പിന്നെയു

ണ്ടായില്ല. ഞാൻ സക്കീറു കഴിഞ്ഞു കോയമ്പത്തൂരേയ്ക്കു മടങ്ങിപ്പോയി. മേപ്പടി സംഭവം കഴിഞ്ഞു ശരിയ്ക്കു ഒരു കൊല്ലം കഴിയുന്ന ദിവസം കാട്ടർ മരിച്ച വത്തമാനം എനിയ്ക്കു കിട്ടി.

ജോർഡൻ:— ഈ മരണം യോഗിയുടെ ശാപഫലമാണെന്നു നിങ്ങൾ വിശ്വസിയ്ക്കുന്നുണ്ടോ?

ക്രീട്ടൻ:— സാധാരണപോലെ ഒരു സംഭവമായിരുന്നുവെങ്കിൽ ഈ വക ദുശ്ശങ്കയൊന്നും എനിക്കുണ്ടാകയില്ലായിരുന്നു. യോഗി ശപിച്ച ദിവസത്തിൻെറ ആണ്ടുപിറപ്പു ദിവസം മരിച്ചത് ആലോചിച്ചാൽ— ആയത് അല്പം ആലോചിക്കേണ്ടതായ ഒരു കാര്യമല്ലെ?

ജോർഡൻ:— ഈ സംഭവം അസാധാരണമായെന്നാണെന്നു ഞാനും സമ്മതിക്കാം. പക്ഷെ അങ്ങിനെ യാദൃച്ഛികമായുണ്ടായിക്കൂടെന്നില്ല.

ക്രീട്ടൻ:—അതങ്ങിനെ ഇരിയ്ക്കട്ടെ. കാട്ടൻ മരിച്ച് ഒരു കൊല്ലം കഴിയുന്ന ദിവസം ജർവിസ്സ കൊച്ചിക്കായലിൽ മുങ്ങിച്ചത്തതെന്തൊ? കഷ്ടം! ആ സാധുവിൻെറ ശവശരീരം കൂടി കിട്ടിയില്ലത്രെ. മുതല പിടിച്ചു തിന്നിട്ടുണ്ടായിരിയ്ക്കണം.''—എന്നു പറഞ്ഞു കഴിഞ്ഞപ്പോൾ ക്രീട്ടൻെറ വിളറിയ മുഖത്തുനിന്നു വിയർപ്പു ധാരയായി കഴക്കിത്തുടങ്ങിയിരിയ്ക്കുന്നു.

''ഇനി ഞാൻ മാത്രമാണ് ആ ശാപം കിട്ടിയവരിൽ ജീവനോടെയുള്ളത്. ആ ഞാൻ ഇതാ ആ ശാപത്തിൻെറ മൂന്നാമത്തെ ആണ്ടുദിവസം യാദൃച്ഛികമായി ഇവിടെത്തന്നെ എത്തിച്ചേൎന്നിരിക്കുന്നു. ആ സാദൃശ്യം നോക്കൂ'' എന്നും പറഞ്ഞു ക്രീട്ടൻസായ്പ് ഒരു ദീൎഘശ്വാസം വിട്ടു.

ജോർഡൻ:— ഛെ! നിങ്ങൾ ഇത്ര ഭീരുവാണൊ? ഇപ്രകാരം നിസ്സാരങ്ങളായ ഓരോ സംഭവങ്ങൾ വിചാരിച്ചു മനസ്സു പുണ്ണാക്കിയാൽ നിങ്ങൾക്കു പനി പിടിക്കും. കൊച്ചിക്കാ

യലിൽ എത്രപേർ മുങ്ങിച്ചത്തിട്ടുണ്ട്? നിങ്ങളുടെ ജാർവിസ്സ് മാത്രമാണൊ അവിടെ മുങ്ങിച്ചത്തിട്ടുള്ളത്?

ക്രീട്ടൻ:—വാസ്തവത്തിൽ എനിയ്ക്കു മനസ്സിന്നു നല്ല സുഖമില്ല. ഇതൊന്നും പോരെങ്കിൽ ഇപ്പോൾ ഞാൻ അന്വേഷണം ചെയ്യാൻ വന്നിട്ടുള്ള കുട്ടായ്മക്കവച്ച്കോസ്സും എന്നെ വല്ലാതെ കുഴക്കീട്ടുണ്ട്. സ്നേഹിതാ! നിങ്ങൾ ഉന്ന മടങ്ങിപ്പോകേണ്ട. നമുക്ക ഇന്ന ഇവിടെ കൂടാം.

ജോർഡൻസായ്പ് ഇതൊക്കെ കേട്ട് സ്നേഹിതനെ ആപാദചൂഡം ഒന്ന നോക്കി. ഭയംകൊണ്ടൊ, യഥാൎത്ഥത്തിൽ മററു വല്ല രോഗം കൊണ്ടൊ എന്തൊ എന്നറിഞ്ഞില്ല ക്രീട്ടൻസായ്വു വല്ലാതെ ക്ഷീണിച്ച പരവശനായിട്ടുണ്ടെന്നും അയാളുടെ മനോഗതി നല്ല പന്തിയിലല്ലയെന്നും ജോർഡൻ സായ്വു മനസ്സിലാക്കി.

ജോർഡൻ:—നിങ്ങളുടെ സല്ക്കാരം സ്വീകരിക്കുന്നതിന്ന യാതൊരു വിരോധവുമില്ല. നേരെ മറിച്ച്, നിങ്ങൾക്ക എന്റെ താമസം സന്തോഷവും ഉപകാരവുമായിത്തീരുമെങ്കിൽ എനിയ്ക്കും അതു വളരെ സന്തോഷമാണ്. പക്ഷെ ഞാൻ ഇന്ന മടങ്ങി വരുന്നതല്ലെന്ന എന്റെ ഭാൎയ്യസീയരെ മുൻകൂട്ടി അറിയിപ്പാൻ ഒരാളെ അയയ്ക്കണം. എന്നാൽ മതി.

III

അന്നത്തെ ദിവസം സന്ധ്യ കഴിഞ്ഞതിന്ന ശേഷം രണ്ടു സായ്വന്മാരും കൂടി കൂടാരത്തിന്ന പുറത്തിരുന്ന ചായ കുടിച്ച ഓരോന്ന സംസാരിച്ചുംകൊണ്ടിരിയ്ക്കയായിരുന്നു. ഉച്ചക്കുണ്ടായിരുന്ന അസഹനീയമായ സൂൎയ്യരശ്മി വായുമണ്ഡലം മുഴുവനും ചുട്ടുപഴുപ്പിച്ചിരുന്നു. കാററിന്റെ യാതൊരു ലക്ഷണവും കാണ്മാനില്ലായിരുന്നു.

ജോർഡൻ:—ഇന്ന രാത്രി ഇടിയും കൊടുങ്കാററും മഴയും ഒക്കെയുണ്ടാകുന്ന മട്ടൊക്കെ കാണ്മാനുണ്ട്. എന്താ നിങ്ങളുടെ അഭിപ്രായം?

ക്രീട്ടൻ:— ശരിയാണ്. ഈ ചൂടിന്റെ ശക്തിയെ ആലോചിക്കുമ്പോഴാണ് നമ്മുടെ പ്രിയപ്പെട്ട സ്വരാജ്യമായ ഇംഗ്ലണ്ട് ഓർമ്മയിൽ വരുന്നത്. ദൈവം എത്തിച്ചാൽ വരുംകൊല്ലം ഈ കാലത്തു ഞാൻ കല്പനയെടുത്തു ഇംഗ്ലാണ്ടിൽ പോയി താമസിച്ചു സുഖിച്ചുകൊണ്ടിരിക്കും.?

ഇതു പറഞ്ഞു കഴിഞ്ഞപ്പോഴാണ് രാവിലെ നടന്ന സംഭാഷണം ക്രീട്ടൻസായ്വിന്നു ഓർമ്മയിൽ വന്നത്.

ക്രീട്ടൻ:— ഹാ! ദൈവമേ! വരുംകൊല്ലം ഈ കാലത്തു ഞാനെവിടെയായിരിക്കും.

ജോർഡൻ:—സ്നേഹിതാ! എനിക്കു നിങ്ങളുടെ ഈ ചാപല്യം അത്ര രസിക്കുന്നില്ല. നിങ്ങൾക്കു ആധിതന്നെ വ്യാധിയായിത്തീരും. നേരം പന്ത്രണ്ടു മണി കഴിയാറായിത്തുടങ്ങി. എനിക്കു ഉറക്കം വന്നു തുടങ്ങി. ഞാൻ ഇതാ കിടപ്പാൻ പോകുന്നു. നിങ്ങളും നല്ല ഒരു ഒരു ഡോസ്സ് കൊയനാവ് കഴിച്ചു സുഖമായി കിടന്നുറങ്ങുക. നാളെ കാലത്തേക്കു ഒക്കെ സുഖമാവും.

## IV

രാത്രി രണ്ടുമണി സമയമായപ്പോൾ ഭയങ്കരമായ ഇടിമുഴക്കം കേട്ടു ജോർഡൻ സായ്വു പെട്ടെന്നുണർന്നു കിടയ്ക്കയിൽ എഴുനീററിരുന്നു. വായുമണ്ഡലം നല്ലവണ്ണം തണുത്തുകണ്ടതുകൊണ്ടു മഴ കലശലായുണ്ടായിട്ടുണ്ടെന്നു മനസ്സിലായി. അപ്പോഴും കലശലായി വർഷിക്കുന്നുണ്ട്. കൂടാരത്തിന്മേൽ നിന്നു വെള്ളം നിലത്തു വീഴുന്ന ശബ്ദവും ഇടമുറിയാതെ കേൾപ്പാനുണ്ട്. ഇടയ്ക്കിടെ മിഴികൾ മൂടത്തക്ക മിന്നൽപ്രഭ കൂടാരത്തിന്നുള്ളിൽ കടന്നു വിലസുന്നുണ്ട്. അവയെ തുടന്ന് ഇടിമുഴക്കം ചെകിടടപ്പിക്കുന്നുണ്ട്. ഈ വക ശബ്ദങ്ങൾക്കിടയിൽക്കൂടി മരണവേദനയോടെ ഒരാൾ നിലവിളിക്കുന്ന ശബ്ദം ജോർഡൻ ഒരാറു കേട്ടതായി തോന്നി. കുറച്ചു

നേരം ശ്രദ്ധിച്ചു. ഈ ദീനസ്വരത്തിന്റെ ശക്തി ഇടയ്ക്കു ടെ അധികരിച്ചും കുറഞ്ഞും വരുന്നുണ്ട്. ജോർഡൻസായ്വു പെട്ടെന്നു എന്തെന്നില്ലാത്ത ഭയത്തോടെ തലയണയുടെ ചുവട്ടിൽനിന്നു കൈത്തോക്കു കയ്യിലാക്കി കൂടാരത്തിൽനിന്നു പുറത്തേക്കു ചാടി. മുമ്പു കേട്ട ആർത്തനാദം വീണ്ടും കേൾപ്പാനുണ്ടായിരുന്നു. അതു ക്രീട്ടൻസായ്വിന്റെ കൂടാരത്തിൽ നിന്നാണെന്നു മനസ്സിലാക്കുവാൻ അധികം വിഷമം ഉണ്ടായില്ല. അപ്പോഴേയ്ക്കും തമ്പിനുള്ളിൽ ഉണ്ടായിരുന്ന എല്ലാവരും ഉണർന്ന് അങ്ങോട്ടും ഇങ്ങോട്ടും ഓട്ടവും ചാട്ടവും ഒക്കെ ആയിരിയ്ക്കുന്നു. ക്ഷണത്തിൽ ക്രീട്ടൻ സായ്വിന്റെ കൂടാരത്തിന്റെ ശീല കീറി ജോർഡൻസായ്വ് അതിനകത്തു കടന്നുകഴിഞ്ഞിരിക്കുന്നു. ഉള്ളിൽ കടന്നപ്പോൾ ജോർഡൻ സ്തംഭിച്ചു നിന്നുപോയി.

വളരെ ശക്തിയോടുകൂടിയ ഒരു ദുർഗ്ഗന്ധം ആ കൂടാരത്തിനുള്ളിലുള്ള വായുവെ മുഴുവൻ മലിനപ്പെടുത്തിയിരിക്കുന്നു. കൂടാരത്തിനുള്ളിലുള്ള സാമാനങ്ങളൊക്കെ താറുമാറായി അവിടെയും ഇവിടെയും വാരിവലിച്ചിട്ടപോലെ കിടക്കുന്നു. ക്രീട്ടൻസായ്വിന്റെ ശരീരത്തിൽ ഏതാനും ഭാഗം കിടക്കയോടുംകൂടി കട്ടിലിന്മേലും നിലത്തുമായി തൂങ്ങികിടക്കുന്നു. അയാളുടെ ഉടുപ്പുകളൊക്കെ കീറി നാനാവിധമാക്കിയിരുന്നു. ക്രീട്ടന്റെ ശരീരത്തിൽ കയറി നില്ക്കുന്ന ഒരു രൌദ്രരൂപി കൂടാരത്തിനുള്ളിലേയ്ക്കു കടന്ന ജോർഡൻസായ്വിനെ നോക്കി പല്ലിളിയ്ക്കുന്നുണ്ട്. ക്രീട്ടൻസായ്വും ഈ മൃഗവും തമ്മിൽ ഒരു മല്ലയുദ്ധം കൂടാരത്തിനുള്ളിൽ വെച്ചു കഴിച്ചിട്ടുണ്ടെന്നു അതിനുള്ളിലുള്ള സ്ഥിതി ആകപ്പാടെ നോക്കിയാൽ മനസ്സിലാകും. ജോർഡൻസായ്വും മൃഗവും അന്യോന്യം വളരെ നേരം നോക്കിക്കൊണ്ടു നിന്നില്ല. പെട്ടന്നു ഒരു ഭയങ്കര ശബ്ദം പുറപ്പെടുവിച്ച് ആ മൃഗം ജോർഡൻ സായ്വിന്റെ നേക്കു ഒരു ചാട്ടം ചാടി. ഈ ചാട്ടവും

ജോർഡൻ സായ്‌വിൻെറ കൈത്തോക്കു പൊട്ടിയ ശബ്ദവും കല്പമായിരുന്നു. ജോർഡൻ സായ്‌വിൻെറ കുപ്പായത്തിൻെറ ഒരു കഷണവും കയ്യിലാക്കി ആ രൌദ്രമൂർത്തി ഒരു ഭാഗത്തു മലന്നു വീണു. ജോർഡൻ സായ്‌വിൻെറ പിന്നത്തെ ശ്രമം ക്രീട്ടൻ സായ്‌വിനെ സഹായിപ്പാനായിരുന്നു. കഷ്ടം! സാധു ക്രീട്ടൻസായ്‌വു മരിച്ചു വിളറിക്കിടക്കുന്നു. അദ്ദേഹത്തിൻെറ കഴുത്തിൽ മാംസമൊന്നുമില്ല. തലയും ദേഹവും തമ്മിലുള്ള ബന്ധം വിട്ടിട്ടില്ലെന്നു മാത്രമേ ഉണ്ടായിരുന്നുള്ളു.

പെട്ടന്നുണ്ടായ ഒരു കലശലായ കാററ് ക്രീട്ടൻസായ്‌വിൻെറ കൂടാരത്തിൽ മങ്ങിക്കത്തിയിരുന്ന വിളക്കു കെടുത്തു. ജോർഡൻസായ്‌വു കൂടാരത്തിൽനിന്നു പുറത്തേയ്ക്കും കടന്നു.

"ഇവിടെയുള്ള എല്ലാവിളക്കുകളും വേഗം കത്തിച്ചു കൊണ്ടുവരിക. ഈ ദിക്കിലെ ഗ്രാമാധികാരിയെ വിളിച്ചു കൊണ്ടുവരുവാൻ ഉടനെ ആളെ അയക്കുക. ഈ കൂടാരത്തിന്നുള്ളിൽ ഞാൻ സമ്മതിക്കാതെ ആരും കടന്നു പോകരുത്. പൊല്ലീസ്സു കൺസ്റ്റേബിൾമാരൊക്കെ എവിടെ?"

എന്നും മററും വളരെ പരിഭ്രമത്തോടെ ജോർഡൻസായ്‌വു നിലവിളിച്ചു പറയുന്നുണ്ട്. കുറച്ചു കഴിഞ്ഞപ്പോഠം മഴയും നിന്നു. മേഘത്തെയൊക്കെ കാററും കൊണ്ടുപോയി. ചന്ദ്രൻ തെളിഞ്ഞു പ്രകാശിച്ചു തുടങ്ങി. അര മണിക്കൂറിന്നകം ഗ്രാമാധികാരിയും എത്തിച്ചേർന്നു. താടിയും നരച്ചു വളരെ വയസ്സനായ ഒരു മാന്യനായിരുന്നു ഇദ്ദേഹം. അധികാരി ഈ പരിഭ്രമത്തിൻെറ കാരണമെന്തെന്നറിയാതെ സാമാന്യത്തിലധികം പേടിച്ചു വിറച്ചും കൊണ്ടാണ് ജോർഡൻസായ്‌വിൻെറ അരികെ വന്നത്.

"നിങ്ങളുടെ പൊല്ലീസ്സു സൂപ്രണ്ടു ദൊരയെ കൊലപ്പെടുത്തിയിരിക്കുന്നു നോക്കു!" എന്നുംപറഞ്ഞു ജോർഡൻ സായ്‌വ് ഒരു വെളിച്ചവും കയ്യിലെടുത്തു ഗ്രാമാധികാരിയോടു കൂടി കൂടാരത്തിന്നുള്ളിലേക്കു കടന്നു. ദൊരയുടെ മ

രണവർത്തമാനം ഇതേവരെ മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ലാത്ത ദാസന്മാരുടെ ഇടയിൽ ജോർഡൻ സായ്വിൻെറ ഈ വാക്കുകൾ കേട്ടപ്പോഴുണ്ടായ ക്ഷോഭം പറയേണ്ടതുണ്ടോ? ഗ്രാമാധികാരി കൂടാരത്തിനുള്ളിൽ കടന്ന ഉടനെ,

"അയ്യോ! എൻെറ സ്വാമി! കുരങ്ങച്ചൻ! കുരങ്ങച്ചൻ!" എന്നും മററും ഓരോന്നു പറഞ്ഞു മുട്ടുകുത്തി മോഹാലസ്യമായിരുന്നു പോയി.

ജോർഡൻ—എന്താണ് ഇദ്ദേഹം പറയുന്നത്?

ഒരു ദാസൻ—സാർ, ഇദ്ദേഹം പറയുന്നത് ഈ കുരങ്ങ് അടുത്തുള്ള ക്ഷേത്രത്തിൽ താമസിയ്ക്കുന്നതാണെന്നും ദൈവം അതിനെ കൊന്നുകളഞ്ഞതു കഷ്ടമായിപ്പോയെന്നും കൊടുങ്കാററും ഇടിയും മഴയും കാരണമായി ഭ്രാന്തു പിടിച്ചാണ് ക്രിട്ടൻ സായ്വിനെ കുരങ്ങു കൊന്നതെന്നും ജനങ്ങൾ വളരെ ഭക്തിയോടെ വിചാരിച്ചു പോരുന്ന ഈ കുരങ്ങിൻെറ മരണം ഗ്രാമക്കാൎക്ക് എന്തൊക്കെ അനൎത്ഥങ്ങളാണ് ഉണ്ടാക്കിത്തീൎക്കുന്നതെന്നറിഞ്ഞില്ലെന്നും മററുമാണ്.

"ഗ്രാമക്കാൎക്ക............ ..........." എന്നു പറഞ്ഞു കഴിയുമ്പോഴെയ്ക്കും ജോർഡൻ സായ്വിന്നു തന്നെ ഒരു മോഹാലസ്യം ഉണ്ടാവാനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അവിടെ തിക്കിത്തിരക്കി കൂടിയിരുന്ന വാലിയക്കാരുടേയും കൺസ്റ്റേബിൾമാരുടേയും ഇടയിൽ ജടാധാരിയായി ദേഹം ആസകലം ഭസ്മം അണിഞ്ഞു കയ്യിൽ കപാലവും ദണ്ഡും ധരിച്ചതായ ഒരു യോഗി പുച്ഛരസത്തോടെ തന്നെ വീക്ഷിക്കുന്നതാണ് ജോർഡൻ കണ്ടത്. ഇതുതന്നെയായിരുന്നു ജോർഡന്നു മോഹാലസ്യം വരുമോ എന്നു ശങ്കിപ്പാൻ കാരണമായിത്തീൎന്നത്. ജോർഡൻ കുറച്ചു നേരത്തേയ്ക്കു സ്തംഭിച്ചു നിന്നുപോയെങ്കിലും പിന്നെ കഠിനമായ കോപത്തോടെ:—

"ഹേ! ആ യോഗിയെ പിടിച്ചു നിൎത്തു. ഹനുമാൻ ക്ഷേ

ത്രത്തിലെ പൂജാരിയായ ആ കള്ളനെ വിട്ടയക്കരുത്. എവിടെ! ഒളിച്ചോടിപ്പോകുന്ന ആ യോഗിയെ തടഞ്ഞു നിൎത്തുന്നവന്നു 100ക. ഇനാം ഞാൻ കൊടുക്കും. വേഗം!"

എന്നൊക്കെ ജോൎഡൻ സായ്പു നിലവിളിച്ചു പറയുമ്പോഴും യോഗി യോഗിയുടെ പാട്ടിൽ പോയി. മററാരും യോഗിയെ കണ്ടിട്ടില്ല. ദൊരയ്ക്കും കുരങ്ങിനെപ്പോലെ ഭ്രാന്താണെന്ന് അവിടെ കൂടിയവർ ശങ്കിച്ചു. ഈ വക ലഹളയിൽ ഗ്രാമാധികാരിയ്ക്കും സുബോധം വന്നു.

"സായ്പെ! ഇയ്യിടെ ഒരു യോഗിയും വന്നിട്ടില്ല. മുമ്പുണ്ടായിരുന്ന ആ വയസ്സൻ യോഗി ആറുമാസം മുമ്പെ മരിച്ചുപോയിരിക്കുന്നു. അയാളുടെ മൃതശരീരം ക്ഷേത്രത്തിന്നടുത്തുള്ള വലിയ വൃക്ഷത്തിന്റെ ചുവട്ടിൽ ഞങ്ങളാണ് സംസ്കാരിച്ചത്."

എന്നു ഗ്രാമാധികാരി ഇഞ്ചിനീയർ ജോൎഡൻ ദൊരയെ പറഞ്ഞു മനസ്സിലാക്കി.

# കാലം പോയ പോക്ക്.

വക്കിൽ കൃഷ്ണമേനോൻ, 'മാനോടൊത്തു വളൎന്നു മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത' നായർ സ്ത്രീകളെ പുച്ഛിക്കാറുണ്ടായിരുന്നുവെങ്കിലും മുകുന്ദപുരത്തു പ്രാക്റ്റീസ്സ ചെയ്വാൻ വന്നതിന്നു ശേഷം നായർമഠത്തിൽ ഇക്കാവിന്റെ അകൃത്രിമമായ സൌന്ദൎയ്യത്തിന്നധീനനായതുകൊണ്ടു ദുഷ്യന്ത രാജാവിനെപ്പോലെ കൃതാൎത്ഥനായിട്ടാണ് കുറച്ചു കാലം കഴിച്ചുകൂട്ടിയത്. ഇക്കാവിന്റെ വീട്ടുകാർ ഒരു പഴയ തറവാട്ടുകാരാണ്. കൃഷ്ണമേനവൻ ഇക്കാവിന്റെ സംബന്ധക്കാരനാകുന്നതുവരെ നായർമഠത്തിൽ തറവാട്ടിൽ പുതിയ പരിഷ്കാര

ങ്ങൾക്ക പ്രവേശം കിട്ടിയിരുന്നില്ല. സ്റ്റീൻ ആണ്ട് കമ്പനിക്കാരുടെ കാപ്പിപ്പൊടിയും ലിഫ്ടൻെറ ചായയും പഞ്ചസാരബ് ഭരണിയുമാണ് പരിഷ്കാരത്തിൻെറ വരവിനെ അറിയിപ്പാനായി ആ തറവാട്ടിൽ ആദ്യം കാലെടുത്തു വെച്ചത്. കൃഷ്ണമേനവന്ന പൊടിയരിക്കഞ്ഞിയും നല്ല ഉരുക്കനെയ്യും ചുട്ട പപ്പടവും ചമ്മന്തിയും ഇഷ്ടമല്ല. കൃഷിക്കാരായ ആ തറവാട്ടുകാൎക്ക കന്നുകാലികളും പശുക്കളും ധാരാളം ഉണ്ടായിരുന്നതിനാൽ കണ്ടൻസ്ഡ് മിൽക്ക് അത്ര വേഗം തറവാട്ടിൽ കടത്തേണ്ടിവന്നില്ല. കൃഷ്ണമേനവനും കൃഷ്ണമേനവനെപ്പോലുള്ള അദ്ദേഹത്തിൻെറ ചില സ്നേഹിതന്മാരും ചായ കുടിപ്പാനിരിക്കുമ്പോൾ തറവാട്ടിലുണ്ടാക്കുന്ന 'കൺട്രിബ്രെഡ്'എങ്ങിനെയാണ് മുമ്പിൽ കൊണ്ടു വെക്കുക? 'പാൽമേർസ് ബിസ്കറ്റും' മദ്രാശിയിൽ ഹാറിസൻ കമ്പനിക്കാരുണ്ടാക്കുന്ന ബ്രഡ്ഡും പോൾസൻസ് ജാമും അല്പം കരുതാതെ തരമില്ലെന്നു വന്നുകൂടി. കൃഷ്ണമേനവൻെറ ചെലവ്. അല്ലാതെ ഈ വക പുതിയ ചെലവുകൾ തറവാട്ടിലേക്കു ബാധകമാവുന്നതല്ലല്ലോ. തറവാട്ടിലേക്കു ബാധകമായി വന്നതു ഇക്കാവിൻെറ സമയനഷ്ടം മാത്രമാണ്. പശുക്കളെ വേണ്ടതുപോലെ തീററിപ്പോററി വെള്ളം കൊടുക്കേണ്ട സമയത്തു വെള്ളം കൊടുത്തു, കറക്കേണ്ടുന്ന സമയം കറന്നു വന്നാലേ അവക്കു രക്ഷയും തറവാട്ടിലേക്കു ഗുണവുമുള്ളൂ. അതുപോലെ തന്നെ അറയിൽ നിന്നു നെല്ലെടുത്തളന്നു കൊടുത്തു, പുഴുങ്ങി ഒണക്കിച്ചു, കുത്തിയരിയാക്കി കലവറയിൽ എത്തുന്നതുവരെ ശരിയായ മേൽനോട്ടമില്ലെങ്കിൽ ഗുണമില്ല നിശ്ചയംതന്നെ. അടുക്കളയിൽ പോയി ശരിയായ മേൽനോട്ടം ചെയ്തില്ലെങ്കിൽ ഉണ്ണാനിരിക്കുമ്പോൾ മുഖവികാരം കൂടാതെ കഴിപ്പാനും ഞെരുങ്ങും. ഇക്കാവിന്നു സംബന്ധക്കാരനുണ്ടായ മുതൽ ഈ വക ഗൃഹഭരണകാൎയ്യങ്ങളിൽ കുറേശ്ശയായി ശ്രോട്ടം കണ്ടുതുടങ്ങി. ഭർത്തൃശുശ്രൂഷയിലുള്ള പുതുമ

യും ഗൃഹഭരണസമ്പ്രദായത്തിലുണ്ടായിരുന്ന പഴമയും തമ്മിൽ യോജിക്കായ്കയാൽ പ്രവൃത്തി വർദ്ധിച്ചുവന്നപ്പോൾ എത്തോണ്ട ദിക്കിലെല്ലാം നോട്ടം എത്താത്തതിൽ വലുതായ തെററു പറയാനില്ലല്ലൊ.

പോരെങ്കിൽ കുറച്ചു ദിവസമായി കുട്ടിക്കുറ സോപ്പും, 'പിയർസ്സസോപ്പും,' തേച്ചു തുടങ്ങിയതു മുതൽ കുളിക്കുവാൻ തന്നെ സാധാരണയിൽ അധികം സമയം വ്യയം ചെയ്യേണ്ടി വന്നതിനാൽ ഇക്കാവിൻെറ രാവിലത്തെ കുളിയും വൈകുന്നേരത്തെ മേല്കഴുകലും ഗൃഹകൃത്യത്തിൽ കുറച്ചൊക്കെ ചില ദോഷങ്ങൾ ഉണ്ടാക്കാതിരുന്നില്ല. നല്ലെണ്ണയും വാകയും താളിയും ശീലിച്ചവക്ക് എണ്ണകൊണ്ടുണ്ടാക്കുന്ന സോപ്പിൻെറ ആവശ്യം എന്താണെന്നു നല്ല വിവരമില്ലെങ്കിലും കൃഷ്ണമേനവൻ പറഞ്ഞാൽ അതിന്നു പിന്നെ അപ്പീലില്ലെന്ന് ഇക്കാവിന്നു മാത്രമല്ല ആക്കും തോന്നാതിരിക്കുമോ? പിന്നെ കടന്നുകൂടിയ വിദ്വാൻ മണ്ണെണ്ണയാണ്. മുപ്പക്ക ടേബിൾ ലാമ്പും,ബെഡ് റൂംലാമ്പും കൂടാതെനിവൃത്തിയില്ല. നിലവിളക്കും തൂക്കുവിളക്കും തറവാടിത്തത്തിന്നാവശ്യമാണെങ്കിലും അല്ലെങ്കിലും പരിഷ്കാരത്തിന്നു പററിയതല്ല. തിരി നീട്ടി കയ്യിലെണ്ണയായാൽ കടലാസ്സ പുസ്തകം പെരുമാറുന്നതെങ്ങിനെയാണെന്നും കസേലയും മേശയും 'കപ്പും' 'സാസറും' ടേബിൾ ലാമ്പും' ബെഡ്റൂംലാമ്പും' കാപ്പിയും, ബ്രെഡ്ഡും, സോപ്പും, ജാക്കെററും,ട്രൌസറും,ബൂട്സും, ഡിഷ്ഷും, പ്ലേററും, ഒരു ഭാഗവും പുല്പായയും,ചുക്കുവെള്ളക്കിണ്ടിയും,കഞ്ഞിയും നെയ്യപ്പവും, ദോശയും, എണ്ണയും, വാകയും,തോത്തുമുണ്ടും, മുണ്ടും,നിലവിളക്കും, തൂക്കുവിളക്കും മറെറാരു ഭാഗവുമായി യുദ്ധംചെയ്താൽഅറിയാം പരിഷ്കാരത്തിൻെറ പോക്കെന്നും കൃഷ്ണമേനവൻ പറയാറുണ്ട്. ഇക്കാവിന്നറിയാമോ ഇതെല്ലാം? സാധുവായആ സ്ത്രീപൂവ്വാചാരങ്ങളിൽ ഒരുകാലും,പരിഷ്കാരത്തിൽ ഒരുകാലുമായി ചില അസൌകര്യങ്ങൾ സഹിപ്പാൻ തുടങ്ങി.

കൃഷ്ണമേനവന്റെ പരിഷ്കാരോപകരണങ്ങളെല്ലാം ക്ഷണത്തിൽ കേടുവരുന്നവയാകയാൽ അതൊക്കെ സൂക്ഷിപ്പാൻ അധികസമയം വേണ്ടിവന്നതുകൊണ്ടു, മററുള്ള സാധനങ്ങൾക്കെല്ലാം അല്പാല്പം ദോഷം തട്ടിത്തുടങ്ങി. ഇതിലിടയ്ക്കു വേറെയും ഒരു മാററം നായർമഠത്തിൽ തറവാട്ടിൽ ഉണ്ടാവേണ്ടിവന്നു. ആയതു മറെറാന്നുമല്ല; കൊച്ചപ്പനും അമ്മിണിയും 'എസ്ക്കോളിൽ' ചേർന്നതാണ്. കാരണവൻ രാമൻനായരും വക്കീൽ കൃഷ്ണമേനവനും ഈ സംഭവം ഉണ്ടായതിന്നു അല്പം മുമ്പു നടത്തിയ ഒരു സംഭാഷണം റിക്കാട്ടാക്കേണ്ടതു തന്നെയാണ്.

രാമൻനായർ—കൃഷ്ണമേനവന്റെ സ്ഥിതിയിൽ എത്തിയവക്കു ഇപ്രകാരം അഭിപ്രായം തോന്നുന്നതിൽ എനിക്കു ആശ്ചര്യമില്ല. കസേരമേൽ ഇരുന്നും വണ്ടിയിൽ സഞ്ചരിച്ചും ഇഷ്ടംനോക്കി പ്രവൃത്തിപ്പാൻ ആൾ കൂടെ ഉണ്ടായും ആരാന്റെ പണം ധാരാളം കയ്യിൽ കിട്ടിയും വരുമ്പോൾ കുടുംബഭരണം വലുതായ ഭാരമായി തോന്നുകയില്ല. ഞങ്ങളുടെ സ്ഥിതി അങ്ങിനെയല്ലല്ലോ.

കൃഷ്ണമേനവൻ—നിങ്ങളുടെ അനന്തിരവൻ പഠിച്ചു പാസ്സായാൽ ഈ കുടുംബത്തിലും കാലാന്തരത്തിൽ ഞങ്ങളെപ്പോലുള്ള ഒരു കാരണവൻ ഉണ്ടാകുമെന്നല്ലേ സമാധാനിക്കേണ്ടത്? അതുപോലെതന്നെ അമ്മിണിക്കു നല്ല പഠിപ്പുണ്ടായാൽ യോഗ്യനായ ഒരു ഭർത്താവിനെ കിട്ടുമെന്നും അവളുടെ പ്രാരബ്ധങ്ങൾ ചുരുങ്ങുമെന്നും പറയേണ്ടതുണ്ടോ?

രാമൻനായർ—കൊച്ചപ്പൻ പഠിച്ചു പാസ്സായെന്നു വെക്കുക. അവൻ നിങ്ങളെപ്പോലെ ഒരു ദിക്കിൽ വക്കീലായി താമസിക്കുമെന്നും വിചാരിക്കുക. എന്നാൽ എന്താണ് അവനെക്കൊണ്ടു ഈ കുടുംബത്തിൽ ഒരു സഹായം കിട്ടുവാൻ വഴിയുള്ളത്? എനിക്ക് അവന്തിരവന്മാരധികമില്ല. ഞാൻ രണ്ടു ദിവസം കിടപ്പിലായാൽ ഞങ്ങളുടെ കൃഷി അന്വേഷിപ്പാൻ ആരാണ്? അന്യന്മാരെ ഏല്പിച്ചാൽ ആദായം

നാഷ്ടമാകയില്ലേ? പാട്ടമിച്ചവാരങ്ങൾ സമയത്തിന്നു ജന്മി ക്കു കൊടുത്തു കാലത്തിന്നു പൊളിച്ചെഴുത്തവകാശം അട ക്കാഞ്ഞാൽ കൃഷിസ്ഥലം അന്ന്യാധീനമായിപ്പോകില്ലേ?പ ഠിച്ച പാസ്സായ അമ്മിണിയെ ഒരു പ്രമാണിയായ ഉദ്യോ ഗസ്ഥൻ കൊണ്ടുപോയാൽ ഈ തറവാട്ടിൽ ഗൃഹകൃത്യം നടത്തുവാനാരാണ് ഉണ്ടാവുന്നത്? ദാസിമാരോ? പത്തു ചിലവിടുന്ന ദിക്കിൽ പതിനഞ്ചു ചിലവിട്ടാൽ മതിയാ കുമൊ?

കൃഷ്ണമേ—കാരണവന്മാരായാൽ മരുമക്കൾക്കു വിദ്ദ്യാഭ്യാസം ചെയ്യാൻ കടപ്പെട്ടവരാണ്. വിദ്ദ്യയില്ലാത്ത മനുഷ്യരും മൃഗങ്ങളും തമ്മിലെന്താണ് ഭേദം? മരുമക്കൾ ആലയിൽ വളരുന്ന കന്നുകാലികളെപ്പോലെ ആയാൽ വല്ല ഗുണ വുമുണ്ടോ? ഒന്നുമില്ലെങ്കിൽ വിദ്ദ്യാഭ്യാസം ചെയ്താൽ വല്ല ജോലിയും എവിടെയെങ്കിലും കിട്ടാതിരിക്കയില്ല. അവര വരുടെ പാട നോക്കുവാനെങ്കിലും അവരെ ആക്കിത്തീർക്കേ ണ്ട ഭാരം നമുക്കില്ലെ?

രാമൻനാ—വിദ്ദ്യാഭ്യാസം എന്നാൽ എന്തെന്നാണു നിങ്ങൾ ധരിച്ചിട്ടുള്ളതെന്നു എനിക്കു നല്ല വിവരമില്ല. അവരവരു ടെ ജീവിതത്തിന്നും ജ്ഞാനത്തിന്നും ആവശ്യമായ വിദ്ദ്യ അഭ്യസിക്കുക എന്നാണെങ്കിൽ, നാലുകൊല്ലംകൂടി കഴി ഞ്ഞാൽ കൊച്ചപ്പന്നു കൃഷിയെപ്പററിയും ഈ തറവാടും ജ ന്മികളുമായുള്ള ഉത്തരവാദബാദ്ധ്യതകളേയും മററും പററി യും നല്ല അറിവു സമ്പാദിച്ചുകഴിയും. അപ്പോഴെയ്ക്കു നാ ലഞ്ചുകൂട്ടം കാവ്യങ്ങൾ പഠിപ്പാനും അവന്നു സമയമുണ്ടാ വും. ഹിന്തുക്കളുടെ ശാസ്ത്രപുരാണങ്ങൾ വായിച്ചു ജ്ഞാന സമ്പാദനവും ഉത്തരവാദപ്പെട്ട പണികൾ ശീലിച്ചു ഗൃ ഹഭരണസാമർത്ഥ്യവും അവന്നു കിട്ടും. അമ്മിണിക്കാണെ ങ്കിൽ അക്ഷരജ്ഞാനം നല്ലപോലെയുണ്ട്. സംഗീതത്തിൽ നല്ല വാസനയുണ്ടെന്നു ഭാഗവതർ പറയുന്നുമുണ്ട്. അവ

ളുടെ അമ്മയുടേയും ഇക്കാവിൻെറയും കൂടെ പെരുമാറി യാൽ ഗൃഹകൃത്യവും അവൾക്കു നല്ലപോലെ പഠിക്കാം.

കൃഷ്ണമേ—കണ്ട ജന്മികളുടെ പിന്നാലെ വായ്ക്കയ്യും പൊത്തി നടന്നു സേവയും മുഖസ്തുതിയും പറഞ്ഞു കൂലിപ്പണിയെടു ക്കുന്ന ഹീനജാതിക്കാരുമായി പെരുമാറുന്നതാണ് സുഖ മെന്നു നിങ്ങൾക്കു തോന്നുന്നതെങ്കിൽ 'വിഷകൃമിന്യായം' പോലെ വിചാരിപ്പാനേ തരം കാണുന്നുള്ളു. ഉത്തമമായ ജീവിതം അറിയാത്തതുകൊണ്ടാണ് ജനങ്ങൾക്കു തെററാ യ ധാരണയുണ്ടാകുന്നത്.

രാമൻനാ—ജീവിതസുഖം, ജീവനെ വേണ്ടപോലെ സംര ക്ഷിച്ചു പരോപകാരം ചെയ്തു മുക്തിമാർഗ്ഗം അന്വേഷിക്കുന്ന താണെങ്കിൽ, അറയിൽ എടുത്താൽ കടുങ്ങാത്തവിധം നല്ല നെല്ലു സൂക്ഷിച്ചു കൃഷിപ്രവൃത്തി ചെയ്യിപ്പിച്ചു വളരെ സഹജീവികളേയും, ജന്മികളേയും പുലർത്തി ശാസ്ത്രപുരാ ണങ്ങൾ വായിച്ചും ശ്രവിച്ചും മുക്തിമാർഗ്ഗം നേടുകയാണു വേണ്ടത്. വക്കീലായാൽ കോടതിയിൽ പോയി ശുദ്ധ ക പടസന്ന്യാസിയുടെ നിലയിൽ എത്ര കളവു പറയേണ്ടി വ രുന്നു! കേസ്സില്ലാത്ത വക്കീലന്മാർ എത്ര ജഡ്ജിമാരുടെ സമയം നോക്കിയും സ്തുതിപാഠകന്മാരായും കഴിക്കുന്നു. ഇ നി പഠിച്ചു പാസ്സായാൽതന്നെയെന്താണ്? ആകെ പാ സ്സായിട്ടുള്ളവരിൽ 100–നു ഒന്നുവീതം ഉദ്യോഗം കൊടു പ്പാൻ ഗവമ്മേണ്ടിനെക്കൊണ്ടു സാധിക്കുന്നില്ല. അഥവാ ഒരു ഉദ്യോഗം കിട്ടുവാൻ എത്രപേരെ ആശ്രയിക്കണം? ഉ ദ്യോഗം കിട്ടിയാൽ എത്ര പേരുടെ സേവ നോക്കണം? എത്ര മേലധികാരിമാരെ ഭയപ്പെടണം? പൂത്തു നാറിയ എത്ര ചാക്കരി വയററിൽ കടത്തിവിടണം? ഇതൊക്കെ ഞാനും കണ്ടു മനസ്സിലാക്കീട്ടുണ്ട്. ഇതിൽ കഷ്ടമായിട്ടുള്ള തല്ല ഒരു ജന്മിയുടെ കുടിയാനായിരിക്കുന്നത്. അതുതന്നെ എത്രയോ കാലമായി വളരെ മൈത്രിയിൽ അന്യോന്യസ

ഥായമായ നിന്നുപോരുന്ന ജന്മിയെ നിസ്സരിക്കുന്നത് അത്ര ന്യായവുമല്ല.

കൃഷ്ണമേ—കാരണവൎക്ക ക്ഷോഭം ഉണ്ടാവുന്നുണ്ട്. അതുകൊണ്ടു ഞാൻ തൎക്കിക്കാൻ നില്ക്കുന്നില്ല. കൊച്ചപ്പനേയും അമ്മിണിയേയും സ്കൂളിൽ അയയ്ക്കേണമെന്നു അകത്തുള്ളവൎക്കൊക്കെ വളരെ ആഗ്രഹം കാണ്മാനുണ്ട്. ഞാൻ അവരുടെ ഇംഗിതം നേരിട്ടറിയിച്ചുവെന്നേയുള്ളൂ.

രാമൻനാ—എനിക്കുമാത്രമായിട്ടു ഈ തറവാട്ടിൽ ഒരു കാൎയ്യവുമില്ല. അവൎക്ക അങ്ങിനെയാണിഷ്ടമെങ്കിൽ അങ്ങിനെ ആയിക്കോട്ടെ. ഗുണമായാലും ദോഷമായാലും അനുഭവിക്കേണ്ടതവരാണ്. ഈശ്വരാനുഗ്രഹംകൊണ്ടു വലിയ കുഡുംബമൊന്നും ഇവിടെയില്ല. ഇതുകൊണ്ടു വേണ്ടിവരുന്ന അധികച്ചിലവിന്നു ഇപ്പോൾ വകയുണ്ടുതാനും.

ഇങ്ങിനെയാണു കൊച്ചപ്പനും അമ്മിണിയും ഇംഗ്ലീഷ് സ്കൂളിന്റെ പടി കയറിയത്. ഇവരുടെ 'സ്ക്കോളിൽ' പഠിപ്പുകൊണ്ടും തറവാട്ടിന്നു അല്പം ചില കോട്ടങ്ങൾ തട്ടിത്തുടങ്ങി. കളത്തിൽ നെല്ല് ഉണക്കാനിട്ടാൽ പക്ഷികളും മൃഗങ്ങളും നശിപ്പിക്കുമ്പോൾ അവറ്റെ ആട്ടിക്കളവാൻ ഒരു ചെക്കനെ ചോറും ചെലവും കൊടുത്തു പ്രത്യേകം നിയമിക്കേണ്ടിവന്നു. അടുക്കളയിൽ അമ്മമാരെ സഹായിപ്പാൻ ഒരു ദാസിയേയും നിശ്ചയിക്കേണ്ടിവന്നു. രാവിലെ കഞ്ഞി കുടിച്ചാൽ ഒമ്പതു മണിക്കു ദഹിക്കയില്ലെന്നും തന്നിമിത്തം സ്കൂളിൽ പോകുമ്പോൾ ഉണ്ണാൻ രുചിയുണ്ടാകയില്ലെന്നും ഉള്ള ന്യായത്തിന്മേൽ കുട്ടികൾക്കു അല്പം കാപ്പി കൊടുക്കുകയെന്ന നിശ്ചയം ബലത്തിൽ വന്നു. നേരത്തെ ഊണു കഴിച്ചുപോയാൽ ഉച്ചയ്ക്കു എന്തെങ്കിലും ഭക്ഷിപ്പാൻ കൊടുക്കാഞ്ഞാൽ കുട്ടികൾ ക്ഷീണിക്കും. അതിന്ന് ഇടനേരം ചായയും പലഹാരവും സ്കൂളിൽ എത്തിച്ചുകൊടുക്കാതെ തരമില്ലെന്നു വന്നു. വൈകുന്നേരം രണ്ടു നാഴിക നടന്നുവന്നാൽ എങ്ങിനെയാണു കു

ട്ടികൾ രാത്രി ഉണ്ണാറാവുന്നതുവരെ കഴിച്ചുകൂട്ടുക? അപ്പോഴും ഒരു 'കോപ്പ്' വല്ലതും അകത്തു ചെലുത്തേണമെന്നു വന്നു. സ്കൂൾ കുട്ടികൾക്കു മാത്രമായി ത്രിസന്ധ്യതോറും കാപ്പിയുണ്ടാക്കുമ്പോൾ മറ്റുള്ളവൎക്കും ഓരോ 'കപ്പ്' കുടിച്ചാൽ ദോഷമൊന്നും വരാനില്ലല്ലോ എന്ന മട്ടായി. ആ കപ്പോടെ നായർമഠത്തിൽ തറവാട്ടിലെ അടുക്കളയിൽ നേരം പുലൎന്നാൽ അൎദ്ധരാത്രിവരെ തീക്കെട്ടാൻ പാടില്ലെന്ന ദിക്കായി. വിറകു ചിലവു അധികം, പാലിന്റെ ചിലവധികം, അതുകാരണം തൈരും മോരും നെയ്യും കുറവ്, പാല് ഉറചീഴ്ത്തി തൈരാക്കുന്നതിലുള്ള അശ്രദ്ധ എന്നുതുടങ്ങി വീഴ്ചകൾ ഓരോന്നായി കണ്ടുതുടങ്ങി. അഥവാ ഉറ വീഴ്ത്തി തൈരാക്കിയാൽത്തന്നെ ന്നെ കടഞ്ഞെടുപ്പാനാൎക്കാണ് അവസരവും ക്ഷമയും ഉള്ളത്?

അതൊ അങ്ങിനെയിരിക്കട്ടെ. കൊച്ചപ്പൻ ആൺകുട്ടികളുടെ സ്കൂളിൽ പഠിച്ചുതുടങ്ങിയതുമുതൽ തന്റെ ദൃഷ്ടിയെല്ലാം ചില വക്കീലന്മാരുടെയും മുൻസിപ്പിന്റെയും മറ്റു ചില ഉദ്യോഗസ്ഥന്മാരുടെയും മക്കളുടെ മേലാണ് എപ്പോഴും പതിഞ്ഞിരുന്നത്. അവരുടെ ഉടുപ്പും അവരുടെ നടവടിയും ആവരുടെ സ്വാതന്ത്ര്യവും അവരെ മറ്റു കുട്ടികളും ഗുരുനാഥന്മാർ തന്നെയും ബഹുമാനിക്കുന്നതും ഒക്കെയാണ് കൊച്ചപ്പൻ കാൎയ്യമായി മനസ്സിലാക്കിയിരുന്നത്. പിന്നെ സാധാരണമായി വരുന്ന മലയാളവാക്കുകൾക്കു പകരമായ ഇംഗ്ലീഷുവാക്കുകളെന്താണെന്നു മനസ്സിലാക്കി സമന്മാരായി സംസാരിക്കുമ്പോൾ ഇംഗ്ലീഷും മലയാളവും വാക്കുകൾ ഇടകലൎത്തി സംസാരിപ്പാനാണ് പഠിച്ചത്. ഇതുകൊണ്ടുണ്ടായ ഫലം രണ്ടു ദിക്കിലായിട്ടാണ് കണ്ടുതുടങ്ങിയത്. വസ്ത്രാഡംബരത്തിലുള്ള ഭ്രമം തറവാട്ടിനെ ബാധിച്ചു. ഇംഗ്ലീഷുഭാഷകൊണ്ടുള്ള ഉപദ്രവം സമപ്രായന്മാരും ഒരു കാലം കൂട്ടംകൂടി സ്നേഹിതന്മാരുടെ നിലയിൽ കളിച്ചിരുന്നവരും ഇംഗ്ലീഷുസ്കൂളിൽ ക

യറുവാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവരും ആയ കുട്ടികളെയാണ് ബാധിച്ചത്. കൊച്ചപ്പൻ സാധാരണ കുട്ടികളിൽ അല്പം പ്രമാണിയാണെന്നു തന്നത്താൻ നടിച്ചുതുടങ്ങുകനിമിത്തം അകൃത്രിമമായി ഹൃദയംഗമമായിരുന്ന അവരുടെ സ്നേഹം കുറഞ്ഞുവരികയും ചെയ്തു. തന്റെ ഒന്നിച്ചു വളൎന്നവരും അയൽവീട്ടുകാരുമായ ആ ചെറുപ്പക്കാരുമായി സഹവാസം ചെയ്തുവരുന്നതുതന്നെ അല്പം പോരായ്മയാണെന്നു കൊച്ചപ്പനു തോന്നിത്തുടങ്ങിയതുകൊണ്ടു കൊച്ചപ്പൻ അഹംഭാവിയാണെന്നു പറഞ്ഞ് അവർ കൊച്ചപ്പനെ കാണുന്ന ദിക്കിൽനിന്നു പരിഹസിക്കാൻ തുടങ്ങി. അവരിൽ ചിലർ സ്കൂളിൽ പഠിച്ചിട്ടില്ലെങ്കിലും കൊച്ചപ്പന്റെ ഉടുപ്പും നടവടിയും അനുകരിക്കാൻ ശ്രമം ചെയ്തുതുടങ്ങി. ഈ വക പരിഷ്കാരത്തിനു കാശില്ലെന്നു വരുമ്പോൾ അത്യാവശ്യം മോഷണത്തിന്നാരംഭം തുടങ്ങി. സ്വന്തംവീട്ടിലെപ്പോലെ കളവിനു വേറെ എങ്ങും സൌകൎയ്യം ഉണ്ടാവുന്നതല്ലല്ലൊ. അതുകൊണ്ടു അമ്മമാരുടെ പണ്ടങ്ങളും കാരണവന്മാരുടെ എഴുത്തുപെട്ടിയുമാണ് ആദ്യം ഇവൎക്ക ആധാരമായിത്തീൎന്നത്. ക്രമേണ പുറത്തേക്കും ഈ സ്വഭാവം അവർ കാണിച്ചുതുടങ്ങി. കൊച്ചപ്പൻ തറവാട്ടിലേക്കു സഹായം ചെയ്യുന്നില്ലെന്ന ന്യായംകൊണ്ട് ഈ ചെറുപ്പക്കാരിൽ ചിലരെക്കൊണ്ട് അവരുടെവീട്ടുകാൎക്കുപകാരമില്ലാതായിത്തുടങ്ങി. ഇതിലിടക്കു കൊച്ചപ്പൻ ഒരു ദിവസം വണ്ടിവരുമ്പോൾ തീവണ്ടിസ്റ്റേഷനിൽവെച്ച് ഒരുസായ്പു രണ്ടാംക്ലാസ്സ വണ്ടിയിൽ വെച്ചു മലൎന്നുകിടന്നു പുകഭക്ഷണം കഴിക്കുന്നതുകണ്ടു. പരിഷ്കാരത്തിന്ന് ഇത് അത്യാവശ്യമാണെന്നു കൊച്ചപ്പനു തോന്നി. ഈ പുകവലിക്കുള്ള ചുരുട്ടും, സിഗററും, ബീഡിയും ഒരുവക; പൊടിവലി മറെറാരുവക; ആകപ്പാടെ ദിവസം അര അണയ്ക്കുള്ള ചിലവിന്നു വഴി ഉറച്ചു. തറവാട്ടിൽ ചെന്നാൽ തീപ്പെട്ടി തേടിപ്പിടിക്കുകയായി. കാശില്ലാഞ്ഞാൽ അതുണ്ടാക്കുവാനുള്ള വഴി നോക്കുകയായി.

അമ്മിണി ഒന്നാമതായി കണ്ടുപഠിച്ചതു ഹെഡ്മിസ്ട്രസ്സിന്റെ ഉടുപ്പാണ്. ഈ ചട്ടക്കാരത്തി ഇപ്പോൾ ബിലാത്തിയിൽനിന്നിറങ്ങിയ വെള്ളക്കാരത്തിയുടെ നാട്യം നടിച്ചു നാട്ടുപുറങ്ങളിൽനിന്നു വരുന്ന പെൺകുട്ടികളെ കണ്ടാൽ കൺട്രീസ്സ് എന്നു പുച്ഛിയ്ക്കുന്നവളാണ്. ഉൽകൃഷ്ടവിദ്യാഭ്യാസമൊന്നുമില്ലെങ്കിലും വലുതായ മാസ്പ്പടി കിട്ടുന്നതുകൊണ്ട് ഉദ്യോഗമില്ലാത്ത ഒരുവനെ ഭർത്താവാക്കി അവനെ ഗൃഹകൃത്യം അന്വേഷിപ്പാനാക്കി സ്വേച്ഛാനുസൃതം നടക്കുന്നവളാണ്. ഇവളെയാണ് ഇരുനൂറിൽപരം പെൺകുട്ടികളുടെ മാതൃകയായി നിയമിച്ചിട്ടുള്ളത്. 'നസ്ത്രീസ്വാതന്ത്ര്യമർഹതി' എന്ന പ്രമാണം ചൊല്ലി ദിനംപ്രതി ഇന്ത്യക്കാരായ സ്ത്രീകളെ പുച്ഛിക്കയും അവരുടെ അസ്വാതന്ത്ര്യതയേയും തന്റെ സ്വാതന്ത്ര്യത്തേയും തമ്മിൽ താരതമ്യപ്പെടുത്തി പ്രസംഗിക്കയുമാണ് ഈ ഹെഡ്മിസ്ട്രസ്സിന്നും മററുള്ള മിസ്ട്രസ്സുമാൎക്കും ഉള്ള പണി. ഇതു കഴിഞ്ഞാൽ തുന്നപ്പണിയാണ് പിന്നെയൊരു പഠിപ്പ്. അതിന്റെ ആവശ്യം ഹെഡ്മിസ്ട്രസ്സിനെപ്പോലെയും അവളുടെ ഭർത്താവിനെപ്പോലെയും ഉടുപ്പിടുവാൻ പഠിക്കുവാനും ആ ഉടുപ്പുകൾ ഏതുപ്രകാരം തുന്നിയുണ്ടാക്കുന്നുവെന്നു കാണിപ്പാനും മാത്രമാണ്. അല്ലാതെ തറവാട്ടിലേയ്ക്കു വാങ്ങുന്ന മുണ്ടും തോർത്തുമുണ്ടും വല്ലപ്പോഴും വക്ക തിരപ്പിക്കേണ്ടിവന്നാൽ കൂടി അതിന്നു തുന്നക്കാരൻ വേറെ വേണം. അമ്മിണിക്ക് എന്താണ് വേണ്ടതെന്നു വിവരമില്ലാതെ കുറച്ചുദിവസം കഴിഞ്ഞിയെങ്കിലും മദാമ്മമാരുടെ വേഷം കെട്ടുകതന്നെയെന്നുറച്ചു പാവാടയും ജാക്കററും സമ്പാദിപ്പാൻ ശ്രമിച്ചു. കരച്ചിലും കണ്ണുനീരും കാണുമ്പോൾ എങ്ങിനെയാണ് ഇതെല്ലാം ഉണ്ടാക്കിക്കൊടുക്കാതിരിക്കുക? പലവകയായും ചിലവുകൾ വർദ്ധിച്ചുവരാൻതുടങ്ങിയെന്നു മാത്രമല്ല അനാവശ്യമായ നഷ്ടങ്ങളും കൂടെ ഉണ്ടായിത്തുടങ്ങിയപ്പോൾ ചിലവു കഴിച്ചുള്ള ആദായംകൊണ്ടു മാത്രം തറ

വാട്ടുഭരണം നടക്കില്ലെന്നു തോന്നിത്തുടങ്ങി. രാമൻനായൎക്ക് ഇത്തരം പുതിയ ചിലവുകൾ വന്നുതുടങ്ങിയപ്പോൾ കോപവും വന്നുതുടങ്ങി. സ്വതവേ സൽസ്വഭാവിയായ രാമൻനായരെ കോപിയായി കാണുമ്പോൾ എന്തോ ചില തകരാറുകൾ ഉണ്ടെന്നു ജനങ്ങൾ ശങ്കിച്ചുതുടങ്ങിയതിലും ആശ്ചൎയ്യമില്ലല്ലോ.

'നാലാളുടെ മുമ്പിൽ ചെല്ലുമ്പോൾ കുട്ടികൾക്ക നല്ല പോലെ നടക്കണമെന്നു കുട്ടികൾ പറയുന്നതു സാധാരണയല്ലേ. അതിലെന്താ ഇത്ര മുഷിയുവാനുള്ളത്?' എന്നു കൃഷ്ണമേനോൻ അഭിപ്രായം പറഞ്ഞപ്പോൾ ഇക്കാവാദിയായ അകത്തെ സ്ത്രീകൾക്ക പിന്നെ വല്ലതും വേണൊ! കാരണവരെ ചിലപ്പോൾ ദുഷിക്കാൻതന്നെ സ്ത്രീകൾ തുടങ്ങി. തറവാട്ടുമുതൽ എന്താണ്? തറവാട്ടിൽ കൊല്ലത്തിൽ വരവെന്തുണ്ട്? ചിലവെന്തുണ്ട്? ബാക്കി വല്ലതും ഉണ്ടാകുമോ? പോരാതെ വന്നാൽ ഉണ്ടാക്കുന്നത് എങ്ങിനെയാണ്? എന്നൊന്നും വിവരമില്ലാത്ത സ്ത്രീകൾ 'ആദായമൊക്കെ തിന്നു' കുടുംബത്തിന്നു വേണ്ടതൊന്നും കൊടുക്കാത്താൾ എന്നു മുക്കിലും മൂലയിലും ഇരുന്നു പറയുമ്പോൾ ഈ സ്ത്രീകളെക്കാൾ വിവരമില്ലാത്ത 'സ്കൂൾ കുട്ടികൾ' ഈ പറയുന്നതൊക്കെ ചെറുപ്പംമുതൽ വേദവാക്യമായി കരുതിവരുന്നതിലും മുതിൎന്നു വരുമ്പോൾ കാരണവരോടു നേരിട്ടു മത്സരിക്കുന്നതിലും എന്താണ് ആശ്ചൎയ്യമുള്ളത്? അമ്മിണി ജാക്കററിൻേറയും പാവാടയുടേയും ഉള്ളിൽ കടന്നു ചാടിയതിന്നുശേഷം ആണും പെണ്ണും തമ്മിൽ വലിയ വ്യത്യാസമില്ലെന്നും തൻേറടമുണ്ടെങ്കിൽ ആണും പെണ്ണും കയ്യും കോൎത്തുപിടിച്ചു നടക്കുന്നതുകൊണ്ടു സദാചാരഭ്രംശമൊന്നും വരുന്നതല്ലെന്നും മനസ്സിലാക്കിവെച്ചു. എല്ലാം സ്നേഹിതന്മാർ. സ്നേഹിതന്മാർ ആണായാലും പെണ്ണായാലും കത്തെഴുതുന്നതുകൊണ്ടെന്താ വരുവാനുള്ളത്. എന്ത് പ്രകൃതി? എന്ത് പ്രകൃതിവിരോധം?

പുരുഷന്മാരായ സ്നേഹിതന്മാരെ കാണ്മാൻ അത്യാവശ്യം. വല്ല വീട്ടിലും കയറിച്ചെന്നാൽ തന്നെ എന്താണ്? ഹേഡ് മിസ്ട്രസ്സും മററു മിസ്ട്രസ്സുമാരും കാട്ടുന്നതു കാണാനുണ്ടല്ലോ. അങ്ങാടിയിൽ പോയി ഷോപ്പിൽ കയറിച്ചെന്നു സാമാനം വാങ്ങുകയും ഏതു പുരുഷന്മാരേയും കണ്ടാൽ കൈകൊടുത്തു കസേരമേൽ ഇരുത്തി സ്വകാര്യംപറകയും മററും മിസ്ട്രസ്സുമാർ ചെയ്യുന്നതു സാധാരണ കാണാറുമുണ്ട്. കൂടാതെ മിസ്ട്രസ്സുമാരുടെ സദാചാരനിഷ്ഠയിലുള്ള പ്രതിപത്തിയെപ്പററിയും മററും സഹപാഠികളുമായുള്ള സംഭാഷണത്തിൽ കിട്ടുന്ന വിവരവും അമ്മിണിയിൽ സ്വാതന്ത്ര്യബുദ്ധി വർദ്ധിപ്പിച്ചു. എന്നുമാത്രമല്ല തന്റെ പ്രദേശത്തുള്ള തന്നെപ്പോലെയുള്ള പെൺകുട്ടികൾക്ക ഈ സ്വാതന്ത്ര്യബുദ്ധി കുളക്കടവിൽ വെച്ചുപദേശിപ്പാനും പ്രസംഗിക്കുവാനും തന്റെ നടവടികളേയും വസ്ത്രഭൂഷണാദ്യലങ്കാരങ്ങളേയും അനുകരിപ്പിക്കുവാനും അമ്മിണി തുടങ്ങി. പരിഷ്കാരം തീരെ ബാധിക്കാതെ കിടന്നിരുന്ന മുകുന്ദപുരത്തു, നായർമഠത്തിൽ വീട്ടുകാർ കാരണമായി ഓരോ പരിഷ്കാരങ്ങൾ പരന്നുതുടങ്ങി.

ഈ പരിഷ്കാരംകൊണ്ടു ഒന്നാമതായി സങ്കടം പററിയതു ചാലിയൎക്കാണ്. വസ്ത്രങ്ങളൊക്കെ വിദേശത്തുനിന്നു വരുത്തിത്തുടങ്ങിയതുമുതൽ മുകുന്ദപുരത്തുസഞ്ചരിച്ചുകൊണ്ടിരുന്ന പണമെല്ലാം 'ഇങ്ങിനിവരാതവണ്ണം' വിദേശസഞ്ചാരത്തിന്നായി പോയിത്തുടങ്ങി. പരിഷ്കാരത്തിന്റെ രണ്ടാമത്തെ ഇരയായിത്തീന്നതു തട്ടാന്മാരാണ്. പിയേർസൺസിന്റെ അടുക്കെ നിന്നു യൂറോപ്യന്മാർ ധരിക്കുന്ന തരം മോതിരവും, കടകവും, ചെയിനും വരുത്തിത്തുടങ്ങിയതുമുതൽ തട്ടാന്മാരെക്കൊണ്ടുള്ള ആവശ്യം കുറഞ്ഞുവന്നുതുടങ്ങി. അവരുടെ വായിൽ മണ്ണായി. ഇതുപോലെത്തന്നെ ഇരിമ്പുസാമാനങ്ങളും മരസ്സാമാനങ്ങളും ദൂരദേശങ്ങളിൽ ഉണ്ടാക്കി വില്ക്കാൻ വെച്ചതു വാങ്ങുകയാൽ കരുവാന്റെയും ആശാരിയുടേയും

കാൎയ്യം പരുങ്ങലിലായിത്തുടങ്ങി. ഇങ്ങിനെ അന്യോന്യസഹായികളായി കൂട്ടികെട്ടിയ സ്വദേശികളായ ചില വൎഗ്ഗക്കാരെ കൂട്ടത്തിൽനിന്നു പുറമെ തള്ളി, എങ്ങാനും കിടക്കുന്നവൎക്ക സുഖജീവിതത്തിന്നു പണം അയച്ചുകൊടുക്കുന്ന പരിഷ്കാരസൂൎയ്യനെ ഉദിപ്പിച്ച കൃഷ്ണമേനവന്റെ പേർ മുകുന്ദപുരത്തെങ്ങും മുഴങ്ങിത്തുടങ്ങി. കൃഷ്ണമേനവൻ വളരെ കൃതകൃത്യനായി.

ഇങ്ങിനെയിരിക്കുമ്പോൾ ഇക്കാവിന്റെ പ്രസവകാലവും അടുത്തുതുടങ്ങി. വിറകും, എണ്ണയും, ഈങ്ങയും, വാകയും അങ്ങാടിമരുന്നുകളും ഈവക സംഭവങ്ങൾക്കുവേണ്ടി കാലേ കൂട്ടിസ്സംഭരിക്കാറുണ്ടെങ്കിലും ആ കാൎയ്യമൊക്കെ പറഞ്ഞപ്പോൾ കൃഷ്ണമേനവൻ പുച്ഛരസമാണു കാട്ടിയത്. സൎവ്വജ്ഞനായ കൃഷ്ണമേനവന്റെ അഭിപ്രായത്തിന്നെതിരായി ആരെങ്കിലും പ്രവൎത്തിക്കുമോ? മായയെ ജയിച്ച മഹാമായക്കാരായ യൂറോപ്യന്മാൎക്ക രാവു പകലാക്കാനും, പകൽരാത്രിയാക്കാനും പ്രയാസമില്ലെന്നു കൃഷ്ണമേനവൻ പറയാറുണ്ട്. പെററിട്ടു അമ്പത്താറും അറുപതും ദിവസം നാറുന്ന മരുന്നുകളും സേവിച്ചു മഞ്ഞൾകൊണ്ടു വേഷവും കെട്ടി വായുസഞ്ചാരമില്ലാത്ത ദിക്കിൽ കിടക്കുന്നതിനെക്കാളും നല്ലതു രണ്ടുകുപ്പി ബിലാത്തി മരുന്നു ഉള്ളിൽ കടത്തി അഞ്ചുദിവസംകൊണ്ടു പ്രസവഖേദം തീൎക്കുന്നതാണെന്നു പറയുമ്പോൾ ആരാണു സമ്മതിക്കാത്തത്? കുട്ടികൾ മുലകുടിച്ചു തള്ളയുടെ യൌവനം നശിപ്പിക്കുന്നതുകൊണ്ടാണ് സ്ത്രീകൾ അധികം ദീൎഘായുസ്സുകളായിരിക്കാത്തതെന്നും അതുകൊണ്ടു മുലപ്പാൽ കറന്നുകളഞ്ഞു കുട്ടിക്കു പശുവിൻപാൽ മുലക്കുപ്പിയിലാക്കി കൊടുക്കുകയാണു നല്ലതെന്നും പറഞ്ഞാൽ ആർ വിശ്വസിക്കാതിരിക്കും? യൌവനം നശിക്കുന്നതിന്നു ഏതു യൌവനവതിക്കും മോഹമുണ്ടാകുമോ? പത്തു പ്രസവിച്ചു എണ്പത്തുരണ്ടു വയസ്സും കഴിഞ്ഞുവെങ്കിലും രണ്ടുനേരം അമ്പലത്തിൽ കുളിച്ചു തൊഴുതു ദിനകൃത്യം അന്യാപേക്ഷകൂടാതെ കഴിച്ചുപോരുന്ന

ഒരു തള്ള നായർമഠത്തിൽ തറവാട്ടിൽത്തന്നെ ഉണ്ടെങ്കിലും, കൃഷ്ണമേനവൻെറ ന്യായം വേദവാക്യമായി വിചാരിക്കുന്നവരല്ലാതെ ഉണ്ടായിരുന്നില്ല. കോടതിയിൽപ്പോയി വക്കീലന്മാരേയും, കക്ഷികളേയും, ജഡ്ജിയേയും വാഗ്ധോരണികൊണ്ടും വാദ്ധാടികൊണ്ടും മിരട്ടുന്ന കൃഷ്ണമേനവന്നുണ്ടോ സാധാരണന്മാരെ, വിശേഷിച്ചു സ്ത്രീകളെ മിരട്ടാൻ വല്ല പ്രയാസവും!

പ്രസവദിവസം അടുത്തുതുടങ്ങിയതുമുതൽ സബ്ബ് അസിസ്റ്റണ്ടു സർജ്ജൻ ജാക്കോബു രണ്ടുനേരവും ഇക്കാവിനെ കണ്ടുപോകേണമെന്നാണു നിശ്ചയം. നായർമഠത്തിൽ തറവാട്ടിൽ ഇപ്പോഴ് നാല്പതുവയസ്സിന്നു മേല്പട്ടുള്ളവരുടെ പ്രസവമെല്ലാം യാതൊരമംഗളവുംകൂടാതെ നിർവ്വത്തിച്ച വെപ്പാട്ടിയും ആ തറവാട്ടിൽ പാരമ്പര്യമായി ചികിത്സിച്ചുവരാറുള്ള വൈദ്യൻ മൂസ്സും ഈ പ്രസവത്തിന്നാവശ്യമില്ലെന്നു വന്നു. ഉണ്ടാകുന്ന കുട്ടിയുടെ തലക്കുറിയെടുത്തു ജാതകം തെയ്യാറാക്കേണ്ട പണിക്കരുടെ സ്ഥാനം ബങ്കളൂരിലെ ജോത്സ്യൻ നാരായണറാവുവിനെ ഏല്പിക്കാനാണു കൃഷ്ണമേനവൻ മനസ്സുകൊണ്ടു നിശ്ചയിച്ചിട്ടുള്ളത്. ജലപിശാചും, ഭൂതങ്ങളും, ബാധകളും എല്ലാം ഓരോതരം 'ബാസില്ലി'കളുടെ മായാവിശേഷമാണെന്നും, ഈശ്വരൻ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഈശ്വരദ്ധ്യാനം ചെയ്യുന്നതു വീട്ടിലിരുന്നു മതിയെന്നും, വായ തുറന്നു ഭക്ഷിക്കാത്തവക്കു നിവേദ്യം ആവശ്യമില്ലെന്നും കൃഷ്ണമേനവൻ അഭിപ്രായപ്പെട്ടതും ഈ അഭിപ്രായം നായർമഠത്തിൽ വീട്ടുകാർ മാത്രമല്ല മുകുന്ദപുരം പ്രദേശക്കാർ മുഴുവനും സ്വീകരിച്ചുതുടങ്ങിയതും കുറെ മുമ്പുതന്നെ കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു മന്ത്രവാദികളും അമ്പലവാസികളും ശാന്തിക്കാരനും ശീതികനും മുകുന്ദപുരത്തു പണി കുറഞ്ഞുകുറഞ്ഞുവന്നു.

ഇക്കാവിന്നു പ്രസവവേദന തുടങ്ങിയപ്പോഴ് അയൽവീട്ടിലുള്ള പഴമസ്ത്രീകൾ അടുത്തുകൂടി പറഞ്ഞ അഭിപ്രായ

ങ്ങളൊന്നും നടന്നില്ല. വേദന വൎദ്ധിച്ചു സജ്ജൻജാക്കോബ്, സൂതികാഗൃഹത്തിൽ കടന്നു കുട്ടിയെ കയ്യിട്ടെടുക്കേണ്ടിവന്നു. ശരിയായ പ്രസവസമയത്തിന്നു മുമ്പായി പ്രകൃതിവിരോധമായി കുട്ടിയെ എടുക്കുക കാരണമായി തള്ളക്കു രക്തനഷ്ടവും കുട്ടിയുടെ തലക്കു് ഒരു കോട്ടവും പററി. ഇംഗ്ലീഷുചികിത്സയെന്ന പേരോടെ പത്തുപതിനഞ്ചു ദിവസം കഴിഞ്ഞപ്പോഠം രക്തപ്രസാദമില്ലാതെ വാടി വിളൎത്ത മുഖവും മുലപ്പാലു കുടിക്കാതെ ജീവച്ഛവമായ ഒരു കുട്ടിയും കൃഷ്ണമേനവനെ അഭിവാദ്യം ചെയ്തു. കൃഷ്ണമേനവന്റെ ദാമ്പത്യജീവിതം വീണ്ടും ആവൎത്തിച്ചതുമുതൽ ആഴ്ചയിൽ ഒന്നുരണ്ടു തവണ ജാക്കോബു ഡാക്കടർ നായർമഠത്തിൽ വരാതെ തരമില്ലെന്നു വന്നു. തല്ക്കാലം നായർമഠം, ചെറിയ ഒരു ആസ്പത്രിയുടെ സ്ഥാനം പിടിച്ചു. കോഡ് ലീവർ ഓയിൽ, സ്റ്റേർസിവൈൻ, ബൊവറിൽ തുടങ്ങിയ പോഷകദ്രവ്യങ്ങഠം ഇക്കാവുകുട്ടധികം വയററിലാക്കീട്ടും ഫലമുണ്ടായില്ല. കുട്ടിക്കാണെങ്കിൽ— ഓമനക്കുട്ടപ്പനാണെങ്കിൽ— മെല്ലിൻസ് ഫുഡും, നെൽസൻസ് ഫുഡും ഇത്രയാണു കൊടുത്തിട്ടുള്ളതെന്നു ഒരു കണക്കും കയ്യുമുണ്ടായിരുന്നില്ല. കരപ്പനും ഗ്രഹണിയും ആ കുട്ടിയോടുകൂടിത്തന്നെ ജനിച്ചു വളൎന്നുതുടങ്ങി. ഇക്കാവിന്റേയും കുട്ടിയുടേയും ദേഹസ്ഥിതി വളരെ ശോചനീയമായിവന്നതുമുതൽ നായർമഠത്തിൽ തറവാട്ടിൽ വേറെയും ചില അനൎത്ഥങ്ങഠം വന്നുകൂടി.

കാരണവർ രാമൻനായൎക്കു ആകപ്പാടെ മനസ്സിന്നു സുഖമില്ലാതെ വന്നതോടുകൂടി ദേഹത്തിന്നും ക്ഷീണം തട്ടിത്തുടങ്ങി. സ്വന്തമായി നടന്നിരുന്ന കൃഷിയിൽ കുറെ ഭാഗം കിഴക്കുടിയാന്മാരെ ഏല്പിക്കേണ്ടിവന്നു. പ്രാപ്തിയായ അനന്തരവന്മാരില്ല. ഉണ്ടെങ്കിൽത്തന്നെ ആ വിദ്വാൻ ഷ്ലൊഠംക്കാരനായും പോയി. കിഴക്കുടിയാന്മാർ പാട്ടബാക്കി വെച്ചതുകൊണ്ടും പരിഹാരം കാരണം അധികച്ചിലവു വരുന്നതു

കൊണ്ടും ജന്മിയുടെ പാട്ടം, മിച്ചവാരം മുതലായതു ബാക്കി വെച്ചുതുടങ്ങി. ചില ചാർത്തുകൾ സമയത്തിന്നു പൊളിച്ചെഴുതി വാങ്ങാതേയും ബാക്കിയായി. രാമൻനായർ മര്യാദസ്ഥനായതുകൊണ്ട് ഒന്നുരണ്ടു കൊല്ലമൊക്കെ ജന്മികൾ ക്ഷമിച്ചു. എങ്കിലും കൃഷ്ണമേനവന്റെ പുച്ഛമായ സംസാരവും, ധാർഷ്ട്യവും അഹംഭാവവും ദയയുള്ള ജന്മികളെക്കൂടി നിർദ്ദയന്മാരാക്കിത്തീർത്തു. പാട്ടബാക്കിക്കുള്ള വ്യവഹാരത്തിൽ അനാവശ്യമായ ചില വാദങ്ങളും ജന്മത്തർക്കവും ഉണ്ടാവുകകാരണം വസ്തു ഒഴിപ്പിപ്പാനുള്ള വ്യവഹാരംതന്നെ നാലഞ്ചെണ്ണം ഹയലിലായി. അനാവശ്യവാദങ്ങൾ കൊണ്ടുവരികയാൽ കോടതിച്ചിലവു വർദ്ധിച്ച് അതും തറവാട്ടുമുതലിന്മേൽ ബാധകമായി. വസ്തുവും കുറെ കൈവശത്തിൽനിന്നു പോയി. ശേഷം വസ്തുവിന്മേൽ പിടിപ്പതു കടവുമായി. കടപ്പലിശക്കുള്ള വകതന്നെ വരായയില്ലാതായി. തറവാട്ടുകാര്യങ്ങൾ അപകടമാകുന്നുവെന്നു കണ്ടപ്പോൾ കൃഷ്ണമേനവൻ മെല്ലെ ഇക്കാവിനേയും കുട്ടിയേയും വേറെ കൊണ്ടുതാമസിപ്പിച്ചു, അവരുടെ ചിലവിന്നു രാമൻനായരുടെപേരിൽ വ്യവഹാരം ഹയലാക്കി. രാമൻനായർ കിടപ്പിലുമായി. കൊച്ചപ്പൻ അതിലിടക്കു ചില പ്ച്ചപ്പരിഷ്ക്കാരികളുടെ കൂടെച്ചേർന്നു ഒരു ക്രിമിനാൽക്കേസ്സിലും അകപ്പെട്ടു. അമ്മിണിക്കു മഹോദരം എന്ന ഒരു രോഗമുണ്ടായിരുന്നുവെന്നും ജാക്കോബിന്റെ ചികിത്സയായിരുന്നുവെന്നും ആ മഹോദരം മാറിയതിന്നുശേഷം രക്തസ്രാവം പിടിപെട്ടു കുറെ കുഴങ്ങിയെന്നും സംസാരമായി. കാരണവൻ രാമൻനായർ ചാവാറും കിടക്കുന്നു: രാമൻനായരുടെ മരണകാലത്തുള്ള വലുതായ ഒരു മോഹം കൃഷ്ണമേനവനെ ഒന്നു കാണ്മാൻ മാത്രമായിരുന്നു പലതവണയും ആളെ പറഞ്ഞയച്ചതിന്റെ ഫലമായി ഒരു ദിവസം കൃഷ്ണമേനവൻ, മരിക്കാൻ കിടക്കുന്ന കാരണവരുടെ മുമ്പിൽ എത്തിച്ചേർന്നു.

**രാമൻനായർ**—ഞാൻ മരിക്കുന്നതിനുമുമ്പായി കൃഷ്ണമേനവനെ ഒന്നു കാണണമെന്ന് ആഗ്രഹിച്ചതു രണ്ടുവാക്കു നിങ്ങളോടു സ്വകാൎയ്യമായി പറവാനാണ്. എന്റെ കാലം കഴിഞ്ഞാലും നായർമഠത്തിൽ തറവാടു നശിപ്പാനുണ്ടായ കാരണം എന്താണെന്നു കൃഷ്ണമേനവനെങ്കിലും അറിയാതിരിക്കരുത് എന്ന വിചാരംകൊണ്ടാണ്.

ഒരുത്തൻപാപകൎമ്മം
ചെയ്തീടിലതിൻഫലം
പരക്കെയുള്ളമഹാ-
ജനങ്ങൾക്കൊക്കെത്തട്ടും.
കാലത്താൽമോചിച്ചീട-
മാപത്തുമററുള്ളോൎക്കു
മേലിൽതാൻതന്നെയനു-
ഭവിക്കുംചിരകാലം.

എന്ന ആപ്തവാക്യത്തിൽ അശേഷം പതിരില്ല. കൃഷ്ണമേനവൻ പ്രവൎത്തിച്ചിട്ടുള്ളതെല്ലാം മനഃപൂൎവ്വമല്ലാത്തതുകൊണ്ടു ദൈവദോഷം അധികം പററീട്ടില്ലെന്നു പറയാം.

**കൃഷ്ണമേനവൻ**—നായന്മാൎക്കു ഇപ്പോൾ തട്ടീട്ടുള്ള സകല ദോഷത്തിനും കാരണം മരുമക്കത്തായസമ്പ്രദായമാണ്. അതോടുകൂടി എങ്ങുമില്ലാത്ത ജന്മികുടിയാൻ സമ്പ്രദായവും ഈ രാജ്യത്തു കടന്നു കൂടി. കുടിയാനു വസ്തുവിന്മേൽ ശാശ്വതാവകാശം കൊടുക്കുന്നതും ജന്മികളുടെ ശക്തി കുറയ്ക്കുന്നതുമായ ഒരു നിയമം ഉടനെ പാസ്സാവും. അതോടുകൂടിത്തന്നെ ക്രമേണ മക്കത്തായം ഉറപ്പിക്കത്തക്ക ഒരു നായർ റഗുലേഷനും പാസ്സാവാനുള്ള ആലോചനയുണ്ട്. ഇതു രണ്ടും പാസ്സാക്കി കിട്ടിയാൽ നായന്മാൎക്കു ഇത്തരം അനൎത്ഥങ്ങളൊന്നും വരികയില്ല.

**രാമൻനായർ**—നിങ്ങളുടെ നിയമനിൎമ്മാണം കഴിഞ്ഞു നായന്മാരെല്ലാം സ്വൎഗ്ഗസുഖം അനുഭവിക്കുന്നതിനു മുമ്പായി

സ്വർഗ്ഗസുഖം അനുഭവിച്ചിരുന്ന നായർമഠത്തിൽ തറവാട്ടുകാരും, അവരുടെ നവീനപരിഷ്കാരം അനുകരിച്ച ഇദ്ദേശീയരായ ചില വീട്ടുകാരും, ചാലിയർ, തട്ടാൻ, കരുവാൻ, ആശാരി, മൂശാരി മുതലായ കമ്മാളരും, ശാന്തിക്കാരനും, അമ്പലവാസിയും ഒക്കെ നരകം അനുഭവിക്കേണമെന്നു വന്നിട്ടുള്ളതു വളരെ ശോച്യമായിട്ടുണ്ടെന്നു നിങ്ങളും സമ്മതിക്കും. എനിക്കു നിങ്ങളെപ്പോലെ നവീനസമ്പ്രദായത്തിലുള്ള സർവ്വകലാശാലാവിദ്യാഭ്യാസവും, നവീനനിയമങ്ങളുടെ സ്വഭാവവും നിശ്ചയമില്ലെങ്കിലും നിങ്ങൾക്കു പററിട്ടുള്ള വിഡ്ഢിത്തങ്ങൾ എന്താണെന്നു എനിക്കറിയാം. ക്രസ്തീയമതം പരത്തുവാനുള്ള ആന്തരമായ ഉദ്ദേശത്തോടുകൂടി വിദ്യാഭ്യാസം എന്ന വല വീശി അതിൽ കുറെ കുട്ടികളെ പിടിച്ച്, പാശ്ചാത്യന്മാരെപ്പററിയും അവരുടെ ചരിത്രത്തെപ്പററിയും, അവരുടെ സാമുദായികനടവടിയെപ്പററിയും വലുതായ ബഹുമാനം അവരിൽ ഉണ്ടാക്കിത്തീർത്തു, നമ്മുടെ ചരിത്രം പഠിപ്പിക്കാതേയും നമ്മുടെ പൂർവ്വികന്മാർ ചെയ്തതെല്ലാം പുച്ഛിച്ചും അവരെല്ലാം ശുദ്ധ മുട്ടാളന്മാരാണെന്നു ധരിപ്പിച്ചും സ്വരാജ്യസ്നേഹം, സ്വാത്മാഭിമാനം എന്നീ സ്വഭാവങ്ങൾ നശിപ്പിച്ചു നമ്മുടെ രാജ്യത്തെ നിയമത്തെപ്പററിയും നമ്മൾ തമ്മിൽതമ്മിൽ പെരുമാറേണ്ട രീതിയെപ്പററിയും വിവരമില്ലാതെ അന്യന്മാരുടെ നടവടികളെ സ്വീകരിച്ചും അതു പരിഷ്കാരമാണെന്നു പ്രസംഗിച്ചും പത്രത്തിലെഴുതിയും പുസ്തകമെഴുതിയും സമുദായത്തെ മലിനപ്പെടുത്തുന്ന നിങ്ങൾക്കാർക്കും ആന്തരമായ വിദ്യാഭ്യാസം കിട്ടീട്ടില്ല. പാശ്ചാത്യന്മാരുടെ ബാഹ്യമായ പരിഷ്കാരം മാത്രമാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ പൂർവ്വികന്മാർ പാശ്ചാത്യന്മാരെക്കാൾ എത്രയോ പരിഷ്കാരികളായിരുന്നു. പാശ്ചാത്യന്മാരുടെ ആന്തരമായ പരിഷ്കാരവും നിങ്ങൾക്കു കിട്ടീട്ടില്ല. നി

ങ്ങൾ നമ്മുടെ ചരിത്രത്തെ നോക്കുന്നതു കലാപകാലം മുതല്ക്കുള്ളതും അതുതന്നെ വിദേശിയർ എഴുതി വെച്ചതുമാണ്. കൃഷ്ണമേനവനേ! ഇതെല്ലാം നമ്മുടെ അധഃപതനമാർഗ്ഗങ്ങളാണെന്നു നിങ്ങളൊക്കെ എന്നു മനസ്സിലാക്കുന്നുവൊ അന്നു മാത്രമെ നമ്മുടെ രാജ്യത്തു ക്ഷേമമുണ്ടാകയുള്ളൂ. നിങ്ങളുടെ കൂട്ടത്തിൽ കറെ ആൾക്കാർ കൂടി ഉണ്ടായാൽ ഈ നാട്ടിൽ വലുതായ അനത്ഥങ്ങൾ ഉണ്ടായിത്തീരും. മരിക്കുന്നതിന്നു മുമ്പു ഇത്രയും പറവാൻ എനിക്കു സാധിച്ചതിൽ എനിക്കു വലുതായ കൃതാത്ഥതയുണ്ട്.

മരിക്കാൻ കിടക്കുന്ന ഒരു വൃദ്ധന്റെ ഉള്ളിൽ തട്ടിക്കൊണ്ടു ചെയ്ത ഈ പ്രസംഗം കൃഷ്ണമേനവന്നു പുതുതായ ഒരു കണ്ണുണ്ടാക്കിയെന്നും സാധാരണ കണ്ണിൽ ജലം നിറച്ചുവെന്നും പറഞ്ഞാൽ മതിയല്ലൊ.

കൃഷ്ണമേനവൻ—അമ്മാമന്റെ അഗാധമായ ബുദ്ധിശക്തിയും ലോകജ്ഞാനവും എന്നാൽ ഇതുവരെ മനസ്സിലാക്കാൻ സാധിച്ചില്ല. താല്ക്കാലികമായുള്ള എന്തൊ ഭ്രമം കൊണ്ടു തെറ്റിദ്ധരിച്ച്, മനോവാക്കർമ്മങ്ങളെക്കൊണ്ടു വല്ല തെറ്റും ചെയ്തിട്ടുണ്ടെങ്കിൽ അതൊക്കെ ക്ഷമിച്ചു എന്നെ അനുഗ്രഹിക്കണം. സൂക്ഷ്മജ്ഞാനമില്ലാതെ പരിഷ്കാരമെന്നും പറഞ്ഞ് ഉണ്ടാക്കിത്തീക്കുന്ന അനത്ഥങ്ങൾ നിത്തൽ ചെയ്വാനും അമ്മാമന്റെ അഭിമതം ലോകത്തിൽ പരത്തുവാനും ഞാൻ ഇന്നു മുതൽ സന്നദ്ധനായിരിക്കുന്നു. അമ്മാമന്നു ഇതു കാരണം യാതൊരു കുണ്ഠിതവും ഉണ്ടാകരുത്.

പറഞ്ഞപോലെ തന്നെ കൃഷ്ണമേനവൻ ഇന്നു പരിഷ്കാരികളുടെ ശത്രുവാണ്. അതാണ് ഇത്തരം കഥകൾ പുറപ്പെട്ടു തുടങ്ങുന്നത്. കേരളയുവാക്കന്മാരുടേയും യുവതികളുടേയും മാതൃക തെറ്റിപ്പാൻ ശ്രമിക്കുന്ന പച്ചപ്പരിഷ്കാരകൾ ഓമ്മ വെച്ചോട്ടെ!

ഈ ഗ്രന്ഥകാരന്റെ

# മററു പ്രസിദ്ധീകരണങ്ങൾ.

| | | വില |
|---|---|---|
| 1. | ജോൎജ്ജുപട്ടാഭിഷേകം | ക 1—0—0 |
| 2. | മലയാളത്തിലെ ജന്മികൾ | ക 0–12—0 |
| 3. | രഘുവംശചരിത്രം 1–ാംഭാഗം | ക 0–12—0 |
| 4. | * ,, 2–ാംഭാഗം | ക 1—0—0 |
| 5. | എം. ആർ. കെ. സി. യുടെ ചെറുകഥകൾ | ക 1—4—0 |
| 6. | * കമ്പരുടെ രാമായണകഥ | ക 2—0—0 |
| 7. | ഗീൎവ്വാസരം പാഠമാല | ക 0—2—0 |
| 8. | കൊച്ചി മഹാരാജാവു തിരുമനസ്സിലെ ജീവചരിത്രം | ക 1—0—0 |
| 9. | ,, ഇംഗ്ലീഷിൽ | ക 0–10—0 |
| 10. | കനകാംഗീപരിണയം (നാടകം) | ക 0—6—0 |
| 11. | ആനന്ദമഠം | ക 1—4—0 |

* അച്ചടിച്ചു വരുന്നു.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

മാനേജർ,
മംഗളോദയം കമ്പനി, (ക്ലിപ്തം.)
തൃശ്ശിവപേരൂർ.